# തൗഹീദ്

## ചില അടിസ്ഥാനപാഠങ്ങൾ

**അബ്ദുൽ മുഹ്സിൻ ഐദീദ്**

غَفَرَ اللهُ له ولِوَالِدَيْهِ وَلِجَمِيعِ المُسْلِمِينَ

# ഉള്ളടക്കം


| | |
|---|---|
| തൗഹീദിന്റെ മഹത്വങ്ങൾ | 7 |
| എന്താണ് തൗഹീദ്? | 30 |
| തൗഹീദിന്റെ മൂന്ന് ഇനങ്ങൾ | 44 |
| തൗഹീദ്; പഠനവും പ്രവർത്തനവും | 53 |
| തൗഹീദ്; രണ്ട് സ്തംഭങ്ങൾ | 65 |
| അടിത്തറയും മേൽക്കൂരയും | 80 |
| പൂർത്തീകരണത്തിന്റെ ഘട്ടങ്ങൾ | 99 |
| തൗഹീദ്; വാജിബിന്റെ ഘട്ടങ്ങൾ | 107 |
| തൗഹീദ്; സുന്നത്തിന്റെ ഘട്ടങ്ങൾ | 121 |

# തൗഹീദിന്റെ മഹത്വങ്ങൾ

മൂന്ന് സുപ്രധാനമായ അടിസ്ഥാനങ്ങളിൽ അല്ലാഹുവിനെ ഏകനാക്കലാണ് തൗഹീദ്.

**ഒന്ന്:** സർവ്വ ലോകങ്ങളെയും സൃഷ്ടിച്ചതും അവയെ നിയന്ത്രിക്കുന്നവനും അവയുടെയെല്ലാം ഉടമസ്ഥനും അല്ലാഹു മാത്രമാണ് എന്ന് അംഗീകരിക്കുക. ഒന്നിനെയും സൃഷ്ടിക്കുന്നതിലോ നിയന്ത്രിക്കുന്നതിലോ അല്ലാഹുവിന് പങ്കാളികളോ സഹായികളോ ഇല്ല. അവന്റെ അധികാരത്തിൽ യാതൊരാൾക്കും ഒരു അവകാശവുമില്ല.

**രണ്ട്:** സർവ്വ ഇബാദതുകൾ അവന് മാത്രം സമർപ്പിക്കുക. നിസ്കാരം, സകാത്, നോമ്പ് ഹജ്ജ് എന്നിങ്ങനെയുള്ള ഇബാദതുകൾ അല്ലാഹുവിന് മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ എന്നത് പോലെ, പ്രാർത്ഥന, നേർച്ച, സഹായതേട്ടം എന്നിങ്ങനെയുള്ള എല്ലാ ആരാധനകളും അല്ലാഹുവിന് മാത്രമേ നൽകാൻ പാടുള്ളൂ.

**മൂന്ന്:** അല്ലാഹുവിന്റെ അതിമഹത്തരമായ നാമങ്ങളിലും പരിപൂർണ്ണമായ വിശേഷണങ്ങളിലും അവൻ ഏകനാണെന്ന് വിശ്വസിക്കുക. അവന്റേത് പോലെ ഏറ്റവും മനോഹരവും, പരിപൂർണ്ണമായ വിശേഷണങ്ങളും ഉൾക്കൊള്ളുന്ന നാമങ്ങൾ ഒരാൾക്കുമില്ല. അവന്റെ വിശേഷണങ്ങൾക്ക് തുല്ല്യമോ സദൃശ്യമുള്ളതോ ആയ മറ്റൊന്നും തന്നെയില്ല.

ഈ മൂന്ന് ഏകത്വങ്ങൾ അംഗീകരിക്കലാണ് തൗഹീദ്. നമ്മുടെ ദീനായ ഇസ്‌ലാമിൽ തൗഹീദിന്റെ പ്രാധാന്യവും അതിനുള്ള ശ്രേഷ്ഠതയും ഗൗരവവും ബോധ്യപ്പെടുത്തുന്ന തെളിവുകൾ ഖുർആനിലും സുന്നത്തിലും അനേകമുണ്ട്. അവ പരിശോധിക്കുന്ന ഏതൊരാൾക്കും ഇസ്‌ലാമിൽ തൗഹീദിനോളം പ്രധാനപ്പെട്ട മറ്റൊരു വിഷയവുമില്ല എന്ന് സംശയലേശമന്യേ ബോധ്യപ്പെടും.

തൗഹീദിന്റെ ശ്രേഷ്ഠത ബോധ്യപ്പെടുത്തുന്ന ചില തെളിവുകൾ ഇനി വായിക്കാം.

## തൗഹീദ് അല്ലാഹുവിന്റെ അവകാശം

അല്ലാഹുവാണ് നാമേവരെയും സൃഷ്ടിച്ചത്. അവനാണ് നമുക്ക് ഉപജീവനം നൽകുകയും, സർവ്വ അനുഗ്രഹങ്ങളും നമ്മുടെ മേൽ വർഷിക്കുകയും ചെയ്തവൻ. അവന്റെ കാരുണ്യത്തിന്റെയും ഔദാര്യത്തിന്റെയും വിശാലതയിൽ അകപ്പെടാത്ത ഒന്നും നമ്മുടെ സ്വന്തം ശരീരങ്ങളിലോ ചുറ്റുപാടുകളിലോ ഇല്ല. അവനോടുള്ള നമ്മുടെ ബാധ്യതയേക്കാൾ മഹത്തരവും ഗൗരവമേറിയതുമായ മറ്റൊരു ബാധ്യതയും ആരോടും നമുക്കില്ല തന്നെ.

എന്താണ് അല്ലാഹുവിനോടുള്ള നമ്മുടെ ഏറ്റവും വലിയ ബാധ്യത? സംശയമില്ല, അവനെ മാത്രം ആരാധിക്കുകയും, അവനിൽ ഒരാളെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക എന്ന തൗഹീദാണ് ഏറ്റവും വലിയ കടമയും ബാധ്യതയും. അല്ലാഹുവിന് അവന്റെ അടിമകളുടെ മേലുള്ള അവകാശമാണത്.

عَنْ مُعَاذٍ، قَالَ: كُنْتُ رِدْفَ النَّبِيِّ -ﷺ- عَلَى حِمَارٍ يُقَالُ لَهُ عُفَيْرٌ، فَقَالَ: «يَا مُعَاذُ، هَلْ تَدْرِي حَقَّ اللهِ عَلَى عِبَادِهِ، وَمَا حَقُّ العِبَادِ عَلَى اللهِ؟»، قُلْتُ: اللَّـهُ وَرَسُولُهُ أَعْلَمُ، قَالَ: «فَإِنَّ حَقَّ اللهِ عَلَى العِبَادِ أَنْ يَعْبُدُوهُ وَلاَ يُشْرِكُوا بِهِ شَيْئًا، وَحَقَّ العِبَادِ عَلَى اللهِ أَنْ لاَ يُعَذِّبَ مَنْ لاَ يُشْرِكُ بِهِ شَيْئًا»

മുആദു ബ്നു ജബൽ -رضي الله عنه- പറഞ്ഞു: "ഉഫൈർ എന്ന് പേരുള്ള ഒരു കഴുതപ്പുറത്ത് നബി-ﷺ-യുടെ സഹയാത്രികനായിരുന്നു ഞാൻ. അവിടുന്ന് എന്നോട് ചോദിച്ചു: "ഹേ മുആദ്! അല്ലാഹുവിന് അവന്റെ അടിമകളുടെ മേലുള്ള അവകാശം എന്താണെന്നും, അടിമകൾക്ക് അല്ലാഹുവിന്റെ മേലുള്ള അവകാശം എന്താണെന്നും നിനക്ക് അറിയുമോ?" ഞാൻ പറഞ്ഞു: "അല്ലാഹുവിനും റസൂലിനുമാണ് ഏറ്റവും നന്നായി അറിയുക."

അവിടുന്ന് പറഞ്ഞു: "അല്ലാഹുവിന് അവന്റെ അടിമകളുടെ മേലുള്ള അവകാശം അവനെ മാത്രം അവർ ആരാധിക്കുകയും, അവനിൽ ഒന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക എന്നതാണ്. അടിമകൾക്ക് അല്ലാഹുവിന്റെ മേലുള്ള അവകാശമാകട്ടെ, അവനിൽ ഒന്നിനെയും പങ്കുചേർക്കാത്തവരെ ശിക്ഷിക്കാതിരിക്കുക എന്നതാണ്." (ബുഖാരി: 128, മുസ്‌ലിം: 30)

മഹത്തരമായ ഈ ഹദീഥിൽ സുപ്രധാനമായ രണ്ട് കാര്യങ്ങളെ കുറിച്ച് പഠിപ്പിക്കുന്നു.

**ഒന്ന്:** അല്ലാഹുവിന് അവന്റെ അടിമകൾക്ക് മേലുള്ള അവകാശം. അല്ലാഹുവിനെ മാത്രം ആരാധിക്കുക; അവനുള്ള ആരാധനയിൽ ഒരാളെയും പങ്കുചേർക്കാതിരിക്കുക എന്ന കടമയേക്കാൾ വലിയ മറ്റൊരു കാര്യവുമില്ല.

ഏറ്റവും വലിയ അവകാശം ഇതാകുന്നു. അതിനേക്കാൾ വലിയ ഒരു അവകാശവും ഒരാൾക്കും മറ്റൊരാളുടെയും മേലില്ല. ജന്മം നൽകിയ മാതാപിതാക്കൾക്കോ, വിജ്ഞാനം പകർന്നു നൽകിയ അധ്യാപകർക്കോ പോലുമില്ല. അവരോടുള്ള കടപ്പാടുകളും ബാധ്യതകളും ആകാശം മുട്ടെ ഉയർന്നതാണെങ്കിലും അല്ലാഹുവിനോടുള്ള ബാധ്യതയോളം അതൊന്നും എത്തുകയില്ല.

ഈ മഹത്തരമായ ബാധ്യതക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ കൽപ്പിക്കുന്നത് മാതാപിതാക്കളാണെങ്കിൽ പോലും അവരെ അനുസരിക്കരുതെന്നാണ് അല്ലാഹു അറിയിച്ചത്:

وَإِن جَاهَدَاكَ عَلَىٰٓ أَن تُشْرِكَ بِي مَا لَيْسَ لَكَ بِهِۦ عِلْمٌ فَلَا تُطِعْهُمَا ۖ

“നിനക്ക് യാതൊരു അറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്കുചേർക്കണമെന്ന് അവർ ഇരുവരും (മാതാപിതാക്കൾ) നിന്റെ മേൽ നിർബന്ധം ചെലുത്തുന്ന പക്ഷം നീ അവരെ അനുസരിക്കരുത്.” (ലുഖ്മാൻ: 15)

മാതാപിതാക്കൾ കൽപ്പിച്ചാൽ പോലും അല്ലാഹുവിൽ പങ്കുചേർക്കുക എന്ന -തൗഹീദിന് വിരുദ്ധമായ- പ്രവൃത്തി ഒരു മുസ്‌ലിമിൽ നിന്നുണ്ടാകരുത്. എന്തിനധികം! അല്ലാഹുവിനോടുള്ള ഈ ബാധ്യതയുടെ കാര്യത്തിൽ സ്വന്തം ശരീരം പോലും അവന്റെ കണ്ണിൽ നിസ്സാരമായിരിക്കണം. താൻ ക്രൂരമായി വേദനിപ്പിക്കപ്പെടും എന്ന് ബോധ്യപ്പെട്ടാൽ പോലും അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന ഈ കടമ ഹൃദയം കൊണ്ട് ധിക്കരിക്കാൻ അനുവാദമില്ല.

عَنْ أَبِي الدَّرْدَاءِ، قَالَ: أَوْصَانِي خَلِيلِي -ﷺ- أَنْ: «لَا تُشْرِكْ بِاللَّـهِ شَيْئًا، وَإِنْ قُطِّعْتَ وَحُرِّقْتَ ...»

അബുദ്ദർദാഅ് -رضي الله عنه- പറഞ്ഞു: “എന്റെ കൂട്ടുകാരനായ (നബി -ﷺ-) എനിക്ക് വസ്വിയ്യത്ത് നൽകി: ‘നീ അല്ലാഹുവിൽ ഒരിക്കലും

പങ്കു ചേർക്കരുത്; നിന്റെ (ശരീരം) കഷ്ണങ്ങളാക്കപ്പെട്ടാലും, നിന്നെ കത്തിച്ചു കളഞ്ഞാലും.” (ഇബ്നു മാജ: 4034, അൽബാനി ഹസൻ എന്ന് വിലയിരുത്തി)

ഹദീഥിൽ പരാമർശിക്കപ്പെട്ട രണ്ടാമത്തെ വിഷയം: അടിമകൾക്ക് അല്ലാഹുവിൽ നിന്നുള്ള അവകാശമാണ്.

അല്ലാഹു അവന്റെ ദാസന്മാർക്ക് കനിഞ്ഞരുളിയ ഔദാര്യമാണ് ‘അല്ലാഹുവിൽ നിന്ന് അടിമകൾക്കുള്ള അവകാശം’ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. അല്ലാതെ അല്ലാഹുവിന്റെ മേൽ അടിമകൾക്ക് സ്വയം യാതൊരു അവകാശവുമില്ല. അവന്റെ പ്രവർത്തനങ്ങളെ ചോദ്യം ചെയ്യാനോ, അല്ലാഹുവിന്റെ കൽപ്പനകൾക്ക് എതിരു നിൽക്കാനോ മനുഷ്യന് സാധിക്കുകയേ ഇല്ല. അവന്റെ അനുമതിയില്ലാതെ മറ്റൊരാൾക്ക് വേണ്ടി ശുപാർശ നടത്താൻ പോലും ഒരാൾക്കും കഴിയില്ല; അത് അല്ലാഹുവിന്റെ ഏറ്റവും പ്രിയപ്പെട്ട റസൂലോ, അവനോട് ഏറ്റവും സാമീപ്യമുള്ള മലക്കോ ആണെങ്കിൽ പോലും.

അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനിൽ പങ്കുചേർക്കാതിരിക്കുകയും ചെയ്തവർക്ക് അല്ലാഹു നൽകിയ അവകാശമെന്താണ്?! അവരെ അവൻ ശിക്ഷിക്കുകയില്ലെന്നതാണ് ആ മഹത്തരമായ അവകാശം. തൗഹീദുള്ളവർ ഒരിക്കലും നരകത്തിൽ ശാശ്വതരാവുകയില്ല. തൗഹീദിന് വിരുദ്ധമായ ശിർകും കുഫ്റും ഒഴിച്ചു നിർത്തിയാൽ, അതിൽ താഴെയുള്ള തിന്മകൾ ആർക്കെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ അല്ലാഹു ഉദ്ദേശിച്ചാൽ അവൻ അവ പൊറുത്തു നൽകും. അല്ലെങ്കിൽ ആ തിന്മകളിൽ നിന്ന് ശുദ്ധീകരിക്കുന്നത് വരെ നരകത്തിൽ ശിക്ഷിക്കുകയും, അതിന് ശേഷം സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും.

ഇത്രയും പറഞ്ഞതിൽ നിന്ന് തൗഹീദിന്റെ മഹത്വവും, അതിനുള്ള പ്രതിഫലത്തിന്റെ വിശാലതയും ബോധ്യപ്പെടും. അതോടൊപ്പം തൗഹീദിന് വിരുദ്ധമായ ശിർകിന്റെ ഗൗരവവും, അതിനുള്ള ശിക്ഷയുടെ കാഠിന്യവും കൂടി മനസ്സിലാക്കാൻ കഴിയും. തൗഹീദുള്ളവർ നരകത്തിൽ ശാശ്വതരാവില്ല എന്നതിൽ നിന്ന് തൗഹീദില്ലാത്തവർ -ശിർക് ചെയ്തവർ- നരകത്തിൽ ശാശ്വതരായിരിക്കും എന്ന് മനസ്സിലാക്കാമല്ലോ?!

إِنَّهُۥ مَن يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ وَمَأْوَىٰهُ ٱلنَّارُ

“അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും.” (മാഇദ: 72)

അല്ലാഹുവിനോടുള്ള ബാധ്യത നിറവേറ്റുന്നവരും, തൗഹീദിൽ അടിയുറച്ചു നിലകൊള്ളുന്നവരുമാക്കി അല്ലാഹു നമ്മെ ജീവിപ്പിക്കുകയും, അതിൽ തന്നെ നമ്മെ മരിപ്പിക്കുകയും ചെയ്യട്ടെ. (ആമീൻ).

## തൗഹീദും ഈമാനും

ഈമാനുണ്ടായിരിക്കണം എന്നത് സ്വർഗത്തിൽ പ്രവേശിക്കാനുള്ള ഒന്നാമത്തെ നിബന്ധനയാണ്. കടുകുമണിയോളം ഈമാൻ ഒരാളുടെ ഹൃദയത്തിലുണ്ടെങ്കിൽ അയാൾ നരകത്തിൽ ശാശ്വതനാവില്ല എന്ന് നബി -ﷺ- അറിയിച്ചിട്ടുമുണ്ട്.

عَنْ عَبْدِ اللهِ بْنِ مَسْعُودٍ قَالَ: قَالَ رَسُولُ اللهِ -ﷺ-: «لَا يَدْخُلُ النَّارَ مَنْ كَانَ فِي قَلْبِهِ مِثْقَالُ حَبَّةٍ مِنْ خَرْدَلٍ مِنْ إِيمَانٍ»

ഇബ്നു മസ്ഊദ് നിവേദനം: നബി -ﷺ- പറഞ്ഞു: “ഹൃദയത്തിൽ ഒരു കടുകു മണിയോളം ഈമാനുള്ളവൻ നരകത്തിൽ (ശാശ്വതനായി) പ്രവേശിക്കുകയില്ല.” (ഇബ്നു മാജ: 4173, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

ഈമാനിന്റെ ആദ്യത്തെ ഭാഗവും ഏറ്റവും സുപ്രധാനമായ അടിസ്ഥാനവും അല്ലാഹുവിലുള്ള വിശ്വാസവും, അവന്റെ ഏകത്വം അംഗീകരിക്കലുമാണ്. അല്ലാഹുവിലുള്ള വിശ്വാസമില്ലാതെ ഈമാൻ നിലനിൽക്കുകയേ ഇല്ല. ആറ് ഈമാൻ കാര്യങ്ങൾ എണ്ണിപ്പറയുന്ന, ജിബ്രീലിന്റെ ഹദീഥ് എന്ന പേരിൽ പ്രസിദ്ധമായ, നബി -ﷺ- യുടെ സുദീർഘമായ ഹദീഥുകളിലൊന്നിൽ അവിടുന്ന് പറഞ്ഞു:

«الإِيمَانُ أَنْ تُؤْمِنَ بِاللهِ، وَمَلَائِكَتِهِ، وَكُتُبِهِ، وَرُسُلِهِ، وَالْيَوْمِ الْآخِرِ، وَتُؤْمِنَ بِالْقَدَرِ خَيْرِهِ وَشَرِّهِ»

“ഈമാൻ എന്നാൽ നീ അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ റസൂലുകളിലും, അന്ത്യനാളിലും വിശ്വസിക്കലാണ്. അവന്റെ വിധിനിർണ്ണയത്തിലും, അതിന്റെ നന്മയിലും തിന്മയിലും വിശ്വസിക്കലാണ്.” (മുസ്‌ലിം: 1)

ഈ ഹദീഥിൽ നബി -ﷺ- ഈമാനിന്റെ ആദ്യത്തെ അടിസ്ഥാനമായി എണ്ണിയത് അല്ലാഹുവിലുള്ള വിശ്വാസമാണ്. അതിന് ശേഷം അവിടുന്ന് പറഞ്ഞ ഓരോ കാര്യവും അല്ലാഹുവിലുള്ള വിശ്വാസവുമായി നേരിട്ട് ബന്ധപ്പെട്ടു നിൽക്കുന്ന കാര്യങ്ങളുമാണ്. മലക്കുകളിലും നബിമാരിലും വേദഗ്രന്ഥങ്ങളിലും പരലോകത്തിലും വിധിനിർണ്ണയത്തിലുമുള്ള വിശ്വാസം അല്ലാഹുവിലുള്ള വിശ്വാസമില്ലാതെ നിലനിൽക്കുകയില്ല.

"ഈമാനിന്റെ അടിസ്ഥാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് അല്ലാഹുവിലുള്ള വിശ്വാസമാണ്. അവയിൽ ഏറ്റവും ഗൗരവമുള്ളതും, ഏറ്റവും ഉന്നതമായ സ്ഥാനമുള്ളതും അതിന് തന്നെ. അല്ല! ഈമാൻ കാര്യങ്ങളെല്ലാം നിലകൊള്ളുന്നത് അതിന് മേലാണ്. അല്ലാഹുവിലുള്ള വിശ്വാസത്തിൽ നിന്നാണ് ബാക്കിയുള്ള വിശ്വാസകാര്യങ്ങളെല്ലാം ഉടലെടുക്കുന്നതും, അതിലേക്കാണ് അവയെല്ലാം മടങ്ങിച്ചെല്ലുന്നതും." (ഉസ്വൂലുൽ ഈമാൻ: 9)

ഈമാനിന്റെ ഏറ്റവും ഉന്നതമായ ശാഖ അല്ലാഹുവിനെ ഏകനാക്കലാണ്. ദീൻ എന്നത് ഒരു വൃക്ഷമാണെങ്കിൽ അതിന്റെ ഏറ്റവും ഉയരമുള്ള ശാഖ തൗഹീദാണ്.

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللهِ -ﷺ-: «الْإِيمَانُ بِضْعٌ وَسَبْعُونَ -أَوْ بِضْعٌ وَسِتُّونَ- شُعْبَةً، فَأَفْضَلُهَا قَوْلُ لَا إِلَهَ إِلَّا اللَّـهُ، وَأَدْنَاهَا إِمَاطَةُ الْأَذَى عَنِ الطَّرِيقِ، وَالْحَيَاءُ شُعْبَةٌ مِنَ الْإِيمَانِ»

നബി -ﷺ- പറഞ്ഞു: "ഈമാൻ എഴുപതിൽ പരം -അല്ലെങ്കിൽ അറുപതിൽ പരം- ശാഖകളാണ്. അതിൽ ഏറ്റവും ശ്രേഷ്ഠമായുള്ളത് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്കാണ്. അതിൽ ഏറ്റവും താഴെയുള്ളത് വഴിയിൽ നിന്ന് ഉപദ്രവം നീക്കംചെയ്യലാണ്. ലജ്ജ ഈമാനിന്റെ ശാഖകളിൽ ഒന്നാണ്." (മുസ്‌ലിം: 58)

അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും, അവന് പുറമെയുള്ള ആരാധ്യവസ്തുക്കളെ അകറ്റിനിർത്തണമെന്നും പഠിപ്പിക്കുന്ന ശഹാദത് കലിമയിലെ ആദ്യഭാഗം ഈമാനിന്റെ ഏറ്റവും ഉന്നതമായ ശാഖയാണെന്നാണ് നബി -ﷺ- അറിയിച്ചത്. വഴിയിൽ നിന്ന് ഉപദ്രവം എടുത്തു നീക്കുക എന്നതാകട്ടെ, ഈമാനിന്റെ ഏറ്റവും ചെറിയ ശാഖയും. വഴിയിലെ ഉപദ്രവം നീക്കുന്നത് മനുഷ്യരുടെ ജീവൻ വരെ രക്ഷപ്പെടാൻ കാരണമായേക്കാവുന്ന ഒരു മഹത്തായ പ്ര

വൃത്തിയാണ് എന്നിരിക്കെ, അതിനേക്കാൾ എത്രയോ ഉയരത്തിൽ നിലകൊള്ളുന്ന തൗഹീദിന്റെ ശാഖയുടെ പ്രാധാന്യം എത്ര വലുതായിരിക്കും?!

## തൗഹീദും ഇസ്‌ലാമും

അല്ലാഹുവിന്റെ ദീനായ ഇസ്‌ലാമിലേക്ക് പ്രവേശിക്കാൻ ഒരേയൊരു വഴി മാത്രമാണ് മുന്നിലുള്ളത്. അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുന്ന 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്യവും, മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്ന് പ്രഖ്യാപിക്കുന്ന 'മുഹമ്മദുൻ റസൂലുല്ലാഹ്' എന്ന വാക്യവും സാക്ഷ്യം വഹിക്കുക. ഈ ദീനിലേക്ക് ഒരാളുടെ പ്രവേശനം തീരുമാനിക്കുന്ന ഒന്നാമത്തെ കാര്യം തൗഹീദാണെന്ന് ചുരുക്കം.

ഇസ്‌ലാം ദീനിന്റെ അഞ്ച് സ്തംഭങ്ങൾ പഠിപ്പിച്ചപ്പോൾ നബി -ﷺ- ആദ്യം എണ്ണിയത് തൗഹീദാണ്. ഒരു മുസ്‌ലിമിന്റെ ഹൃദയത്തിലും വാക്കുകളിലും പ്രവർത്തനങ്ങളിലുമെല്ലാം ഒന്നാം സ്ഥാനം അലങ്കരിക്കേണ്ടത് തൗഹീദാണ് എന്ന് അത് നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്.

عَنِ ابْنِ عُمَرَ عَنِ النَّبِيِّ -ﷺ- قَالَ: «بُنِيَ الْإِسْلَامُ عَلَى خَمْسَةٍ، عَلَى أَنْ يُوَحَّدَ اللَّـهُ، وَإِقَامِ الصَّلَاةِ، وَإِيتَاءِ الزَّكَاةِ، وَصِيَامِ رَمَضَانَ، وَالْحَجِّ»

ഇബ്നു ഉമർ -رضي الله عنهما- നിവേദനം: നബി -ﷺ- പറഞ്ഞു: "ഇസ്‌ലാം അഞ്ചു കാര്യങ്ങൾക്ക് മേലാണ് പടുത്തുയർത്തപ്പെട്ടത്. അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കപ്പെടുക (തൗഹീദ്), നിസ്കാരം നിലനിർത്തുക, സകാത്ത് നൽകുക, റമദാൻ മാസത്തിൽ നോമ്പെടുക്കുക, ഹജ്ജ്." (മുസ്‌ലിം: 16)

ഇസ്‌ലാമിലെ ഏറ്റവും മഹത്തരമായ നാല് ഇബാദതുകൾ ഈ ഹദീഥിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു. ഈ അഞ്ച് ആരാധനാകർമ്മങ്ങളുടെയും പ്രാധാന്യം അറിയാത്ത ഒരു മുസ്‌ലിമും ഉണ്ടായിരിക്കുകയില്ല. അഞ്ചു നേരത്തെ നിസ്കാരം ഒരാൾ ഉപേക്ഷിച്ചാൽ അയാൾ ഇസ്‌ലാമിൽ നിന്ന് പുറത്തു പോകും എന്ന് സ്വഹാബികൾ മനസ്സിലാക്കിയിരുന്നു. നബി -ﷺ- യുടെ വഫാതിന് ശേഷം സകാത് നൽകാതിരുന്നവരോട് അബൂബക്ർ അസ്സിദ്ധീഖ് -رضي الله عنه- യുദ്ധം ചെയ്തിട്ടുണ്ട്. റമദാനിലെ നോമ്പ് ഉപേക്ഷിക്കുക എന്നത് ഒരു

മുസ്‌ലിമിന് ചിന്തിക്കാൻ കഴിയുന്ന കാര്യമല്ല. ഇസ്‌ലാമിന്റെ നാടായ മക്കയിലേക്ക് ഒരിക്കലെങ്കിലും ഹജ്ജിനായി പുറപ്പെടാൻ കഴിയുന്നത് സ്വപ്നമായി മനസ്സിൽ സൂക്ഷിക്കാത്തവരും ഉണ്ടാകില്ല.

ചിന്തിച്ചു നോക്കൂ! ഈ മഹത്തരമായ ഇബാദതുകളെല്ലാം പറയുന്നതിന് മുൻപ് -ആദ്യമായി- നബി -ﷺ- എണ്ണിയത് തൗഹീദാണ്. ഈ പറയപ്പെട്ട ഇബാദതുകളെല്ലാം അങ്ങേയറ്റം പ്രാധാന്യത്തോടെ ശ്രദ്ധിക്കുകയും ജീവിതത്തിൽ പുലർത്തുകയും ചെയ്യുന്ന ഓരോ മുസ്‌ലിമിന്റെയും ഹൃദയത്തിൽ തൗഹീദിന് എത്ര വലിയ സ്ഥാനവും പദവിയും ഉണ്ടായിരിക്കണം!

ഒരാൾ നിസ്കാരം ഒഴിവാക്കിയാൽ, സകാത്ത് നൽകാതിരുന്നാൽ, റമദാനിൽ നോമ്പ് ഉപേക്ഷിച്ചാൽ, ഹജ്ജിനെ നിസ്സാരവൽക്കരിച്ചാൽ നമ്മുടെ ഹൃദയത്തിൽ എന്തു വലിയ ഞെട്ടലും പ്രയാസവുമുണ്ടായിരിക്കും. അപ്പോൾ തൗഹീദിന്റെ കാര്യം എത്രമാത്രം ഗൗരവമുള്ളതായിരിക്കും?! അതിൽ ഒരാൾ അറിവില്ലായ്മ പുലർത്തുകയോ, അബദ്ധം വരുത്തുകയോ ചെയ്താൽ എന്തു മാത്രം ഗുരുതരമായിരിക്കും അവന്റെ സ്ഥിതി?!

ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ് (ഹഫിദഹുല്ലാഹ്) പറഞ്ഞു: "ഇസ്‌ലാം പടുത്തുയർത്തപ്പെട്ടിരിക്കുന്നത് ഈ അഞ്ച് സ്തംഭങ്ങൾക്ക് മേലാണ്. അവയിൽ ഒന്നാമത്തെ കാര്യം രണ്ട് ശഹാദതുകളാണ്. ദീനിന്റെ എല്ലാ അടിസ്ഥാനങ്ങളുടെയും മൂലക്കല്ല് ഈ രണ്ട് വാക്യങ്ങളാണ്. ഇസ്‌ലാമിലെ മറ്റെല്ലാ കാര്യങ്ങളും അവയുടെ ബാക്കിപത്രം മാത്രമാണ്. ഇസ്‌ലാമിലെ ബാക്കിയെല്ലാ സ്തംഭങ്ങളും മറ്റു പ്രവർത്തനങ്ങളും പരലോകത്ത് ഉപകാരപ്പെടണമെങ്കിൽ അവയെല്ലാം ഈ രണ്ട് ശഹാദത് കലിമക്ക് മേൽ പടുത്തുയർത്തപ്പെട്ടതായിരിക്കണം." (ശർഹുൽ അർബഈൻ: 30)

ഒരാൾ രാവും പകലും നിസ്കരിക്കുകയും, ഭൂമി നിറയെ സ്വർണ്ണവും വെള്ളിയും ദാനമായി നൽകുകയും, നിത്യവും നോമ്പ് അനുഷ്ഠിക്കുകയും, എല്ലാ വർഷവും ഹജ്ജ് നിർവ്വഹിക്കുകയും ചെയ്തുവെന്ന് കരുതുക; എന്നാൽ ഇതെല്ലാമുണ്ടെങ്കിലും തൗഹീദിന്റെ വിഷയത്തിൽ അയാൾ വീഴ്ച്ച വരുത്തിയാൽ ഈ പറഞ്ഞ ആരാധനകളെല്ലാം വ്യർഥാവിലാണ്. ഒരു മൺതരിയുടെ വില പോലും അല്ലാഹുവിങ്കൽ ആ പ്രവർത്തനങ്ങൾക്കില്ല.

## തൗഹീദും സൃഷ്ടിപ്പിന്റെ ലക്ഷ്യവും

അല്ലാഹു മനുഷ്യരെയും ജിന്നുകളെയുമെല്ലാം സൃഷ്ടിച്ചത് തൗഹീദ് പ്രാവർത്തികമാക്കുന്നതിന് വേണ്ടിയാണ്. അല്ലാഹുവിന്റെ ഏകത്വം അറിയുകയും പ്രാവർത്തികമാക്കുകയും, അത് ഉദ്ഘോഷിക്കുകയും, ആ മാർഗത്തിൽ തന്നെ മരണപ്പെടുകയും ചെയ്യുന്നതിന് വേണ്ടിയാണ് നമ്മെയെല്ലാം അല്ലാഹു പടച്ചത്.

وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾ مَا أُرِيدُ مِنْهُم مِّن رِّزْقٍ وَمَا أُرِيدُ أَن يُطْعِمُونِ ﴿٥٧﴾

"ജിന്നുകളെയും മനുഷ്യരെയും എന്നെ മാത്രം ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽ നിന്ന് ഉപജീവനമൊന്നും ഉദ്ദേശിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ഉദ്ദേശിക്കുന്നില്ല." (ദാരിയാത്: 56-57)

قَالَ عَلِيٌّ رَضِيَ اللَّـهُ عَنْهُ: «أَيْ وَمَا خَلَقْتُ الجِنَّ وَالإِنْسَ إِلَّا لِآمُرَهُمْ بِالْعِبَادَةِ»

അലി -ﷺ- പറഞ്ഞു: "എന്നെ മാത്രം ആരാധിക്കൂ എന്ന് കൽപ്പിക്കുന്നതിന് വേണ്ടിയല്ലാതെ ജിന്നുകളെയും മനുഷ്യരെയും ഞാൻ സൃഷ്ടിച്ചിട്ടില്ല എന്നാണ് ഈ ആയതിന്റെ ഉദ്ദേശം." (ഖുർത്വുബി: 17/55)

ആലോചിച്ചു നോക്കൂ!

ആദം -ﷺ- മുതൽ പിറന്നുവീണ കോടാനുകോടി മനുഷ്യരെ സൃഷ്ടിച്ചത് തൗഹീദ് പ്രാവർത്തികമാക്കുന്നതിനായിരുന്നു. നബിമാരും അല്ലാത്തവരുമായി എത്രയെത്ര മനുഷ്യർ ജനിച്ചു വീണു; അവരെല്ലാം ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് വേണ്ടിയാണ് ഭൂമിയിലേക്ക് വന്നത്. അല്ലാഹുവിന്റെ പ്രിയ്യപ്പെട്ട ദാസന്മാരായ ഔലിയാക്കളും സ്വാലിഹീങ്ങളും ശുഹദാക്കളുമെല്ലാം ഈ തൗഹീദിന്റെ വഴിയിൽ ചരിക്കുന്നതിനായി തന്നെയാണ് സൃഷ്ടിക്കപ്പെട്ടത്.

ഈ കുറിപ്പ് വായിച്ചു കൊണ്ടിരിക്കുന്ന നീയും നമ്മളെല്ലാവരും അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിന് വേണ്ടി പടക്കപ്പെട്ടവർ തന്നെ.

എന്നാൽ തൗഹീദിന്റെ ഗാംഭീര്യം ഈ പറഞ്ഞതിലും അവസാനിക്കുന്നില്ല! ജിന്നുകളും മനുഷ്യരുമെല്ലാം വസിക്കുന്ന വിശാലമായ

ആകാശഭൂമികളും അവക്കിടയിലുള്ളതും മുഴുവൻ സൃഷ്ടിക്കപ്പെട്ടത് അല്ലാഹുവിന്റെ ഏകത്വം -തൗഹീദ്- ജനങ്ങൾക്ക് ബോധ്യപ്പെടുന്നതിനും, അതിനുള്ള തെളിവ് സ്ഥാപിക്കുന്നതിനുമത്രെ! അതായത്, അല്ലാഹു സർവ്വതും സൃഷ്ടിച്ചിരിക്കുന്നത് അവന്റെ തൗഹീദിന് വേണ്ടിയാണെന്ന് ചുരുക്കം.

ٱللَّهُ ٱلَّذِي خَلَقَ سَبْعَ سَمَٰوَٰتٍ وَمِنَ ٱلْأَرْضِ مِثْلَهُنَّ يَتَنَزَّلُ ٱلْأَمْرُ بَيْنَهُنَّ لِتَعْلَمُوٓا۟ أَنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ وَأَنَّ ٱللَّهَ قَدْ أَحَاطَ بِكُلِّ شَىْءٍ عِلْمًۢا ﴿١٢﴾

“അല്ലാഹുവാകുന്നു ഏഴ് ആകാശങ്ങളും ഭൂമിയിൽ നിന്ന് അവയ്ക്ക് തുല്യമായതും സൃഷ്ടിച്ചവൻ. അവയ്ക്കിടയിൽ (അവന്റെ) കൽപന ഇറങ്ങുന്നു. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു എന്നും ഏതു വസ്തുവെയും ചൂഴ്ന്ന് അറിയുന്നവനായിരിക്കുന്നു എന്നും നിങ്ങൾ മനസ്സിലാക്കുവാൻ വേണ്ടി.” (ത്വലാഖ്: 12)

ഈ ആയത്ത് ശ്രദ്ധയോടെ വായിച്ചു നോക്കൂ! ആകാശഭൂമികളും അവക്കിടയിലുള്ളതുമെല്ലാം അല്ലാഹു സൃഷ്ടിച്ചത് അവൻ എല്ലാത്തിനും കഴിവുള്ളവനാണെന്നും, സർവ്വതും അറിയുന്നവനാണെന്നും നിങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടിയാണെന്ന് അവൻ നമ്മെ അറിയിക്കുന്നു. അല്ലാഹുവിന്റെ കഴിവും അറിവും മനസ്സിലാക്കുക എന്നത് തൗഹീദിന്റെ ഭാഗമാണ്.

എന്നാൽ ഈ ലക്ഷ്യം മറക്കുകയും, തൗഹീദിന്റെ പ്രാധാന്യത്തെ വിസ്മരിക്കുകയും, തൗഹീദ് പഠിക്കുന്നതും പ്രാവർത്തികമാക്കുന്നതും അവഗണിക്കുകയും, തൗഹീദിൽ സംഭവിക്കുന്ന പിഴവുകളെ നിസ്സാരവൽക്കരിക്കുകയും ചെയ്യുന്നവർ എത്ര വലിയ അപരാധമായിരിക്കും പ്രവർത്തിക്കുന്നത് എന്ന് ആലോചിച്ചു നോക്കൂ. അല്ലാഹു തന്നെ സൃഷ്ടിച്ചതിന്റെ ലക്ഷ്യത്തെ തന്നെ തകർക്കുന്നവൻ അല്ലാഹുവോട് ചെയ്യുന്ന ധിക്കാരത്തിന്റെ ഗൗരവം എത്ര വലുതായിരിക്കും?!

ശൈഖ് അബ്ദുൽ റസാഖ് അൽ ബദ്ർ (ഹഫിദഹുല്ലാഹ്) പറയുന്നു: “സർവ്വ സൃഷ്ടികളുടെയും സൃഷ്ടിപ്പിന്റെ പിന്നിലെ ലക്ഷ്യം തൗഹീദാകുന്നു. അത് പൂർത്തീകരിക്കുന്നതിന് വേണ്ടിയാകുന്നു അവരെയെല്ലാം അല്ലാഹു പടച്ചത്... അത് ഒരാൾ ഉപേക്ഷിക്കുക എന്നത് തന്റെ സൃഷ്ടിപ്പിന്റെ ലക്ഷ്യത്തെ അവഗണിക്കലാകുന്നു.” (ഫിഖ്ഹുൽ അദ്ഇയ്യ: 1/120)

## തൗഹീദും നബിമാരുടെ പ്രബോധനവും

ധാരാളം നബിമാരും റസൂലുകളും മനുഷ്യരിലേക്ക് നിയോഗിക്കപ്പെട്ടിട്ടുണ്ട്. ജനങ്ങളിൽ ഏറ്റവും ശ്രേഷ്ഠതയും മഹത്വവുമുള്ളവരായിരുന്നു അവരെല്ലാം. അല്ലാഹുവിന് ഏറ്റവും പ്രിയമുള്ളവരും അവനോട് ഏറ്റവും സാമീപ്യമുള്ളവരുമാണ് നബിമാരായി നിയോഗിക്കപ്പെടുക. ജനങ്ങളിൽ ഏറ്റവും നല്ല ഹൃദയത്തിന്റെ ഉടമകളും, ഏറ്റവും ശുദ്ധമായ പ്രവർത്തനങ്ങളും അവർക്കാണുള്ളത്.

എന്തിനായിരുന്നു ഈ നബിമാരെല്ലാം നിയോഗിക്കപ്പെട്ടത്?!

അവരെയെല്ലാം അല്ലാഹു നിയോഗിച്ചതിന്റെ പിന്നിലെ ഏറ്റവും പ്രധാനലക്ഷ്യം തൗഹീദ് ജനങ്ങൾക്ക് എത്തിച്ചു നൽകുക എന്നതായിരുന്നു. അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നും, അവന് പുറമെയുള്ള ആരാധ്യവസ്തുക്കളെ ഉപേക്ഷിക്കണം എന്നും ജനങ്ങളോട് കൽപ്പിക്കാതെ ഒരു നബിയും ഈ ഭൂമിയിലേക്ക് നിയോഗിക്കപ്പെട്ടിട്ടില്ല.

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّـهَ وَاجْتَنِبُوا الطَّاغُوتَ ۖ

"തീർച്ചയായും എല്ലാ ജനതയിലേക്കും നാം റസൂലുകളെ നിയോഗിച്ചിട്ടുണ്ട്; നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, (അവന് പുറമെ ആരാധിക്കപ്പെടുന്ന എല്ലാ) ത്വാഗൂതുകളെയും ഉപേക്ഷിക്കൂ എന്ന് ബോധനം നൽകിക്കൊണ്ട്." (നഹ്ൽ: 36)

ശൈഖ് നാസ്വിർ അസ്സഅ്ദി -ﷺ- പറയുന്നു: "എല്ലാ ജനതകളുടെയും മേൽ അല്ലാഹു തന്റെ (തൗഹീദിന്റെ) തെളിവുകൾ സ്ഥാപിച്ചിരിക്കുന്നു എന്ന് ഈ ആയത്ത് അറിയിക്കുന്നു. മുൻകാലക്കാരോ പിൽക്കാലക്കാരോ ആയ ഒരു ജനതയിലും അല്ലാഹു റസൂലുകളെ നിയോഗിക്കാതിരുന്നിട്ടില്ല. അവരുടെയെല്ലാം ക്ഷണം ഒരേയൊരു കാര്യത്തിലേക്കായിരുന്നു. അവരുടെയെല്ലാം ദീൻ ഒരേ ദീനായിരുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, അവനിൽ ഒരു പങ്കുകാരനെയും നിശ്ചയിക്കാതിരിക്കുകയും ചെയ്യുക എന്നതായിരുന്നു അത്." (തഫ്സീറുസ്സഅ്ദി: 440)

നബിമാരുടെ ചരിത്രങ്ങളിൽ അല്ലാഹു ആവർത്തിച്ച് ഇക്കാര്യം ബോധ്യപ്പെടുത്തിയതായി കാണാം. എല്ലാ നബിമാരും അവരുടെ സമൂഹത്തോടായി പറഞ്ഞത് ഈ വാക്കാണ്:

يَاقَوْمِ اعْبُدُوا اللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُ

"എന്റെ ജനങ്ങളേ! നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവന് പുറമെ മറ്റൊരു ആരാധ്യൻ നിങ്ങൾക്കില്ല." (മുഅ്മിനൂൻ: 32)

യാതൊരു മാറ്റവുമില്ലാതെ പല നബിമാരും തങ്ങളുടെ സമൂഹങ്ങളോട് ഇതേ വാക്കുകൾ പറഞ്ഞതായി കാണാൻ കഴിയും. നൂഹ് -ﷺ- (അഅ്റാഫ്: 59, മുഅ്മിനൂൻ: 23), ഹൂദ് -ﷺ- (അഅ്റാഫ്: 65, ഹൂദ്: 50), സ്വാലിഹ് -ﷺ- (അഅ്റാഫ്: 73, ഹൂദ്: 61), ശുഐബ് -ﷺ- (അഅ്റാഫ്: 85, ഹൂദ്: 84) എന്നിവർ ഇതേ കാര്യം തന്നെയാണ് തങ്ങളുടെ സമൂഹത്തോട് ഓർമ്മപ്പെടുത്തിയത്.

ഈ നബിമാരുടെയെല്ലാം ജനതകളിലേക്ക് നോക്കിയാൽ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ അനേകം തകർച്ചകളും മൂല്യച്യുതികളും അവരിൽ നിലനിന്നിരുന്നതായി കാണാൻ കഴിയും. പക്ഷേ അതെല്ലാം അവർക്കിടയിൽ ഉണ്ടായിട്ടും ആ നബിമാരുടെ പ്രബോധനത്തിന്റെ അടിത്തറ തൗഹീദായിരുന്നു നിലകൊണ്ടത്. അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നായിരുന്നു അവർ തങ്ങളുടെ ജനതയോട് ആവർത്തിച്ചത്.

നബി -ﷺ- യെ നോക്കൂ! മക്കയിൽ വ്യഭിചാരവും മദ്യാസക്തിയും കൊള്ളയും അർത്ഥമില്ലാത്ത യുദ്ധങ്ങളും ഗോത്രപ്പോരുകളും അതിന്റെ പേരിലുള്ള രക്തച്ചൊരിച്ചിലും വ്യാപകമായിരുന്നില്ലേ?! പിഞ്ചുകുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചു മൂടിയിരുന്നവർ വരെ ആ സമൂഹത്തിൽ നിലനിന്നിരുന്നില്ലേ?! എന്നാൽ അവിടുന്ന് ആദ്യം സംസാരിച്ചത് ഈ പറഞ്ഞ എന്തെങ്കിലുമൊരു കാര്യത്തെ കുറിച്ചായിരുന്നോ?! മദ്യപിക്കരുതെന്നോ വ്യഭിചരിക്കരുതെന്നോ പരസ്പരം രക്തം ചിന്തരുതെന്നോ ആയിരുന്നോ നബി-ﷺ-യുടെ ആദ്യത്തെ കൽപ്പന?!

അല്ല! അവിടുന്ന് മക്കയിൽ എഴുന്നേറ്റു നിന്ന് തൗഹീദ് പറഞ്ഞു. വിഗ്രഹങ്ങളെയും മരണപ്പെട്ടവരെയും നബിമാരെയും സ്വാലിഹീങ്ങളെയും വിളിച്ചു പ്രാർത്ഥിക്കരുതെന്നും, അല്ലാഹുവിനോട് മാത്രം സഹായം തേടണമെന്നും അവനെ മാത്രമേ ആരാധിക്കാവൂ എന്നും ആവർത്തിച്ചു കൊണ്ടേയിരുന്നു. പിന്നീട് സ്രഷ്ടാവായ അല്ലാഹുവുമായി ആ ജനങ്ങളുടെ ഹൃദയം അടുക്കുകയും, പരലോകത്തെ കുറിച്ചുള്ള വിശ്വാസം അവരുടെ ഹൃദയത്തിൽ രൂഢമൂലമാ

വുകയും ചെയ്തപ്പോൾ ബാക്കിയെല്ലാ പുഴുക്കുത്തുകളും എടുത്തു നീക്കുക എളുപ്പമായി.

നബി -ﷺ- തന്റെ അനുചരന്മാർക്കും ഇതേ മാർഗം തന്നെയാണ് ഉപദേശിച്ചു നൽകിയത്.

عَنِ ابْنِ عَبَّاسٍ رَضِيَ اللَّـهُ عَنْهُمَا: أَنَّ رَسُولَ اللَّـهِ -ﷺ- لَمَّا بَعَثَ مُعَاذًا عَلَى الْيَمَنِ، قَالَ: «إِنَّكَ تَقْدَمُ عَلَى قَوْمٍ أَهْلِ كِتَابٍ، فَلْيَكُنْ أَوَّلَ مَا تَدْعُوهُمْ إِلَيْهِ عِبَادَةُ اللَّـهِ، فَإِذَا عَرَفُوا اللَّـهَ، فَأَخْبِرْهُمْ أَنَّ اللَّـهَ قَدْ فَرَضَ عَلَيْهِمْ خَمْسَ صَلَوَاتٍ فِي يَوْمِهِمْ وَلَيْلَتِهِمْ...»

മുആദ് -رضي الله عنه- വിനെ യമനിലേക്ക് പ്രബോധകനായി നിയോഗിച്ചയക്കുമ്പോൾ നബി -ﷺ- പറഞ്ഞു: "ഹേ മുആദ്! വേദക്കാരുടെ സമൂഹത്തിലേക്കാണ് നീ പോകുന്നത്. അതിനാൽ നീ ആദ്യം അവരെ ക്ഷണിക്കേണ്ടത് അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതിലേക്കായിരിക്കണം. അതവർ മനസ്സിലാക്കിയാൽ രാത്രിയും പകലുമായി അഞ്ചു നേരത്തെ നിസ്കാരം അവരുടെ മേൽ അല്ലാഹു നിർബന്ധമാക്കിയിട്ടുണ്ടെന്ന് അവരെ അറിയിക്കുക..." (ബുഖാരി: 1458, മുസ്ലിം: 19)

യമനിൽ അക്കാലത്ത് ഏറ്റവും കൂടുതലുണ്ടായിരുന്ന വേദക്കാർ യഹൂദരാണ്. ഇസ്‌ലാമിന്റെ ശരിയായ മാർഗത്തോട് അനേകം വിഷയങ്ങളിൽ എതിരു നിൽക്കുന്നുണ്ട് അവരുടെ മതം. മുസ്‌ലിംകളോട് കടുത്ത ശത്രുത പുലർത്തുന്നവരുമാണ് യഹൂദർ. എന്നാൽ നബി -ﷺ- മുആദിനോട് ആദ്യം തന്നെ അവരുടെ ശത്രുതയെ മയപ്പെടുത്താനോ, അവരുടെ മറ്റ് തിന്മകളെ തിരുത്താനോ ഒന്നുമല്ല ഉപദേശിക്കുന്നത്. മറിച്ച്, അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന തൗഹീദ് കൽപ്പിക്കാനും, അവനല്ലാത്തവർക്ക് ആരാധനകൾ നൽകുക എന്ന ശിർക് വിലക്കാനുമാണ്.

വിഗ്രഹങ്ങളും ജാറങ്ങളും മഖ്ബറകളും ആൾദൈവങ്ങളും മൃഗങ്ങളും പക്ഷികളുമെന്നിങ്ങനെ ബഹുദൈവാരാധന അതിന്റെ സർവ്വ രൂപങ്ങളോടെയും നിലനിൽക്കുന്ന നമ്മുടേതു പോലുള്ള നാടുകളിൽ തൗഹീദാണ് ആദ്യവും അവസാനവുമായി പറഞ്ഞു കൊണ്ടേയിരിക്കേണ്ടത് എന്നതിൽ സംശയമില്ല. തൗഹീദ് പഠിപ്പിക്കുകയും വിശദീകരിച്ചു നൽകുകയും ചെയ്യുക എന്നതിൽ നിന്ന് ഇസ്‌ലാമിക പ്രബോധകന്മാർ അകന്നു പോവുകയും, ഏവർക്കും സ്വീകാര്യമായ -ദാനധർമ്മവും കാരുണ്യവും സഹകരണവും പോലുള്ള- നന്മ

കൾ കൽപ്പിക്കാനും, സമൂഹം മോശമാണെന്ന് പൊതുവെ മനസ്സിലാക്കിയ -മദ്യപാനവും വ്യഭിചാരവും മോഷണവും പോലുള്ള- തിന്മകളിൽ നിന്ന് വിലക്കാനും മാത്രമായി തങ്ങളുടെ ശേഷിയും സമയവും അവർ മാറ്റിവെക്കുന്നത് അക്ഷന്തവ്യമായ അപരാധമാണ്.

ഇസ്‌ലാമിക പ്രബോധനത്തിന്റെ ആദ്യവരിയിൽ, ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന വിഷയം തൗഹീദാണ് എന്നത് അതിന്റെ പ്രാധാന്യവും മഹത്വവും സംശയലേശമന്യേ ബോധ്യപ്പെടുത്തുന്നു. അല്ലാഹു നമ്മെ തൗഹീദിലേക്ക് ക്ഷണിക്കുകയും, ശിർകിൽ നിന്ന് തടയുകയും ചെയ്യുന്ന ഇസ്‌ലാമിക പ്രബോധകരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തട്ടെ. (ആമീൻ)

## തൗഹീദും മരണവും

മനുഷ്യൻ ഇഹലോകത്ത് നിന്ന് വിടപറയുന്ന, പരലോകത്തിലേക്ക് കാലെടുത്തു വെക്കുന്ന നിർണായകമായ ഘട്ടമാണ് മരണം. ജനിച്ചവർക്കാർക്കും മരണത്തിൽ നിന്ന് രക്ഷയില്ല. അതിൽ നിന്ന് ഓടിയൊളിക്കാൻ സാധിക്കുന്ന ഒരാളും തന്നെയില്ല. എത്രയെല്ലാം സുരക്ഷിതമായ കോട്ടയിൽ പോയൊളിച്ചാലും മരണത്തിന്റെ ദൂതൻ എല്ലാവരുടെ അടുക്കലും വന്നെത്തും.

എന്നാൽ നമ്മുടെ മരണവേള എപ്രകാരമായിരിക്കും എന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?! മരണത്തെ മുഖാമുഖം നേരിടുമ്പോൾ നമ്മുടെ മനസ്സ് എപ്രകാരമായിരിക്കും എന്നതിനെ കുറിച്ച്... പ്രിയപ്പെട്ടവരും കുടുബവും ചുറ്റുപാടും നിന്നെ നോക്കിനിൽക്കെ -അല്ലെങ്കിൽ ഏകാന്തമായി- മരണത്തെ വരിക്കാൻ തയ്യാറാകുന്ന വേളയിൽ നിന്റെ ഹൃദയം ഏതവസ്ഥയിലായിരിക്കും?!

മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവായ പിശാച് ശക്തമായി അവനെ വഴിപിഴപ്പിക്കാൻ ശ്രമിച്ചേക്കാവുന്ന സമയമാണ് മരണവേള. ആ സന്ദർഭത്തിൽ എന്തായിരിക്കും നമ്മുടെ സ്ഥിതി?

മരണവേളയിൽ പിശാചിന്റെ കുതന്ത്രങ്ങളിൽ അകപ്പെട്ടു പോകുന്നതിൽ നിന്ന് രക്ഷതേടാൻ നബി -ﷺ- നമ്മെ പഠിപ്പിച്ചിട്ടുണ്ട്. നബി -ﷺ- യുടെ സുദീർഘമായ പ്രാർത്ഥനയിലെ ഒരു ഭാഗം ഇപ്രകാരമാണ്:

عَنْ أَبِي الْيَسَرِ أَنَّ رَسُولَ اللهِ -ﷺ- كَانَ يَدْعُو: «اللَّـهُمَّ إِنِّي أَعُوذُ بِكَ أَنْ يَتَخَبَّطَنِي الشَّيْطَانُ عِنْدَ الْمَوْتِ»

അബുൽ യസർ -ﷺ- നിവേദനം: നബി -ﷺ- ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു: "അല്ലാഹുവേ! മരണവേളയിൽ പിശാച് എന്നെ പരാജയപ്പെടുത്തുന്നതിൽ നിന്ന് ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു." (അബൂദാവൂദ്: 1552, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി)

ആരെയെങ്കിലും മരണവേളയിൽ പിശാച് കീഴ്പ്പെടുത്തുകയും, അവന്റെ ബുദ്ധിയും ദീനും നശിപ്പിക്കുകയും, അല്ലാഹുവിനെ കുറിച്ച് മോശം വിചാരവും, അവന്റെ വിധിയിൽ നിരാശയും അമർഷവും വെച്ചു പുലർത്തുന്ന അവസ്ഥയിലാക്കുകയും ചെയ്താൽ അതാണ് യഥാർത്ഥ പരാജയം.

എല്ലാ നിസ്കാരങ്ങളിലും മരണവേളയിലെ പരീക്ഷണത്തിൽ നിന്ന് രക്ഷതേടാൻ നബി -ﷺ- നമ്മോട് കൽപ്പിച്ചിരിക്കുന്നു എന്നത് തന്നെ മരണവേളയിലെ പ്രയാസത്തിന്റെ കാഠിന്യം ബോധ്യപ്പെടുത്തുന്നതാണ്.

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللهِ -ﷺ-: «إِذَا تَشَهَّدَ أَحَدُكُمْ فَلْيَسْتَعِذْ بِاللَّهِ مِنْ أَرْبَعٍ يَقُولُ: اللَّـهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ جَهَنَّمَ، وَمِنْ عَذَابِ الْقَبْرِ، وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ، وَمِنْ شَرِّ فِتْنَةِ الْمَسِيحِ الدَّجَّالِ»

അബൂ ഹുറൈറ -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: "നിങ്ങളിലാരെങ്കിലും (നിസ്കാരത്തിൽ) തശഹ്ഹുദ് ചൊല്ലിയാൽ നാല് കാര്യങ്ങളിൽ നിന്ന് അല്ലാഹുവിനോട് രക്ഷ ചോദിച്ചു കൊണ്ട് ഇപ്രകാരം പറയട്ടെ: അല്ലാഹുവേ! നരകത്തിന്റെ ശിക്ഷയിൽ നിന്നും, ഖബറിലെ ശിക്ഷയിൽ നിന്നും, ജീവിതത്തിന്റെയും മരണത്തിന്റെയും പരീക്ഷണത്തിൽ നിന്നും, മസീഹുദ്ദജ്ജാലിന്റെ പരീക്ഷണത്തിലെ തിന്മയിൽ നിന്നും ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു." (മുസ്‌ലിം: 588)

മരണവേളയിൽ ചിലർക്ക് സംഭവിച്ചേക്കാവുന്ന അനിശ്ചിതത്വത്തെ കുറിച്ച് ഈ ഹദീഥുകൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. എന്നാൽ ഈ സന്ദർഭത്തിൽ മനസ്സിന് ഏറ്റവും സ്ഥൈര്യം നൽകുകയും, നാവിനെ ഉറപ്പിച്ചു നിർത്തുകയും, നമ്മെ ഇസ്‌ലാമിന്റെ വഴിയിൽ ഉറപ്പിച്ചു നിർത്തുകയും ചെയ്യുന്ന മഹത്തരമായ ഒരു പ്രവർത്തനമുണ്ട്; അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിൽ ഉറച്ചു നിൽക്കുക എന്ന തൗഹീദാണത്.

അല്ലാഹു മാത്രമാണ് എന്റെ രക്ഷിതാവ് എന്ന് പ്രഖ്യാപിച്ചു കൊണ്ട് തൗഹീദിൽ ഉറച്ചു നിലകൊണ്ടവരുടെ മരണവേളയെ കുറിച്ച് അല്ലാഹു അറിയിച്ചതു നോക്കൂ.

إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا تَتَنَزَّلُ عَلَيْهِمُ الْمَلَائِكَةُ أَلَّا تَخَافُوا وَلَا تَحْزَنُوا وَأَبْشِرُوا بِالْجَنَّةِ الَّتِي كُنتُمْ تُوعَدُونَ ﴿٣٠﴾

"ഞങ്ങളുടെ റബ്ബ് അല്ലാഹുവാണെന്ന് പറയുകയും, പിന്നീട് നേരെനിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞ് കൊള്ളുക." (ഫുസ്സ്വിലത്: 30)

ആയത്ത് ശ്രദ്ധിച്ചു വായിക്കുക! ശാന്തവും മനോഹരവുമായ മരണം ലഭിക്കാൻ രണ്ട് കാര്യങ്ങളാണ് അല്ലാഹു ഈ ആയത്തിൽ എണ്ണിപ്പറഞ്ഞത്.

(1) അല്ലാഹുവാണ് എന്റെ റബ്ബ് എന്ന് പറയുക.

(2) പിന്നീട് വളവുകളോ വ്യതിചലനങ്ങളോ ഇല്ലാതെ നേരെ നില കൊള്ളുക.

ഈ രണ്ട് കാര്യങ്ങളും നബി -ﷺ- യുടെ ഹദീഥുകളിലും ഏറെ പ്രാധാന്യത്തോടെ പരാമർശിക്കപ്പെട്ടിട്ടുണ്ട്.

عَنْ سُفْيَانَ بْنِ عَبْدِ اللهِ الثَّقَفِيِّ قَالَ: قُلْتُ: يَا رَسُولَ اللهِ، قُلْ لِي فِي الْإِسْلَام قَوْلًا لَا أَسْأَلُ عَنْهُ أَحَدًا بَعْدَكَ، قَالَ: «**قُلْ: آمَنْتُ بِاللهِ، ثُمَّ اسْتَقِمْ**»

സുഫ്യാൻ ബ്നു അബ്ദില്ല അസ്സഖഫി -رضي الله عنه- നിവേദനം: ഞാൻ നബി -ﷺ- യോട് പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ! താങ്കൾക്ക് ശേഷം മറ്റാരോടും ചോദിക്കേണ്ടതില്ലാത്ത വിധം, ഇസ്‌ലാമിന്റെ കാര്യത്തിൽ എനിക്കൊരു വാക്ക് താങ്കൾ പറഞ്ഞു തരിക." നബി -ﷺ- പറഞ്ഞു: "ഞാൻ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുക. ശേഷം നേരെനിലകൊള്ളുക." (അഹ്മദ്: 15416, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

'ഞാൻ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു', 'എന്റെ റബ്ബ് അല്ലാഹുവാണ്' എന്നീ വാക്കുകളെല്ലാം തൗഹീദീ വിശ്വാസം അറിയിക്കുന്ന പദങ്ങൾ മാത്രമാണ്. കേവലം അല്ലാഹു ഉണ്ടെന്നോ, അല്ലാഹുവാണ് എന്നെ സൃഷ്ടിച്ചതെന്നോ ഉള്ള വിശ്വാസമല്ല ഈ വാക്കുകളുടെ ഉദ്ദേശം. മറിച്ച്, ഞാൻ എന്റെ സർവ്വ ആരാധനകളും നൽകുന്ന, ഏകനായ എന്റെ ആരാധ്യൻ അല്ലാഹു മാത്രമാണ് എന്നാണ് ഈ പറഞ്ഞതിന്റെയെല്ലാം ഉദ്ദേശം.

ഇതു കൊണ്ടെല്ലാമാണ് മരണത്തിന്റെ അടയാളങ്ങൾ ഒരാളിൽ കണ്ടുതുടങ്ങിയാൽ അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ എന്നറിയിക്കുന്ന, തൗഹീദിന്റെ വചനം അയാൾക്ക് ചൊല്ലിക്കൊടുത്തു കൊണ്ടേയിരിക്കണം എന്ന് നബി -ﷺ- പഠിപ്പിച്ചത്.

عَنْ أَبِي سَعِيدٍ الْخُدْرِيِّ قَالَ: قَالَ رَسُولُ اللهِ -ﷺ-: «**لَقِّنُوا مَوْتَاكُمْ لَا إِلَهَ إِلَّا اللَّـهُ**»

അബൂ സഈദ് അൽ-ഖുദ്‌രി -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "നിങ്ങളിൽ മരണം ആസന്നമായവർക്ക് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ചൊല്ലിക്കൊടുക്കുക." (മുസ്‌ലിം: 916)

അവസാനമായി ലാ ഇലാഹ ഇല്ലല്ലാഹ് എന്ന തൗഹീദിന്റെ വാക്ക് ഉച്ചരിച്ചു കൊണ്ട് മരണപ്പെട്ടാൽ അവൻ സ്വർഗത്തിലാണ് എന്ന് നബി -ﷺ- അറിയിച്ചിട്ടുണ്ട്.

عَنْ مُعَاذِ بْنِ جَبَلٍ قَالَ: قَالَ رَسُولُ اللهِ -ﷺ-: «**مَنْ كَانَ آخِرُ كَلَامِهِ لَا إِلَهَ إِلَّا اللَّـهُ دَخَلَ الْجَنَّةَ**»

മുആദ് ബ്നു ജബൽ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "ആരുടെയെങ്കിലും അവസാനത്തെ വാക്ക് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നായാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്." (അബൂ ദാവൂദ്: 3116, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

ലാ ഇലാഹ ഇല്ലല്ലാഹ് നാവ് കൊണ്ട് ചൊല്ലാൻ സാധിക്കുക എന്നത് നല്ല അന്ത്യത്തിന്റെ അടയാളമാണ്. അങ്ങനെ മരണപ്പെട്ടവർക്ക് സ്വർഗം ലഭിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതുമാണ്. എന്നാൽ -പ്രത്യേകം ശ്രദ്ധിക്കുക!- ലാ ഇലാഹ ഇല്ലല്ലാഹ് എന്നത് ചൊല്ലാതെ മരണപ്പെട്ടാലും, ഒരാൾ തൗഹീദ് പാലിച്ചു കൊണ്ടാണ് ജീവിതം നയിച്ചതെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. നബി -ﷺ-യുടെ ഹദീഥുകളിൽ നിന്ന് അക്കാര്യം മനസ്സിലാക്കാം.

عَنْ أَبِي ذَرٍّ قَالَ: قَالَ رَسُولُ اللهِ -ﷺ-: «**أَتَانِي آتٍ مِنْ رَبِّي، فَأَخْبَرَنِي أَنَّهُ: مَنْ مَاتَ مِنْ أُمَّتِي لَا يُشْرِكُ بِاللهِ شَيْئًا دَخَلَ الْجَنَّةَ**» قُلْتُ: وَإِنْ زَنَى وَإِنْ سَرَقَ؟ قَالَ: «**وَإِنْ زَنَى وَإِنْ سَرَقَ**»

അബൂ ദർ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "എന്റെ റബ്ബിൽ നിന്നുള്ള ഒരു ദൂതൻ എന്റെയരികിൽ വരികയും, 'അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കാതെ എന്റെ ഉമ്മത്തിൽ നിന്ന് മരണപ്പെട്ടവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്' എന്ന് എന്നെ അറി

യിക്കുകയും ചെയ്തിരിക്കുന്നു." ഞാൻ (അബൂദർ) ചോദിച്ചു: "അവൻ വ്യഭിചരിക്കുകയും മോഷ്ടിക്കുകയും ചെയ്താലും?" നബി -ﷺ- പറഞ്ഞു: "അവൻ വ്യഭിചരിച്ചാലും മോഷ്ടിച്ചാലും (ശിർക് ചെയ്തില്ലെങ്കിൽ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്)." (ബുഖാരി: 1237, മുസ്‌ലിം: 94)

ഒരാളുടെ ജീവിതത്തിൽ പല തിന്മകളുമുണ്ടെങ്കിലും അല്ലാഹുവിന്റെ ഏകത്വം അംഗീകരിച്ചു കൊണ്ടാണ് അയാൾ മരിച്ചതെങ്കിൽ അല്ലാഹു അവന്റെ തിന്മകൾ ഒന്നല്ലെങ്കിൽ പൊറുത്തു നൽകുന്നതാണ്. അല്ലെങ്കിൽ ആ തിന്മകളിൽ നിന്ന് ശുദ്ധീകരിക്കുന്നത് വരെ അവനെ നരകത്തിൽ ശിക്ഷിക്കുകയും, ശേഷം സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്.

തൗഹീദിന്റെ പ്രാധാന്യവും മഹത്വവും ഈ തെളിവുകളെല്ലാം നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ഇപ്രകാരം തൗഹീദ് പാലിച്ചവരുടെ അടുക്കൽ മരണവേളയിൽ മലക്കുകൾ വന്നെത്തുന്ന രൂപം നബി -ﷺ- വിശദമായി വിവരിച്ചു നൽകിയത് കൂടി ഇവിടെ നൽകട്ടെ.

عَنِ الْبَرَاءِ بْنِ عَازِبٍ قَالَ: قَالَ رَسُولُ اللهِ -ﷺ-: «إِنَّ الْعَبْدَ الْمُؤْمِنَ إِذَا كَانَ فِي انْقِطَاعٍ مِنَ الدُّنْيَا وَإِقْبَالٍ مِنَ الْآخِرَةِ، نَزَلَ إِلَيْهِ مَلَائِكَةٌ مِنَ السَّمَاءِ بِيضُ الْوُجُوهِ، كَأَنَّ وُجُوهَهُمُ الشَّمْسُ، مَعَهُمْ كَفَنٌ مِنْ أَكْفَانِ الْجَنَّةِ، وَحَنُوطٌ مِنْ حَنُوطِ الْجَنَّةِ، حَتَّى يَجْلِسُوا مِنْهُ مَدَّ الْبَصَرِ، ثُمَّ يَجِيءُ مَلَكُ الْمَوْتِ، عَلَيْهِ السَّلَامُ، حَتَّى يَجْلِسَ عِنْدَ رَأْسِهِ، فَيَقُولُ: أَيَّتُهَا النَّفْسُ الطَّيِّبَةُ، اخْرُجِي إِلَى مَغْفِرَةٍ مِنَ اللهِ وَرِضْوَانٍ» قَالَ: «فَتَخْرُجُ تَسِيلُ كَمَا تَسِيلُ الْقَطْرَةُ مِنْ فِي السِّقَاءِ، فَيَأْخُذُهَا»

ബറാഅ് ബ്നു ആസിബ് -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "(അല്ലാഹുവിൽ) വിശ്വസിച്ച ഒരു അടിമ ഇഹലോകത്ത് നിന്ന് വേർപിരിയുകയും, പരലോകത്തിലേക്ക് പുറപ്പെടുകയും ചെയ്യുന്ന വേളയിൽ അയാളുടെ അരികിൽ ആകാശത്ത് നിന്നുള്ള, വെളുത്ത മുഖമുള്ള മലക്കുകൾ ഇറങ്ങിവരും. അവരുടെ മുഖങ്ങൾ സൂര്യനെ പോലെയുണ്ടായിരിക്കും. സ്വർഗത്തിൽ നിന്നുള്ള കഫൻ പുടവകളും, സ്വർഗത്തിൽ നിന്നുള്ള സുഗന്ധവും അവരോടൊപ്പം ഉണ്ടായിരിക്കും. അങ്ങനെ അദ്ദേഹത്തിന്റെ കണ്ണെത്തുന്ന ദൂരത്ത് അവർ വന്നിരിക്കുന്നതാണ്.

ശേഷം മലകുൽ മൗത് (മരണത്തിന്റെ മലക്) വരികയും, അയാ

ളുടെ തലഭാഗത്തായി ഇരിക്കുകയും ചെയ്യും. അദ്ദേഹം പറയും: പരിശുദ്ധമായ ആത്മാവേ! അല്ലാഹുവിൽ നിന്നുള്ള പാപമോചന ത്തിലേക്കും തൃപ്തിയിലേക്കും മടങ്ങിക്കൊള്ളുക." നബി -ﷺ- പറ യുന്നു: "ഒരു പാത്രത്തിൽ നിന്ന് വെള്ളം ഒഴുകിവരുന്നത് പോലെ ആ ആത്മാവ് പുറത്തു വരുന്നതാണ്. അങ്ങനെ അദ്ദേഹം ആ ആത്മാവിനെ പിടിക്കുന്നതാണ്." (അഹ്മദ്: 18534)

നബി -ﷺ- സന്തോഷവാർത്ത അറിയിച്ച, വിശ്വാസികളായ ദാ സന്മാർക്ക് ലഭിക്കുന്ന മനോഹരമായ അന്ത്യം അല്ലാഹു നമുക്കേ വർക്കും നൽകി അനുഗ്രഹിക്കട്ടെ. തൗഹീദിൽ ജീവിക്കാനും, 'ലാ ഇലാഹ ഇല്ലല്ലാഹ്' ഉച്ചരിച്ചു കൊണ്ട് മരണം വരിക്കാനും അവൻ നമുക്കേവർക്കും തൗഫീഖ് നൽകട്ടെ. (ആമീൻ)

## തൗഹീദും നിർഭയത്വവും

ഇസ്‌ലാം നിർഭയത്വം നൽകുന്ന മതമാണ്. മനസ്സും ശരീരവും വീടും കുടുംബവും നാടും ചുറ്റുപാടും നിർഭയത്വമുള്ളതാവുക എന്ന ത് ഈ ദീനിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഇസ്‌ലാമിലെ ഒന്നാ മത്തെ അടിത്തറയായ തൗഹീദാകട്ടെ, നിർഭയത്വം ലഭിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട വഴിയും.

തൗഹീദ് പാലിക്കുന്ന ഹൃദയത്തിൽ നിർഭയത്വമുണ്ടായിരിക്കും. തൗഹീദിൽ നിലകൊള്ളുന്ന കുടുംബം നിർഭയരായിരിക്കും. തൗഹീദ് പഠിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന നാടും നിർഭയ ത്വത്തിന്റെ കേന്ദ്രമായിരിക്കും.

ٱلَّذِينَ ءَامَنُوا۟ وَلَمْ يَلْبِسُوٓا۟ إِيمَٰنَهُم بِظُلْمٍ أُو۟لَٰٓئِكَ لَهُمُ ٱلْأَمْنُ وَهُم مُّهْتَدُونَ ﴿٨٢﴾

"(അല്ലാഹുവിൽ) മാത്രം വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാ സത്തിൽ അതിക്രമം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ." (അൻആം: 82)

നിർഭയത്വം ലഭിക്കാൻ വേണ്ട രണ്ട് നിബന്ധനകളാണ് അല്ലാ ഹു ഈ ആയത്തിൽ അറിയിച്ചിരിക്കുന്നത്.

**ഒന്ന്:** അല്ലാഹുവിൽ മാത്രം വിശ്വസിക്കുക. അതായത്, അല്ലാ ഹുവിനെ മാത്രം ആരാധിക്കുകയും, എല്ലാ ഇബാദതുകളും അവന് മാത്രം സമർപ്പിക്കുകയും ചെയ്യുക.

**രണ്ട്:** അല്ലാഹുവിലുള്ള വിശ്വാസത്തിൽ അതിക്രമം കലർത്താതിരിക്കുക. പൊതുവെ എല്ലാ തിന്മകൾക്കും അതിക്രമം എന്ന് പറയാറുണ്ടെങ്കിലും ഈ ആയത്തിലെ പ്രഥമ ഉദ്ദേശം ഏറ്റവും വലിയ അതിക്രമമായ ശിർകാണ്. നബി -ﷺ- യുടെ ഹദീഥിൽ അക്കാര്യം വ്യക്തമായി വന്നിട്ടുണ്ട്.

عَنْ عَبْدِ اللَّـهِ رَضِيَ اللَّـهُ عَنْهُ قَالَ: لَمَّا نَزَلَتْ هَذِهِ الآيَةُ: «الَّذِينَ آمَنُوا وَلَمْ يَلْبِسُوا إِيمَانَهُمْ بِظُلْمٍ» شَقَّ ذَلِكَ عَلَى أَصْحَابِ رَسُولِ اللَّـهِ -ﷺ-، وَقَالُوا: أَيُّنَا لَمْ يَلْبِسْ إِيمَانَهُ بِظُلْمٍ؟ فَقَالَ رَسُولُ اللَّـهِ -ﷺ-: **«إِنَّهُ لَيْسَ بِذَاكَ، أَلَا تَسْمَعُ إِلَى قَوْلِ لُقْمَانَ لِابْنِهِ: «إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ»**

അബ്ദുല്ലാഹി ബ്നു മസ്ഊദ് -رضي الله عنه- നിവേദനം: (സൂറ. അൻആമിലെ 82 ാമത്തെ ആയത്ത്) അവതരിച്ചപ്പോൾ സ്വഹാബികൾക്ക് അത് വളരെ പ്രയാസമുള്ളതായി തോന്നി. അവർ പറഞ്ഞു: തങ്ങളുടെ വിശ്വാസത്തിൽ അതിക്രമം കലർത്താത്തവരായി ഞങ്ങളിൽ ആരാണുള്ളത്?" നബി -ﷺ- പറഞ്ഞു: "ആ അതിക്രമ മല്ല ഇവിടെ ഉദ്ദേശം. ലുഖ്മാൻ തന്റെ മകനോട് പറഞ്ഞത് നീ കേട്ടിട്ടില്ലേ?! തീർച്ചയായും ശിർകാകുന്നു ഏറ്റവും വലിയ അതിക്രമം." (ബുഖാരി: 4776)

ഈ രണ്ട് നിബന്ധനകൾ -അല്ലാഹുവിൽ മാത്രം വിശ്വസിക്കുകയും, അവനിൽ പങ്കുചേർക്കാതിരിക്കുകയും ചെയ്യുക എന്നത്- ഒരാൾ പാലിക്കുന്നതോടെ അവന് നിർഭയത്വം ലഭിക്കുന്നതാണ് എന്ന് അല്ലാഹു നമ്മെ അറിയിക്കുന്നു. ഈ പറയപ്പെട്ട നിർഭയത്വം വ്യക്തിയിലും, സമൂഹത്തിലും ഉണ്ടാകുന്നതാണ്. ഇഹലോകത്തും, മരണശേഷം ഖബർ ജീവിതത്തിലും, പരലോകത്തിലും അത് നിലനിൽക്കുന്നതാണ്.

തൗഹീദ് ഒരാളുടെ മനസ്സിന് നൽകുന്ന നിർഭയത്വത്തെ കുറിച്ച് ചിന്തിച്ചു നോക്കൂ! ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിലേക്ക് മാത്രം ഹൃദയവും മനസ്സും ബന്ധിച്ച ഒരു വ്യക്തിക്കുണ്ടാകുന്ന സ്വസ്ഥതയും ശാന്തിയും സമാധാനവും വിവരണാതീതമാണ്. അല്ലാഹു പറഞ്ഞതു നോക്കൂ:

الَّذِينَ آمَنُوا وَتَطْمَئِنُّ قُلُوبُهُم بِذِكْرِ اللَّـهِ ۗ أَلَا بِذِكْرِ اللَّـهِ تَطْمَئِنُّ الْقُلُوبُ

"(അല്ലാഹുവിൽ) വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവർ.

ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്." (റഅ്ദ്: 28)

തൗഹീദുള്ളവനിൽ സമാധാനമുണ്ടാക്കുന്നത് അവന്റെ സ്രഷ്ടാവും രക്ഷാധികാരിയുമായ അല്ലാഹുവിനെ കുറിച്ചുള്ള സ്മരണയാണ്. അതിലാണ് അവന്റെ മനസ്സ് ശാന്തമാകുന്നത്. എന്നാൽ അല്ലാഹുവിൽ പങ്കുചേർത്തവന്റെ അവസ്ഥയോ? അവന് അല്ലാഹുവിനെ കുറിച്ച് മാത്രം പറഞ്ഞു കേൾക്കുന്നത് മനസ്സിന് പ്രയാസവും അസ്വസ്ഥതയുമാണ് സൃഷ്ടിക്കുക. 'നിങ്ങൾക്ക് അല്ലാഹു മാത്രമേയുള്ളോ' എന്നായിരിക്കും അവൻ അതൃപ്തിയോടെ ചോദിക്കുക.

ബഹുദൈവാരാധന കടന്നുകൂടിയവന്റെ ഹൃദയത്തിലെ ഈ അവസ്ഥയെ കുറിച്ച് അല്ലാഹു അറിയിച്ചിട്ടുണ്ട്.

وَإِذَا ذُكِرَ اللَّهُ وَحْدَهُ اشْمَأَزَّتْ قُلُوبُ الَّذِينَ لَا يُؤْمِنُونَ بِالْآخِرَةِ ۖ وَإِذَا ذُكِرَ الَّذِينَ مِن دُونِهِ إِذَا هُمْ يَسْتَبْشِرُونَ ﴿٤٥﴾

"അല്ലാഹുവെപ്പറ്റി മാത്രം പ്രസ്താവിക്കപ്പെട്ടാൽ പരലോകത്തിൽ വിശ്വാസമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അസഹ്യത അനുഭവപ്പെടുന്നതാണ്. അല്ലാഹുവിന് പുറമെയുള്ളവരെപ്പറ്റി പ്രസ്താവിക്കപ്പെട്ടാലോ അപ്പോഴതാ അവർ സന്തുഷ്ടരാകുന്നു." (സുമർ: 45)

തൗഹീദ് വ്യക്തിയിൽ ചെലുത്തുന്ന സ്വാധീനമാണിത്. അപ്പോൾ തൗഹീദിൽ അടിയുറച്ചു നിലകൊള്ളുന്ന അനേകം വ്യക്തികൾ കൂടിച്ചേർന്നുണ്ടാകുന്ന സമൂഹമോ; അവരുടെ കാര്യവും വ്യത്യസ്തമല്ല. സമാധാനവും നിർഭയത്വവും അല്ലാഹു അവരുടെ മനസ്സിൽ ഇറക്കി നൽകുകയും, എല്ലാ പ്രയാസങ്ങളിൽ നിന്നും അവൻ അവരെ സംരക്ഷിക്കുകയും ചെയ്യും. അവരുടെ ശത്രുക്കളുടെ -അല്ലാഹുവിൽ പങ്കുചേർത്തവരുടെ- ഹൃദയങ്ങളിൽ അവൻ ഭയവും ഭീതിയും നിറക്കുകയും ചെയ്യും. അല്ലാഹു പറഞ്ഞത് നോക്കൂ:

بَلِ اللَّهُ مَوْلَاكُمْ ۖ وَهُوَ خَيْرُ النَّاصِرِينَ ﴿١٥٠﴾ سَنُلْقِي فِي قُلُوبِ الَّذِينَ كَفَرُوا الرُّعْبَ بِمَا أَشْرَكُوا بِاللَّهِ مَا لَمْ يُنَزِّلْ بِهِ سُلْطَانًا ۖ

"അല്ല, അല്ലാഹുവാകുന്നു നിങ്ങളുടെ രക്ഷാധികാരി. അവനാകുന്നു ഏറ്റവും നല്ല സഹായി. അല്ലാഹു യാതൊരു തെളിവും അവതരിപ്പിച്ചിട്ടില്ലാത്ത വസ്തുക്കളെ അല്ലാഹുവോട് പങ്കുചേർത്തതിന്റെ

ഫലമായി, (അല്ലാഹുവിനെ) നിഷേധിച്ചവരുടെ മനസ്സുകളിൽ നാം ഭയം ഇട്ടുകൊടുക്കുന്നതാണ്. നരകമാകുന്നു അവരുടെ സങ്കേതം. അക്രമികളുടെ പാർപ്പിടം എത്രമോശം!" (ആലു ഇംറാൻ: 150-151)

അല്ലാഹു അവനിൽ വിശ്വസിച്ചവരെ സംരക്ഷിക്കുമെന്നും, അവനിൽ പങ്കുചേർത്തതിനാൽ അവരുടെ ശത്രുക്കളുടെ ഹൃദയങ്ങളിൽ ഭയം നിറക്കുമെന്നും എത്ര വ്യക്തമായാണ് നമ്മെ അറിയിച്ചിരിക്കുന്നത്. പീഢനങ്ങളും പ്രയാസങ്ങളും വർദ്ധിക്കുകയും, നാനാഭാഗങ്ങളിൽ മുസ്‌ലിമീങ്ങൾ അക്രമിക്കപ്പെടുകയും ചെയ്യുന്ന വാർത്തകൾ കേൾക്കുമ്പോൾ ഈ ആയത്തിനെ കുറിച്ച് നാം കൂടുതലായി ചിന്തിക്കേണ്ടതുണ്ട്.

നമ്മുടെ നിർഭയത്വം നഷ്ടപ്പെട്ടതിന്റെ കാരണം തൗഹീദിൽ നാം വരുത്തിയ കുറവാണെന്നും, നമ്മുടെ ശത്രുക്കളുടെ ഹൃദയങ്ങളിലുള്ള ഭയം നീങ്ങിയത് നമ്മുടെ കുറവു കൊണ്ട് തന്നെയാണെന്നുമുള്ള യാഥാർഥ്യം നാം തിരിച്ചറിയേണ്ടതുണ്ട്.

തൗഹീദ് കൊണ്ട് ലഭിക്കുന്ന നിർഭയത്വം ദുനിയാവിലേക്ക് മാത്രമുള്ളതല്ല. മരണവേളയിലും, ഖബറിലെ ചോദ്യങ്ങളുടെ സന്ദർഭത്തിലും, ഉയിർത്തെഴുന്നേൽപ്പിന്റെ നാളിലുമെല്ലാം ഈ നിർഭയത്വം അല്ലാഹു ഓരോ മുസ്‌ലിമിനും നൽകുന്നതാണ്. അവന്റെ തൗഹീദിന്റെ ശക്തിയും ഉറപ്പും അനുസരിച്ച് അവന് ലഭിക്കുന്ന നിർഭയത്വത്തിന്റെ അളവും വർദ്ധിക്കുന്നതാണ്. അല്ലാഹുവിൽ പങ്കുചേർക്കുക എന്ന തിന്മ സംഭവിച്ചാലാകട്ടെ, ആ നിർഭയത്വം പൂർണ്ണമായും നശിക്കുകയും, അവന്റെ ശിക്ഷയും ശാപവും അത്തരക്കാരെ ബാധിക്കുകയും ചെയ്യും.

ഇബ്രാഹീം നബി -ﷺ- തന്റെ ജനതയോട് ചോദിച്ച ചോദ്യം ഏറെ പ്രസക്തം തന്നെ.

وَكَيْفَ أَخَافُ مَا أَشْرَكْتُمْ وَلَا تَخَافُونَ أَنَّكُمْ أَشْرَكْتُم بِاللَّهِ مَا لَمْ يُنَزِّلْ بِهِ
عَلَيْكُمْ سُلْطَانًا ۚ فَأَيُّ الْفَرِيقَيْنِ أَحَقُّ بِالْأَمْنِ ۖ إِن كُنتُمْ تَعْلَمُونَ ﴿٨١﴾

"നിങ്ങൾ അല്ലാഹുവിനോട് പങ്കുചേർത്തതിനെ ഞാൻ എങ്ങനെ ഭയപ്പെടും? നിങ്ങളാകട്ടെ, അല്ലാഹു നിങ്ങൾക്ക് യാതൊരു തെളിവും അവതരിപ്പിച്ചു നൽകിയിട്ടില്ലാത്ത വസ്തുക്കളെ അവനോട് പങ്ക് ചേർക്കുന്നതിനെപ്പറ്റി ഭയപ്പെടുന്നുമില്ല. അപ്പോൾ രണ്ടു കക്ഷികളിൽ ആരാണ് നിർഭയരായിരിക്കാൻ കൂടുതൽ അർഹതയുള്ളവ

ർ? (പറയൂ:) നിങ്ങൾക്കറിയാമെങ്കിൽ.” (അൻആം: 81)

അല്ലാഹു തൗഹീദ് പാലിക്കുകയും, അതിൽ തന്നെ ജീവിച്ചു മരിക്കുകയും ചെയ്യുന്നവരിൽ നാമേവരെയും ഉൾപ്പെടുത്തുമാറാകട്ടെ. ശിർകിന്റെ ചെറുതും വലുതുമായ എല്ലാ ശാഖകളിൽ നിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. (ആമീൻ)

# എന്താണ് തൗഹീദ്?

അറബിലെ 'വഹ്ഹദ' (وَحَّدَ) എന്ന പദത്തിൽ നിന്നാണ് തൗഹീദ് എന്ന പദം ഉടലെടുത്തിരിക്കുന്നത്. ഏകനാക്കുക, ഒറ്റയാക്കുക എന്നെല്ലാമാണ് അതിന്റെ അർത്ഥം. അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതും അർഹതപ്പെട്ടതുമായ കാര്യങ്ങളിൽ അവൻ യാതൊരു പങ്കുകാരനുമില്ലാത്ത വിധം ഏകനാണെന്നും പ്രഖ്യാപിക്കലാണ് തൗഹീദ്. ഈ ഏകത്വം ഒരാൾ മനസ്സു കൊണ്ട് അംഗീകരിക്കുകയും, അവന്റെ പ്രവർത്തനങ്ങളിലൂടെ ജീവിതത്തിൽ പുലർത്തുകയും ചെയ്താൽ അവൻ തൗഹീദുള്ളവനായി.

'തൗഹീദ്' എന്ന പദം നേർക്കുനേരെ ഖുർആനിൽ വന്നിട്ടില്ലെങ്കിലും അതിനോട് ബന്ധമുള്ള, ആ പദഘടനയോട് ചേരുന്ന മറ്റനേകം വാക്കുകൾ ഖുർആനിലും ഹദീഥിലും വന്നതായി കാണാം.

അല്ലാഹുവിന്റെ നാമങ്ങളിലൊന്നായ 'അൽ-വാഹിദ്' (الوَاحِدُ) ഉദാഹരണം. തൗഹീദ് എന്ന പദത്തിലെ അക്ഷരങ്ങൾ, അതേ ഘടനയിൽ തന്നെയാണ് അല്ലാഹുവിന്റെ ഈ നാമത്തിലും വന്നിരിക്കുന്നത്. അറബി ഭാഷയിൽ പ്രാഥമിക പരിജ്ഞാനമുള്ളവർക്ക് പോലും 'വാഹിദ്' എന്ന പദം പരിചിതമായിരിക്കും. അക്കങ്ങൾ എണ്ണിത്തുടങ്ങുന്നത് വാഹിദിലാണ്; ഒന്ന് എന്നർത്ഥം. ഖുർആനിൽ ധാരാളമിടങ്ങളിൽ 'വാഹിദ്' എന്ന അല്ലാഹുവിന്റെ നാമം ആവർത്തിച്ചു വന്നിട്ടുണ്ട്.

وَإِلَٰهُكُمْ إِلَٰهٌ وَاحِدٌ لَّا إِلَٰهَ إِلَّا هُوَ

"നിങ്ങളുടെ ആരാധ്യൻ ഏകആരാധ്യൻ (ഇലാഹുൻ വാഹിദ്) മാത്രമാകുന്നു. അവനല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല." (ബഖറ: 163)

أَأَرْبَابٌ مُّتَفَرِّقُونَ خَيْرٌ أَمِ اللَّهُ الْوَاحِدُ الْقَهَّارُ ﴿٣٩﴾

"വ്യത്യസ്ത രക്ഷാധികാരികളാണോ ഉത്തമം; അതല്ല, ഏകനും (വാഹിദ്) സർവ്വാധികാരിയുമായ അല്ലാഹുവാണോ?" (യൂസുഫ്: 39)

അല്ലാഹുവിന്റെ ഏകത്വം ഏറ്റവും പ്രകടമായി വ്യക്തമാകുന്ന അവന്റെ നാമങ്ങളിലൊന്നാണ് 'അൽ-വാഹിദ്'. സർവ്വ ലോകങ്ങളുടെയും രക്ഷിതാവ് അല്ലാഹു മാത്രമാണെന്നും, എല്ലാ പൂർണ്ണതയുടെ വിശേഷണങ്ങളിലും അവൻ ഏകനാണെന്നും, ആരാധനകൾ സർവ്വവും അവന് മാത്രമേ നൽകാവൂ എന്നും ഈ നാമം അറിയിക്കുന്നു.

'അൽ-അഹദ്' (الأَحَدُ) എന്ന നാമവും ഇതേ അർത്ഥത്തിൽ തന്നെ. ഖുർആനിന്റെ മൂന്നിലൊന്ന് എന്ന് വിശേഷിപ്പിക്കപ്പെട്ട സൂറ. ഇഖ്ലാസിൽ മാത്രമേ ഈ നാമം വന്നിട്ടുള്ളൂ. മുഹമ്മദ് നബി -ﷺ- യുടെ അരികിൽ വന്നുകൊണ്ട് 'നിന്റെ രക്ഷിതാവിനെ ഞങ്ങൾക്ക് വിവരിച്ചു നൽകൂ' എന്ന് ആവശ്യപ്പെട്ട ബഹുദൈവാരാധകർക്ക് മറുപടി നൽകിക്കൊണ്ടാണ് സൂറ. ഇഖ്ലാസ് അവതരിക്കുന്നത്.

എല്ലാ നിലക്കും അല്ലാഹു ഏകനാണെന്നും, അവന് പങ്കുകാരോ പങ്കാളികളോ സഹായികളോ ഇണയോ പിതാവോ സന്താനമോ ഇല്ലെന്നും, അവനോട് സാദൃശ്യമോ തുല്ല്യതോ സമാനതയോ ഉള്ളവരില്ലെന്നും സംശയലേശമന്യേ ഈ നാമം അറിയിക്കുന്നു. അല്ലാഹുവിന്റെ ഏകത്വം പൂർണ്ണമായി ബോധ്യപ്പെടുത്തുന്ന ഈ നാമം -അൽ അഹദ്- തൗഹീദ് എന്ന പദവുമായി വളരെയധികം ചേർന്നു നിൽക്കുന്നു.

അല്ലാഹുവിന്റെ ഏകത്വം ബോധ്യപ്പെടുത്തുന്ന മറ്റൊരു നാമമാണ് 'അൽ-വിത്ർ'. ഒറ്റയായുള്ളവൻ എന്ന അർത്ഥം അറിയിക്കുന്ന ഈ നാമവും അല്ലാഹുവിന്റെ ഏകത്വം ബോധ്യപ്പെടുത്തുന്ന നാമമാണ്. 'വിത്ർ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് തൗഹീദാണ്' എന്ന് അബുൽ അബ്ബാസ് അൽ-ഖുർത്വുബി -ﷺ- പറഞ്ഞതായി കാണാം. അല്ലാഹു അവന്റെ അസ്തിത്വത്തിലും അവന്റെ പൂർണ്ണതയിലും പ്രവർത്തനങ്ങളിലും ഏകനാണെന്നും, അല്ലാഹുവിനെ ഏകനാക്കുന്നത് അവൻ ഇഷ്ടപ്പെടുന്നുവെന്നുമാണ് ഈ നാമത്തിന്റെ അർത്ഥം എന്നും അദ്ദേഹം വിവരിച്ചിട്ടുണ്ട്. (മുഫ്ഹിം: 7/18)

തൗഹീദ് എന്ന പദത്തിലേക്ക് വ്യക്തമായ സൂചനകൾ നൽകുന്ന അനേകം ഹദീഥുകളുമുണ്ട്. നബി -ﷺ- യുടെ പ്രബോധനം ആരംഭിച്ചതും അവസാനിച്ചതുമെല്ലാം തൗഹീദിലായിരുന്നു എന്നതിനാൽ അവിടുത്തെ വാക്കുകളിൽ തൗഹീദിനെ കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ ധാരാളമായി കാണാൻ കഴിയും. ഇസ്ലാം കാര്യങ്ങൾ എണ്ണിപ്പറയുന്ന ഇബ്നു ഉമർ -ﷺ- യുടെ ഹദീഥ് ഉദാഹരണം.

عَنِ ابْنِ عُمَرَ عَنِ النَّبِيِّ -ﷺ- قَالَ: «بُنِيَ الْإِسْلَامُ عَلَى خَمْسَةٍ، عَلَى أَنْ يُوَحَّدَ اللَّـهُ، وَإِقَامِ الصَّلَاةِ، وَإِيتَاءِ الزَّكَاةِ، وَصِيَامِ رَمَضَانَ، وَالْحَجِّ»

ഇബ്നു ഉമർ -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: "ഇസ്‌ലാം അഞ്ചു കാര്യങ്ങൾക്ക് മേലാണ് പടുത്തുയർത്തപ്പെട്ടത്. അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കപ്പെടുക (തൗഹീദ്), നിസ്കാരം നിലനിർത്തുക, സകാത്ത് നൽകുക, റമദാൻ മാസത്തിൽ നോമ്പെടുക്കുക, ഹജ്ജ്." (മുസ്‌ലിം: 16)

ഈ ഹദീഥിൽ അല്ലാഹുവിന്റെ തൗഹീദ് അംഗീകരിക്കുക എന്ന കാര്യമാണ് നബി -ﷺ- ഇസ്‌ലാമിലെ ആദ്യത്തെ സ്തംഭമായി എണ്ണിയത്. ഹദീഥിലെ അറബിപദം ശ്രദ്ധിക്കുക; തൗഹീദ് എന്ന വാക്കിന്റെ ക്രിയാരൂപമാണ് അവിടെ ഉപയോഗിച്ചിട്ടുള്ളത്.

തൗഹീദ് എന്ന പദവുമായി ബന്ധപ്പെട്ട, ആ വാക്കിന്റെ പദപരമായ അർത്ഥം മനസ്സിലാക്കാൻ സഹായകമാകുന്ന ചില പാഠങ്ങളാണ് ഇത്രയും പറഞ്ഞത്. തൗഹീദ് എന്നത് കൊണ്ടുള്ള ഉദ്ദേശം എന്താണെന്നതും ഇതോടൊപ്പം അറിയേണ്ടതുണ്ട്.

## തൗഹീദിന്റെ ഉദ്ദേശാർത്ഥം

അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുക എന്നതാണ് തൗഹീദ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലായി. എന്നാൽ ഏതെല്ലാം കാര്യങ്ങളിലാണ് അല്ലാഹുവിനെ ഏകനാക്കേണ്ടത്? എന്തെല്ലാം കാര്യങ്ങളിൽ അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കണമെന്നാണ് വിശുദ്ധ ഖുർആനും നബി -ﷺ- യുടെ സുന്നത്തും നമ്മോട് അറിയിച്ചിട്ടുള്ളത്? തൗഹീദിനെ കുറിച്ചുള്ള പഠനത്തിൽ ഏറെ പ്രധാനപ്പെട്ട വിഷയമാണിത്.

തൗഹീദിനെ വിശദീകരിക്കവെ പണ്ഡിതന്മാർ പറഞ്ഞു: "അല്ലാഹുവിന് മാത്രം പ്രത്യേകമായ കാര്യങ്ങളിൽ അവനെ ഏകനാക്കലാണ് തൗഹീദ്." [1] അതായത്, സൃഷ്ടികൾക്കാർക്കും ഇല്ലാത്ത, അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതും അർഹതപ്പെട്ടതുമായ, അവനല്ലാത്ത മറ്റൊരാൾക്കും അവകാശപ്പെടാൻ കഴിയാത്ത കാര്യങ്ങളിൽ അല്ലാഹു ഏകനാണെന്ന് അംഗീകരിക്കുക. ഇതാണ് തൗഹീദ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

ഉദാഹരണത്തിന്, അല്ലാഹുവിന്റെ സൃഷ്ടിപ്പിനെ കുറിച്ച് ചിന്തിച്ചു നോക്കുക. ആകാശഭൂമികളെയും അവക്കിടയിലുള്ളതിനെയും അവൻ മാത്രമാണ് സൃഷ്ടിച്ചത്. അവ സൃഷ്ടിക്കുന്നതിൽ ഏതെങ്കിലുമൊരു പങ്കാളിയോ സഹായിയോ അവനുണ്ടായിട്ടില്ല. സർവ്വതിനെ

1 അൽ-ഖൗലുൽ മുഫീദ് അലാ കിതാബിത്തൗഹീദ് / ഇബ്നു ഉഥൈമീൻ: 1/11.

യും സൃഷ്ടിച്ചു എന്നത് അല്ലാഹുവിന് മാത്രം പ്രത്യേകമായ, മറ്റൊ രാൾക്കും പങ്കില്ലാത്ത കാര്യമാണ്.

إِنَّ رَبَّكُمُ اللَّهُ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ فِي سِتَّةِ أَيَّامٍ

"തീർച്ചയായും നിങ്ങളുടെ റബ്ബ് (രക്ഷിതാവ്) ആറുദിവസങ്ങളി ലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു." (അഅ്റാഫ്: 54)

قُلِ اللَّهُ خَالِقُ كُلِّ شَيْءٍ وَهُوَ الْوَاحِدُ الْقَهَّارُ ﴿١٦﴾

"പറയുക: അല്ലാഹുവത്രെ എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ്. അവൻ ഏകനും (വാഹിദ്) സർവ്വാധിപതിയും (ഖഹ്ഹാർ) ആകു ന്നു." (റഅ്ദ്: 16)

അല്ലാഹു മാത്രമാണ് സർവ്വതിനെയും സൃഷ്ടിച്ചത് എന്നും, പ്രപ ഞ്ചസൃഷ്ടിപ്പിൽ അല്ലാഹുവിന് ഒരു പങ്കാളിയുമില്ലെന്നും, അവൻ അക്കാര്യത്തിൽ ഏകനാണെന്നും ഒരാൾ വിശ്വസിച്ചാൽ അല്ലാഹു വിന്റെ സൃഷ്ടിപ്പിൽ അവൻ അല്ലാഹുവിനെ ഏകനാക്കി. എന്നാൽ മലക്കുകളോ ജിന്നുകളോ നബിമാരോ സ്വാലിഹീങ്ങളോ അല്ലാഹു വിനോടൊപ്പം ആകാശഭൂമികളെ സൃഷ്ടിക്കുന്നതിൽ പങ്കാളികളായി രുന്നു എന്ന് ആരെങ്കിലും വിശ്വസിച്ചാൽ സൃഷ്ടിപ്പിൽ അല്ലാഹുവിന് അവൻ പങ്കുകാരെ നിശ്ചയിച്ചു. അല്ലാഹുവിന് മാത്രം പ്രത്യേകമായ കാര്യത്തിൽ അവനെ ഏകനാക്കിയില്ല എന്നതിനാൽ അവൻ തൗ ഹീദ് ഉപേക്ഷിച്ചവനാവുകയും ചെയ്തു.

മറ്റൊരു ഉദാഹരണം ശ്രദ്ധിക്കുക; എല്ലാം കേൾക്കുന്നവൻ അല്ലാഹു മാത്രമാകുന്നു എന്ന് നമുക്കറിയാം. അവൻ കേൾക്കാത്ത ഒരു ശബ്ദവുമില്ല; രഹസ്യവും പരസ്യവും അവന് ഒരു പോലെയാകു ന്നു. ഒരാൾ മറ്റൊരാളോട് ചെവിയിൽ രഹസ്യം പറയുന്നതും, മറ്റാരും കേൾക്കാതെ സ്വയം ഉരുവിടുന്നതും, അവന്റെ ഹൃദയത്തിൽ മന്ത്രി ക്കുന്നതുമെല്ലാം അല്ലാഹു കേൾക്കുന്നു. ഇപ്രകാരം എല്ലാം കേൾ ക്കുക എന്നത് അല്ലാഹുവിന്റെ മാത്രം പ്രത്യേകതയാണ്. മറ്റാർക്കും അതിനുള്ള കഴിവോ ശേഷിയോ ഇല്ല.

أَلَمْ يَعْلَمُوا أَنَّ اللَّهَ يَعْلَمُ سِرَّهُمْ وَنَجْوَاهُمْ وَأَنَّ اللَّهَ عَلَّامُ الْغُيُوبِ ﴿٧٨﴾

"അവരുടെ രഹസ്യവും അവരുടെ ഗൂഢമന്ത്രവും അല്ലാഹു

അറിയുന്നുണ്ടെന്നും, അല്ലാഹു അദൃശ്യകാര്യങ്ങൾ നന്നായി അറിയുന്നവനാണെന്നും അവർ മനസ്സിലാക്കിയിട്ടില്ലേ?" (തൗബ: 78)

അല്ലാഹു മാത്രമാണ് എല്ലാം കേൾക്കുന്നവനെന്നും, അല്ലാഹുവിനെ പോലെ കേൾക്കുന്നവർ ആരുമില്ലെന്നും ഒരാൾ വിശ്വസിച്ചാൽ അവൻ അക്കാര്യത്തിൽ തൗഹീദുള്ളവനായി. എന്നാൽ അല്ലാഹു കേൾക്കുന്നത് പോലെ ആരെങ്കിലും കേൾക്കുമെന്നോ, എവിടെ നിന്ന് എപ്പോൾ വിളിച്ചാലും കേൾക്കുന്ന ഏതെങ്കിലും മലക്കോ നബിയോ ഔലിയയോ ജിന്നോ ഉണ്ടെന്നും ഒരാൾ വിശ്വസിച്ചാൽ അവൻ തൗഹീദ് നഷ്ടപ്പെടുത്തിയവനായി. കാരണം അല്ലാഹുവിന് മാത്രം അർഹതപ്പെട്ട ഒരു വിശേഷണം അവൻ സൃഷ്ടികളിൽ ചിലർക്കും ഉണ്ടെന്ന് വിശ്വസിച്ചിരിക്കുന്നു.

കാര്യം വ്യക്തമാകുന്നതിന് മറ്റൊരു ഉദാഹരണം കൂടി ശ്രദ്ധിക്കുക. അല്ലാഹുവിന് മാത്രം അർഹതപ്പെട്ട അവന്റെ പേരുകളിലൊന്നാണ് 'അൽ-റഹ്മാൻ'. സൃഷ്ടികളിൽ ഒരാൾക്കും ആ പേരോ, അതിലടങ്ങിയ വിശേഷണമോ അർഹമാവുകയില്ല. അവസാനമോ അറ്റമോ ഇല്ലാത്ത, അനശ്വരമായ കാരുണ്യത്തിന്റെ ഉടമയാണ് അല്ലാഹു എന്നാണല്ലോ ആ നാമം അറിയിക്കുന്നത്? അത് സൃഷ്ടികളിൽ ഒരാൾക്കുമില്ല എന്നതിൽ സംശയമില്ല.

قُلْ هُوَ الرَّحْمَٰنُ آمَنَّا بِهِ وَعَلَيْهِ تَوَكَّلْنَا

"പറയുക: അവനാകുന്നു റഹ്മാൻ (സർവ്വ വിശാലമായ കാരുണ്യമുള്ളവൻ). അവനിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവന്റെ മേൽ മാത്രം ഞങ്ങൾ ഭരമേൽപിക്കുകയും ചെയ്തിരിക്കുന്നു." (മുൽക്: 29)

റഹ്മാൻ എന്ന നാമവും അതിലടങ്ങിയ വിശേഷണവും അല്ലാഹുവിന് മാത്രമേ ഉള്ളൂവെന്ന് ഒരാൾ വിശ്വസിച്ചാൽ അവൻ അക്കാര്യത്തിൽ അല്ലാഹുവിനെ ഏകനാക്കിയിരിക്കുന്നു. എന്നാൽ അല്ലാഹുവിനെ പോലെ കരുണ ചൊരിയുന്നവൻ മറ്റാരെങ്കിലും ഉണ്ടെന്നോ, ഈ പേരിന് അർഹതയുള്ള ഏതെങ്കിലും സൃഷ്ടികൾ ഉണ്ടെന്നോ ആരെങ്കിലും വിശ്വസിച്ചാൽ അവന്റെ തൗഹീദ് തകർന്നിരിക്കുന്നു. കാരണം അല്ലാഹുവിന്റെ റഹ്മാൻ എന്ന നാമത്തിൽ അവൻ ഏകനല്ലെന്നാണ് ഈ പിഴച്ച വിശ്വാസത്തിലൂടെ അവൻ വാദിച്ചിരിക്കുന്നത്. ഇതു പോലെ തന്നെയാണ് അല്ലാഹുവിന്റെ മറ്റു നാമങ്ങ

ളുടെയും വിശേഷണങ്ങളുടെയുമെല്ലാം കാര്യം.

ഒരു ഉദാഹരണം കൂടി നൽകിക്കൊണ്ട് അവസാനിപ്പിക്കാം; ഇത്ര യും പറഞ്ഞതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇനി പറയുന്നതാകുന്നു. അതായത്, ഇബാദത് ചെയ്യപ്പെടാൻ -ആരാധിക്കപ്പെടാൻ- അല്ലാഹു വിന് മാത്രമേ അർഹതയും അവകാശവുമുള്ളൂ എന്നതാണത്. അങ്ങേയറ്റം സ്നേഹത്തോടെയും താഴ്മയോടെയും ആരാധിക്കേണ്ട ത് അല്ലാഹുവിനെ മാത്രമാണ്. അവനല്ലാതെ മറ്റാർക്കും ആരാധനയു ടെ ഒരു പങ്കു പോലും നൽകപ്പെടാനുള്ള അർഹതയില്ല.

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّـهَ مُخْلِصِينَ لَهُ الدِّينَ

“മതം അല്ലാഹുവിന് മാത്രം നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ മാത്രം ആരാധിക്കുവാനല്ലാതെ അവരോട് കൽപ്പിക്കപ്പെട്ടിട്ടില്ല.” (ബയ്യിനഃ: 5)

قُلْ إِنَّمَا أُمِرْتُ أَنْ أَعْبُدَ اللَّـهَ وَلَا أُشْرِكَ بِهِ

“(നബിയേ!) പറയുക: അല്ലാഹുവെ മാത്രം ആരാധിക്കണമെ ന്നും, അവനിൽ പങ്കുചേർക്കരുത് എന്നും മാത്രമാണ് എന്നോട് കൽപിക്കപ്പെട്ടിട്ടുള്ളത്.” (റഅ്ദ്: 36)

ഒരാൾ അല്ലാഹുവും റസൂലും -ﷺ- പഠിപ്പിച്ച എല്ലാ ഇബാദതുക ളും അല്ലാഹുവിന് മാത്രം നൽകിയാൽ ആരാധനയിൽ അല്ലാഹുവി നെ അവൻ ഏകനാക്കിയിരിക്കുന്നു. എന്നാൽ അല്ലാഹുവിന് നൽ കേണ്ട ഇബാദതുകളിൽ ഏതെങ്കിലുമൊന്ന് ഒരാൾ അല്ലാഹുവല്ലാ ത്തവർക്ക് നൽകിയാൽ ഈ സുപ്രധാനമായ തൗഹീദിന്റെ അടി സ്ഥാനം അവൻ തകർത്തു കളഞ്ഞിരിക്കുന്നു. കാരണം ഇബാദതു കൾ അല്ലാഹുവല്ലാത്തവർക്ക് നൽകുക എന്നത് അവന് ഏറ്റവും കോപമുള്ള കാര്യമാണ്.

അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള അവിടുത്തെ റസൂലിനോ -ﷺ- , അല്ലാഹുവിനോട് ഏറ്റവും സാമീപ്യമുള്ള മലക്കിനോ പോലും ഏതെങ്കിലും ഒരു ആരാധനയെങ്കിലും സമർപ്പിക്കുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല; മറിച്ച് അല്ലാഹുവിന്റെ കടുത്ത കോപവും ദേഷ്യവു മാണ് ആ പ്രവൃത്തി നേടിത്തരുക.

ആരാധ്യതയിലുള്ള ഈ ഏകത്വം; അതാണ് ‘ലാ ഇലാഹ ഇല്ലല്ലാ ഹ്’ എന്ന കലിമതിന്റെ ഉദ്ദേശം. നബിമാരുടെയെല്ലാം ആദ്യത്തെ പ്ര

ബോധന വിഷയവും ഇബാദതിലുള്ള അല്ലാഹുവിന്റെ ഈ ഏകത്വം ബോധ്യപ്പെടുത്തലായിരുന്നു. തൗഹീദ് എന്ന വാക്ക് കൊണ്ട് ഏറ്റ വും പ്രധാനമായി ഉദ്ദേശിക്കുന്നതും അത് തന്നെ. അല്ല! അഹ്ലുസ്സു ന്നതിന്റെ അടുക്കൽ തൗഹീദ് എന്ന പദം നിരുപാധികമായി പറയ പ്പെട്ടാൽ അല്ലാഹുവിനെ ആരാധനയിൽ ഏകനാക്കുക എന്ന കാര്യ മാണ് അത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

അല്ലാഹുവിന് മാത്രം പ്രത്യേകമായ കാര്യങ്ങളിൽ അവനെ ഏക നാക്കലാണ് തൗഹീദ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന ആമു ഖം വിശദീകരിക്കാനാണ് ഇത്രയും ഉദാഹരണങ്ങൾ നൽകിയത്. അല്ലാഹുവിന് മാത്രം പ്രത്യേകമായ, അവനെ ഏകനാക്കേണ്ട വിഷ യങ്ങൾ മൂന്ന് അടിസ്ഥാനങ്ങളിൽ ചുരുക്കി പറയാൻ കഴിയും.

## അല്ലാഹു മാത്രമാണ് എന്റെ റബ്ബ്

തൗഹീദിന്റെ മൂന്ന് അടിത്തറകളിൽ ആദ്യത്തേത് 'അല്ലാഹു മാ ത്രമാണ് എന്റെ റബ്ബ്' എന്ന് വിശ്വസിക്കലാണ്. റുബൂബിയ്യതിലെ തൗഹീദ് (تَوْحِيـدُ الرُّبُوبِيَّـةِ) എന്ന് പണ്ഡിതന്മാർ വിശേഷിപ്പിക്കുന്നത് ഈ വിശ്വാസത്തെയാണ്.

ഖുർആനിൽ പറയപ്പെട്ട അല്ലാഹുവിന്റെ അതിമഹത്തരമായ നാമങ്ങളിൽ ധാരാളം പറയപ്പെട്ട നാമമാണ് റബ്ബ് എന്നത്; റുബൂബി യ്യഃ എന്ന പദം ബന്ധപ്പെട്ടിരിക്കുന്നത് ഈ നാമവുമായാണ്. അതി നാൽ 'റബ്ബ്' എന്ന നാമത്തിന് കീഴിൽ ഉദ്ദേശിക്കപ്പെടുന്ന കാര്യങ്ങളി ലെല്ലാം അല്ലാഹു ഏകനാണെന്ന് ഒരാൾ വിശ്വസിച്ചാൽ അവന്റെ തൗഹീദിന്റെ ആദ്യഭാഗം ശരിയായി.

റബ്ബ് എന്ന പദം കൊണ്ട് പ്രധാനമായും മൂന്ന് കാര്യങ്ങളാണ് ഉദ്ദേശിക്കപ്പെടുന്നത്.

**ഒന്ന്:** അല്ലാഹു മാത്രമാണ് സർവ്വതിന്റെയും സ്രഷ്ടാവ്. പ്രപഞ്ച സൃഷ്ടിപ്പിൽ ഒരു പങ്കാളിയോ സഹായിയോ അല്ലാഹുവിനില്ല. നമുക്ക് കാണാൻ കഴിയുന്നതും കഴിയാത്തതുമായ എന്തെല്ലാം വസ്തുക്ക ളുണ്ടോ; അവയുടെയെല്ലാം സ്രഷ്ടാവ് അല്ലാഹു മാത്രമാണ്. ശൂന്യത യിൽ നിന്ന് എല്ലാം സൃഷ്ടിക്കുകയും, നിർജ്ജീവമായ വസ്തുക്കളിൽ നിന്ന് ജീവനുള്ളതിനെ പടക്കുകയും ചെയ്ത അല്ലാഹുവിന് പുറമെ ഒരു സ്രഷ്ടാവുമില്ല.

يَا أَيُّهَا النَّاسُ اذْكُرُوا نِعْمَتَ اللَّهِ عَلَيْكُمْ ۚ هَلْ مِنْ خَالِقٍ غَيْرُ اللَّهِ يَرْزُقُكُمْ مِنَ السَّمَاءِ وَالْأَرْضِ

"മനുഷ്യരേ! അല്ലാഹു നിങ്ങൾക്ക് ചെയ്ത അനുഗ്രഹം നിങ്ങൾ ഓർമിക്കുക. ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകാൻ അല്ലാഹുവല്ലാത്ത വല്ല സ്രഷ്ടാവുമുണ്ടോ?" (ഫാത്വിർ: 3)

**രണ്ട്:** അല്ലാഹു മാത്രമാണ് സർവ്വതിന്റെയും ഉടമസ്ഥൻ. ആകാശഭൂമികളെയും അവക്കിടയിലുള്ളതിനെയും സൃഷ്ടിച്ചവൻ അല്ലാഹു മാത്രമാണ്; അതിനാൽ അവയെല്ലാം അവന്റെ ഉടമസ്ഥതയിലാണ്. അല്ലാഹുവിന്റെ ഉടമസ്ഥതയിൽ പെടാത്ത ഒരു കണിക പോലും പ്രപഞ്ചത്തിൽ എവിടെയുമില്ല. അവന്റെ അധികാരം ഒരിക്കലും നശിക്കുകയോ അതിൽ കുറവ് സംഭവിക്കുകയോ ഇല്ല.

وَلِلَّهِ مُلْكُ السَّمَاوَاتِ وَالْأَرْضِ ۗ وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿١٨٩﴾

"അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു." (ആലു ഇംറാൻ: 189)

قُلِ اللَّهُمَّ مَالِكَ الْمُلْكِ تُؤْتِي الْمُلْكَ مَنْ تَشَاءُ وَتَنْزِعُ الْمُلْكَ مِمَّنْ تَشَاءُ وَتُعِزُّ مَنْ تَشَاءُ وَتُذِلُّ مَنْ تَشَاءُ

"പറയുക: ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്ന് നീ ആധിപത്യം എടുത്തുനീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു." (ആലു ഇംറാൻ: 26)

**മൂന്ന്:** അല്ലാഹു മാത്രമാണ് സർവ്വതിനെയും നിയന്ത്രിക്കുന്നവൻ. പ്രപഞ്ചത്തിലെ സൂക്ഷ്മകണിക മുതൽ മനുഷ്യന്റെ ചിന്തയിൽ ഉൾക്കൊള്ളുക പോലും സാധ്യമല്ലാത്ത നക്ഷത്രഗോളാധികൾ വരെ അല്ലാഹുവിന്റെ പരിപൂർണ്ണമായ നിയന്ത്രണത്തിന് കീഴിലാണ്. അവന്റെ ഉദ്ദേശത്തിനോ തീരുമാനത്തിനോ വിരുദ്ധമായി ഒരാൾക്കും ഒന്നും ചെയ്യുക സാധ്യമല്ല. അവന്റെ നിയന്ത്രണം ഒരു

നിമിഷത്തേക്ക് പോലും നഷ്ടമാവുകയോ, അവനെ അശ്രദ്ധയോ മയക്കമോ ഉറക്കമോ ബാധിക്കുകയോ ഇല്ല.

إِنَّ رَبَّكُمُ اللَّهُ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ فِي سِتَّةِ أَيَّامٍ ثُمَّ اسْتَوَىٰ عَلَى الْعَرْشِ ۖ يُدَبِّرُ الْأَمْرَ

“തീർച്ചയായും നിങ്ങളുടെ റബ്ബ് ആകാശങ്ങളും ഭൂമിയും ആറു ദിവസങ്ങളിലായി സൃഷ്ടിക്കുകയും, ശേഷം സിംഹാസനാരോഹണം ചെയ്യുകയും, കാര്യങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നവനായ അല്ലാഹുവാകുന്നു.” (യൂനുസ്: 3)

مَّا مِن دَابَّةٍ إِلَّا هُوَ آخِذٌ بِنَاصِيَتِهَا ۚ

“അല്ലാഹു നെറുകയിൽ പിടിച്ചു (നിയന്ത്രിക്കുന്ന) നിലയിലല്ലാതെ ഒരു ജീവിയുമില്ല.” (ഹൂദ്: 56)

മേൽ പറഞ്ഞ മൂന്ന് കാര്യങ്ങൾ ഒരാൾ വിശ്വസിച്ചാൽ അവൻ അല്ലാഹു മാത്രമാണ് റബ്ബ് എന്ന സത്യം അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. ആകാശഭൂമികളെ പടച്ചതും, മഴ വർഷിക്കുന്നതും, ചെടികൾ മുളപ്പിക്കുന്നതും, ഉപജീവനം നൽകുന്നതും, സർവ്വതിനെയും ഉടമപ്പെടുത്തുന്നതും, അവയെ നിലനിർത്തുന്നവനും, എല്ലാത്തിനെയും നിയന്ത്രിക്കുന്നവനും അല്ലാഹുവാണ് എന്ന വിശ്വാസം മനുഷ്യരുടെ ഹൃദയത്തിൽ ആഴത്തിൽ ഊട്ടിയുറപ്പിക്കുന്ന അനേകം ആയത്തുകൾ ഖുർആനിലുണ്ട്.

## അല്ലാഹു മാത്രമാണ് എന്റെ ഇലാഹ്

അല്ലാഹുവിന്റെ ഏകത്വം സ്ഥിരപ്പെടുത്തേണ്ട രണ്ടാമത്തെ അടിസ്ഥാനം ഉലൂഹിയ്യതിലെ ഏകത്വമാണ്. അല്ലാഹു മാത്രമാണ് ഏകഇലാഹ് എന്ന് അംഗീകരിക്കലാണ് ഉലൂഹിയ്യതിലെ തൗഹീദ് കൊണ്ട് ഉദ്ദേശിക്കുന്നത്.

അല്ലാഹുവിന്റെ ഇലാഹ് എന്ന നാമവുമായാണ് ‘ഉലൂഹിയ്യഃ’ എന്ന പദം ബന്ധപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്റെ ഏകത്വം ഉദ്ഘോഷിക്കുന്ന ശഹാദത് കലിമയിൽ -ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വാക്കിൽ- പരാമർശിക്കപ്പെട്ട നാമമാണത്.

ആരാധിക്കപ്പെടുന്നവനാണ് ഇലാഹ് എന്ന് അറബിയിൽ പറയുക; അല്ലാഹു മാത്രമേ ആരാധിക്കപ്പെടാൻ അർഹതയുള്ളവനായി ഉള്ളൂ എന്ന വിശ്വാസമാണ് 'എന്റെ ഇലാഹ് അല്ലാഹു മാത്രമാണ്' എന്ന് പറയുന്നതിലൂടെ ഒരാൾ പ്രഖ്യാപിക്കുന്നത്. അത് തന്നെയാണ് ഉലൂഹിയ്യതിലെ തൗഹീദിന്റെ ഉദ്ദേശവും.

ഈ വിശ്വാസം ഹൃദയത്തിൽ ഉറക്കുന്നതോടെ അവന്റെ സർവ്വ ഇബാദതുകളും (ആരാധനകൾ) അല്ലാഹുവിന് മാത്രം സമർപ്പിക്കുന്നവനായി അവൻ പരിവർത്തിപ്പിക്കപ്പെടും. അല്ലാഹുവിന് പുറമെയുള്ളവർക്ക് ആരാധന നൽകുക എന്നതിനേക്കാൾ വെറുപ്പുള്ള മറ്റൊരു തിന്മയും അവന്റെ മുന്നിൽ ഉണ്ടായിരിക്കുകയില്ല.

അല്ലാഹുവിന് നൽകുന്ന ആരാധനകളാകട്ടെ, പല തരത്തിലുണ്ട്.

– ഹൃദയം കൊണ്ട് പ്രവർത്തിക്കേണ്ട ആരാധനകളുണ്ട്; അങ്ങേയറ്റത്തെ സ്നേഹവും പ്രതീക്ഷയും ഭയവും ഭരമേൽപ്പിക്കലും പശ്ചാത്താപവും മനസ്സിനുള്ളിലെ അങ്ങേയറ്റത്തെ വിനയവും താഴ്മയും, അതിൽ നിന്നുണ്ടാകുന്ന സഹായതേട്ടവുമെല്ലാം ഹൃദയത്തിന്റെ ആരാധനകളാണ്.

– നാവു കൊണ്ടുള്ള ആരാധനകളുമുണ്ട്; ഖുർആൻ പാരായണവും ദിക്റുകളും നന്മ കൽപ്പിക്കലും തിന്മവിരോധിക്കലും പ്രാർത്ഥനയും സഹായതേട്ടവുമെല്ലാം നാവിൽ നിറയുന്ന ഇബാദതുകളാണ്.

– ശരീരാവയവങ്ങൾ കൊണ്ടുള്ള ആരാധനകളുമുണ്ട്; നിസ്കാരവും നോമ്പും സകാത്തും ഹജ്ജും സ്വദഖയും നേർച്ചയും ബലിയർപ്പണവും ചില ഉദാഹരണങ്ങൾ.

ഇവയെല്ലാം ഒരാൾ അല്ലാഹുവിന് മാത്രം നൽകുകയും, സൃഷ്ടികളിൽ ഒരാൾക്കും അതിൽ നിന്നൊരു ചെറിയ പങ്കുപോലും അവൻ നൽകാതിരിക്കുകയും ചെയ്യുന്നെങ്കിൽ തൗഹീദിന്റെ രണ്ടാമത്തെ ഭാഗം -ഇസ്ലാമിലെ ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാനവിശ്വാസം- അവൻ പൂർത്തീകരിച്ചു കഴിഞ്ഞു.

തൗഹീദ് എന്നത് കൊണ്ട് പൊതുവെ ഉദ്ദേശിക്കപ്പെടുന്നത് നാം ഈ വിശദീകരിച്ച 'ഉലൂഹിയ്യതിലെ' തൗഹീദാണ്. ഖുർആനിൽ ആദ്യം കൽപ്പിക്കപ്പെട്ടതും ഏറ്റവുമധികം വിശദീകരിക്കപ്പെട്ടതും, നബിമാർ തങ്ങളുടെ സമൂഹത്തെ പ്രഥമമായി ഉണർത്തിയതും അവരോട് കൽപ്പിച്ചതും, ഇസ്ലാമിൽ പ്രവേശിക്കാൻ ആദ്യം അംഗീകരിക്കേണ്ട

തും ഉച്ചരിക്കേണ്ടതും ഈ തൗഹീദാണ്. ഈമാനിന്റെ ഏറ്റവുമുയർന്ന ശാഖയായ, ഇസ്‌ലാമിലെ ഒന്നാമത്തെ സാക്ഷ്യവചനമായ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്കിന്റെ ഉദ്ദേശവും ഇത് തന്നെ.

നിത്യവും ഓരോ മുസ്‌ലിമും അല്ലാഹുവുമായി കരാർ ചെയ്യുന്നത് ഈ തൗഹീദ് -ആരാധനകളിൽ അല്ലാഹുവിനെ ഏകനാക്കാം എന്ന കാര്യം- ഞാൻ പാലിച്ചു കൊള്ളാം എന്നാണ്. സൂറ. ഫാതിഹയിലെ മദ്ധ്യത്തിലുള്ള ആയത് നോക്കൂ!

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾

"നിന്നെ മാത്രം ഞങ്ങൾ ഞങ്ങൾ ഇബാദത് ചെയ്യുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു." (ഫാതിഹ: 5)

അല്ലാഹു മാത്രമാണ് ഇലാഹാകാൻ അർഹതയുള്ളവനുള്ളൂ എന്ന തൗഹീദിന്റെ പ്രഥമഭാഗം വിശദീകരിക്കുന്ന ആയത്തുകൾ ഖുർആനിൽ എമ്പാടുമുണ്ട്. ചിലത് വായിക്കുക.

إِنَّنِي أَنَا اللَّهُ لَا إِلَٰهَ إِلَّا أَنَا فَاعْبُدْنِي وَأَقِمِ الصَّلَاةَ لِذِكْرِي ﴿١٤﴾

"തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ഒരു ഇലാഹ് (ആരാധ്യൻ) ഇല്ല. അതിനാൽ എന്നെ നീ ഇബാദത് ചെയ്യുകയും, എന്നെ ഓർമിക്കുന്നതിനായി നിസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക." (ത്വാഹ: 14)

وَإِلَٰهُكُمْ إِلَٰهٌ وَاحِدٌ ۖ لَّا إِلَٰهَ إِلَّا هُوَ الرَّحْمَٰنُ الرَّحِيمُ ﴿١٦٣﴾

"നിങ്ങളുടെ ഇലാഹ് ഏക ഇലാഹ് മാത്രമാകുന്നു. അവനല്ലാതെ യാതൊരു ഇലാഹുമില്ല. അവൻ റഹ്മാനും (വിശാലമായ കാരുണ്യം ഉള്ളവൻ) റഹീമും (അങ്ങേയറ്റം കാരുണ്യം ചെയ്യുന്നവൻ) ആകുന്നു." (ബഖറ: 163)

هُوَ الْحَيُّ لَا إِلَٰهَ إِلَّا هُوَ فَادْعُوهُ مُخْلِصِينَ لَهُ الدِّينَ ۗ الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ ﴿٦٥﴾

"അവനാകുന്നു ഹയ്യ് (എന്നെന്നും ജീവിച്ചിരിക്കുന്നവൻ). അവനല്ലാതെ യാതൊരു ഇലാഹുമില്ല. അതിനാൽ കീഴ്‌വണക്കം അവന് നിഷ്കളങ്കമാക്കിക്കൊണ്ട് നിങ്ങൾ അവനോട് പ്രാർത്ഥിക്കുക. റബ്ബുൽ ആലമീനായ (ലോകങ്ങളുടെ രക്ഷിതാവായ) അല്ലാഹുവിന്ന് സ്തുതി." (ഗാഫിർ: 65)

## അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും

അല്ലാഹുവിന്റെ ഏകത്വം സ്ഥിരപ്പെടുത്തേണ്ട മൂന്നാമത്തെ അടിസ്ഥാനം അല്ലാഹുവിന്റെ നാമങ്ങളിലും ഗുണവിശേഷണങ്ങളിലുമുള്ള ഏകത്വമാണ് (تَوْحِيدُ الأَسْمَاءِ وَالصِّفَاتِ).

അല്ലാഹുവിന് ധാരാളം നാമങ്ങളും വിശേഷണങ്ങളും ഉണ്ട്; അവയിൽ അല്ലാഹു ഏകനാണെന്ന് ഒരാൾ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്താൽ അസ്മാഉകളിലും (ഇസ്മ് എന്നതിന്റെ ബഹുവചനമാണത്; നാമം എന്നർത്ഥം), സ്വിഫാതുകളിലും (സ്വിഫത് എന്നതിന്റെ ബഹുവചനം; വിശേഷണം എന്നർത്ഥം) അല്ലാഹുവിന്റെ ഏകത്വം അംഗീകരിച്ചു കഴിഞ്ഞു.

അല്ലാഹുവിന്റെ നാമങ്ങൾക്ക് ഉദാഹരണമാണ് റഹ്മാൻ, റഹീം, അസീസ്, സമീഅ്, ബസ്വീർ, ഹയ്യ്, ഖയ്യൂം പോലുള്ള, ഖുർആനിലോ ഹദീഥിലോ അല്ലാഹുവിന്റെ നാമമായി സ്ഥിരപ്പെട്ട പേരുകൾ. അല്ലാഹു തന്റെ നാമങ്ങളായി അവന്റെ ഗ്രന്ഥമായ ഖുർആനിലൂടെയും, നബി -ﷺ- അവിടുത്തെ ഹദീഥുകളിലൂടെയും അറിയിച്ചു തന്ന അനേകം നാമങ്ങൾ വേറെയുമുണ്ട്. ആ നാമങ്ങളിൽ അല്ലാഹു ഏകനാണെന്ന് വിശ്വസിക്കണം.

وَلِلَّهِ الْأَسْمَاءُ الْحُسْنَىٰ فَادْعُوهُ بِهَا ۖ وَذَرُوا الَّذِينَ يُلْحِدُونَ فِي أَسْمَائِهِ ۚ سَيُجْزَوْنَ مَا كَانُوا يَعْمَلُونَ ﴿١٨٠﴾

"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക, അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തു വരുന്നതിന്റെ ഫലം അവർക്കു വഴിയെ നൽകപ്പെടും." (അഅ്റാഫ്: 180)

അല്ലാഹുവിന്റെ നാമങ്ങളിൽ അവനെ മാത്രം വിശേഷിപ്പിക്കാൻ അർഹതപ്പെട്ട ചില നാമങ്ങളുണ്ട്. അല്ലാഹു, റഹ്മാൻ, റബ്ബ് പോലുള്ളവ ഉദാഹരണം. ഈ നാമങ്ങളിൽ അല്ലാഹുവിനെ മാത്രമേ വിളിക്കാവൂ; സൃഷ്ടികളിൽ ഒരാളെയും ഈ പേരുകളിൽ വിളിച്ചുകൂടാ. ഇക്കാര്യം ഒരാൾ അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്താൽ പ്രസ്തുത നാമങ്ങളിൽ അവൻ അല്ലാഹുവിനെ ഏകനാക്കിയിരിക്കുന്നു.

എന്നാൽ അല്ലാഹുവിനെയും അവന്റെ ചില സൃഷ്ടികളെയും വിളിക്കാൻ അനുവദിക്കപ്പെട്ട നാമങ്ങൾ ചിലതുണ്ട്; ഉദാഹരണത്തിന് റഹീം, സമീഅ്, ബസ്വീർ തുടങ്ങിയ നാമങ്ങൾ. റഹീം എന്ന് നബി -ﷺ- യെ അല്ലാഹു ഖുർആനിൽ വിശേഷിപ്പിച്ചിട്ടുണ്ട്. സമീഅ്, ബസ്വീർ എന്നീ പേരുകളിൽ മനുഷ്യരെ അല്ലാഹു വിശേഷിപ്പിച്ചിട്ടുണ്ട്. ഇത്തരം നാമങ്ങൾ സൃഷ്ടികളുടെ പേരുകളായി വിളിക്കാമെങ്കിലും അവയിൽ അടങ്ങിയിട്ടുള്ള അർത്ഥവും ഉദ്ദേശവും പൂർണ്ണമായും അല്ലാഹുവിന് മാത്രമേ ഉള്ളൂ എന്ന് വിശ്വസിക്കണം.

ഉദാഹരണത്തിന് അല്ലാഹു സ്വമീഅ് ആണ്. എല്ലാം കേൾക്കുന്നവൻ എന്നാണതിന്റെ അർത്ഥം. മനുഷ്യനെ കുറിച്ചും സമീഅ് എന്ന് അല്ലാഹു വിശേഷിപ്പിച്ചിട്ടുണ്ട്. (ഇൻസാൻ: 2) എന്നാൽ മനുഷ്യന് കേൾവിയുണ്ടെന്ന് മാത്രമേ അത് കൊണ്ട് അർത്ഥമാക്കുന്നുള്ളൂ; പരിപൂർണ്ണമായ കേൾവിയുള്ളവൻ അല്ലാഹു മാത്രമാണ്. അല്ലാഹുവിനെ കുറിച്ചും, അവന്റെ സൃഷ്ടികൾ ചിലതിനെ കുറിച്ചും ഈ പേര് പറയപ്പെട്ടിട്ടുണ്ടെങ്കിലും ആ നാമത്തിന്റെ പരിപൂർണ്ണമായ അർത്ഥം അല്ലാഹുവിന് മാത്രമേ സ്ഥിരീകരിക്കാവൂ എന്ന് ചുരുക്കം. ഇതു പോലെ തന്നെ മറ്റു നാമങ്ങളും.

അല്ലാഹുവിനുള്ളത് പോലെ അത്യുൽകൃഷ്ടവും ഏറ്റവും മഹത്തരവുമായ നാമങ്ങൾ മറ്റൊരാൾക്കുമില്ല. അവന്റെ നാമങ്ങളിൽ അല്ലാഹു ഏകനാണെന്ന തൗഹീദിന്റെ സുപ്രധാനഭാഗമാണ് ഈ വിശ്വാസത്തിലൂടെ ഒരു മുസ്‌ലിം മനസ്സിലുറപ്പിക്കുന്നത്.

هَلْ تَعْلَمُ لَهُ سَمِيًّا ﴿٦٥﴾

“അല്ലാഹുവിന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?” (മർയം: 65)

അല്ലാഹുവിന്റെ നാമങ്ങളോടൊപ്പം അവന്റെ വിശേഷണങ്ങളെ കുറിച്ചും നാം പറയുകയുണ്ടായി. ധാരാളം വിശേഷണങ്ങൾ അല്ലാഹുവിനുണ്ട്. അസ്തിത്വപരമായ വിശേഷണങ്ങൾ (الصِّفَـاتُ الذَّاتِيَّـةُ) അക്കൂട്ടത്തിലുണ്ട്; അല്ലാഹുവിന്റെ മുഖവും അവന്റെ കൈകളും അവന്റെ കണ്ണുകളും ഉദാഹരണം. അല്ലാഹുവിന്റെ സർവ്വവിശാലമായ കാരുണ്യവും അവന്റെ അറിവും ശക്തിയും മറ്റു ചില ഉദാഹരണങ്ങളാണ്. അല്ലാഹുവിൽ നിന്ന് ഒരിക്കലും വിട്ടുമാറാത്ത, തുടക്കമോ അവസാനമോ ഇല്ലാതെ അനന്തമായി അല്ലാഹുവിലുള്ള വിശേഷണങ്ങളാണിവ.

പ്രവൃത്തിപരമായ വിശേഷണങ്ങളും (الصِّفَـاتُ الفِعْلِيَّـةُ) അല്ലാഹുവിനുണ്ട്. സൃഷ്ടിപ്പ്, നിയന്ത്രണം, സംസാരം, സിംഹാസനാരോഹണം പോലുള്ളവ ഉദാഹരണം. അല്ലാഹുവിന്റെ പ്രവർത്തനങ്ങളിൽ പെട്ടതാണ് ഈ പറയപ്പെട്ട വിശേഷണങ്ങൾ. ഇവയെല്ലാം അല്ലാഹുവിന് ഉണ്ടെന്ന് സ്ഥിരീകരിക്കുന്നതിന് ഒപ്പം ഇതിലെല്ലാം അല്ലാഹു ഏകനാണെന്ന് ഒരാൾ അംഗീകരിക്കുകയും ചെയ്താൽ അല്ലാഹുവിന്റെ വിശേഷണങ്ങളിൽ അവൻ അല്ലാഹുവിനെ ഏകനാക്കിയിരിക്കുന്നു.

വിശേഷണങ്ങളിൽ അല്ലാഹുവിനെ ഏകനാക്കേണ്ടത് എങ്ങനെയാണ്?

അല്ലാഹുവിനെ പോലെ ഒന്നുമില്ലെന്നും, അവന്റെ ഒരു വിശേഷണത്തിലും അവന് തുല്ല്യനോ, അവനോട് സമാനതയോ സാദൃശ്യമോ ഉള്ള ഒരാളുമില്ല എന്നും അവൻ വിശ്വസിക്കണം. അല്ലാഹുവിന്റെ എല്ലാ വിശേഷണങ്ങളും അവന്റെ പൂർണ്ണതക്കും മഹത്വത്തിനും ഭംഗിക്കും യോജിച്ച രൂപത്തിൽ സ്ഥിരീകരിക്കുന്നതിനൊപ്പം, സൃഷ്ടികളുടെ വിശേഷണങ്ങളിൽ നിന്ന് തീർത്തും വ്യത്യസ്തവും, അങ്ങേയറ്റം മഹത്തരവും ഔന്നത്യമുള്ളതുമാണ് അല്ലാഹുവിന്റെ വിശേഷണങ്ങൾ എന്ന് അവൻ മനസ്സിൽ ഉറപ്പിക്കുകയും വേണം.

لَيْسَ كَمِثْلِهِۦ شَيْءٌ ۖ وَهُوَ السَّمِيعُ الْبَصِيرُ ﴿١١﴾

“അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും എല്ലാം കേൾക്കുന്നവനുമാകുന്നു.” (ശൂറ: 11)

وَلَمْ يَكُن لَّهُۥ كُفُوًا أَحَدٌۢ ﴿٤﴾

“അവന്ന് തുല്യനായി ആരും ഇല്ല തന്നെ.” (ഇഖ്ലാസ്: 4)

ഇത്രയും പറഞ്ഞതിന്റെ ചുരുക്കം ഓർമ്മപ്പെടുത്തി കൊണ്ട് അവസാനിപ്പിക്കാം. അല്ലാഹു മാത്രമാണ് എന്റെ റബ്ബ് (റുബൂബിയ്യഃ), അല്ലാഹു മാത്രമാണ് എന്റെ ഇലാഹ് (ഉലൂഹിയ്യഃ), അല്ലാഹുവിന്റെ നാമഗുണവിശേഷണങ്ങളിൽ അവൻ ഏകനാണ് (അസ്മാഉ വ സ്വിഫാത്) എന്നീ മൂന്ന് അടിസ്ഥാപരമായ വിശ്വാസങ്ങളാണ് തൗഹീദിന്റെ നട്ടെല്ലും, ഒഴിച്ചു നിർത്താനാകാത്ത അതിന്റെ സ്തംഭങ്ങളും.

# തൗഹീദിന്റെ മൂന്ന് ഇനങ്ങൾ

അല്ലാഹുവിനെ ഏകനാക്കേണ്ട മൂന്ന് അടിസ്ഥാനവിഷയങ്ങളെ കുറിച്ചാണ് കഴിഞ്ഞ കുറിപ്പിൽ വിശദീകരിച്ചത്. 'അല്ലാഹു മാത്രമാണ് എന്റെ റബ്ബ്' (റുബൂബിയ്യഃ), 'അല്ലാഹു മാത്രമാണ് എന്റെ ഇലാഹ്' (ഉലൂഹിയ്യഃ), 'അല്ലാഹുവിന്റെ നാമഗുണവിശേഷണങ്ങളിൽ അവൻ ഏകനാണ്' (അസ്മാഉ വ സ്വിഫാത്) എന്നീ മൂന്ന് അടിസ്ഥാനപരമായ വിശ്വാസങ്ങളാണ് അവ.

ഈ മൂന്ന് അടിസ്ഥാനങ്ങളെ തൗഹീദിന്റെ മൂന്ന് ഇനങ്ങളായി പണ്ഡിതന്മാർ എണ്ണിയിട്ടുണ്ട്. റുബൂബിയ്യതിലെ തൗഹീദ് (تَوْحِيـدُ الرُّبُوبِيِّـةِ), ഉലൂഹിയ്യഃതിലെ തൗഹീദ് (تَوْحِيـدُ الأُلُوهِيَّـةِ), അസ്മാഉ വ സ്വിഫാതിലെ തൗഹീദ് (تَوْحِيدُ الأَسْـمَاءِ وَالصِّفَاتِ) എന്നിപ്രകാരമാണ് തൗഹീദിന്റെ മൂന്നിനങ്ങൾ എണ്ണാറുള്ളത്.

ഇപ്രകാരം തൗഹീദ് മൂന്ന് ഇനങ്ങളായി വിഭജിച്ചു പറയുന്നത് വളരെ വിശാലമായ ഈ വിഷയത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ എളുപ്പത്തിൽ പഠിക്കാൻ കഴിയുന്നതിനും, മനസ്സിൽ ഉറക്കുന്നതിനും വേണ്ടി മാത്രമാണ്. വിശുദ്ധ ഖുർആനും തിരുസുന്നത്തും മുഴുവൻ പരതിയാലും ഈ മൂന്ന് ഇനങ്ങളിലേക്ക് ചേർക്കാൻ സാധ്യമല്ലാത്ത, തൗഹീദുമായി ബന്ധപ്പെട്ട ഒരു വിഷയവും കണ്ടെത്താൻ കഴിയില്ല. കാരണം മുൻഗാമികളും പിൽക്കാലക്കാരുമായ പണ്ഡിതന്മാർ ഖുർആനിൽ നിന്നും, സുന്നത്തിൽ നിന്നും സ്വാംശീകരിച്ചെടുത്തവയാണ് ഈ മൂന്ന് അടിസ്ഥാനങ്ങളും.

'നബി -ﷺ- തൗഹീദിന് മൂന്ന് ഇനങ്ങളുണ്ട് എന്ന് എണ്ണിപ്പറഞ്ഞിട്ടുണ്ടോ? അവിടുന്ന് ചെയ്യാത്ത ഒരു കാര്യം ദീനിൽ പുതുതായി നിർമ്മിക്കാൻ പാടുണ്ടോ?' എന്ന് ചിലർ ചോദിച്ചേക്കാം.

ഉത്തരമായി പറയട്ടെ: ഈ മൂന്ന് ഇനങ്ങൾ എണ്ണിപ്പറയുക എന്നത് നിർബന്ധമാണെന്നോ, അതല്ലെങ്കിൽ ഈ എണ്ണം പറയുന്നത് പ്രത്യേകം പുണ്യാർഹമായ ആരാധനയിൽ പെട്ടതാണെന്നോ ആരും പറയുന്നില്ല. ഇസ്‌ലാമിലെ ഏറെ പ്രധാനപ്പെട്ട ഒരു വിജ്ഞാനം എളുപ്പത്തിൽ മനസ്സിലാകുന്നതിന് വേണ്ടി മാത്രമാണ് ഇപ്രകാ

രം വേർതിരിച്ചു പഠിപ്പിക്കുന്നത്. അതല്ലാതെ, ഈ എണ്ണത്തിനോ ഈ പേരുകൾക്കോ എന്തെങ്കിലും പ്രത്യേകതയോ മഹത്വമോ പുണ്യ മോ കരുതപ്പെടുന്നില്ല.

ഉദാഹരണം പറയുമ്പോൾ കാര്യം കൂടുതൽ വ്യക്തമാകും. നി സ്കാരത്തിന്റെ ശർത്വും (നിബന്ധനകൾ) ഫർദ്വും (നിർബന്ധകർമ്മ ങ്ങൾ) റുക്നുമെല്ലാം (സ്തംഭങ്ങൾ) ചെറുപ്പം മുതൽ നാം പഠിക്കു ന്നു. ഇവയൊന്നും നബി -ﷺ- എണ്ണിപ്പറഞ്ഞതല്ല. മറിച്ച്, ഖുർആനി ലെ ആയത്തുകളിൽ നിന്നും നബി -ﷺ- യുടെ ഹദീഥുകളിൽ നിന്നും പണ്ഡിതന്മാർ അവ കണ്ടെത്തുകയും, ജനങ്ങൾക്ക് എളുപ്പത്തിൽ പഠിച്ചെടുക്കാൻ കഴിയുന്നതിന് വേണ്ടി പ്രത്യേകം എണ്ണിപ്പറയുക യും ചെയ്തുവെന്ന് മാത്രം. വുദുവിന്റെയും സകാതിന്റെയും നോമ്പി ന്റെയും ഹജ്ജിന്റെയും മറ്റു പല ഇബാദതുകളുടെയും ശർത്വും ഫർ ദ്വുമെല്ലാം ഇതു പോലെ തന്നെ. ഇത് തന്നെയാണ് തൗഹീദിനെ വ്യ ത്യസ്ത ഇനങ്ങളാക്കി വിശദീകരിക്കുന്നതിന്റെ പിന്നിലും.

ചുരുക്കത്തിൽ, തൗഹീദ് പഠിക്കാനുള്ള എളുപ്പത്തിന് വേണ്ടി മാത്രമാണ് ഈ വിഭജനവും വേർതിരിവും. ഒരാൾക്ക് അവ എണ്ണിപ്പ റയാൻ കഴിയില്ലെങ്കിലും, അയാൾ അല്ലാഹുവിനെ ഏകനാക്കേണ്ട വിഷയങ്ങളിലെല്ലാം അവനെ ഏകനാക്കിയിട്ടുണ്ടെങ്കിൽ ഈ മൂന്ന് ഇനങ്ങൾ പ്രത്യേകമായി എണ്ണിപ്പറയാൻ കഴിയുന്നില്ല എന്നത് അയാളുടെ സ്വർഗപ്രവേശനത്തെ ബാധിക്കുന്നേയില്ല. ഒരാൾ ഇവ എണ്ണിപ്പറയുകയും, അതിന്റെ തെളിവുകൾ മുഴുവൻ മനപാഠമാക്കു കയും ചെയ്തിട്ടുണ്ടെങ്കിലും ജീവിതത്തിൽ തൗഹീദ് പാലിച്ചില്ലെ ങ്കിൽ അയാളുടെ അറിവ് പരലോകത്ത് യാതൊരു ഉപകാരവും ചെ യ്യുന്നതുമല്ല.

എന്നാൽ സാന്ദർഭികമായി ഓർമ്മപ്പെടുത്തട്ടെ; തൗഹീദിനെ വി ഭജിച്ചത് പഠനത്തിന്റെ എളുപ്പത്തിന് വേണ്ടിയാണെങ്കിലും ഓരോരു ത്തരും അവരവർക്ക് തോന്നിയ രൂപത്തിൽ വിഭജനങ്ങൾ സൃഷ്ടി ക്കുകയോ, തൗഹീദിന്റെ ഇനങ്ങൾ എണ്ണിപ്പറയുകയോ ചെയ്യരുത്. നിസ്കാരത്തിന്റെ നിബന്ധനകൾ എണ്ണിപ്പറയുന്നതിനുള്ള അടി സ്ഥാനം ഖുർആനും ഹദീഥുമാണ് എന്നത് പോലെ, തൗഹീദിന്റെ ഇനങ്ങൾ എണ്ണിപ്പറയുന്നതിന്റെ അടിസ്ഥാനവും ഖുർആനും സു ന്നത്തുമാണ്.

തൗഹീദിന്റെ ഓരോ ഇനങ്ങളിലേക്കും സൂചന നൽകുന്ന ആയ

ത്തുകൾ കഴിഞ്ഞ കുറിപ്പിൽ നാം നൽകിയിരുന്നു. അല്ലാഹുവിനെ ഏകനാക്കേണ്ട ഈ മൂന്ന് അടിസ്ഥാനങ്ങളിലേക്കും ഒരേ സ്ഥലത്ത് സൂചന നൽകുന്ന തെളിവുകൾ വായിക്കാം.

## തൗഹീദിന്റെ ഇനങ്ങൾ ഉൾക്കൊള്ളുന്ന ആയതുകൾ

1- അല്ലാഹു പറയുന്നു:

رَّبُّ السَّمَاوَاتِ وَالْأَرْضِ وَمَا بَيْنَهُمَا فَاعْبُدْهُ وَاصْطَبِرْ لِعِبَادَتِهِ ۚ هَلْ تَعْلَمُ لَهُ سَمِيًّا ﴿٦٥﴾

"ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും റബ്ബാകുന്നു അവൻ (അല്ലാഹു). അതിനാൽ അവനെ മാത്രം താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന്ന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ?" (മർയം: 65)

ഈ ആയതിൽ തൗഹീദിന്റെ മൂന്ന് ഇനങ്ങളിലേക്കുമുള്ള സൂചന കാണാം.

ആയത്തിന്റെ ആദ്യഭാഗം -"ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും റബ്ബാകുന്നു അവൻ" എന്ന ഭാഗം- അല്ലാഹു മാത്രമാണ് റബ്ബ് എന്നറിയിക്കുന്ന റുബൂബിയ്യതിലെ തൗഹീദിലേക്ക് വ്യക്തമായ സൂചന നൽകുന്നു. കാരണം ആകാശഭൂമികളും അവക്കിടയിലുള്ളതും എന്ന് പറഞ്ഞതിൽ സർവ്വപ്രപഞ്ചവും ഉൾപ്പെട്ടു കഴിഞ്ഞു. അവയുടെയെല്ലാം റബ്ബ് അല്ലാഹു മാത്രമാണെന്ന് അംഗീകരിച്ചാൽ അവയെ മുഴുവൻ സൃഷ്ടിക്കുകയും ഉടമപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന മറ്റൊരാളുമില്ലെന്ന വിശ്വാസമായി. അത് തന്നെയാണ് റുബൂബിയ്യതിലെ തൗഹീദിന്റെ ഉദ്ദേശം.

രണ്ടാം ഭാഗം -"അവനെ മാത്രം താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക" എന്ന ഭാഗം- അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നറിയിക്കുന്ന ഉലൂഹിയ്യതിലെ തൗഹീദിലേക്ക് സൂചന നൽകുന്നു. ഇബാദതുകൾ ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന് മാത്രം നൽകുകയും, അവന് പുറമെയുള്ളവരെ ആരാധിക്കാൻ എന്തെല്ലാം ബാഹ്യ

പ്രേരണകളുണ്ടായാലും ക്ഷമയോടെ തൗഹീദിൽ ഉറച്ചു നിൽക്കുകയും ചെയ്യണമെന്നാണല്ലോ ഈ ആയത് അറിയിക്കുന്നത്. അത് തന്നെയാണ് ഉലൂഹിയ്യതിലെ തൗഹീദ്.

ആയത്തിന്റെ അവസാനഭാഗം -അവന്ന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ? എന്ന ചോദ്യം- അല്ലാഹുവിന്റെ നാമങ്ങളിലും വിശേഷണങ്ങളിലുമുള്ള തൗഹീദിലേക്ക് സൂചന നൽകുന്നു. അല്ലാഹുവിനെ പോലെ മഹത്തരമായ നാമമോ, അവനുള്ളത് പോലെ പൂർണ്ണതയുടെയും ആദരവിന്റെയും വിശേഷണങ്ങൾ ഉള്ളവരോ ആയി ഒരാളുമില്ല എന്നാണ് ആ ചോദ്യത്തിനുള്ള ഉത്തരം. അക്കാര്യം ഒരാൾ അംഗീകരിച്ചാൽ അല്ലാഹുവിന്റെ നാമങ്ങളിലും ഗുണവിശേഷണങ്ങളിലും അവൻ അല്ലാഹുവിനെ ഏകനാക്കിയിരിക്കുന്നു. (പരിശോധിക്കുക: അൽ -മവാഹിബുറബ്ബാനിയ്യഃ / സഅ്ദി: 44, 45)

2- അല്ലാഹു പറയുന്നു:

ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ﴿٢﴾

“ലോകങ്ങളുടെ റബ്ബായ അല്ലാഹുവിന് സർവ്വ സ്തുതികളും.” (ഫാതിഹ: 1)

ഖുർആനിലെ ഏറ്റവും മഹത്തരമായ സൂറതായ സൂറതുൽ ഫാതിഹ ആരംഭിക്കുന്നത് തൗഹീദിന്റെ മൂന്ന് ഇനങ്ങളിലേക്കും സൂചന നൽകിക്കൊണ്ടാണ്.

ഒന്നാമത്തെ വാക്ക് ‘അൽ ഹംദ്’ എന്നതാണ്.

സർവ്വസ്തുതികളും എന്നാണല്ലോ ഹംദിന്റെ അർത്ഥം. അല്ലാഹുവിനെ അവന്റെ മഹത്തരമായ നാമങ്ങളും വിശേഷണങ്ങളും കൊണ്ട് സ്തുതിക്കുന്നതിനാണ് ഹംദ് എന്ന് പറയുക. സർവ്വസ്തുതികളും അല്ലാഹുവിന് മാത്രം എന്ന് പറയുന്നതിൽ അല്ലാഹുവിന്റെ നാമഗുണവിശേഷണങ്ങളിലെ തൗഹീദിലേക്കുള്ള സൂചനയുണ്ട്. കാരണം സ്തുതിക്കപ്പെടാൻ അർഹമായ നാമഗുണവിശേഷണങ്ങൾ അവന് മാത്രമേയുള്ളൂ എന്ന് ഈ പദം അറിയിക്കുന്നു.

രണ്ടാമത്തെ വാക്ക്: ‘അല്ലാഹ്’ എന്നതാണ്.

അല്ലാഹു എന്ന നാമത്തിന്റെ അർത്ഥോദ്ദേശം സർവ്വ സൃഷ്ടികളുടെയും ഉടമസ്ഥനായ, ആരാധിക്കപ്പെടാൻ അർഹതയുള്ളവൻ എന്നാ

ണ്. ആരാധിക്കപ്പെടാൻ അർഹതയുള്ളവൻ അല്ലാഹു മാത്രമാണ് എന്ന ഉലൂഹിയ്യതിലെ തൗഹീദിലേക്ക് അത് സൂചന നൽകുന്നു.

മൂന്നാമത്തെ വാക്ക്: 'റബ്ബുൽ ആലമീൻ' എന്നതാണ്.

റബ്ബ് എന്ന പദം റുബൂബിയ്യതുമായി നേരിട്ടു ബന്ധമുള്ള പദമാണെന്ന് കഴിഞ്ഞ കുറിപ്പിൽ നാം വിശദീകരിച്ചിട്ടുണ്ട്. സർവ്വ ലോകങ്ങളുടെയും റബ്ബ് (സ്രഷ്ടാവും ഉടമസ്ഥനും നിയന്താവും) അല്ലാഹു മാത്രമാണെന്ന റുബൂബിയ്യതിലെ തൗഹീദിലേക്ക് വ്യക്തമായ സൂചനയാണ് ഈ പദം.

ചുരുക്കത്തിൽ തൗഹീദിന്റെ മൂന്ന് ഇനങ്ങളിലേക്കും സൂറ. ഫാതിഹഃയിലെ ആദ്യത്തെ ആയത്ത് സൂചന നൽകുന്നുണ്ട്.

3- അല്ലാഹു പറയുന്നു:

اللَّـهُ لَا إِلَـٰهَ إِلَّا هُوَ الْحَيُّ الْقَيُّومُ ۚ لَا تَأْخُذُهُ سِنَةٌ وَلَا نَوْمٌ ۚ لَّهُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ

"അല്ലാഹു – അവനല്ലാതെ ആരാധനക്ക് അർഹനായി ഒരാളുമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം." (ബഖറ: 255)

ഖുർആനിലെ ഏറ്റവും മഹത്തരമായ വചനമാണ് ആയതുൽ കുർസിയ്യ്. തൗഹീദിന്റെ മൂന്ന് ഇനങ്ങളിലേക്കും ഈ ആയത്ത് സൂചന നൽകുന്നുണ്ട്.

ആയത്തിന്റെ ആരംഭത്തിൽ അല്ലാഹു പറയുന്നു: "അല്ലാഹു – അവനല്ലാതെ ആരാധനക്ക് അർഹനായി ഒരാളുമില്ല." അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നറിയിക്കുന്ന ഉലൂഹിയ്യതിലെ തൗഹീദിലേക്കാണ് ഈ ആയത്ത് സൂചന നൽകുന്നത്.

ശേഷം അല്ലാഹു പറയുന്നു: "എന്നെന്നും ജീവിച്ചിരിക്കുന്നവൻ (അൽ-ഹയ്യ്). എല്ലാം നിയന്ത്രിക്കുന്നവൻ (അൽ-ഖയ്യൂം). മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല." അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും ഈ വചനം ഉൾക്കൊള്ളുന്നു. അവ അസ്മാഉ വസ്വിഫാതിലെ തൗഹീദിലേക്ക് സൂചന നൽകുന്നു.

ശേഷം അല്ലാഹു പറയുന്നു: "അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം." സർവ്വ പ്രപഞ്ചവും അല്ലാഹുവിന്റെ ഉടമസ്ഥതക്ക് കീഴിലാണെന്നത് റുബൂബിയ്യതിലെ തൗഹീദിലേക്ക് സൂചന നൽകുന്നു.

## തൗഹീദിന്റെ ഇനങ്ങൾ ഉൾക്കൊള്ളുന്ന സൂറതുകൾ

**1- സൂറ. ഫാതിഹഃ.**

ഖുർആനിന്റെ പ്രാരംഭം സൂറ. ഫാതിഹയാണ്. തൗറാതിലോ ഇഞ്ചീലിലോ സബൂറിലോ ഖുർആനിലോ ഫാതിഹയെ പോലെ ഒരു സൂറത് അവതരിപ്പിക്കപ്പെട്ടിട്ടില്ല എന്ന് നബി -ﷺ- അറിയിച്ചിട്ടുണ്ട്. ഖുർആനിലെ ഏറ്റവും മഹത്തരമായ സൂറതായ ഫാതിഹ ഇസ്‌ലാമിലെ അനേകം അടിസ്ഥാനങ്ങളിലേക്ക് സൂചന നൽകുന്നതിനൊപ്പം തൗഹീദിന്റെ മൂന്ന് ഇനങ്ങളിലേക്കും വ്യക്തമായ സൂചന നൽകുന്നുണ്ട്.

തൗഹീദിന്റെ ആദ്യത്തെ ഭാഗമായ 'റുബൂബിയ്യ'തിലെ തൗഹീദ് ഫാതിഹയുടെ ആദ്യത്തെ ആയതിൽ [1] തന്നെയുണ്ട്.

ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ﴿٢﴾

"ലോകങ്ങളുടെ റബ്ബായ അല്ലാഹുവിനാകുന്നു സർവ്വസ്തുതികളും." (ഫാതിഹ: 2)

ലോകങ്ങളുടെ റബ്ബാണ് അല്ലാഹു എന്ന വാക്ക് സർവ്വ പ്രപഞ്ചത്തെയും സൃഷ്ടിച്ചവനും, അവയെ നിയന്ത്രിക്കുന്നവനും, അവയെ ഉടമപ്പെടുത്തിയവനും അല്ലാഹു മാത്രമാണെന്ന് അറിയിക്കുന്നു. റുബൂബിയ്യതിലെ തൗഹീദ് എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ഇതേ കാര്യമാണ്.

إِيَّاكَ نَعۡبُدُ وَإِيَّاكَ نَسۡتَعِينُ ﴿٥﴾

"നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു." (ഫാതിഹഃ: 5)

ഫാതിഹയുടെ മദ്ധ്യത്തിലുള്ള ഈ ആയത്ത് തൗഹീദിന്റെ അടിസ്ഥാനം ഏറ്റവും ശക്തമായി ബോധ്യപ്പെടുത്തുന്ന ആയത്താണ്.

1 ഫാതിഹയിലെ ആദ്യത്തെ ആയത്ത് ഏതാണെന്നതിൽ പണ്ഡിതന്മാർക്ക് അഭിപ്രായവ്യത്യാസമുണ്ട്. ബിസ്മിയിലാണ് ഫാതിഹഃ ആരംഭിക്കുന്നതെന്ന് അഭിപ്രായപ്പെട്ടവർ ധാരാളം പേരുണ്ട്; നമ്മുടെ പക്കലുള്ള മുസ്വഹഫുകളിൽ ഈ അഭിപ്രായപ്രകാരമാണ് എണ്ണം രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അൽഹംദുലില്ലാഹ് എന്ന ആയത്ത് മുതലാണ് ഫാതിഹഃ ആരംഭിക്കുന്നത് എന്നാണ് ഹദീഥുകളിൽ നിന്ന് മനസ്സിലാകുന്നത്. അതു കൊണ്ടാണ് ഹംദിന്റെ ആയത്തിനെ ആദ്യത്തെ ആയത്ത് എന്ന് വിശേഷിപ്പിച്ചത്.

തൗഹീദിന്റെ രണ്ടാമത്തെ ഭാഗമായ ഉലൂഹിയ്യതിലെ തൗഹീദാണ് ഈ ആയത്തിൽ പ്രകടമായി കാണാൻ കഴിയുക. അല്ലാഹു മാത്രമാണ് യഥാർത്ഥ ആരാധ്യൻ എന്ന അടിത്തറയാണ് ഈ ആയത്തിൽ സ്ഥാപിക്കപ്പെടുന്നത്.

'അല്ലാഹുവേ! നിന്നെ മാത്രമേ ഞാൻ ആരാധിക്കൂ' എന്ന് അല്ലാഹുവുമായി കരാർ ചെയ്ത ഒരടിമ എങ്ങനെയാണ് ഇബാദതുകളുടെ ഒരു കണികയെങ്കിലും അല്ലാഹുവല്ലാത്തവർക്ക് നൽകുക! തന്റെ രക്ഷിതാവുമായി നിത്യവും -എല്ലാ നിസ്കാരങ്ങളിലും- ആവർത്തിച്ചു കൊണ്ടിരിക്കുന്ന ഈ കരാർ അവൻ ലംഘിക്കുന്നെങ്കിൽ അതിനേക്കാൾ വലിയ അപരാധം മറ്റെന്താണുള്ളത്?!

'അല്ലാഹുവേ! നിന്നോട് മാത്രമേ ഞങ്ങൾ സഹായം തേടുകയുള്ളൂ' എന്ന കരാറും തൗഹീദിന്റെ അടിത്തറ തന്നെയാണ് ഊട്ടിയുറപ്പിക്കുന്നത്. എനിക്കോ മറ്റേതെങ്കിലും സൃഷ്ടികൾക്കോ യാതൊരു കഴിവും ശക്തിയുമില്ലെന്നും, സർവ്വ ശക്തിയും കഴിവുമുള്ളത് അല്ലാഹുവിന് മാത്രമാണെന്നും സത്യസന്ധമായി വിശ്വസിക്കുന്ന ഒരു മുസ്‌ലിം അല്ലാഹു അല്ലാത്തവരുടെ കാൽക്കൽ അഭയം തേടിച്ചെല്ലുകയോ, അവനല്ലാത്തവരോട് സഹായം ചോദിക്കുകയോ ചെയ്യുന്നത് സങ്കൽപ്പിക്കാൻ കഴിയുമോ?!

الرَّحْمَٰنِ الرَّحِيمِ ﴿٣﴾

"സർവ്വ വിശാലമായ കാരുണ്യമുള്ളവനും (റഹ്മാൻ), അങ്ങേയറ്റം കരുണ ചൊരിയുന്നവനും (റഹീം)." (ഫാതിഹഃ: 3)

അല്ലാഹു സർവ്വവിശാലമായ കാരുണ്യമുള്ളവനാണെന്ന് അറിയിക്കുന്നു 'റഹ്മാൻ' എന്ന അവന്റെ നാമം. അവന്റെ കാരുണ്യത്തിന് അറ്റമോ അവസാനമോ ഇല്ല. ആ കാരുണ്യം വലയം ചെയ്യാത്ത ഒരു കണിക പോലും പ്രപഞ്ചത്തിൽ എവിടെയുമില്ല. 'റഹീം' എന്ന നാമമാകട്ടെ, അല്ലാഹു സൃഷ്ടികൾക്ക് മേൽ ചൊരിഞ്ഞ അവന്റെ അനുഗ്രഹത്തെ അറിയിക്കുന്നു. അവനോളം കാരുണ്യം ചൊരിഞ്ഞ ഒരാളുമില്ല; അവന്റെ കാരുണ്യത്തിൽ നിന്നത്രെ വന്യമൃഗങ്ങൾ അവയുടെ കുഞ്ഞിനെ ലാളിക്കുന്നതും സ്നേഹിക്കുന്നതും.

അല്ലാഹുവിന്റെ അസ്തിത്വപരമായ വിശേഷണവും, പ്രവൃത്തിപരമായ വിശേഷണവും ഈ ആയത്ത് ഉൾക്കൊണ്ടിരിക്കുന്നു. അസ്മാഉ വ സ്വിഫാതിൽ അല്ലാഹുവിനെ ഏകനാക്കുക എന്ന തൗ

ഹീദിന്റെ മൂന്നാമത്തെ ഭാഗം ഈ ആയത്തിൽ ഉൾക്കൊണ്ടിരിക്കുന്നു.

**2- സൂറ. നാസ്.**

വിശുദ്ധ ഖുർആനിലെ അവസാനത്തെ അദ്ധ്യായമാണ് സൂറ. നാസ്. ഖുർആനിലെ ആദ്യത്തെ അദ്ധ്യായം തൗഹീദിന്റെ മൂന്ന് അടിസ്ഥാനങ്ങളും ഉൾക്കൊണ്ടതു പോലെ, അവസാനത്തെ അദ്ധ്യായവും അവയിലേക്ക് സൂചന നൽകിയിരിക്കുന്നു.

قُلْ أَعُوذُ بِرَبِّ النَّاسِ ﴿١﴾ مَلِكِ النَّاسِ ﴿٢﴾ إِلَٰهِ النَّاسِ ﴿٣﴾

"പറയുക! ജനങ്ങളുടെ റബ്ബിനെ കൊണ്ട് ഞാൻ രക്ഷ ചോദിക്കുന്നു. ജനങ്ങളുടെ രാജാവിനെ കൊണ്ട്. ജനങ്ങളുടെ ആരാധ്യനെ കൊണ്ട്." (നാസ്: 1-3)

അല്ലാഹുവിന്റെ റബ്ബ് എന്ന നാമമാണ് ഒന്നാമത്തെ ആയത്തിൽ പരാമർശിക്കപ്പെട്ടത്. റുബൂബിയ്യത് എന്ന പദവുമായി നേരിട്ടു ബന്ധമുള്ള വാക്കാണത്. രണ്ടാമത്തെ ആയത്തിൽ ഇലാഹ് എന്ന പദം വന്നിരിക്കുന്നു; ഉലൂഹിയ്യതിലെ തൗഹീദിലേക്ക് അത് സൂചന നൽകുന്നു. അല്ലാഹുവിന്റെ മൂന്ന് നാമങ്ങൾ -റബ്ബ്, ഇലാഹ്, മലിക്- എന്നിവ അവന്റെ നാമഗുണവിശേഷണങ്ങളിലേക്കുള്ള സൂചന നൽകുന്നു; അവ തൗഹീദിന്റെ മൂന്നാമത്തെ അടിസ്ഥാനത്തെയും അറിയിക്കുന്നു.

ഇത്രയും പറഞ്ഞത് ചില ഉദാഹരണങ്ങൾ മാത്രമാണ്. അതല്ലെങ്കിൽ അല്ലാഹുവിന്റെ ഏകത്വം വിശദീകരിക്കുന്ന ആയത്തുകൾ കാണാതെ ഖുർആനിലെ ഒരു ഏടും മറിച്ചു പോവുക സാധ്യമല്ല. അല്ല! വിശുദ്ധ ഖുർആൻ പൂർണ്ണമായും തൗഹീദ് മാത്രമാണുള്ളതെന്ന് ഇബ്നുൽ ഖയ്യിം -ﷺ- വിശദീകരിച്ചതായി കാണാം. (മദാരിജുസ്സാലികീൻ: 3/417)

അല്ലാഹുവിന്റെ ഏകത്വവും അവന് യാതൊരു പങ്കുകാരനുമില്ലെന്നും വിശദീകരിക്കുന്ന ആയത്തുകളാണ് എത്രയോ ആയത്തുകളിൽ. തൗഹീദ് പാലിച്ചു കൊണ്ട് എങ്ങനെ ജീവിക്കണമെന്ന് വിവരിക്കുന്ന -ഇബാദതുകളും സ്വഭാവഗുണങ്ങളും മറ്റും വിശദമാക്കുന്ന- ആയത്തുകളാണ് മറ്റൊരു ഭാഗം. അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് ക്ഷണിച്ച നബിമാരുടെയും സ്വാലിഹീങ്ങളുടെയും ചരിത്രമാണ് ഇനിയൊരു ഭാഗത്തുള്ളത്. തൗഹീദ് പാലിച്ചു കൊണ്ടുള്ള ജീവി

തം നയിച്ചാൽ ലഭിക്കാനിരിക്കുന്ന ഐഹികവും പാരത്രികവുമായ പ്രതിഫലങ്ങളെ കുറിച്ചാണ് അടുത്തപങ്ക്.

തൗഹീദ് വിശദീകരിച്ചതു പോലെ അതിന്റെ നേർവിപരീതവും ഇതേ പോലെ വിവരിക്കപ്പെട്ടതായി കാണാം. അല്ലാഹുവിൽ പങ്കു ചേർക്കുക എന്ന ശിർകിനെ കുറിച്ചും, അതിന്റെ ഗൗരവത്തെ കുറിച്ചും ധാരാളം ആയത്തുകളുണ്ട്. മുശ്‌രിക്കുകളുടെ സ്വഭാവങ്ങളും അടയാളങ്ങളും മറ്റു ചിലയിടങ്ങളിൽ വിശദീകരിക്കുന്നു. അവരുടെ ചരിത്രം പലപ്പോഴായി വിവരിക്കുന്നു. അവർക്ക് ലഭിക്കാനിരിക്കുന്ന ഐഹികവും പാരത്രികവുമായ ശിക്ഷയെ കുറിച്ച് താക്കീത് നൽകുന്നു. ചുരുക്കത്തിൽ -ഇബ്നുൽ ഖയ്യിം -ﷺ- പറഞ്ഞതു പോലെ- ഖുർആൻ മുഴുവൻ തൗഹീദാണ്.

അല്ലാഹുവിന്റെ തൗഹീദ് പാലിക്കുന്നവരും, അതിന് വേണ്ടി പോരാടുന്നവരും, ആ മാർഗത്തിലേക്ക് ക്ഷണിക്കുന്നവരും, തൗഹീദിന്റെ വഴിയിൽ മരണം വരിക്കുകയും ചെയ്യുന്നവരിൽ അല്ലാഹു നാമേവരെയും ഉൾപ്പെടുത്തട്ടെ. (ആമീൻ)

# തൗഹീദ്; പഠനവും പ്രവർത്തനവും

ജീവിതത്തിൽ തൗഹീദ് പുലർന്നു കാണണമെന്ന് ഉദ്ദേശിക്കുന്നവർ ഏറ്റവും പ്രാധാന്യമുള്ള ഈ വിഷയം ഗൗരവത്തോടെ പഠിക്കുകയും, അങ്ങേയറ്റം പ്രാധാന്യത്തോടെ പ്രാവർത്തികമാക്കുകയും വേണം. അതായത്, ഓരോ മുസ്‌ലിമും പഠിക്കേണ്ട തൗഹീദും, പ്രവർത്തിക്കേണ്ട തൗഹീദുമുണ്ട്.

## പഠിക്കേണ്ട തൗഹീദ്

ഏതൊരു കാര്യവും പ്രവർത്തിക്കുന്നതിന് മുൻപ് അതിനെ കുറിച്ചുള്ള അറിവ് നേടുകയാണല്ലോ വേണ്ടത്? തൗഹീദിന്റെ കാര്യവും വ്യത്യസ്തമല്ല. തൗഹീദ് പഠിക്കുന്നതിന് ഏറ്റവും വലിയ ശ്രദ്ധ നൽകേണ്ടതുണ്ട്. നബി -ﷺ- യും സ്വഹാബത്തും ഈ വിഷയത്തിന് അങ്ങേയറ്റം മുൻഗണന നൽകിയവരായിരുന്നു.

പതിമൂന്ന് വർഷക്കാലം തൗഹീദിലേക്കും ലാ ഇലാഹ ഇല്ലല്ലാഹ് എന്ന ശഹാദത് കലിമയിലേക്കും നിരന്തരം ക്ഷണിക്കുകയും, അതിന്റെ പേരിൽ നാട്ടിൽ നിന്ന് പുറത്താക്കപ്പെടുകയും, മദീനയിലേക്ക് പാലായനം നടത്തുകയും ചെയ്ത ശേഷം വിശുദ്ധ ഖുർആനിൽ സൂറ. മുഹമ്മദിൽ അല്ലാഹു നബി -ﷺ- യോട് കൽപ്പിച്ചത് നോക്കൂ.

فَاعْلَمْ أَنَّهُ لَا إِلَٰهَ إِلَّا اللَّهُ

“അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി ഒരാളുമില്ലെന്ന് (ലാ ഇലാഹ ഇല്ലല്ലാഹ്) താങ്കൾ അറിയുക.” (മുഹമ്മദ്: 19)

നോക്കൂ! തൗഹീദിന്റെ പേരിൽ നാടും കുടുംബവും വെടിഞ്ഞ ഒരു സമൂഹത്തോടാണ് -അവരുടെ നേതാവിനോടാണ്- നിങ്ങൾ ‘അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല എന്ന് പഠിക്കണം’ എന്ന കൽപ്പന വരുന്നത്! എങ്കിൽ അവർക്ക് ശേഷമുള്ളവർ എത്ര മാത്രം തൗഹീദീ പഠനത്തിൽ ശ്രദ്ധ പതിപ്പിക്കണമെന്ന് ചിന്തിച്ചു നോക്കൂ!

തൗഹീദിനെ കുറിച്ചുള്ള പഠനം നിലകൊള്ളുന്നത് രണ്ട് അടിസ്ഥാനങ്ങൾക്ക് മേലാണ്.

**ഒന്ന്: തൗഹീദിന്റെ പൂർത്തീകരണത്തിന് ആവശ്യമായ പഠനം.**

അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുക എന്നത് ഇസ്‌ലാമിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. ദീനിലെ ഏറ്റവും വിശാലമായ വിഷയവും ഇത് തന്നെ. തൗഹീദ് എന്ന വിഷയത്തിന് കീഴിൽ -ഒരു നിലക്ക് നോക്കിയാൽ- ദീനിലെ എല്ലാ വിഷയങ്ങളും ഉൾപ്പെടും. കാരണം അല്ലാഹുവിന്റെ ഏകത്വം ഉൾക്കൊള്ളാത്തതായി ദീനിൽ ഒരു പ്രവർത്തനവുമില്ല. കാരണം ഇസ്‌ലാം ദീൻ മുഴുവൻ യഥാർത്ഥത്തിൽ തൗഹീദ് തന്നെയാണ്. എന്നാൽ;

(1) ലാ ഇലാഹ ഇല്ലല്ലാഹ് എന്ന ശഹാദത് കലിമ പഠിക്കുക.

(2) അല്ലാഹുവിനെ അവന്റെ നാമഗുണവിശേഷണങ്ങളിലൂടെ അറിയുക.

(3) അല്ലാഹുവിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കുന്നതിനും അവനുള്ള ആരാധനകൾ നിഷ്കളങ്കമാക്കുന്നതിനും വേണ്ട കാര്യങ്ങൾ പഠിക്കുക.

(4) അല്ലാഹുവിനെ ഏകനാക്കേണ്ട ഇബാദതുകൾ ഏതെല്ലാമാണെന്ന് മനസ്സിലാക്കുക.

ഇവയെല്ലാം അതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളാകുന്നു. ഇവയോരോന്നും ഏറെ വിശദീകരിക്കേണ്ടതാണെങ്കിലും ഒരു ചുരുക്ക വിവരണം താഴെ പറയാം.

ഒന്നാമത്തെ കാര്യം ലാ ഇലാഹ ഇല്ലല്ലാഹ് എന്ന സാക്ഷ്യവചനമാണ്. ലാ ഇലാഹ ഇല്ലല്ലാഹ് ഒരാൾ പഠിച്ചറിയുകയും ഉൾക്കൊള്ളുകയും ചെയ്താൽ അവൻ സ്വർഗത്തിൽ പോകുമെന്ന് നബി -ﷺ- ഉറപ്പു നൽകിയിട്ടുണ്ട്.

عَنْ عُثْمَانَ، قَالَ: قَالَ رَسُولُ اللَّـهِ -ﷺ-: «**مَنْ مَاتَ وَهُوَ يَعْلَمُ أَنَّهُ لَا إِلَهَ إِلَّا اللَّـهُ، دَخَلَ الْجَنَّةَ**»

ഉഥ്മാൻ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിനെ കുറിച്ച് അറിഞ്ഞു കൊണ്ടാണ് ആരെങ്കിലും മരിക്കുന്നതെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്." (മുസ്‌ലിം: 43)

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്കിന്റെ അർത്ഥവും ആശയവും, അത് നിലകൊള്ളുന്ന അടിസ്ഥാന സ്തംഭങ്ങളും (റുക്നുകൾ), അല്ലാഹുവിങ്കൽ ഈ കലിമത് സ്വീകരിക്കപ്പെടാൻ വേണ്ട നിബന്ധനകളുമെല്ലാം (ശർത്വുകൾ) മനസ്സിലാക്കുന്നത് ലാ ഇലാഹ ഇല്ലല്ലാഹ് പഠിക്കുന്നതിൽ ഉൾപ്പെടും. അതോടൊപ്പം ഈ വാക്കിന്റെ ശ്രേഷ്ഠതകളും മഹത്വവും, ഇഹ-പരലോകങ്ങളിൽ അത് മൂലം ലഭിക്കുന്ന നേട്ടങ്ങളും ഒരാൾക്ക് പഠിക്കാം.

അല്ലാഹുവിനെ അവന്റെ നാമങ്ങളിലൂടെയും ഗുണവിശേഷണങ്ങളിലൂടെയും അറിയുക എന്നതാണ് രണ്ടാമത്തെ കാര്യം. അല്ലാഹു ആരാണെന്ന് അറിയാതെ അവനെ ഏകനാക്കാനോ, അവനെ ആരാധിക്കാനോ ഒരാൾക്കും സാധിക്കുകയില്ല. അവനെ കുറിച്ച് അറിയുക എന്നതാകട്ടെ, സ്വർഗപ്രവേശനം വാഗ്ദാനം ചെയ്യപ്പെട്ട മഹത്തായ കർമ്മവുമാണ്.

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّـهِ -ﷺ- قَالَ: «**إِنَّ لِلَّهِ تِسْعَةً وَتِسْعِينَ اسْمًا مِائَةً إِلَّا وَاحِدًا، مَنْ أَحْصَاهَا دَخَلَ الْجَنَّةَ**»

അബൂ ഹുറൈറ -ؓ- നിവേദനം: നബി -ﷺ- പറഞ്ഞു: "തീർച്ചയായും അല്ലാഹുവിന് 99 നാമങ്ങളുണ്ട്; നൂറിൽ നിന്ന് ഒന്ന് ഒഴികെ. അവ ആരെങ്കിലും 'ഇഹ്സ്വാഅ്' നടത്തിയാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു." (ബുഖാരി: 2736, മുസ്‌ലിം: 2677)

ഹദീഥിൽ വന്ന 'ഇഹ്സ്വാഅ്' എന്ന പദം പഠനത്തിന്റെ മൂന്ന് ഘട്ടങ്ങളെ അറിയിക്കുന്നു.

ഒന്ന്: അല്ലാഹുവിന്റെ നാമങ്ങൾ മനപാഠമാക്കുക.

രണ്ട്: അവയുടെ ആശയം മനസ്സിലാക്കുക.

മൂന്ന്: ആ നാമങ്ങൾ മുഖേന അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കുകയും, അവയുടെ ആശയം ജീവിതത്തിൽ സ്വാധീനം ചെലുത്തുന്ന രൂപത്തിൽ അല്ലാഹുവിനെ ആരാധിക്കുകയും ചെയ്യുക.

ഈ പറഞ്ഞതെല്ലാം ഗൗരവമുള്ള പഠനം ആവശ്യമായ തൗഹീദിന്റെ ഭാഗങ്ങളാണ്.

അല്ലാഹുവിന്റെ വിശേഷണങ്ങൾ മനസ്സിലാക്കുന്നതും തൗഹീദിൽ ഉൾപ്പെടും എന്ന് നാം പറഞ്ഞു. അവന്റെ വിശേഷഗുണങ്ങൾ അറിയുക എന്നത് പ്രപഞ്ചസൃഷ്ടിപ്പിന് പിന്നിലെ കാരണങ്ങളിൽ ഒന്നായി അല്ലാഹു എണ്ണിയിട്ടുണ്ട്.

اللَّهُ الَّذِي خَلَقَ سَبْعَ سَمَاوَاتٍ وَمِنَ الْأَرْضِ مِثْلَهُنَّ يَتَنَزَّلُ الْأَمْرُ بَيْنَهُنَّ
لِتَعْلَمُوا أَنَّ اللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ وَأَنَّ اللَّهَ قَدْ أَحَاطَ بِكُلِّ شَيْءٍ عِلْمًا ﴿١٢﴾

"അല്ലാഹുവാകുന്നു ഏഴ് ആകാശങ്ങളും ഭൂമിയിൽ നിന്ന് അവയ്ക്ക് തുല്യമായതും സൃഷ്ടിച്ചവൻ. അവയ്ക്കിടയിൽ (അവന്റെ) കൽപന ഇറങ്ങുന്നു. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു എന്നും ഏതു വസ്തുവെയും ചൂഴ്ന്ന് അറിയുന്നവനായിരിക്കുന്നു എന്നും നിങ്ങൾ അറിയുന്നതിന് വേണ്ടി." (ത്വലാഖ്: 12)

അല്ലാഹു എല്ലാത്തിനും കഴിവുള്ളവനാണെന്നും, അവൻ എല്ലാം അറിയുന്നവനാണെന്നും നിങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടിയാണ് ആകാശഭൂമികളെ മുഴുവൻ അല്ലാഹു സൃഷ്ടിച്ചതെന്ന് ഈ ആയത്തിൽ അവൻ നമ്മെ അറിയിക്കുന്നു. ഇതു പോലെ അവന്റെ കാരുണ്യത്തിന്റെയും, മഹത്വത്തിന്റെയും, പ്രതാപത്തിന്റെയും വിശേഷണങ്ങൾ പഠിച്ചു മനസ്സിലാക്കണം. പ്രസ്തുത പഠനം തൗഹീദിന്റെ ഭാഗമാണെന്നതിൽ സംശയമില്ല.

അല്ലാഹുവിനെ കുറിച്ച് ഓരോ മുസ്ലിമും നേടുന്ന ഈ അറിവാണ് അവനെ യഥാരൂപത്തിൽ ഭയപ്പെടാനും, രഹസ്യത്തിലും പരസ്യത്തിലും അല്ലാഹുവിനെ സൂക്ഷിക്കാനുമുള്ള യഥാർത്ഥ പ്രേരണ.

عَنْ عَائِشَةَ، قَالَتْ: كَانَ رَسُولُ اللَّهِ -ﷺ- إِذَا أَمَرَهُمْ، أَمَرَهُمْ مِنَ الأَعْمَالِ بِمَا يُطِيقُونَ، قَالُوا: إِنَّا لَسْنَا كَهَيْئَتِكَ يَا رَسُولَ اللهِ، إِنَّ اللَّهَ قَدْ غَفَرَ لَكَ مَا تَقَدَّمَ مِنْ ذَنْبِكَ وَمَا تَأَخَّرَ، فَيَغْضَبُ حَتَّى يُعْرَفَ الغَضَبُ فِي وَجْهِهِ، ثُمَّ يَقُولُ: «**إِنَّ أَتْقَاكُمْ وَأَعْلَمَكُمْ بِاللَّهِ أَنَا**»

ആഇശ -رضي الله عنها- നിവേദനം: നബി -ﷺ- സ്വഹാബികളോട് കൽപ്പിക്കുകയാണെങ്കിൽ അവർക്ക് സാധ്യമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളേ കൽപ്പിക്കാറുണ്ടായിരുന്നുള്ളൂ. അപ്പോൾ (ചിലർ) പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ അങ്ങയെ പോലെയല്ല. അല്ലാഹു താങ്കളുടെ കഴിഞ്ഞു പോയ തെറ്റുകളും, വരാനിരിക്കുന്ന തെറ്റുകളും പൊറുത്തു നൽകിയിരിക്കുന്നു. (ഇത് കേട്ടാൽ) നബി -ﷺ- ശക്തമായി -അവിടുത്തെ മുഖത്ത് ദേഷ്യം പ്രകടമാകുന്ന തരത്തിൽ- കോപിക്കാറുണ്ടായിരുന്നു. അവിടുന്ന് പറയും: "നിങ്ങളിൽ അല്ലാഹുവിനെ ഏറ്റവും സൂക്ഷിക്കുന്നതും, അവനെ കുറിച്ച് ഏറ്റവും അറിവുള്ളതും എനിക്കാണ്." (ബുഖാരി: 20)

നബി -ﷺ- ഈ ഹദീഥിൽ അല്ലാഹുവിനെ സൂക്ഷിക്കുന്നതും അവനെ കുറിച്ചുള്ള അറിവും ഒരുമിച്ചു പറഞ്ഞതു നോക്കൂ. അവ രണ്ടും പരസ്പരപൂരകങ്ങളാണ് എന്ന വ്യക്തമായ സൂചന അതിലുണ്ട്. അല്ലാഹുവിനെ കുറിച്ചുള്ള ഒരാളുടെ അറിവും ബോധ്യവും വർദ്ധിക്കുന്നതിന് അനുസരിച്ച് അല്ലാഹുവിനോടുള്ള അവന്റെ ഭയഭക്തിയും സൂക്ഷ്മതയും വർദ്ധിക്കുന്നതാണ്.

ഈമാനും ഇഖ്ലാസും വർദ്ധിപ്പിക്കുന്ന കാര്യങ്ങൾ പഠിക്കുക എന്നതാണ് മൂന്നാമത്തെ വിഷയം. അല്ലാഹുവിനുള്ള ആരാധന നിഷ്കളങ്കമായി തീരുവാൻ സഹായിക്കുന്ന അനേകം അറിവുകൾ നബി -ﷺ- പഠിപ്പിച്ചു തന്നിട്ടുണ്ട്. അല്ലാഹു എന്നെ കാണുന്നുണ്ടെന്നും, അവൻ എന്നെ സദാസമയവും നിരീക്ഷിച്ചു കൊണ്ടിരിക്കുന്നുണ്ടെന്നുമുള്ള ചിന്ത അതിൽ പെട്ടതാണ്. ഇതു പോലെ, ഈമാൻ വർദ്ധിക്കാൻ സഹായിക്കുന്ന അനേകം വഴികളുമുണ്ട്. ഖുർആൻ പാരായണവും, അല്ലാഹുവിന്റെ പ്രപഞ്ചത്തിൽ അവൻ ഒരുക്കി വെച്ചിട്ടുള്ള ദൃഷ്ടാന്തങ്ങളെ കുറിച്ച് ചിന്തിക്കുക എന്നതുമെല്ലാം അവയിൽ ചിലതാണ്.

അല്ലാഹുവിന് ചെയ്യേണ്ട ഇബാദതുകളെ കുറിച്ചുള്ള പഠനമാണ് നാലാമത് പറഞ്ഞത്. ഇബാദതുകൾ വ്യത്യസ്ത രൂപങ്ങളിലുണ്ട്. അവയെ കുറിച്ചെല്ലാം സാമാന്യധാരണ ഓരോ മുസ്‌ലിമിനും ഉണ്ടായിരിക്കണം. കാരണം ഒരു കാര്യം ഇബാദതാണ് എന്ന വിവരം ഒരാൾക്കില്ലെങ്കിൽ അവൻ -ബോധപൂർവ്വമല്ലെങ്കിലും- അല്ലാഹുവിന് മാത്രം അവകാശപ്പെട്ട ഒരു കാര്യം അവനല്ലാത്തവർക്ക് സമർപ്പിക്കാൻ കാരണമായേക്കാം. ഹൃദയം കൊണ്ടുള്ള ഇബാദതുകളും, ശരീരാവയവങ്ങൾ കൊണ്ടുള്ള ആരാധനകളുമുണ്ട്.

അല്ലാഹുവിനെ മാത്രം അങ്ങേയറ്റം ഭയക്കലും, അവനിൽ മാത്രം അങ്ങേയറ്റത്തെ പ്രതീക്ഷ വെക്കലും, മഹബ്ബഃ (അല്ലാഹുവിനെ ഏറ്റവുമധികം സ്നേഹിക്കൽ), തവക്കുൽ (അല്ലാഹുവിനെ മാത്രം ഭരമേൽപ്പിക്കൽ), തൗബ (അല്ലാഹുവിനോട് പൊറുക്കലിനെ ചോദിക്കൽ) എന്നിവയുമെല്ലാം ഹൃദയത്തിലെ ഇബാദതുകൾക്ക് ഉദാഹരണം.

അതോടൊപ്പം പ്രാർത്ഥന (ദുആ), ഇസ്തിഗാഥ (സഹായതേട്ടം), ബലികർമ്മം, നേർച്ച പോലെ ബാഹ്യമായ ഇബാദതുകളെ കുറിച്ചും പഠിക്കണം. ഇവയെല്ലാം അല്ലാഹുവിന് മാത്രം സമർപ്പിക്കേണ്ടവയാണ്. ഇതിൽ പലതും -അറിവില്ലാതെ- ജനങ്ങളിൽ പലരും അല്ലാ

ഹുവല്ലാത്തവർക്ക് സമർപ്പിക്കുകയും, അങ്ങനെ ശിർകിൽ അകപ്പെട്ടു പോവുകയും ചെയ്യുന്നു എന്ന് കൂടി മനസ്സിലാക്കുമ്പോൾ ഇത്തരം വിഷയങ്ങളെ കുറിച്ച് പഠിക്കുക എന്നതിന്റെ പ്രാധാന്യം എത്ര മാത്രമാണെന്ന് ബോധ്യപ്പെടും.

**രണ്ട്: തൗഹീദിന് വിരുദ്ധമാകുന്നവയെ കുറിച്ചുള്ള പഠനം.**

തൗഹീദിനെ കുറിച്ചുള്ള പഠനത്തിന്റെ ഭാഗം തന്നെയാണ് തൗഹീദിന് വിരുദ്ധമാകുന്ന കാര്യങ്ങളെ കുറിച്ചുള്ള പഠനവും. തൗഹീദാകുന്ന നന്മയുടെ വിരുദ്ധദിശയിൽ നിൽക്കുന്ന ശിർകെന്ന തിന്മയെ കുറിച്ച് അറിഞ്ഞില്ലെങ്കിൽ അതിൽ വീണുപോകാൻ വളരെ സാധ്യതയുണ്ട്. ശിർകിനെ കുറിച്ചും, എപ്പോഴാണ് ശിർക് സംഭവിക്കുക എന്നും, ശിർകിലേക്ക് നയിക്കുന്ന വഴികൾ ഏതെല്ലാമാണെന്നും പഠിക്കുന്നത് ഈ പറഞ്ഞതിൽ ഉൾപ്പെടും.

ശിർകിനെ കുറിച്ചുള്ള പഠനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടാൻ വിശുദ്ധ ഖുർആനിന്റെ പൊതുരീതി പരിശോധിച്ചാൽ മതിയാകും. എത്രയോ ആയത്തുകളിൽ എന്താണ് ശിർക് എന്ന് അല്ലാഹു വിശദീകരിച്ചിരിക്കുന്നു. ശിർകിന്റെ അപകടങ്ങളും, ശിർക് ചെയ്തവരുടെ ന്യായവാദങ്ങൾക്കുള്ള മറുപടികളും, വ്യത്യസ്ത കാലഘട്ടങ്ങളിലെ മുശ്‌രിക്കുകളുടെ ചരിത്രവും, അവർക്ക് ലഭിക്കാനിരിക്കുന്ന നരകശിക്ഷയെ കുറിച്ചുമെല്ലാം അല്ലാഹു ഖുർആനിൽ പലയിടത്തായി വിശദീകരിച്ചത് കാണാം. മറ്റൊരു തിന്മയെ കുറിച്ചും -വ്യഭിചാരത്തെയോ മോഷണത്തെയോ കൊലപാതകത്തെയോ കുറിച്ചൊന്നും തന്നെ- ഈ രൂപത്തിൽ അല്ലാഹു ഖുർആനിൽ വിശദീകരിച്ചതായി കാണാൻ കഴിയില്ല.

എന്താണ് ശിർക് എന്ന് ആദ്യം പഠിക്കേണ്ടതുണ്ട്. ശിർകിലേക്ക് എത്തിക്കുന്ന പ്രവർത്തനങ്ങളും വിശ്വാസങ്ങളും, ശിർകിന്റെ വകഭേദങ്ങളായ ലോകമാന്യവും (രിയാഅ്) പ്രശസ്തിയോടുള്ള ആഗ്രഹവും അതിലേക്ക് എത്തിക്കുന്ന വഴികളും മനസ്സിലാക്കേണ്ടതുണ്ട്. വാക്കിലും പ്രവൃത്തിയിലും സംഭവിക്കുന്ന ശിർകിന്റെ രൂപങ്ങളും അറിയണം. നബി -ﷺ- യുടെ കാലത്തും, അവിടുത്തേക്ക് മുൻപും മുശ്രിക്കുകൾ പറഞ്ഞിരുന്ന ന്യായവാദങ്ങളും അവർക്ക് അല്ലാഹുവിനെ കുറിച്ചുണ്ടായിരുന്ന വിശ്വാസവും പഠിക്കേണ്ടതുണ്ട്. ശിർകിനോട് ചേർന്നു നിൽക്കുന്ന വിഷയങ്ങളായ കുഫ്റും, അതിന്റെ ഇനങ്ങളും, നിഫാഖും (കപടവിശ്വാസം), നിഷേധവും (ഇൽഹാദും) ബന്ധമുള്ള മറ്റു ചില വിഷയങ്ങളാണ്.

قَالَ عُمَرُ بْنُ الخَطَّابِ: إِنَّمَا تُنْقَضُ عُرَى الإِسْلَامِ عُرْوَةً عُرْوَةً إِذَا نَشَأَ فِي الإِسْلَامِ مَنْ لَا يَعْرِفُ الجَاهِلِيَّةَ.

ഉമർ -ﷺ- പറഞ്ഞു: "ജാഹിലിയ്യത് (ഇസ്ലാമിന് മുൻപുള്ള പിഴച്ച കാലഘട്ടം) എന്താണെന്ന് അറിയാത്ത ഒരു സമൂഹം വളർന്നു വന്നാലാണ് ഇസ്ലാമിന്റെ കണ്ണികൾ ഓരോന്നോരോന്നായി അഴിഞ്ഞു പോവുക."

എത്രയോ പേർ വ്യഭിചാരവും കൊലപാതകവും മോഷണവുമെല്ലാം വൻപാപങ്ങളായി മനസ്സിലാക്കുകയും, അതിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്യുന്നു; എന്നാൽ ശിർകിനെ കുറിച്ചുള്ള അറിവില്ലായ്മ കാരണത്താൽ ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്ന പല പ്രവർത്തനങ്ങളും -ദീനിൽ പെട്ടതാണെന്ന ധാരണയിൽ- വളരെ താൽപര്യത്തോടെയും ആഗ്രഹത്തോടെയും ചെയ്യുന്നത് കാണാം. അവർക്ക് സംഭവിച്ചിരിക്കുന്ന ഗുരുതരമായ പിഴവിന്റെ കാരണമാണ് ഉമർ -ﷺ- വിന്റെ വാക്കിൽ നാം കണ്ടത്.

തൗഹീദ് പഠിക്കുക എന്നത് എത്ര മാത്രം വിശാലമായ വിശയമാണെന്ന് ബോധ്യപ്പെടുന്നതിനും, അത് പഠിക്കുന്നതിനായി തയ്യാറെടുപ്പോടെയും അതിയായ താല്പര്യത്തോടെയും മുഅ്മിനീങ്ങൾ ഒരുങ്ങുന്നതിനും വേണ്ടിയാണ് ഇത്രയും പറഞ്ഞത്. ഇവിടെ പരാമർശിക്കപ്പെട്ട ഓരോ വിഷയങ്ങളും പഠിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. (ആമീൻ).

## പ്രവർത്തിക്കേണ്ട തൗഹീദ്

പഠിച്ചറിയുന്ന തൗഹീദ് പ്രാവർത്തികമാക്കുക എന്നത് അടുത്ത ഘട്ടമാണ്. പഠിച്ചത് പ്രവർത്തിച്ചില്ലെങ്കിൽ അത് കൊണ്ട് യാതൊരു ഉപകാരവും പരലോകത്ത് ഉണ്ടാകുന്നതല്ല. തൗഹീദ് പ്രാവർത്തികമാക്കുക എന്നതിനെ മൂന്ന് ഘട്ടങ്ങളായി തിരിക്കാം.

**ഒന്ന്: തൗഹീദിന്റെ അടിത്തറ പൂർത്തീകരിക്കുക.**

അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവന് പുറമെയുള്ളവരെ ആരാധിക്കുന്നത് പൂർണ്ണമായും ഉപേക്ഷിക്കുക എന്നതാണ് തൗഹീദിന്റെ അടിത്തറ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇസ്ലാമിലേക്ക് പ്രവേശിക്കുന്ന ഏതൊരു വ്യക്തിയും ഒന്നാമതായി ഈ അടിത്തറ അംഗീകരിച്ചും പാലിച്ചും കൊണ്ടാണ് ഈ ദീനിനെ പുൽകുന്നത്.

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ

“തീർച്ചയായും ഓരോ സമുദായത്തിലും നാം റസൂലിനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ഇബാദത് ചെയ്യുകയും, ത്വാഗൂതുകളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.)” (നഹ്ൽ: 36)

രണ്ട് കാര്യങ്ങളുമായാണ് അല്ലാഹു നബിമാരെ നിയോഗിച്ചത് എന്ന് ഈ ആയത്ത് അറിയിക്കുന്നു.

**ഒന്ന്:** അല്ലാഹുവിനെ മാത്രം ആരാധിക്കുക. **രണ്ട്:** അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ ഉപേക്ഷിക്കുക.

ഈ രണ്ട് അടിസ്ഥാനങ്ങൾ തന്നെയാണ് തൗഹീദിന്റെ അടിത്തറ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ദീനിന്റെ പരപ്രധാനമായ അടിസ്ഥാനമാണിത്. ഇക്കാര്യത്തിൽ സംഭവിക്കുന്ന അബദ്ധം ദീനിൽ ഒരാളെ ബാധിക്കാവുന്ന ഏറ്റവും ഗുരുതരമായ പിഴവാണ്.

അല്ലാഹുവിനെ ആരാധിക്കുന്നത് ആരെങ്കിലും ഉപേക്ഷിക്കുകയോ, അല്ലാഹുവല്ലാത്തവർക്ക് ആരാധന നൽകുന്നത് അനുവദനീയമാണെന്ന് വിശ്വസിക്കുകയോ, അവന് പുറമെയുള്ളവർക്ക് ആരാധനകളിൽ ഏതെങ്കിലും ചിലത് സമർപ്പിക്കുകയോ ചെയ്താൽ അതോടെ അയാൾ ഇസ്‌ലാമിൽ നിന്ന് പുറത്തു പോയിരിക്കുന്നു.

തൗഹീദിന്റെ ഈ അടിസ്ഥാനം പൂർത്തീകരിച്ചവർക്കുള്ള പ്രതിഫലം മഹത്തരമാണ്. അവർ ഒരിക്കലും നരകത്തിൽ ശാശ്വതരാകില്ല എന്നതാണത്. തൗഹീദിന്റെ ഈ അടിത്തറയെ നശിപ്പിക്കുന്ന ശിർകോ (ബഹുദൈവാരാധന) കുഫ്റോ (നിഷേധം) പോലുള്ളതിൽ താഴെയുള്ള തിന്മകൾ അവർ ചെയ്തിട്ടുണ്ടെങ്കിൽ ഒന്നല്ലെങ്കിൽ അല്ലാഹു അവർക്ക് പൊറുത്തു നൽകിയേക്കാം -റഹ്മാനായ റബ്ബ് അവന്റെ കാരുണ്യം നമുക്ക് മേൽ വർഷിക്കട്ടെ-. അല്ലെങ്കിൽ അവരെ നിശ്ചിത കാലാവധി വരെ നരകത്തിൽ ശിക്ഷിച്ചതിന് ശേഷം പിന്നീട് അവന്റെ കാരുണ്യത്താൽ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്. -അല്ലാഹു നാമേവരെയും നരകത്തിൽ നിന്ന് കാത്തുരക്ഷിക്കട്ടെ-.

عَنْ أَنَسٍ، عَنِ النَّبِيِّ -ﷺ- قَالَ: «**يَخْرُجُ مِنَ النَّارِ مَنْ قَالَ لاَ إِلَهَ إِلَّا اللَّـهُ، وَفِي قَلْبِهِ وَزْنُ شَعِيرَةٍ مِنْ خَيْرٍ، وَيَخْرُجُ مِنَ النَّارِ مَنْ قَالَ لاَ إِلَهَ إِلَّا اللَّـهُ، وَفِي قَلْبِهِ وَزْنُ بُرَّةٍ مِنْ خَيْرٍ، وَيَخْرُجُ مِنَ النَّارِ مَنْ قَالَ لاَ إِلَهَ إِلَّا اللَّـهُ، وَفِي قَلْبِهِ وَزْنُ ذَرَّةٍ مِنْ خَيْرٍ**»

അനസ് -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: "ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞവർ നരകത്തിൽ നിന്ന് പുറത്തു വരുന്നതാണ്; അവന്റെ ഹൃദയത്തിൽ ഒരു ഗോതമ്പ് മണിയോളം നന്മയെങ്കിലും ഉണ്ടെങ്കിൽ. ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞവർ നരകത്തിൽ നിന്ന് പുറത്തു വരുന്നതാണ്; അവന്റെ ഹൃദയത്തിൽ ഒരു ചോളമണിയോളം നന്മയുണ്ടെങ്കിൽ. ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞവർ നരകത്തിൽ നിന്ന് പുറത്തു വരുന്നതാണ്; അവന്റെ ഹൃദയത്തിൽ ഒരു ചെറിയ ഉറുമ്പിനോളം നന്മയുണ്ടെങ്കിൽ." (ബുഖാരി: 44, മുസ്ലിം: 193)

തൗഹീദിന്റെ അടിത്തറയെ കുറിച്ചാണ് ഈ ഹദീഥിൽ പരാമർശിച്ചിരിക്കുന്നത് എന്നതിൽ സംശയമില്ല. ശിർക് ചെയ്തവർ നരകത്തിൽ ശാശ്വതരാണെന്ന് ഖുർആനിൽ വ്യക്തമായി വന്നിട്ടുണ്ട്. എന്നാൽ ശിർകിൽ താഴെയുള്ള തിന്മ ചെയ്തവർ -തൗഹീദിന്റെ അടിസ്ഥാനം അവർ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ- അവർ നരകത്തിൽ പ്രവേശിച്ചാലും -എന്നെങ്കിലുമൊരിക്കൽ- സ്വർഗത്തിൽ പ്രവേശിക്കുന്നതാണ് എന്ന് ഈ ഹദീഥ് ബോധ്യപ്പെടുത്തുന്നു.

തൗഹീദിന്റെ ഈ അടിത്തറ ശരിയായാൽ അതോടെ അവസാനിക്കുന്നില്ല തൗഹീദുമായുള്ള ബന്ധം. മറിച്ച് ഈ ഘട്ടം പൂർത്തീകരിച്ച ശേഷം തൗഹീദിനെ വളർത്തുകയും പരിപോശിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ഒരു വടവൃക്ഷം അതിന്റെ വേരിൽ നിന്ന് വളർന്നുയർന്നതു പോലെ, തൗഹീദ് അതിന്റെ ശാഖകളും ഫലങ്ങളുമായി ഉയർന്നു നിൽക്കണം. അതാണ് തൗഹീദിന്റെ പ്രാവർത്തികരൂപം മൂന്ന് ഘട്ടങ്ങളാണെന്ന് തുടക്കത്തിൽ നാം പറഞ്ഞു വെച്ചത്.

**<u>രണ്ട്: നിർബന്ധമായ തൗഹീദ് പൂർത്തീകരിക്കുക.</u>**

അല്ലാഹു നിർബന്ധമാക്കിയ കൽപ്പനകൾ പ്രവർത്തിക്കുകയും, അവൻ നിഷിദ്ധമാക്കിയ (ഹറാമായ) കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുക എന്നതാണ് നിർബന്ധമായ തൗഹീദ് (التَّوْحِيدُ الوَاجِبُ) എന്നതിന്റെ ഉദ്ദേശം.

അഞ്ചു നേരത്തെ നിസ്കാരവും സകാത്തും റമദാനിലെ നോമ്പുമെല്ലാം നിർബന്ധമായ കൽപ്പനകളിൽ പെട്ടതാണ്; അവയെല്ലാം അല്ലാഹു കൽപ്പിച്ചതു പോലെ പ്രാവർത്തികമാക്കുക. നിഷിദ്ധമാക്കിയ (ഹറാമായ) കാര്യങ്ങളിൽ പെട്ടതാണ് വ്യഭിചാരവും കൊലപാതകവും മോഷണവും പരദൂഷണവും പോലുള്ള തിന്മകൾ. അവ പൂർണ്ണമായും ഉപേക്ഷിക്കുക. ഇതോടെ നിർബന്ധമായ തൗഹീദ് പൂർത്തിയായിരിക്കുന്നു.

തൗഹീദിന്റെ ഈ ഘട്ടം നിറവേറ്റിയവർക്കുള്ള പ്രതിഫലം അതി മഹത്തരമായ സ്വർഗമാണ്. അയാൾ ഒരിക്കലും നരകത്തിൽ പ്രവേശിക്കപ്പെടുകയില്ല. നരകത്തിൽ കടക്കേണ്ടി വരില്ല എന്ന നിർഭയത്വം അന്ത്യനാളിൽ അല്ലാഹു അയാൾക്ക് നൽകുന്നതാണ്.

عَنْ طَلْحَةَ بْنَ عُبَيْدِ اللَّـهِ قَالَ: جَاءَ رَجُلٌ إِلَى رَسُولِ اللَّـهِ -ﷺ- مِنْ أَهْلِ نَجْدٍ ثَائِرَ الرَّأْسِ، يُسْمَعُ دَوِيُّ صَوْتِهِ وَلاَ يُفْقَهُ مَا يَقُولُ، حَتَّى دَنَا، فَإِذَا هُوَ يَسْأَلُ عَنِ الإِسْلاَمِ، فَقَالَ رَسُولُ اللَّـهِ -ﷺ-: «**خَمْسُ صَلَوَاتٍ فِي اليَوْمِ وَاللَّيْلَةِ**» فَقَالَ: هَلْ عَلَيَّ غَيْرُهَا؟ قَالَ: «**لاَ، إِلَّا أَنْ تَطَوَّعَ**» قَالَ رَسُولُ اللَّـهِ -ﷺ-: «**وَصِيَامُ رَمَضَانَ**» قَالَ: هَلْ عَلَيَّ غَيْرُهُ؟ قَالَ: «**لاَ، إِلَّا أَنْ تَطَوَّعَ**» قَالَ: وَذَكَرَ لَهُ رَسُولُ اللَّـهِ -ﷺ- الزَّكَاةَ، قَالَ: هَلْ عَلَيَّ غَيْرُهَا؟ قَالَ: «**لاَ، إِلَّا أَنْ تَطَوَّعَ**» قَالَ: فَأَدْبَرَ الرَّجُلُ وَهُوَ يَقُولُ: وَاللَّـهِ لاَ أَزِيدُ عَلَى هَذَا وَلاَ أَنْقُصُ، قَالَ رَسُولُ اللَّـهِ -ﷺ-: «**أَفْلَحَ إِنْ صَدَقَ**»

ഒരിക്കൽ നബി -ﷺ- യുടെ അരികിൽ ഒരു മനുഷ്യൻ വന്നു. ഇസ്‌ലാമിനെ കുറിച്ച് അയാൾ ചോദിച്ചറിഞ്ഞു. നിർബന്ധ നിസ്കാരവും സകാത്തും നോമ്പുമെല്ലാം നബി -ﷺ- അയാൾക്ക് പറഞ്ഞു കൊടുത്തു. ഉദ്ദേശിക്കുന്നെങ്കിൽ സുന്നത്തായ കർമ്മങ്ങൾ പ്രവർത്തിക്കാം എന്നോർമ്മപ്പെടുത്തി. തിരിച്ചു പോകുമ്പോൾ അയാൾ പറഞ്ഞു കൊണ്ടിരുന്നു: "ഈ പറഞ്ഞതിൽ ഞാൻ അധികരിപ്പിക്കുകയോ കുറക്കുകയോ ഇല്ല." അയാളെ നോക്കിക്കൊണ്ട് നബി -ﷺ- പറഞ്ഞു: "അവൻ സത്യമാണ് പറഞ്ഞതെങ്കിൽ വിജയിച്ചിരിക്കുന്നു." (ബുഖാരി: 46, മുസ്‌ലിം: 11 [ആശയവിവർത്തനം])

നിർബന്ധ കർമ്മങ്ങൾ പ്രവർത്തിക്കുകയും, നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്താൽ ഒരാൾ വിജയിച്ചിരിക്കുന്നു എന്ന് നബി -ﷺ- പറഞ്ഞതിൽ നിന്ന് അയാൾക്ക് സ്വർഗം ലഭിക്കും എന്ന് മനസ്സിലാക്കാവുന്നതാണ്. അതോടൊപ്പം നരകത്തിൽ അയാൾ തീർത്തും പ്രവേശിക്കുന്നതല്ലെന്നും മനസ്സിലാക്കാം; കാരണം നരകത്തിൽ പ്രവേശിക്കപ്പെട്ടാൽ അത് പൂർണ്ണവിജയമാണെന്ന് പറയുക സാധ്യമല്ലല്ലോ?

ഖുർആനിൽ പലയിടത്തും സ്വർഗപ്രവേശനത്തെ കുറിച്ച് വിജയം എന്ന് വിശേഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു പറയുന്നു:

فَمَن زُحْزِحَ عَنِ النَّارِ وَأُدْخِلَ الْجَنَّةَ فَقَدْ فَازَ

"ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്." (ആലു ഇംറാൻ: 185)

നിർബന്ധമായ തൗഹീദ് പൂർത്തീകരിച്ചാലും തൗഹീദ് അവസാനിക്കുന്നില്ല. മൂന്നാമത്തെയും അവസാനത്തെയും ഘട്ടം തൗഹീദിന്റെ സമ്പൂർണ്ണമായ പൂർത്തീകരണമാണ്.

**<u>മൂന്ന്: സുന്നത്തായ തൗഹീദ് പൂർത്തീകരിക്കുക.</u>**

മേലെ വിശദീകരിച്ച നിർബന്ധമായ തൗഹീദ് പൂർത്തീകരിച്ചതിനൊപ്പം സുന്നത്തായ കർമ്മങ്ങൾ ഒരാൾ പ്രാവർത്തികമാക്കുകയും, അതിൽ ശക്തമായി പരിശ്രമിക്കുകയും, ഇസ്ലാം നിരുത്സാഹപ്പെടുത്തിയ (മക്രൂഹായ) കാര്യങ്ങൾ ഉപേക്ഷിക്കുകയും, അല്ലാഹുവിനോടുള്ള അയാളുടെ ഭരമേൽപ്പിക്കൽ അങ്ങേയറ്റം പൂർണ്ണമാവുകയും ചെയ്താൽ അത് സുന്നത്തായ (ഐഛികമായ) തൗഹീദിന്റെ (التَّوْحِيدُ المُسْتَحَبُّ) പൂർത്തീകരണമാണ്.

ഈ പറഞ്ഞത് പൂർത്തീകരിക്കാൻ ശക്തമായ പരിശ്രമം ആവശ്യമാണ്. തൗഹീദിന്റെ ഈ ഘട്ടത്തിലേക്ക് ഒരാൾ എത്തുന്നതോടെ അവൻ അല്ലാഹുവിന്റെ പരിപൂർണ്ണ അടിമയായി മാറുന്നത് കാണാം. അയാളുടെ ഹൃദയം അല്ലാഹുവിൽ മാത്രം ഭരമേൽപ്പിക്കുകയും, അവന്റെ കൽപ്പനകൾ ഒന്നു പോലും വിട്ടൊഴിയാതെ നിറവേറ്റാൻ അയാൾ ശ്രമിക്കുകയും ചെയ്യുന്നത് കാണാം.

സുന്നത്തായ തൗഹീദ് പൂർത്തീകരിച്ചവർക്കുള്ള പ്രതിഫലമാകട്ടെ, സമാനതകളില്ലാത്തതാണ്.

عَنْ ابْنِ عَبَّاسٍ: أَنَّ رَسُولَ اللَّـهِ -ﷺ- قَالَ: «**يَدْخُلُ الجَنَّةَ مِنْ أُمَّتِي سَبْعُونَ أَلْفًا بِغَيْرِ حِسَابٍ، هُمُ الَّذِينَ لاَ يَسْتَرْقُونَ، وَلاَ يَتَطَيَّرُونَ، وَعَلَى رَبِّهِمْ يَتَوَكَّلُونَ**»

ഇബ്നു അബ്ബാസ് -رضي الله عنهما- നിവേദനം: നബി -ﷺ- പറഞ്ഞു: 'എന്റെ ഉമ്മത്തിൽ നിന്ന് എഴുപതിനായിരം പേർ വിചാരണയോ ശിക്ഷയോ കൂടാതെ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. (തനിക്ക് വേണ്ടി) മന്ത്രിച്ചു തരാൻ (മറ്റുള്ളവരോട്) ആവശ്യപ്പെടുകയോ, ശകുനം നോക്കുകയോ ചെയ്യാത്ത, തങ്ങളുടെ റബ്ബായ അല്ലാഹുവിൽ ഭരമേൽപ്പിച്ചവരാണ് അവർ." (ബുഖാരി: 6472)

അന്ത്യനാളിൽ സ്വർഗത്തിൽ ഉന്നതമായ പദവി ലഭിക്കുക എന്നതിനെല്ലാം പുറമെ, മനുഷ്യരെല്ലാം അല്ലാഹുവിന്റെ വിചാരണയെ

ഭയക്കുന്ന വേളയിൽ യാതൊരു വിചാരണയോ എന്തെങ്കിലുമൊരു ശിക്ഷയോ ഭയപ്പെടേണ്ടതില്ലാതെ പരിപൂർണ്ണ നിർഭയത്വത്തോടെ അവർ സ്വർഗത്തിലേക്ക് ആനയിക്കപ്പെടുന്നതാണ്. മഹത്തരമായ ആ പ്രതിഫലം ലഭിക്കുന്ന ഭാഗ്യവാന്മാരിൽ അല്ലാഹു നാമേവരെയും ഉൾപ്പെടുത്തട്ടെ. (ആമീൻ)

തൗഹീദിന്റെ പ്രധാനപ്പെട്ട മൂന്ന് ഘട്ടങ്ങളെ കുറിച്ചാണ് നാം ചുരുങ്ങിയ രൂപത്തിൽ ഇവിടെ വിവരിച്ചത്. തൗഹീദിന്റെ വിശാലതയും, ദീൻ മുഴുവൻ തൗഹീദിൽ ഉൾപ്പെടുന്നുവെന്നും ബോധ്യമാകുന്നതിനാണ് ഇത്രയും എഴുതിയത്. തൗഹീദിന്റെ ഈ ഓരോ ഘട്ടവും വിശദമായ വിശദീകരണം ആവശ്യമുള്ള കാര്യങ്ങളാണ്.

# തൗഹീദ്; രണ്ട് സ്തംഭങ്ങൾ

അല്ലാഹുവിന് മാത്രം അർഹതപ്പെട്ട കാര്യങ്ങളിൽ അവനെ ഏകനാക്കുക എന്നതാണല്ലോ തൗഹീദിന്റെ ഉദ്ദേശം. അല്ലാഹുവിന്റെ ഏകത്വം ഒരാൾ പ്രഖ്യാപിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നതോടൊപ്പം, അവന്റെ ഏകത്വത്തിന് വിരുദ്ധമാകുന്ന കാര്യങ്ങളെ അവൻ തള്ളിപ്പറയുകയും നിഷേധിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ രണ്ട് കാര്യങ്ങൾ -അതായത് ഏകത്വം സ്ഥിരീകരിക്കലും, അതിന് വിരുദ്ധമായത് നിഷേധിക്കലും- തൗഹീദിന്റെ ഏറ്റവും ഗൗരവപ്പെട്ട രണ്ട് സ്തംഭങ്ങളാണ്.

ഉദാഹരണത്തിന് അല്ലാഹു മാത്രമാണ് എന്നെ സൃഷ്ടിച്ചതെന്നും, അവൻ മാത്രമാണ് എന്റെ ഉടമസ്ഥനെന്നും അംഗീകരിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്ന വ്യക്തി അതിന് വിരുദ്ധമാകുന്ന എല്ലാ കാര്യത്തെയും നിഷേധിക്കുന്നവനായിരിക്കണം. അല്ലാഹു മാത്രമാണ് എന്റെ റബ്ബ് എന്ന് പറയുമ്പോൾ, അവന് പുറമെ ഒരാളും എന്റെ റബ്ബല്ല എന്ന നിഷേധം കൂടി ഒപ്പമുണ്ടായിരിക്കണം എന്ന് ചുരുക്കം.

അല്ലാഹു മാത്രമാണ് എന്റെ ആരാധ്യനെന്നും, അവനെ മാത്രമേ ഞാൻ ആരാധിക്കുകയുള്ളൂ എന്നും ഒരാൾ വിശ്വസിക്കുന്നുണ്ടെങ്കിൽ സ്വാഭാവികമായും അവന്റെ ഈ വിശ്വാസത്തിന് എതിരാകുന്ന സർവ്വതിനെയും അവൻ നിഷേധിച്ചിരിക്കണം. അല്ലാഹുവിന് പുറമെ ആരാധന നൽകപ്പെടുന്ന വസ്തുക്കൾ അതിന് അർഹരല്ലെന്നും, അല്ലാഹുവല്ലാത്ത ഒരാളെ ആരാധിക്കുന്നത് എന്റെ വിശ്വാസത്തിന് കടകവിരുദ്ധമാണെന്ന ബോധ്യവും അവനുണ്ടായിരിക്കണം.

ഈ രണ്ട് അടിത്തറകളെ പണ്ഡിതന്മാർ തൗഹീദിന്റെ സ്തംഭങ്ങളാണ് എന്ന് വിശേഷിപ്പിച്ചത് കാണാം. ഒന്നാമത്തെ അടിസ്ഥാനം അല്ലാഹുവിന്റെ ഏകത്വം സ്ഥിരീകരിക്കലാണെങ്കിൽ (إِثْبَاتُ الوَحْدَانِيَّةِ), രണ്ടാമത്തെ അടിസ്ഥാനം അതിന് വിരുദ്ധമാകുന്ന സർവ്വതിനെയും നിഷേധിക്കലാണ് (نَفْيُ التَّشْرِيكِ). ഇവ രണ്ടും കൂടിച്ചേരുമ്പോൾ മാത്രമേ തൗഹീദ് ശരിയാവുകയുള്ളൂ.

ഇസ്‌ലാമിലേക്ക് പ്രവേശിക്കുമ്പോൾ തന്നെ അല്ലാഹു ഈ രണ്ട് അടിസ്ഥാനങ്ങളെ കുറിച്ച് ഓരോ വ്യക്തിയെയും ഓർമ്മപ്പെടുത്തുന്നുണ്ട്. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന ശഹാദത് കലിമയിലൂടെയാണത്.

തൗഹീദിന്റെ ഈ വാചകം തുടങ്ങുന്നത് സർവ്വ ആരാധ്യന്മാരെയും നിഷേധിച്ചു കൊണ്ടും, തള്ളിപ്പറഞ്ഞു കൊണ്ടുമാണ്. 'ലാ ഇലാഹ' (لَا إِلَٰهَ) എന്ന വാക്കിന്റെ അർത്ഥം ഒരു ആരാധ്യനുമില്ലെന്നാണ്. അല്ലാഹുവിന് പുറമെയുള്ള സർവ്വ ആരാധന്മാരെയും തള്ളിപ്പറയുകയാണ് ഈ വാക്കുകളിലൂടെ. ശേഷം 'ഇല്ലല്ലാഹ്' (إِلَّا اللَّـهُ) എന്ന വാക്കിലൂടെ അല്ലാഹു മാത്രമേ ആരാധ്യനായുള്ളൂ എന്ന ഏകത്വം സ്ഥിരീകരിക്കുകയും ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു.

ഖുർആനിൽ ധാരാളം ആയത്തുകളിൽ നിഷേധവും സ്ഥിരീകരണവും ഒരുമിച്ചു ചേരുന്ന ഈ രീതി ആവർത്തിക്കപ്പെട്ടതായി കാണാം. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

അല്ലാഹു പറയുന്നു:

فَمَن يَكْفُرْ بِالطَّاغُوتِ وَيُؤْمِن بِاللَّـهِ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَىٰ لَا انفِصَامَ لَهَا

"ആരെങ്കിലും (അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന) 'ത്വാഗൂതു'കളെ നിഷേധിക്കുകയും, അല്ലാഹുവിൽ മാത്രം വിശ്വസിക്കുകയും ചെയ്താൽ അവൻ ഉറപ്പുള്ള പാശത്തിൽ മുറുകെ പിടിച്ചിരിക്കുന്നു. അത് പൊട്ടിപ്പോകുന്നതല്ല." (ബഖറ: 256)

രണ്ട് കാര്യങ്ങൾ പ്രാവർത്തികമാക്കിയാൽ അവൻ ഉറപ്പുള്ള പാശത്തിൽ -അതായത് ഇസ്‌ലാം ദീനിൽ- മുറുകെ പിടിച്ചിരിക്കുന്നു എന്നാണ് ഈ ആയത്തിൽ അല്ലാഹു അറിയിച്ചിരിക്കുന്നത്. ഒന്നാമത്തെ കാര്യം അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന ത്വാഗൂതുകളെ നിഷേധിക്കുക എന്നതാണെങ്കിൽ, രണ്ടാമത്തെ കാര്യം അല്ലാഹുവിൽ മാത്രം വിശ്വസിക്കലാണ്.

അല്ലാഹു പറയുന്നു:

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّـهَ وَاجْتَنِبُوا الطَّاغُوتَ

"തീർച്ചയായും എല്ലാ ജനതയിലേക്കും നാം റസൂലുകളെ അയച്ചിരിക്കുന്നു; നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, (അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന) 'ത്വാഗൂതു'കളെ വെടി

യുകയും ചെയ്യൂ (എന്ന് പറഞ്ഞു കൊണ്ട്)." (നഹ്ൽ: 36)

അല്ലാഹു എല്ലാ ജനതകളിലേക്കും നബിമാരെ അയച്ചത് രണ്ട് കാര്യങ്ങൾ കൊണ്ടാണെന്ന് ഈ ആയത്ത് അറിയിക്കുന്നു. ഒന്ന്: അല്ലാഹുവിനെ മാത്രം ആരാധിക്കലാണ്. രണ്ട്: അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ ഉപേക്ഷിക്കലാണ്.

നബിമാരെല്ലാം ആദ്യം ക്ഷണിച്ചത് തൗഹീദിലേക്കാണെന്ന് നമുക്കറിയാം; അവർ പറഞ്ഞ തൗഹീദ് ഈ രണ്ട് അടിത്തറകളായിരുന്നു ഉൾക്കൊണ്ടിരുന്നത് എന്ന് ഈ ആയതിലൂടെ നമുക്ക് ബോധ്യപ്പെടുകയും ചെയ്യുന്നു.

അല്ലാഹു പറയുന്നു:

يَاقَوْمِ اعْبُدُوا اللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُ

"എന്റെ ജനങ്ങളേ! നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവന് പുറമെ നിങ്ങൾക്ക് ഒരു ആരാധ്യനുമില്ല." (അഅ്റാഫ്: 59)

നബിമാരിൽ പലരും ഒരു പോലെ പറഞ്ഞതായി അല്ലാഹു അറിയിച്ച വാക്കുകളാണ് മേലെയുള്ള ആയത്തിലുള്ളത്. നൂഹ് നബിയും -عليه السلام-, ഹൂദ് നബിയും -عليه السلام-, സ്വാലിഹ് നബിയും -عليه السلام-, ശുഐബ് നബിയും -عليه السلام- ഇതേ വാക്കുകൾ തന്നെ യാതൊരു മാറ്റവുമില്ലാതെ പറഞ്ഞതായി ഖുർആനിലെ അവരുടെ ചരിത്രവിവരണങ്ങളിൽ കാണാം.

ശ്രദ്ധിച്ചു വായിച്ചാൽ നാം മനസ്സിലാക്കിയ തൗഹീദിന്റെ രണ്ട് അടിസ്ഥാനങ്ങൾ ഇവയിലും കാണാം. 'നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കൂ' എന്ന കൽപ്പന അല്ലാഹുവിന്റെ ഏകത്വം സ്ഥിരീകരിക്കാനും, 'അവന് പുറമെ മറ്റൊരു ആരാധ്യനും നിങ്ങൾക്കില്ല' എന്ന വാക്കുകൾ അവന്റെ ഏകത്വത്തിന് വിരുദ്ധമാകുന്ന കാര്യങ്ങളെ നിഷേധിക്കാനും ഓർമ്മപ്പെടുത്തുന്നു.

അല്ലാഹു പറയുന്നു:

وَإِذْ قَالَ إِبْرَاهِيمُ لِأَبِيهِ وَقَوْمِهِ إِنَّنِي بَرَاءٌ مِّمَّا تَعْبُدُونَ ﴿٢٦﴾ إِلَّا الَّذِي فَطَرَنِي فَإِنَّهُ سَيَهْدِينِ ﴿٢٧﴾

"ഇബ്രാഹീം തന്റെ പിതാവിനോടും തന്റെ ജനങ്ങളോടും പറ

ഞ്ഞ സന്ദർഭം; ഞാൻ നിങ്ങൾ ആരാധിക്കുന്നവയിൽ നിന്നെല്ലാം ഒഴിവാകുന്നു; എന്നെ സൃഷ്ടിച്ചവനൊഴികെ. അവൻ എനിക്ക് നേർ വഴി കാണിക്കുന്നതാണ്." (സുഖ്റുഫ്: 26-27)

തൗഹീദീ മാർഗത്തിന്റെ നേതാവായ ഇബ്രാഹീം നബി -ﷺ- തന്റെ ജനങ്ങളോട് രണ്ട് കാര്യങ്ങൾ പറഞ്ഞതായി ഈ ആയത്ത് നമ്മെ ബോധ്യപ്പെടുത്തുന്നു.

ഒന്ന്: നിങ്ങൾ ആരാധിക്കുന്നവയിൽ നിന്ന് ഞാൻ ഒഴിവാണ്; അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുക എന്ന തൗഹീദിന്റെ ഒന്നാമത്തെ സ്തംഭമാണ് അതിലുള്ളത്.

രണ്ട്: എന്നെ സൃഷ്ടിച്ചവനായ അല്ലാഹുവിൽ നിന്ന് ഞാൻ ഒഴിവല്ല; മറിച്ച് അവനെ മാത്രമേ ഞാൻ ആരാധിക്കുകയുള്ളൂ. അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന തൗഹീദിന്റെ രണ്ടാമത്തെ അടിസ്ഥാനമാണ് അതിലുള്ളത്.

അല്ലാഹു പറയുന്നു:

قَالَ أَفَرَأَيْتُم مَّا كُنتُمْ تَعْبُدُونَ ﴿٧٥﴾ أَنتُمْ وَآبَاؤُكُمُ الْأَقْدَمُونَ ﴿٧٦﴾ فَإِنَّهُمْ عَدُوٌّ لِّي إِلَّا رَبَّ الْعَالَمِينَ ﴿٧٧﴾

"ഇബ്രാഹീം പറഞ്ഞു: "നിങ്ങൾ അപ്പോൾ നിങ്ങൾ ആരാധിച്ചു കൊണ്ടിരിക്കുന്നത് എന്തിനെയാണെന്ന് നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളും നിങ്ങളുടെ പൂർവ്വപിതാക്കളും (ആരാധിക്കുന്നവ); അവയെല്ലാം എന്റെ ശത്രുക്കളാകുന്നു ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹു ഒഴികെ" (ശുഅറാഅ്: 75-77)

ഇബ്രാഹീം നബി -ﷺ- യുടെ തന്നെ ചരിത്രത്തിൽ നിന്ന് അല്ലാഹു പ്രാധാന്യത്തോടെ ഓർമ്മപ്പെടുത്തിയ മറ്റൊരു ഉപദേശമാണ് ഈ ആയത്തുകളിലും ഉള്ളത്. 'നിങ്ങളും നിങ്ങളുടെ പിതാക്കളും ആരാധിക്കുന്നവയെല്ലാം എന്റെ ശത്രുക്കളാകുന്നു' എന്ന പ്രഖ്യാപനം അല്ലാഹുവിന് പുറമെയുള്ള ആരാധ്യവസ്തുക്കളോടുള്ള കടുത്ത നിഷേധത്തെയാണ് അറിയിക്കുന്നത് എങ്കിൽ തൊട്ടടുത്ത വചനം 'ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിനുള്ള ആരാധന' അന്നസിഗ്ധമായി സ്ഥാപിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു.

ഈ രണ്ട് അടിസ്ഥാനങ്ങളും വിശദമായി ഗ്രഹിക്കുകയും, മനസ്സിൽ ഉറപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കാരണം ഇവ രണ്ടും തീർ

ത്തും പരസ്പരപൂരകങ്ങളാണ്. ഇതിൽ ഏതെങ്കിലും ഒന്ന് ഇല്ലാതെ യായാൽ അടുത്ത പകുതിയും ഇല്ലാതെയാകും. ചുരുങ്ങിയ രൂപ ത്തിൽ ഇവയെ കുറിച്ച് താഴെ വിവരിക്കാം.

## തൗഹീദ്; നിഷേധിക്കേണ്ടതെന്ത്?

അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതിന്റെ മറുവശമാ ണ് അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുക എന്നത്. ഒരാൾ സത്യവാനാകണമെങ്കിൽ കളവ് ഉപേക്ഷിക്കണം എന്നതു പോലെ, അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന തൗ ഹീദ് പൂർത്തീകരിക്കണമെങ്കിൽ അതിന് വിരുദ്ധമായത് തള്ളിപ്പറ യുകയും ഉപേക്ഷിക്കുകയും വേണം. ഇസ്‌ലാമിന്റെ അടിസ്ഥാനമാ യി ഇക്കാര്യം അനേകം തെളിവുകളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

നബി -ﷺ- യുടെ മതവിശ്വാസത്തെ കുറിച്ച് സംശയങ്ങൾ ഉന്ന യിക്കുന്നവർക്ക് മറുപടി നൽകാൻ കൽപ്പിച്ചു കൊണ്ട് അല്ലാഹു ഖുർആനിൽ പറഞ്ഞതു നോക്കൂ:

قُلْ يَا أَيُّهَا النَّاسُ إِن كُنتُمْ فِي شَكٍّ مِّن دِينِي فَلَا أَعْبُدُ الَّذِينَ تَعْبُدُونَ مِن دُونِ اللَّـهِ وَلَـٰكِنْ أَعْبُدُ اللَّـهَ الَّذِي يَتَوَفَّاكُمْ

“പറയുക: ജനങ്ങളേ, എന്റെ മതത്തെ (ഇസ്‌ലാമിനെ) സംബ ന്ധിച്ച് നിങ്ങൾ സംശയത്തിലാണെങ്കിൽ (മനസ്സിലാക്കുക;) അല്ലാ ഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവരെ ഞാൻ ആരാധിക്കു കയില്ല. എന്നാൽ ഞാൻ ആരാധിക്കുന്നത് നിങ്ങളെ മരിപ്പിക്കുന്നവ നായ അല്ലാഹുവിനെ മാത്രമാകുന്നു.” (യൂനുസ്: 104)

‘നിങ്ങൾ അല്ലാഹുവിന് പുറമെ നിശ്ചയിച്ചുണ്ടാക്കിയിരിക്കുന്ന ആരാധ്യവസ്തുക്കളെയൊന്നും ഒരിക്കലും ഞാൻ ആരാധിക്കുക യില്ല’ എന്ന കൃത്യമായ പ്രഖ്യാപനത്തോടെയാണ് ഇസ്‌ലാമിനെ കു റിച്ചുള്ള വിശദീകരണം നബി -ﷺ- ആരംഭിച്ചിരിക്കുന്നത് എന്ന കാ ര്യം ശ്രദ്ധിക്കുക. അല്ലാഹുവിന് പുറമെയുള്ള ആരാധ്യന്മാരെ തള്ളി പ്പറയുകയും നിഷേധിക്കുകയും, അല്ലാഹുവിനെ മാത്രമേ ഞാൻ ആരാധിക്കുകയുള്ളൂ എന്ന് സ്ഥിരീകരിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നത് ഇസ്‌ലാമിന്റെ ഏറ്റവും പ്രാഥമികമായ വിശദീകരണമാ ണെന്ന് ഈ ആയത്ത് നമ്മെ ബോധ്യപ്പെടുത്തുന്നു.

സമാനമായ ധാരാളം ആയത്തുകൾ വേറെയും ഖുർആനിലുണ്ട്.

അല്ലാഹു പറയുന്നു:

ذَٰلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ هُوَ الْبَاطِلُ

"അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് 'ഹഖ്' ആയുള്ള വൻ. അവനു പുറമെ അവർ ഏതൊന്നിനെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ അതുതന്നെയാണ് 'ബാത്വിൽ'." (ഹജ്ജ്: 62)

ഈ ആയത്തിൽ അല്ലാഹുവിനെ കുറിച്ച് ഹഖ് (الحَقُّ) എന്നും, അവന് പുറമെ ആരാധിക്കപ്പെടുന്നവയെ 'ബാത്വിൽ' (البَاطِلُ) എന്നുമാണ് അല്ലാഹു വിശേഷിപ്പിച്ചത്. "അതായത് അല്ലാഹുവാകുന്നു ഹഖായ 'യഥാർഥ' ആരാധ്യൻ. അവനെയല്ലാതെ മറ്റാരെയും ആരാധിക്കുക എന്നത് അർഹമോ അനുയോജ്യമോ അല്ല. അല്ലാഹുവിന് പുറമെ ബഹുദൈവാരാധകർ ആരാധിക്കുന്ന വിഗ്രഹങ്ങളും ആരാധ്യവസ്തുക്കളുമെല്ലാം ബാത്വിൽ ആണ്; അതായത് നിരർത്ഥകമാണ്. അവ യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യുന്നതല്ല." ഇതാണ് ആയത്തിന്റെ ഉദ്ദേശം. (തഫ്സീറുൽ മുയസ്സർ: 339)

നബി -ﷺ- യുടെ ഹദീഥുകളിലും സമാനമായ വിശദീകരണങ്ങൾ ആവർത്തിച്ചു വന്നിട്ടുണ്ട്.

عَنِ ابْنِ عُمَرَ، عَنِ النَّبِيِّ -ﷺ- قَالَ: «بُنِيَ الْإِسْلَامُ عَلَى خَمْسٍ، عَلَى أَنْ يُعْبَدَ اللَّهُ، وَيُكْفَرَ بِمَا دُونَهُ...»

ഇബ്നു ഉമർ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "ഇസ്ലാം പടുത്തുയർത്തപ്പെട്ടിരിക്കുന്നത് അഞ്ച് കാര്യങ്ങൾക്ക് മേലാണ്. അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, അവന് പുറമെയുള്ളവയെ നിഷേധിക്കുകയും ചെയ്യുക..." (മുസ്ലിം: 20)

അഞ്ച് ഇസ്ലാം കാര്യങ്ങൾ എണ്ണിപ്പറയുന്ന, നബി -ﷺ- യുടെ പ്രസിദ്ധമായ ഹദീഥിന്റെ നിവേദനങ്ങളിൽ ഒന്നാണിത്. അഞ്ചു നേരത്തെ നിസ്കാരവും, നിർബന്ധമായും നൽകേണ്ട സകാതും, റമദാനിലെ നോമ്പും, സാധിക്കുന്നവരുടെ മേൽ ബാധ്യതയായ ഹജ്ജും ഓർമ്മപ്പെടുത്തുന്നതിന് മുൻപ് നബി -ﷺ- ഇസ്ലാമിന്റെ ആദ്യത്തെ സ്തംഭമായി എണ്ണിയത് നാം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുന്ന തൗഹീദിന്റെ രണ്ട് സ്തംഭങ്ങളാണെന്ന കാര്യം ശ്രദ്ധിക്കുക.

മറ്റൊരു ഹദീഥ് കൂടി ശ്രദ്ധിക്കുക.

عَنْ أَبِي مَالِكٍ، عَنْ أَبِيهِ، قَالَ: سَمِعْتُ رَسُولَ اللَّـهِ -ﷺ- يَقُولُ: «**مَنْ قَالَ: لَا إِلَهَ إِلَّا اللَّـهُ، وَكَفَرَ بِمَا يُعْبَدُ مَنْ دُونِ اللَّـهِ، حَرُمَ مَالُهُ، وَدَمُهُ، وَحِسَابُهُ عَلَى اللَّـهِ**»

ത്വാരിഖ് ബ്നു അശ്‌യം -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "ആരെങ്കിലും 'ലാ ഇലാഹ ഇല്ലല്ലാഹ്' (അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല) എന്ന് പറയുകയും, <u>അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുകയും</u> ചെയ്താൽ അവന്റെ സമ്പാദ്യവും രക്തവും പവിത്രമായിരിക്കുന്നു; അവന്റെ വിചാരണ അല്ലാഹുവിങ്കലത്രെ." (മുസ്‌ലിം: 37)

നബി -ﷺ- 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറയുവാൻ മാത്രമല്ല നിർദേശിച്ചത്. മറിച്ച്, ഒരാൾ മുസ്‌ലിമായി പരിഗണിക്കപ്പെടണമെങ്കിൽ -അവന്റെ രക്തവും സമ്പാദ്യവും പവിത്രമാകണമെങ്കിൽ- ശഹാദത് കലിമ ഉച്ചരിക്കുന്നതിനൊപ്പം അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ അവൻ നിഷേധിക്കുക കൂടി വേണ്ടതുണ്ട്.

തൗഹീദിനെ കുറിച്ച് ചിലർക്കുള്ള തെറ്റായ ധാരണ ഈ പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാം. അല്ലാഹുവിനെ ആരാധിക്കുക എന്നത് മാത്രമാണ് തൗഹീദിന്റെ അർത്ഥമായി അവർ മനസ്സിലാക്കിയിരിക്കുന്നത്. അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതിന് വിരുദ്ധമായ എല്ലാകാര്യത്തിൽ നിന്നും അകൽച്ച പ്രഖ്യാപിക്കുക എന്നതോ, അതിനെതിരെ ശക്തമായ എതിർപ്പും വിദ്വേഷവുമുണ്ടായിരിക്കുക എന്നതോ തൗഹീദിന്റെ ഭാഗമായി അവർ കാണുന്നില്ല.

ഒരാൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ഉച്ചരിക്കുകയും അതോടൊപ്പം വിഗ്രഹങ്ങളെയോ മരണപ്പെട്ടവരെയോ നബിമാരെയോ സ്വാലിഹീങ്ങളെയോ ഖബ്റാളികളെയോ മറ്റോ വിളിച്ചാരാധിക്കുകയും ചെയ്യുന്നെങ്കിൽ അവൻ മുസ്‌ലിമല്ല.

അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുകയോ, അവരുടെ മേൽ ഭരമേൽപ്പിക്കുകയോ, ആരാധനയുടെ ഏതെങ്കിലുമൊരു ഇനം അവർക്ക് സമർപ്പിക്കുകയോ ചെയ്യുന്ന വ്യക്തി ആയിരം തവണ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ഉച്ചരിച്ചു കൊണ്ടേയിരുന്നാലും അവന്റെ തൗഹീദോ ഇസ്‌ലാമോ ശരിയായിട്ടില്ല. കാരണം അല്ലാഹുവിന് പുറമെയുള്ളവർ ആരാധിക്കപ്പെടുക എന്നതിനെ നിഷേധിക്കുക എന്നത് തൗഹീദിന്റെ അടിത്തറയാണ്.

ഈ അടിസ്ഥാനത്തിന് വിരുദ്ധമാകുന്ന പ്രവൃത്തികൾ അനേകമുണ്ട്. ബഹുദൈവാരാധനയെ സ്നേഹിക്കുക എന്നത് അതിൽ പെട്ടതാണ്. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ഉച്ചരിക്കുന്ന ഒരാൾ അല്ലാഹുവിന് പുറമെയുള്ളവരെ മറ്റാരെങ്കിലും ആരാധിക്കുന്നതിൽ സന്തോഷിക്കുകയും ആ പ്രവൃത്തിയെ ഇഷ്ടപ്പെടുകയും പ്രോത്സാഹിപ്പിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നുവെന്ന് കരുതുക; എങ്കിൽ അവൻ ഇസ്‌ലാമിൽ ഉൾപ്പെട്ടിട്ടില്ല. നേരത്തെ നാം ഹദീഥുകളിൽ വായിച്ചതു പോലെ, അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ അവൻ നിഷേധിച്ചിട്ടില്ല.

അല്ലാഹു തന്നെയില്ല എന്ന് വാദിക്കുന്ന നിരീശ്വരവാദപ്രസ്ഥാനങ്ങളെയും, നിർമ്മതവാദികളുടെ ആശയങ്ങളെയും സ്നേഹിക്കുന്നതും ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന കാര്യം തന്നെ. ഇതു പോലെ ഇസ്‌ലാമിന് വിരുദ്ധമാകുന്ന ഏതൊരു ആശയത്തെയും വിശ്വാസത്തെയും മതത്തെയും ചിന്താഗതിയെയും ഇഷ്ടപ്പെടുക എന്നതോ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതോ ഒരു മുസ്‌ലിമിന്റെ പക്കൽ നിന്നുണ്ടായിത്തീരാൻ പാടില്ലാത്ത കൊടിയ തിന്മയാണ്.

ബഹുദൈവാരാധനയോടും അതിന്റെ രൂപങ്ങളോടും സ്നേഹം വെച്ചു പുലർത്തുന്നതിനോടൊപ്പം അവൻ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് ചൊല്ലിക്കൊണ്ടേയിരിക്കുന്നുണ്ടെങ്കിൽ അത് തീർത്തും വൈരുദ്ധ്യം നിറഞ്ഞതും പരിഹാസ്യവുമത്രെ. 'അധ്വാനത്തിലൂടെ മാത്രമേ സമ്പാദിക്കാവൂ' എന്ന് രായ്ക്കുരാമാനം ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും, ജനങ്ങളുടെ സമ്പാദ്യം മോഷ്ടിക്കാൻ ഏണിവെച്ചു കൊടുക്കുകയും ചെയ്യുന്ന, 'കള്ളന് കഞ്ഞിവെക്കുന്നവരേക്കാൾ' അവൻ അധഃപതിച്ചിരിക്കുന്നു. 'വിവാഹബന്ധത്തിന്റെ പവിത്രതയെ കുറിച്ച് വാചാലമാവുകയും' തന്റെ ഉടമസ്ഥതയിലുള്ള സ്ഥലവും കെട്ടിടവും വേശ്യാലയ നടത്തിപ്പിന് വാടകക്ക് നൽകുകയും ചെയ്തവനേക്കാൾ കടുത്ത കാപട്യമാണ് അവൻ പുലർത്തുന്നത്.

കാരണം മോഷണവും വ്യഭിചാരവും പോലുള്ള തിന്മകൾ -അങ്ങേയറ്റം ഗുരുതരമാണ് അവയെല്ലാമെങ്കിലും- ശിർകിനോളം ഗൗരവമുള്ളതല്ല. ഏറ്റവും ഗുരുതരമായ തിന്മയായ ശിർകിനെ സ്നേഹിക്കുകയും, അതോടൊപ്പം തൗഹീദും ഇസ്‌ലാമും തന്റെ ഹൃദയത്തിൽ ഉണ്ട് എന്ന് അവകാശപ്പെടുകയും ചെയ്യുന്നതിനേക്കാൾ വലിയ കാപട്യം വേറെയൊന്നുമില്ല.

ഇതു പോലെ, തൗഹീദിനോട് വിദ്വേഷവും കോപവും വെച്ചു പുലർത്തുന്നതും ഇസ്‌ലാമിൽ നിന്ന് പുറത്തെത്തിക്കുന്ന പ്രവൃത്തിയാണ്. അല്ലാഹുവിനെ മാത്രം ആരാധിക്കൂ എന്നത് കേൾക്കുമ്പോൾ ഈർഷ്യതയും കോപവും കൊണ്ട് തിളക്കുന്നത് ഹൃദയം ഇസ്‌ലാമിലല്ല നിലകൊള്ളുന്നത് എന്നതിന്റെ അടയാളമാണ്. അല്ലാഹു മുശ്‌രിക്കുകളുടെ അടയാളമായി പറഞ്ഞതു നോക്കൂ:

وَإِذَا ذُكِرَ اللَّهُ وَحْدَهُ اشْمَأَزَّتْ قُلُوبُ الَّذِينَ لَا يُؤْمِنُونَ بِالْآخِرَةِ ۖ وَإِذَا ذُكِرَ الَّذِينَ مِن دُونِهِ إِذَا هُمْ يَسْتَبْشِرُونَ ﴿٤٥﴾

“അല്ലാഹുവെപ്പറ്റി മാത്രം പറയപ്പെട്ടാൽ പരലോകത്തിൽ വിശ്വാസമില്ലാത്തവരുടെ ഹൃദയങ്ങൾക്ക് അസഹ്യത അനുഭവപ്പെടുന്നതാണ്. അല്ലാഹുവിന് പുറമെയുള്ളവരെപ്പറ്റി പറയപ്പെട്ടാലോ, അപ്പോഴതാ അവർ സന്തോഷവാന്മാരാകുന്നു.” (സുമർ: 45)

നബി -ﷺ- യുടെ കാലഘട്ടത്തിലുള്ള മക്കയിലെ മുശ്‌രിക്കുകളുടെ സ്വഭാവമാണ് ആയത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഇതിന് സമാനമായ സ്വഭാവഗുണങ്ങൾ പുലർത്തുന്ന എത്രയോ പേർ ഇസ്‌ലാമിന്റെയും മുസ്‌ലിമീങ്ങളുടെയും പേര് അവകാശപ്പെടുത്തുന്ന വേദന നിറഞ്ഞ കാലഘട്ടത്തിലാണ് നാം കഴിയുന്നത്. ‘അല്ലാഹുവോട് മാത്രം’ എന്ന് പറഞ്ഞു കേൾക്കുന്നത് അത്തരക്കാർക്ക് അനിഷ്ടവും ദേഷ്യവുമുണ്ടാക്കുന്നു; ‘ഇന്ന വലിയ്യിനോട്, ഇന്ന നബിയോട്, ഇന്ന ജാറത്തിലേക്ക്’ എന്നിങ്ങനെ അല്ലാഹുവിന് പുറമെയുള്ളവരെ കുറിച്ച് പറയപ്പെടുമ്പോൾ അവർ സന്തുഷ്ടരും സമാധാനചിത്തരുമായി തീരുന്നു!

ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ!

പ്രിയപ്പെട്ട മുസ്‌ലിം സഹോദരങ്ങളേ! ദീനിന്റെ ഒന്നാമത്തെ അടിത്തറയായ തൗഹീദിന്റെ ഏറ്റവും പ്രധാനപ്പെട്ട ഈ അടിസ്ഥാനം നാമോരോരുത്തരും എപ്രകാരം മനസ്സിൽ ഉൾക്കൊള്ളുകയും, ആഴ്ത്തിൽ സ്വാംശീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന കാര്യം ഗൗരവത്തിൽ ചിന്തിക്കുക.

# തൗഹീദ്; സ്ഥിരീകരിക്കേണ്ടതെന്ത്?

ഹൃദയത്തിൽ നിന്ന് അല്ലാഹുവിന് പുറമെയുള്ള സർവ്വ ആരാധ്യന്മാരെയും പടിക്ക് പുറത്താക്കുകയും, സൃഷ്ടികളിൽ ആർക്കെങ്കിലും ആരാധന സമർപ്പിക്കുക എന്ന ഏറ്റവും മാലിന്യം നിറഞ്ഞ വിശ്വാസവും പ്രവർത്തിയും അതിൽ നിന്ന് തുടച്ചു നീക്കുകയും ചെയ്താൽ മനസ്സ് ശുദ്ധമായി തീർന്നിരിക്കുന്നു.

രണ്ടാമത്തെ പടി, അവൻ ഏറ്റവും സ്നേഹിക്കുകയും ആദരിക്കുകയും ഭയക്കുകയും പ്രതീക്ഷയർപ്പിക്കുകയും ചെയ്യുന്ന അവന്റെ സ്രഷ്ടാവായ അല്ലാഹുവിന് മാത്രം ആരാധനകൾ സമർപ്പിക്കുക എന്ന അതിമഹത്തരമായ വിശ്വാസം അവിടെ ഉറപ്പോടെ സ്ഥാപിക്കുക എന്നതാണ്.

അല്ലാഹുവിന് പുറമെയുള്ള ഒരാളെയും ഒരു വ്യക്തി ആരാധിക്കുന്നില്ല എന്ന് വിചാരിക്കുക; എന്നാൽ അതോടൊപ്പം അല്ലാഹുവിനെയും അവൻ ആരാധിക്കുന്നില്ലെങ്കിൽ അയാൾ ഇസ്‌ലാമിൽ പ്രവേശിക്കുകയില്ല. നിരീശ്വരവാദികളുടെ കാര്യം ഉദാഹരണം. അവർ വിഗ്രഹങ്ങളെയോ ആൾദൈവങ്ങളെയോ മരണപ്പെട്ടവരെയോ ആരാധിക്കുന്നില്ല. എന്നാൽ അതോടൊപ്പം അവർ അല്ലാഹുവിനെയും ആരാധിക്കുന്നില്ല.

അല്ലാഹുവിന് പുറമെയുള്ള ആരാധ്യന്മാരെ ഉപേക്ഷിച്ചു എന്നത് അവർക്ക് ഇഹലോകത്തോ പരലോകത്തോ യാതൊരു ഉപകാരവും ചെയ്യുന്നില്ല; കാരണം അല്ലാഹുവിനെ ആരാധിക്കുന്നതിൽ നിന്ന് അഹങ്കാരം പുലർത്തുക എന്ന കടുത്ത നിഷേധത്തിലാണ് അക്കൂട്ടർ അകപ്പെട്ടിരിക്കുന്നത്.

അതിനാൽ അല്ലാഹുവിന് പുറമെയുള്ള ആരാധ്യന്മാരെ നിഷേധിക്കുന്നതോടൊപ്പം അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതു കൂടി ഓരോ മുസ്‌ലിമിലും ഒത്തുചേരേണ്ടതുണ്ട്.

അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന ഈ അടിത്തറ പൂർത്തീകരിക്കുക എന്നതാണ് മനുഷ്യ സൃഷ്ടിപ്പിന്റെ പിന്നിലെ ലക്ഷ്യം എന്ന് ഖുർആനിലെ ആയത്തുകൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾

"ജിന്നുകളെയും മനുഷ്യരെയും എന്നെ മാത്രം ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല." (ദാരിയാത്: 56)

ഖുർആനിലെ ആദ്യത്തെ കൽപ്പന എന്ന് വിശേഷിപ്പിക്കാവുന്ന ആയത്തിൽ അല്ലാഹു പറയുന്നു:

يَا أَيُّهَا النَّاسُ اعْبُدُوا رَبَّكُمُ الَّذِي خَلَقَكُمْ وَالَّذِينَ مِن قَبْلِكُمْ

"ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ മാത്രം നിങ്ങൾ ആരാധിക്കുവിൻ." (ബഖറ: 21)

സർവ്വ മനുഷ്യരോടും അവരെയും അവരുടെ മുൻഗാമികളെയും സൃഷ്ടിച്ചവനായ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്ന് കൽപ്പിക്കുകയാണ് ഈ ആയത്ത്. മനുഷ്യർ സൂക്ഷ്മത പാലിക്കുന്നവരും, ജീവിതവിജയം നേടുന്നവരുമായി തീരണമെങ്കിൽ നിർബന്ധമായും പൂർത്തീകരിക്കേണ്ട കടമയാണതെന്ന് സാരം.

'എന്നെ മാത്രം നിങ്ങൾ ആരാധിക്കൂ' എന്ന് കൽപ്പിക്കുന്ന, സർവ്വ മനുഷ്യരോടുമായുള്ള അല്ലാഹുവിന്റെ വാക്കുകൾ ഖുർആനിൽ അനേകമുണ്ട്. അല്ലാഹു പറയുന്നു:

إِنَّ هَٰذِهِ أُمَّتُكُمْ أُمَّةً وَاحِدَةً وَأَنَا رَبُّكُمْ فَاعْبُدُونِ ﴿٩٢﴾

"(മനുഷ്യരേ,) തീർച്ചയായും ഇതാണ് നിങ്ങളുടെ മാർഗം; (അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന) ഏകമാർഗം. ഞാൻ നിങ്ങളുടെ റബ്ബുമാകുന്നു. അതിനാൽ നിങ്ങൾ എന്നെ മാത്രം ആരാധിക്കുവിൻ." (അൻബിയാഅ്: 92)

ഈ ആയത്ത് വിശദീകരിച്ചു കൊണ്ട് പണ്ഡിതന്മാർ പറഞ്ഞു: "ജനങ്ങളേ! ഇതാകുന്നു നിങ്ങളുടെ ഏകമാർഗം. അതായത് ഇസ്‌ലാം പഠിപ്പിച്ചു നൽകുന്ന ഏകദൈവാരാധനയുടെ മാർഗം. ഞാൻ നിങ്ങളുടെ രക്ഷിതാവാകുന്നു. അതിനാൽ നിങ്ങളുടെ ആരാധനകൾ എനിക്ക് മാത്രം നിഷ്കളങ്കമാക്കുക എന്നതാണ് ആയത്തിന്റെ ഉദ്ദേശം." (അൽ മുഖ്തസ്വർ: 330)

അല്ലാഹുവിനെ ആരാധിക്കുന്നതിൽ നിന്ന് അഹങ്കാരം നടിക്കുകയും, അവന്റെ മുന്നിൽ താഴ്മയും വിനയവും കാണിക്കുകയോ അവനെ വിളിച്ചു പ്രാർത്ഥിക്കുകയോ ചെയ്യാതെയും, അവന്റെ അടിമയാണെന്നത് അംഗീകരിക്കാതെയും ജീവിതം മുന്നോട്ടു കൊണ്ടു

പോകുന്നത് കടുത്ത അതിക്രമവും അഹങ്കാരവുമാണെന്ന് വിവരിച്ചു കൊണ്ട് അല്ലാഹു പറയുന്നു:

وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ ۚ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ﴿٦٠﴾

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ മാത്രം ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച." (ഗാഫിർ: 60)

ആയത്തിനെ വിശദീകരിച്ചു കൊണ്ട് പണ്ഡിതന്മാർ പറഞ്ഞു: "നിങ്ങൾ എന്നെ മാത്രം വിളിച്ചു പ്രാർത്ഥിക്കുകയും, എനിക്ക് മാത്രം ആരാധനകൾ നൽകുകയും ചെയ്യുക. എങ്കിൽ ഞാൻ നിങ്ങൾക്ക് ഉത്തരം നൽകുന്നതാണ്. എന്നാൽ എനിക്ക് മാത്രം പരിപൂർണ്ണ അടിമത്വം നൽകുന്നതിൽ നിന്നും, എന്നെ മാത്രം ആരാധിക്കുന്നതിൽ നിന്നും അഹങ്കാരം നടിക്കുന്നവർ; നരകത്തിൽ നിന്ദ്യരും അപമാനിതരുമായി പ്രവേശിക്കുന്നതാണ്" എന്നാണ് ആയത്തിന്റെ അർത്ഥം. (മുയസ്സർ: 474) അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കുന്നതും, അവനെ ആരാധിക്കുന്നതും ഉപേക്ഷിക്കുക എന്നത് കടുത്ത അപരാധമാണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

അല്ലാഹുവിനെ ആരാധിക്കുന്നത് വെടിയുകയും, അവന്റെ അടിമയാകുന്നതിൽ നിന്ന് അഹങ്കാരം പുലർത്തുകയും ചെയ്യുക എന്നത് കടുത്ത തിന്മയാണ്. അല്ലാഹുവിനോട് പ്രാർത്ഥിക്കുകയോ സഹായം തേടുകയോ ചെയ്യാത്തവരെ കുറിച്ച് അല്ലാഹു പറഞ്ഞതു നോക്കൂ:

قُلْ مَا يَعْبَأُ بِكُمْ رَبِّي لَوْلَا دُعَاؤُكُمْ ۖ

"(നബിയേ,) പറയുക: നിങ്ങളുടെ പ്രാർത്ഥനയില്ലെങ്കിൽ എന്റെ റബ്ബ് നിങ്ങൾക്ക് എന്ത് പരിഗണന നൽകാനാണ്?" (ഫുർഖാൻ: 77)

"ജനങ്ങൾ അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കുകയും, അവനെ ആരാധിക്കുകയും ചെയ്യുന്നില്ലെങ്കിൽ അല്ലാഹു അവർക്ക് യാതൊരു പരിഗണനയും നൽകില്ലായിരുന്നു എന്ന് ഈ ആയത്ത് അറിയിക്കുന്നു." (മുയസ്സർ: 366)

ആരാധനയിലെ വിനയവും താഴ്മയും ഏറ്റവും പ്രകടമാകുന്ന ആരാധനയാണ് പ്രാർത്ഥന. അല്ലാഹുവിനോട് പ്രാർത്ഥിക്കാതിരിക്കുക എന്നത് അല്ലാഹുവിന് കോപമുണ്ടാക്കും എന്ന് നബി -ﷺ- യും അറിയിച്ചതായി കാണാം.

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّـهِ -ﷺ-: «إِنَّهُ مَنْ لَمْ يَسْأَلِ اللَّـهَ يَغْضَبْ عَلَيْهِ»

അബൂ ഹുറൈറ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "തീർച്ചയായും അല്ലാഹുവിനോട് പ്രാർത്ഥിക്കാത്തവരോട് അവൻ കോപിക്കുന്നതാണ്." (തിർമിദി: 3373, അൽബാനി ഹസൻ എന്ന് വിലയിരുത്തി.)

അല്ലാഹുവിന്റെ കൽപ്പന ധിക്കരിക്കുകയും, അവന്റെ അടിമയാകാൻ വിസമ്മതിക്കുകയും ചെയ്ത ഇബ്‌ലീസിന്റെ ധിക്കാരത്തെ കുറിച്ച് അല്ലാഹു വിശേഷിപ്പിച്ചത് അഹങ്കാരം എന്നാണ്. അല്ലാഹുവിനെ ആരാധിച്ചു കൊണ്ട് താഴ്മ കാണിക്കാത്ത എല്ലാവർക്കും ഈ വിശേഷണം അർഹമാണെന്നതിൽ സംശയമില്ല.

وَإِذْ قُلْنَا لِلْمَلَائِكَةِ اسْجُدُوا لِآدَمَ فَسَجَدُوا إِلَّا إِبْلِيسَ أَبَىٰ وَاسْتَكْبَرَ

"ആദമിനെ നിങ്ങൾ പ്രണമിക്കുക എന്ന് നാം മലക്കുകളോട് പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക). അവർ പ്രണമിച്ചു; ഇബ്ലീസ് ഒഴികെ. അവൻ വിസമ്മതം പ്രകടിപ്പിക്കുകയും അഹങ്കാരം നടിക്കുകയും ചെയ്തു." (ബഖറ: 34)

'ഞാനാണ് നിങ്ങളുടെ ഉന്നതനായ രക്ഷാധികാരി' എന്ന കടുത്ത അഹങ്കാരത്തിന്റെ വാക്ക് തന്റെ ജനങ്ങളോട് പറഞ്ഞ ഫിർഔൻ; അല്ലാഹുവിനെ നിഷേധിക്കുകയും, അവനെ ആരാധിക്കുന്നതിൽ നിന്ന് അഹങ്കാരം പുലർത്തുകയും ചെയ്ത ധിക്കാരിയായിരുന്നു അവൻ. അല്ലാഹു ആ നിഷേധിയെ കുറിച്ച് പറഞ്ഞതു നോക്കൂ:

إِلَىٰ فِرْعَوْنَ وَمَلَئِهِۦ فَاسْتَكْبَرُوا وَكَانُوا قَوْمًا عَالِينَ ﴿٤٦﴾

"ഫിർഔന്റെയും, അവന്റെ പ്രമാണിസംഘത്തിന്റെയും അടുത്തേക്ക് (നാം ദൂതന്മാരെ അയച്ചു). അപ്പോൾ അവർ അഹങ്കാരം നടിക്കുകയാണ് ചെയ്തത്. അവർ പൊങ്ങച്ചക്കാരായ ഒരു ജനതയായിരുന്നു." (മുഅ്മിനൂൻ: 46)

ചുരുക്കത്തിൽ, അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുന്നതിനൊപ്പം അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നത് ജീവിതത്തിൽ കൊണ്ടുവരികയും വേണം.

അല്ലാഹുവിന്റെ അടിമയാവുകയും അവന് ആരാധനകൾ സമർപ്പിക്കുക എന്നതും ഒരു മനുഷ്യന് നേടിയെടുക്കാവുന്ന ഏറ്റവും മഹത്തരമായ പദവിയാണ്. മനുഷ്യരിൽ ഏറ്റവും ഉത്തമരായ നബിമാരെയും റസൂലുകളെയും അല്ലാഹു 'അബ്ദ് -അടിമ' എന്ന വിശേഷണം നൽകിക്കൊണ്ട് പുകഴ്ത്തിയതായി കാണാം.

യഥാർത്ഥത്തിൽ ശരിയായ സ്വാതന്ത്ര്യവും നിലനിൽക്കുന്ന ശാന്തിയും അല്ലാഹുവിന്റെ അടിമയാകുന്നതിലൂടെ മാത്രമേ മനുഷ്യർക്ക് ലഭിക്കുകയുള്ളൂ എന്നതാണ് സത്യം.

ഖാദിസിയ്യ യുദ്ധവേളയിൽ സ്വഹാബിയായ റിബ്ഇയ്യു ബ്നു ആമിർ -ﷺ- പേർഷ്യക്കാരുടെ സേനാനായകനായ റുസ്തമിനോട് പറഞ്ഞ വാക്കുകളിൽ സ്വാതന്ത്ര്യത്തിന്റെ ഈ ഉജ്വലമായ പ്രഖ്യാപനം കാണാൻ കഴിയും. 'എന്തിനാണ് നിങ്ങൾ ഞങ്ങളുമായി യുദ്ധത്തിലേർപ്പെടുന്നത്? എന്ന റുസ്തമിന്റെ ചോദ്യത്തിന് മറുപടിയായി കൊണ്ട് അദ്ദേഹം പറഞ്ഞു:

«اللَّـهُ ابْتَعَثْنَا لِنُخْرِجَ مَنْ شَاءَ مِنْ عِبَادَةِ الْعِبَادِ إِلَى عِبَادَةِ اللَّـهِ، وَمِنْ ضِيقِ الدُّنْيَا إِلَى سِعَتِهَا، وَمِنْ جَوْرِ الْأَدْيَانِ إِلَى عَدْلِ الْإِسْلَامِ»

"അടിമകളെ ആരാധിക്കുന്നതിൽ നിന്ന് അടിമകളുടെ സ്രഷ്ടാവായ അല്ലാഹുവിനെ ആരാധിക്കുന്നതിലേക്കും, ഇഹലോകത്തിന്റെ ഇടുക്കത്തിൽ നിന്ന് പരലോകത്തിന്റെ വിശാലതയിലേക്കും, നാനാജാതി മതങ്ങളുടെ വഞ്ചനകളിൽ നിന്ന് ഇസ്‌ലാമിന്റെ നീതിയിലേക്കും ജനങ്ങളെ കൊണ്ടുവരുന്നതിനായി അല്ലാഹുവാണ് ഞങ്ങളെ നിയോഗിച്ചത്." (അൽ ബിദായ വന്നിഹായ: 7/39)

അല്ലാഹുവിനെ ആരാധിക്കുകയും, അവന്റെ കൽപ്പനകൾ അനുസരിക്കുകയും ചെയ്യുന്നതിലാണ് സർവ്വവിജയവും യഥാർത്ഥ പ്രതാപവുമുള്ളത് എന്ന് ഓരോ മുസ്‌ലിമും തിരിച്ചറിയേണ്ടതുണ്ട്. തൗഹീദിന്റെ രണ്ടാമത്തെ ഈ അടിത്തറ -അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നത്- എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരവും എല്ലാ നന്മകളുടെയും താക്കോലുമാണ്.

തൗഹീദിന്റെ ഒഴിച്ചു കൂടാനാകാത്ത രണ്ട് അടിസ്ഥാനങ്ങളെ കുറിച്ചാണ് ഇത്രയും പറഞ്ഞത്. ഈ വിശദീകരണത്തിൽ നിന്ന് പ്രധാനപ്പെട്ട ഒരു പാഠം മനസ്സിലാക്കാം.

ഒരാൾ അല്ലാഹുവിനെ ആരാധിക്കുന്നതിനൊപ്പം മറ്റു സൃഷ്ടിക

ളെ കൂടി ആരാധിച്ചാൽ അവൻ ബഹുദൈവാരാധനയിൽ അകപ്പെട്ട മുശ്‌രികാണ്. ഒരാൾ സൃഷ്ടികളെയൊന്നും ആരാധിക്കുന്നില്ല എന്നതിനൊപ്പം അല്ലാഹുവിനെയും ആരാധിക്കുന്നില്ലെങ്കിൽ അവൻ കടുത്ത നിഷേധത്തിൽ അകപ്പെട്ട മുൽഹിദും കാഫിറുമാണ്. അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, അവന് പുറമെ ആരാധിക്കപ്പെടുന്നവയെ ഉപേക്ഷിക്കുകയും ചെയ്തവർ മാത്രമാണ് തൗഹീദ് പാലിക്കുന്ന മുവഹ്ഹിദും മുസ്‌ലിമുമാവുക.

തൗഹീദിന്റെ രണ്ട് അടിത്തറകളെ കുറിച്ചാണ് നാം പറഞ്ഞുവെച്ചത്. ഈ രണ്ട് അടിസ്ഥാനങ്ങളും വിശദമായി ഇനിയും പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതുണ്ട്.

തൗഹീദ് ദൃഢബോധ്യത്തോടെയും താൽപര്യത്തോടെയും പഠിക്കുകയും പ്രാവർത്തികമാക്കുകയും അതിലേക്ക് ക്ഷണിച്ചു കൊണ്ടേയിരിക്കുകയും, ആ മാർഗത്തിൽ മരണപ്പെടുകയും ചെയ്യുന്നവരിൽ അല്ലാഹു നാമേവരെയും ഉൾപ്പെടുത്തട്ടെ. (ആമീൻ)

# അടിത്തറയും മേൽക്കൂരയും

ദീനിൽ ഏറ്റവും ഗൗരവപ്പെട്ട വിഷയമാണ് തൗഹീദ് എന്നിരിക്കിലും ജനങ്ങളിൽ പലരും ഏറ്റവും അശ്രദ്ധ പുലർത്തുകയും, തീർത്തും അജ്ഞരായിരിക്കുകയും ചെയ്യുന്ന വിഷയങ്ങളിലൊന്നാണിത്.

അല്ലാഹു മാത്രമാണ് എന്നെ സൃഷ്ടിച്ചത് എന്ന വിശ്വസിച്ചാൽ തൗഹീദ് പൂർത്തിയായി എന്ന് കരുതുന്ന അനേകം പേരുണ്ട്; അല്ലാഹുവിനുള്ള ആരാധനകൾ അവനല്ലാത്തവർക്ക് സമർപ്പിക്കുന്നതോ, അല്ലാഹുവല്ലാത്തവരോട് സഹായതേട്ടങ്ങൾ നടത്തുന്നതോ തൗഹീദിന് വിരുദ്ധമായി അവർ മനസ്സിലാക്കുന്നില്ല. പലപ്പോഴും അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർത്ഥിക്കൂ, അവനോട് മാത്രം സഹായം തേടൂ എന്നെല്ലാം കേൾക്കുന്നത് തന്നെ അവർക്ക് അരോചകവും അസ്വസ്ഥതയും സൃഷ്ടിക്കുന്നു. ഇക്കൂട്ടർ തൗഹീദിന്റെ അടിസ്ഥാനം തന്നെ തകർത്തിരിക്കുന്നു.

മറ്റൊരു വിഭാഗം തൗഹീദ് എന്നത് കൊണ്ട് മനസ്സിലാക്കുന്നത് അല്ലാഹുവിന്റെ വിധികർതൃത്വത്തിലെ ഏകത്വം മാത്രമാണ്. ജനങ്ങൾ അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുന്നതും സഹായതേട്ടം നടത്തുന്നതും യാതൊരു ഗൗരവവും നൽകേണ്ടതില്ലാത്ത വിഷയമായി കാണുകയും, 'അല്ലാഹുവിന്റെ വിധികർതൃത്വം അംഗീകരിക്കാതെ അനിസ്ലാമിക ഭരണകൂടങ്ങളെ ആരാധിച്ചു കൊണ്ട് ജനങ്ങൾ ബഹുഭൂരിപക്ഷവും ശിർകിലെത്തിയിരിക്കുന്നു' എന്ന് വിശ്വസിക്കുകയും ചെയ്യുന്ന രാഷ്ട്രീയ ഇസ്‌ലാമിസ്റ്റുകളും നബിമാർ പ്രബോധനം ചെയ്ത തൗഹീദിനെ തെറ്റിദ്ധരിച്ചിരിക്കുന്നു.

ഇനിയൊരു വിഭാഗം തൗഹീദിന്റെ അടിത്തറയിൽ കാര്യമായ ശ്രദ്ധ പുലർത്തുന്നു. അവർ അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുകയോ അവനല്ലാത്തവരോട് സഹായതേട്ടം നടത്തുകയോ ചെയ്യുന്നില്ല. അതെല്ലാം ഇസ്‌ലാമിൽ നിന്ന് പുറത്തു പോകുന്ന കാര്യമായി അവർ മനസ്സിലാക്കുകയും ചെയ്യുന്നു. എന്നാൽ ഇതോടെ തന്റെ ജീവിതത്തിൽ തൗഹീദിന്റെ ഭാഗധേയം അവസാനിച്ചു എന്നാണ് അവർ ധരിക്കുന്നത്. ഇസ്‌ലാമിലെ വിധിവിലക്കുകൾ പാലിക്കു

ന്നതിലും, ബിദ്അതുകളും ഹറാമുകളും പൂർണ്ണമായി ഒഴിവാക്കുന്ന തിലും അവരിൽ പലരും ശ്രദ്ധ പുലർത്തുന്നില്ല. അതെല്ലാം തൗഹീദു മായി യാതൊരു ബന്ധവുമില്ലാത്ത, -വേണമെങ്കിൽ പ്രവർത്തിക്കു കയോ അല്ലെങ്കിൽ ഒഴിവാക്കുകയോ ചെയ്യാവുന്ന- നിസ്സാരമായ വി ഷയങ്ങളായാണ് അവർ മനസ്സിലാക്കുന്നത്.

തൗഹീദിനെ മനസ്സിലാക്കുന്നതിൽ സംഭവിക്കുന്ന കുറവുകളോ പിഴവുകളോ ആണ് ഈ തെറ്റിദ്ധാരണകളിൽ പലതിന്റെയും അടി സ്ഥാനകാരണം.

ഒരു വീടിന് അതിനെ താങ്ങിനിർത്തുന്ന അടിത്തറയും, അതിന് മുകളിൽ കെട്ടിപ്പടുത്ത ചുമരുകളും തൂണുകളും, അതിനും മുകളിൽ മേൽക്കൂരയും ഉണ്ടായിരിക്കും. ആരെങ്കിലും അടിത്തറ ഉറപ്പുള്ളതാ ക്കാതെ തന്റെ വീടിന്റെ മേൽക്കൂര പടുത്തുയർത്തിയാൽ അവന്റെ വീടിന് അധികം ആയുസ്സുണ്ടാവുകയില്ല. അടിത്തറ ശക്തമാക്കുക യും, മേൽക്കൂരയും ചുമരുകളും നിർമ്മിക്കാതെ വിടുകയും ചെ യ്താൽ അതൊരു പൂർണ്ണമായ വീടാവുകയുമില്ല. ഇതു പോലെയാ ണ് തൗഹീദും; അതിനും അടിത്തറയും ചുവരും മേൽക്കൂരയുമുണ്ട്.

വിശുദ്ധ ഖുർആനിൽ തൗഹീദിന്റെ വാചകമായ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്കിന്റെ ഉപമ വിവരിച്ചതിൽ നിന്ന് ഈ പറഞ്ഞ ത് കൂടുതൽ വ്യക്തമാകും. അല്ലാഹു പറയുന്നു:

أَلَمْ تَرَ كَيْفَ ضَرَبَ ٱللَّهُ مَثَلًا كَلِمَةً طَيِّبَةً كَشَجَرَةٍ طَيِّبَةٍ أَصْلُهَا ثَابِتٌ وَفَرْعُهَا فِي ٱلسَّمَآءِ ﴿٢٤﴾ تُؤْتِيٓ أُكُلَهَا كُلَّ حِينٍۭ بِإِذْنِ رَبِّهَا ۗ وَيَضْرِبُ ٱللَّهُ ٱلْأَمْثَالَ لِلنَّاسِ لَعَلَّهُمْ يَتَذَكَّرُونَ ﴿٢٥﴾

"അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നൽകിയിരി ക്കുന്നത് എന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല മരം പോലെയാകു ന്നു. അതിന്റെ മുരട് ഉറച്ചുനിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തേക്ക് ഉയർന്ന് നിൽക്കുന്നതുമാകുന്നു. അതിന്റെ രക്ഷി താവിന്റെ ഉത്തരവനുസരിച്ച് അത് എല്ലാ കാലത്തും അതിന്റെ ഫലം നൽകിക്കൊണ്ടിരിക്കും. മനുഷ്യർക്ക് അവർ ആലോചിച്ച് മന സ്സിലാക്കുന്നതിനായി അല്ലാഹു ഉപമകൾ വിവരിച്ചുകൊടുക്കുന്നു." (ഇബ്രാഹീം: 24-25)

ഈ ആയത്തിൽ തൗഹീദിനെ അല്ലാഹു ഒരു നല്ല മരത്തോടാ

ണ് ഉപമിച്ചത്. മരത്തിന് അടിത്തറയായി വേരുകളുണ്ട്. അവ എത്രയധികം ആഴത്തിലേക്ക് ആഴ്ന്നുപോകുന്നുവോ; അത്രയും ശക്തമായിരിക്കും മരത്തിന്റെ ഉറപ്പും വളർച്ചയും. എന്നാൽ വേരുകൾ മാത്രമല്ല മരത്തിനുള്ളത്; അതിന്റെ തടിയും ശാഖകളും ഇലകളും ഫലങ്ങളുമെല്ലാം മരത്തിന്റെ ഭാഗം തന്നെയാണ്.

ഇതു പോലെയാണ് തൗഹീദും; അതിന് വേരുകളുണ്ട്; അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, അവന് പുറമെയുള്ളവർക്ക് ആരാധനകൾ സമർപ്പിക്കുന്നത് ഉപേക്ഷിക്കുകയും ചെയ്യുക എന്നതാണ് അതിന്റെ വേരുകൾ. അവ ഒരാളിൽ ഇല്ലാതെയായാൽ അവന്റെ തൗഹീദ് പൂർണ്ണമായും തകർന്നടിയും. അതിന് യാതൊരു നിലനിൽപ്പും പിന്നീട് ഉണ്ടാകുന്നതല്ല.

തൗഹീദിന്റെ തടിയും ശാഖകളുമാണ് പ്രവർത്തനങ്ങൾ. നിർബന്ധകർമ്മങ്ങൾ (വാജിബാതുകൾ) നിർവ്വഹിക്കുന്നതും, നിഷിദ്ധവൃത്തികൾ (ഹറാമുകൾ) ഉപേക്ഷിക്കുന്നതും തൗഹീദിന്റെ വേരുകളിൽ നിന്നാണ് ഉയരേണ്ടത്. അഞ്ചു നേരത്തെ നിസ്കാരവും, സകാതും, റമദാനിലെ നോമ്പും പോലുള്ള നിർബന്ധകർമ്മങ്ങൾ നിർവ്വഹിക്കുന്നത് അവന്റെ തൗഹീദിന്റെ വൃക്ഷത്തിന് ബലവും ശക്തിയുമേകുന്നു. ലോകമാന്യവും ബിദ്അതുകളും ഹറാമുകളും പോലുള്ളവ ഉപേക്ഷിക്കുമ്പോൾ അവന്റെ ഈമാനിക വൃക്ഷം സുരക്ഷിതമാകുന്നു.

വൃക്ഷം നല്ലതാണെങ്കിൽ അവയിൽ തണൽ വിരിക്കുന്ന ഇലകളും, മധുരമുള്ള ധാരാളം ഫലങ്ങളുമുണ്ടായിരിക്കും. റവാതിബ് നിസ്കാരങ്ങളും സ്വദഖകളും സുന്നത്ത് നോമ്പുകളും പോലുള്ള ഐഛിക കർമ്മങ്ങൾ ഈ ഫലങ്ങളിൽ പെട്ടതത്രെ. സൂക്ഷ്മതക്ക് വേണ്ടി സംശയകരമായ കാര്യങ്ങൾ പോലും ഉപേക്ഷിക്കുകയും, (നിഷിദ്ധമല്ലെങ്കിലും ഒഴിവാക്കുന്നത് നല്ലതായ) മക്റൂഹുകൾ വെടിയുന്നതും അവന്റെ വൃക്ഷത്തിന്റെ ഇലകളിലും ഫലങ്ങളിലും പുഴുക്കുത്തുകൾ വരുന്നതിൽ നിന്ന് തടയുന്നു.

ഇങ്ങനെ തൗഹീദിന്റെ അടിവേരുകൾ ആഴത്തിലേക്ക് ഊന്നുകയും, അതിന്റെ ശാഖകൾ ആകാശം മുട്ടെ ഉയരുകയും വേണം. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ഉച്ചരിക്കുന്ന ഓരോ മുസ്‌ലിമിന്റെയും ഹൃദയത്തിൽ ഈ ലക്ഷ്യം ഊട്ടിയുറപ്പിക്കപ്പെടുകയും, അതിനായുള്ള പരിശ്രമങ്ങൾ മരണം വരെ അവൻ തുടർന്നു കൊണ്ടിരിക്കുകയും വേണം. തൗഹീദിന്റെ അടിത്തറ ശരിപ്പെടുത്തുന്നതിൽ നിന്ന് ആരംഭിച്ച്, തൗഹീദിന്റെ പൂർത്തീകരണത്തിലേക്ക് എത്താനുള്ള നിതാന്തമായ പരിശ്രമം അവന്റെ ഭാഗത്ത് നിന്നുണ്ടാകണം.

മേലെ നാം വായിച്ച, സൂറ. ഇബ്രാഹീമിലെ ആയത്തിനെ വിശദീ

കരിച്ചു കൊണ്ട് ഇമാം ഇബ്നുൽ ഖയ്യിം -ﷺ- പറഞ്ഞു: "ഹൃദയ ത്തിൽ നിറഞ്ഞു നിൽക്കുന്ന തൗഹീദിന്റെ വൃക്ഷത്തെ നല്ല ഒരു മര ത്തിനോടാണ് അല്ലാഹു ഈ ആയത്തിൽ ഉപമിച്ചിരിക്കുന്നത്. അതിന്റെ വേരുകൾ ഉറപ്പുള്ളതും, ശാഖകൾ ആകാശം മുട്ടെ ഉയർ ന്നു നിൽക്കുന്നതുമാണ്. എല്ലാ കാലാവസ്ഥകളിലും അത് ഫല ങ്ങൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

അല്ലാഹു നൽകിയ ഈ ഉപമയെ കുറിച്ച് ചിന്തിച്ചു നോക്കുക! ഹൃദയത്തിൽ അടിയുറച്ചു നിലകൊള്ളുന്ന തൗഹീദിനോട് പൂർണ്ണ മായും അത് യോജിക്കുന്നതായി നിനക്ക് കാണാൻ സാധിക്കും. തൗഹീദിന്റെ ശാഖകളായ സൽകർമ്മങ്ങളാണ് ആകാശത്തിലേക്ക് ഉയർന്നു നിൽക്കുന്നത്.

തൗഹീദ് ഹൃദയത്തിൽ ശക്തമാവുകയും, അതിനോടുള്ള സ്നേ ഹവും നിഷ്കളങ്കതയും വർദ്ധിക്കുകയും, അതിനെ കുറിച്ചുള്ള ബോധ്യവും തിരിച്ചറിവും വർദ്ധിക്കുകയും, അതിന് അർഹമായ നി ലക്കുള്ള പ്രവർത്തനം കാഴ്ച്ച വെക്കുകയും, വേണ്ട വിധം തൗഹീദി നെ പരിചരിക്കുകയും ചെയ്യുമ്പോൾ എല്ലാ അവസ്ഥകളിലും കാലാ ന്തരങ്ങളിലും അതിന്റെ ഫലം അവനിൽ പ്രകടമായി കൊണ്ടേയിരി ക്കും." (ഇഅ്ലാമുൽ മുവഖിഈൻ: 1/132)

അല്ലാഹുവിന് മാത്രം ആരാധനകൾ നൽകുകയും, അവന് പുറ മെയുള്ളവർക്കുള്ള ആരാധന തള്ളിക്കളയുകയും ചെയ്യുക എന്ന താണ് തൗഹീദിന്റെ അടിത്തറ; ഇസ്ലാമിന്റെ നാരായവേര് എന്നു പറയാവുന്നത് ഈ രണ്ട് അടിസ്ഥാനങ്ങളാണ്. 'തൗഹീദ്; നിഷേധ വും സ്ഥിരീകരണവും' എന്ന അദ്ധ്യായത്തിൽ ഈ അടിത്തറകളെ കുറിച്ച് നാം വായിക്കുകയുണ്ടായി. ഇനി തൗഹീദിന്റെ പൂർത്തീകര ണത്തെ കുറിച്ച് വായിക്കാം.

എന്താണ് തൗഹീദിന്റെ പൂർത്തീകരണം?

തൗഹീദിന്റെ പൂർത്തീകരണം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് രണ്ട് കാര്യങ്ങളാണ്.

**ഒന്ന്:** ദീനിലെ കൽപ്പനകൾ പ്രവർത്തിച്ചു കൊണ്ട് തൗഹീദ് പൂർത്തീകരിക്കൽ (**التَّكْمِيلُ**)

**രണ്ട്:** ദീനിൽ വിലക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് സ്വന്തത്തെ ശു ദ്ധീകരിക്കൽ (**التَّصْفِيَةُ**)

ഈ രണ്ട് അടിസ്ഥാനങ്ങളും ചുരുങ്ങിയ രൂപത്തിൽ വിശദീക രിക്കാം.

## അടിസ്ഥാനം ഒന്ന്: ദീനിലെ കൽപ്പനകൾ പ്രവർത്തിച്ചു കൊണ്ട് തൗഹീദ് പൂർത്തീകരിക്കൽ (التَّكْمِيلُ)

അല്ലാഹുവിനെ മാത്രം ആരാധിക്കണം എന്ന ഏറ്റവും പ്രധാനപ്പെട്ട കൽപ്പന പൂർത്തീകരിച്ചാൽ ഒരാൾ തൗഹീദിന്റെ ആദ്യപടി ചവിട്ടിയിരിക്കുന്നു. എന്നാൽ അതിന് ശേഷമുള്ള അല്ലാഹുവിന്റെ ഓരോ കൽപ്പനകളും പ്രാവർത്തികമാക്കുന്നത് തൗഹീദിന്റെ പൂർത്തീകരണത്തിലേക്കുള്ള പ്രവേശനമാണ്. ഇപ്രകാരം ഇസ്‌ലാമിലേക്കും ഈമാനിലേക്കും പരിപൂർണ്ണമായി പ്രവേശിക്കുക എന്നത് തൗഹീദിന്റെ പൂർത്തീകരണമാണ്.

അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا ادْخُلُوا فِي السِّلْمِ كَافَّةً

"(അല്ലാഹുവിൽ) വിശ്വസിച്ചവരേ! നിങ്ങൾ ഇസ്‌ലാമിലേക്ക് പരിപൂർണ്ണമായി പ്രവേശിക്കുക." (ബഖറ: 208)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ശൈഖ് നാസ്വിർ അസ്സഅ്ദി -ﷺ- പറഞ്ഞു: "ദീനിന്റെ സർവ്വ നിയമങ്ങളും പാലിക്കുകയും, അതിൽ നിന്ന് യാതൊന്നും ഉപേക്ഷിക്കാതിരിക്കുകയും ചെയ്യട്ടെ എന്നാണ് ഈ പറഞ്ഞതിന്റെ അർത്ഥം.

ദേഹേഛയെ ആരാധ്യനാക്കിയവരിൽ നിങ്ങൾ ഉൾപ്പെടരുത്. തങ്ങളുടെ ഇഛക്ക് യോജിച്ചത് കൽപ്പിക്കപ്പെട്ടാൽ അത് പ്രവർത്തിക്കുകയും, അതിന് വിരുദ്ധമായതെല്ലാം ഉപേക്ഷിക്കുകയും ചെയ്യുന്നവരായി നിങ്ങൾ മാറരുത്. മറിച്ച്, നിങ്ങളുടെ ഇഛകൾ അല്ലാഹുവിന്റെ ദീനിനോട് യോജിച്ച രൂപത്തിലായി മാറുകയാണ് വേണ്ടത്. തനിക്ക് സാധ്യമാകുന്ന നന്മകളെല്ലാം പ്രവർത്തിക്കുക; അസാധ്യമായ കാര്യങ്ങൾ പ്രവർത്തിക്കണമെന്ന് മനസ്സിൽ കരുതുകയും ഉദ്ദേശിക്കുകയും ചെയ്യുക." (തഫ്സീറുസ്സഅ്ദി: 94)

അല്ലാഹുവിന്റെയും റസൂലിന്റെയും -ﷺ- കൽപ്പനകൾ സാധ്യമാകുന്നിടത്തോളം പ്രവർത്തിക്കേണ്ടതുണ്ട്. ഇസ്‌ലാമിൽ നിർബന്ധമായും കൽപ്പിക്കപ്പെട്ട കാര്യങ്ങൾ -പ്രവർത്തിക്കാൻ സാധിക്കുമെങ്കിൽ- ഒരു കാരണവശാലും ഉപേക്ഷിക്കരുത്. ഇനി ഭാഗികമായെങ്കിലും നിറവേറ്റാൻ കഴിയുമെന്നാണെങ്കിൽ സാധ്യമായത് നിറവേറ്റണം.

عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ -ﷺ- قَالَ: « ... إِذَا أَمَرْتُكُمْ بِأَمْرٍ فَأْتُوا مِنْهُ مَا اسْتَطَعْتُمْ»

അബൂ ഹുറൈറ -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: "ഞാൻ നിങ്ങളോട് ഒരു കാര്യം കൽപ്പിച്ചാൽ അത് സാധ്യമാകുന്നിടത്തോളം നിങ്ങൾ പ്രവർത്തിക്കുക." (ബുഖാരി: 7288, മുസ്‌ലിം: 1337)

ഈ ഹദീഥിന്റെ വിശദീകരണത്തിൽ ഇമാം നവവി -ﷺ- പറയുന്നു: "ഇസ്‌ലാമിലെ പ്രധാനപ്പെട്ട അടിത്തറകളിലൊന്നാണ് ഈ ഹദീഥ്. ചുരുങ്ങിയ വാക്കുകളിൽ ആശയസമ്പുഷ്ടമായ വാക്കുകൾ പറയാൻ കഴിയുന്ന നബി -ﷺ- യുടെ 'ജവാമിഉൽ കലിമി'ന്റെ ഉദാഹരണവുമാണ്മാ ഇത്. എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്ത അനേകം വിധിവിലക്കുകൾ ഈ ഹദീഥിൽ ഉൾപ്പെടുന്നതായി കാണാം.

ഉദാഹരണത്തിന് നിസ്കാരത്തിന്റെ കാര്യം നോക്കുക; ഒരാൾക്ക് നിസ്കാരത്തിലെ റുക്നുകളിലോ (നിസ്കാരത്തിലെ റുകൂഉം സുജൂദും ഉദാഹരണം) ശർത്വുകളിലോ (നിസ്കാരത്തിന് മുൻപ് വുദൂഅ് എടുക്കുന്നതും, ഖിബ്ലക്ക് നേരെ തിരിയലും ഉദാഹരണം) പെട്ട എല്ലാ കാര്യങ്ങളും പ്രവർത്തിക്കാൻ സാധിക്കില്ലെങ്കിൽ അവൻ തനിക്ക് കഴിയുന്നവ നിർവ്വഹിക്കുക എന്നത് നിർബന്ധമാണ്. വുദൂഇന്റെ മുഴുവൻ അവയവങ്ങളും കഴുകാനോ, ജനാബത്തിന്റെ കുളി ശരീരം മുഴുവനും കഴുകുന്ന രൂപത്തിലോ സാധിക്കില്ലെങ്കിൽ കഴിയുന്ന ഭാഗങ്ങൾ കഴുകുക..." (ശർഹു മുസ്‌ലിം: 9/102)

അല്ലാഹുവും റസൂലും ദീനിന്റെ കാര്യത്തിൽ ഒരു വിഷയം നിർബന്ധമാക്കിയാൽ അതിൽ ഇഛപ്രകാരം തിരഞ്ഞെടുപ്പ് നടത്താനോ, വിരുദ്ധാഭിപ്രായം പറയാനോ ഒരു മുസ്‌ലിമിന് പാടുള്ളതല്ല. അല്ലാഹുവിനോടും റസൂലിനോടും എതിരാകുക എന്നത് അവരുടെ വിശ്വാസത്തെയും തൗഹീദിനെയുമാണ് പരിക്കേൽപ്പിക്കുക.

അല്ലാഹു പറയുന്നു:

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَن يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ وَمَن يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُّبِينًا ﴿٣٦﴾

"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു." (അഹ്സാബ്: 36)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ശൈഖ് നാസ്വിർ അസ്സഅ്ദി -ﷺ- പറഞ്ഞു: "അല്ലാഹുവിന്റെയും റസൂലിന്റെയും -ﷺ- തൃപ്തിക്കായി മത്സരിക്കുകയും, അല്ലാഹുവിന്റെ റസൂലിന്റെയും -ﷺ- കോപത്തിൽ നിന്ന് ഓടിയകലുകയും, അവരുടെ കൽപ്പനകൾ പാലിക്കുകയും, വിലക്കുകൾ ഉപേക്ഷിക്കുകയും ചെയ്യുക എന്നതല്ലാതെ മറ്റൊന്നും തന്നെ ഈമാൻ സ്വീകരിച്ച ഒരാൾക്കും യോജിച്ചതല്ല.

അതിനാൽ അല്ലാഹുവും റസൂലും -ﷺ- ഒരു കാര്യത്തിൽ വിധി പറയുകയും, ആ കൽപ്പന നിർബന്ധമാക്കുകയും ചെയ്താൽ സത്യ വിശ്വാസിയായ ഒരു പുരുഷനോ സ്ത്രീയോ അതിൽ സ്വാഭിപ്രായം തിരഞ്ഞെടുക്കുക എന്നത് അവർക്ക് യോജിച്ചതല്ല. ഇത് ചെയ്യണമോ വേണ്ടയോ എന്ന തിരഞ്ഞെടുപ്പിനുള്ള അവകാശം അവർക്കില്ല.

മറിച്ച്, അല്ലാഹുവിന്റെ റസൂൽ -ﷺ- യാണ് തന്റെ സ്വന്തത്തേക്കാൾ തനിക്ക് വേണ്ടപ്പെട്ടതെന്ന കാര്യം അവൻ തിരിച്ചറിയുകയാണ് ചെയ്യുക. തന്റെ ആഗ്രഹങ്ങളിൽ ചിലത് അല്ലാഹുവിന്റെയും റസൂലിന്റെയും കൽപ്പനകൾ അനുസരിക്കുന്നതിന് തടസ്സമായി അവൻ ഒരിക്കലും കണ്ടുകൂടാ." (തഫ്സീറുസ്സഅ്ദി: 665)

## ചരിത്രത്തിൽ നിന്ന്...

അല്ലാഹുവിന്റെ കൽപ്പനകൾ പൂർണ്ണമായും നിറവേറ്റിക്കൊണ്ട് തൗഹീദിന്റെ പൂർത്തീകരണം നിറവേറ്റിയ അനേകം നബിമാരുടെയും സ്വാലിഹീങ്ങളുടെയും ചരിത്രം വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

ഖലീലുല്ലാഹി ഇബ്രാഹീം -ﷺ- തൗഹീദിന്റെ മാർഗത്തിൽ അത്ഭുതകരമായ ചരിത്രങ്ങൾ രചിച്ച മഹാനായ നബിയും റസൂലുമാണ്. അദ്ദേഹത്തെ കുറിച്ച് അല്ലാഹു പറഞ്ഞതു നോക്കൂ:

وَإِذِ ابْتَلَىٰ إِبْرَاهِيمَ رَبُّهُ بِكَلِمَاتٍ فَأَتَمَّهُنَّ ۖ قَالَ إِنِّي جَاعِلُكَ لِلنَّاسِ إِمَامًا ۖ

"ഇബ്രാഹീമിനെ അദ്ദേഹത്തിന്റെ റബ്ബ് ചില കൽപനകൾകൊണ്ട് പരീക്ഷിക്കുകയും, അദ്ദേഹമത് പൂർണ്ണമായി നിറവേറ്റുകയും ചെയ്ത കാര്യവും (നിങ്ങൾ അനുസ്മരിക്കുക.) അല്ലാഹു (അപ്പോൾ) അദ്ദേഹത്തോട് പറഞ്ഞു: ഞാൻ നിന്നെ മനുഷ്യർക്ക് ഇമാം (മാതൃകയാക്കപ്പെടാവുന്ന നേതാവ്) ആക്കുകയാണ്." (ബഖറ: 124)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇമാം ഇബ്നു കഥീർ -ﷺ- പറയുന്നു: "നബിയേ! ഇബ്രാഹീമിനെ അല്ലാഹു പരീക്ഷിച്ചതിനെ കുറിച്ച് ഈ ബഹുദൈവാരാധകർക്ക് വിവരിച്ചു കൊടുക്കുക. അല്ലാഹു (വിവിധങ്ങളായ) കൽപ്പനകളും വിലക്കുകളും കൊണ്ട് അദ്ദേഹത്തെ പരീക്ഷിച്ചു. അപ്പോൾ അവയെല്ലാം അദ്ദേഹം പൂർണ്ണമായി നിറവേറ്റുകയുണ്ടായി." (തഫ്സീർ ഇബ്നി കഥീർ: 1/405)

ഇബ്രാഹീം നബി -ﷺ- നെ കുറിച്ച് മറ്റൊരിടത്ത് അല്ലാഹു പറഞ്ഞതു നോക്കൂ:

وَإِبْرَاهِيمَ الَّذِي وَفَّىٰ ﴿٣٧﴾

"(കടമകൾ) പൂർണ്ണമായും നിറവേറ്റിയ ഇബ്രാഹീമും." (നജ്മ്: 37)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇമാം ഇബ്നു കഥീർ -ﷺ- പറഞ്ഞു: "ഇബ്രാഹീം -ﷺ- എല്ലാ കൽപ്പനകളും നിറവേറ്റുകയും, എല്ലാ വിലക്കുകളും ഉപേക്ഷിക്കുകയും ചെയ്തു. അല്ലാഹുവിന്റെ സന്ദേശം പൂർണ്ണമായി അദ്ദേഹം ജനങ്ങൾക്ക് എത്തിച്ചു നൽകുകയും ചെയ്തു. ഇക്കാരണത്താലാണ് അദ്ദേഹം ജനങ്ങളുടെ ഇമാമാകാൻ അർഹനായത്; എല്ലാ അവസ്ഥാന്തരങ്ങളിലും വാക്കുകളിലും പ്രവർത്തനങ്ങളിലും പിന്തുടരപ്പെടാൻ അദ്ദേഹം അനുയോജ്യനത്രെ." (തഫ്സീറു ഇബ്നി കഥീർ: 7/463)

അല്ലാഹുവിന്റെ കൽപ്പനകൾ പൂർണ്ണമായി നിറവേറ്റുക എന്നതിന്റെ അത്ഭുതകരമായ മാതൃകകൾ ഇബ്രാഹീം -ﷺ- യുടെ ജീവിതത്തിൽ നിരന്തരമായി കണ്ടെത്താൻ കഴിയും. അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിച്ചതിന്റെ പേരിൽ അദ്ദേഹം തീകുണ്ഡാരത്തിലേക്ക് എറിയപ്പെട്ടു. തൗഹീദ് ജനങ്ങൾക്ക് എത്തിച്ചു നൽകുന്നതിനായി നാട്ടിൽ നിന്ന് പാലായനം ചെയ്തു. അല്ലാഹുവിന്റെ കൽപ്പന അനുസരിച്ചു കൊണ്ട് തന്റെ ഭാര്യയെയും പിഞ്ചുകുഞ്ഞിനെയും മക്കയിൽ -ജനവാസമില്ലാത്തയിടത്ത്- അല്ലാഹുവിൽ ഭരമേൽപ്പിച്ചു കൊണ്ട് അദ്ദേഹം വിട്ടേച്ചു പോയി. കാത്തിരുന്നു ലഭിച്ച കുഞ്ഞിനെ അറുക്കണമെന്ന കൽപ്പന ലഭിച്ചപ്പോൾ അത് പ്രാവർത്തികമാക്കാൻ തുനഞ്ഞിറങ്ങി. ഇങ്ങനെ അനേകം സംഭവങ്ങൾ!

നമ്മുടെ റസൂലായ മുഹമ്മദ് -ﷺ- യുടെ ചരിത്രവും വ്യത്യസ്തമല്ല. അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിക്കുന്നതിൽ ഏറ്റവും മുൻപന്തിയിൽ നിന്നവരായിരുന്നു അവിടുന്ന്. തന്നെ 'അൽ അമീൻ'

എന്ന് വിശേഷിപ്പിച്ച നാട്ടുകാരുടെ അതൃപ്തിക്ക് കാരണമാകുമെന്നറിഞ്ഞിട്ടും അവിടുന്ന് അല്ലാഹു ഏൽപ്പിച്ച ഉത്തരവാദിത്തത്തിൽ നിന്ന് ഒരണുവിട പിന്നോട്ടു പോയില്ല. ശത്രുക്കളുടെ പരിഹാസങ്ങളും പീഡനങ്ങളും അല്ലാഹുവിന്റെ ദീനിലെ ഒരു കാര്യവും മറച്ചു വെക്കാൻ അവിടുത്തേക്ക് കാരണമായില്ല. നീണ്ട പതിമൂന്ന് വർഷക്കാലം അവിടുന്ന് വിശ്രമമില്ലാതെ തൗഹീദിലേക്ക് ക്ഷണിച്ചു കൊണ്ടേയിരുന്നു.

പിന്നീട് അല്ലാഹുവിന്റെ കൽപ്പന പ്രകാരം ജനിച്ചു വളർന്ന മക്കയെ വെടിഞ്ഞ് മദീനയിലേക്ക് അവിടുന്ന് പാലായനം ചെയ്തു. അല്ലാഹുവിന്റെ അനുമതി ലഭിച്ചപ്പോൾ ബദ്റിൽ -തന്നോടോപ്പമുള്ള സ്വഹാബികളേക്കാൾ മൂന്നു മടങ്ങ് വരുന്ന- ബഹുദൈവാരാധകരുടെ സൈന്യത്തിനെതിരെ മുന്നിൽ നിന്ന് പോരാടി. അല്ലാഹുവിന്റെ വചനം ഉന്നതമാകുന്നതിന് വേണ്ടി ദൂരങ്ങൾ താണ്ടി അനേകം യുദ്ധങ്ങൾക്ക് നേതൃത്വം നൽകുകയും, സ്വഹാബികളെ നയിച്ചു കൊണ്ട് രണാങ്കണത്തിന്റെ മുൻപന്തിയിൽ നിന്നു കൊണ്ട് പോരാടുകയും ചെയ്തു.

അല്ലാഹുവിന്റെ കൽപ്പനകൾ പൂർണ്ണമായും നിറവേറ്റുന്നതിൽ നബി -ﷺ- പുലർത്തിയിരുന്ന ശക്തമായ കണിശത ബോധ്യപ്പെടുത്തുന്ന ചരിത്ര സംഭവങ്ങളിലൊന്നാണ് സൈനബ് -رضي الله عنها- യുമായുള്ള വിവാഹത്തിന്റെ ചരിത്രം. നബി -ﷺ- യുടെ വളർത്തു പുത്രനായിരുന്ന സൈദ് ബ്നു ഹാരിഥ -رضي الله عنه- യുമായി സൈനബിന്റെ -رضي الله عنها- വിവാഹം നടത്തിയത് നബി -ﷺ- യുടെ നിർദേശപ്രകാരമാണ്. എന്നാൽ അവരുടെ വിവാഹം കൂടുതൽ കാലം നീണ്ടുനിന്നില്ല. സൈദ് -رضي الله عنه- സൈനബിനെ വിവാഹമോചനം ചെയ്തപ്പോൾ അവരെ വിവാഹം കഴിക്കാൻ നബി -ﷺ- യോട് അല്ലാഹു കൽപ്പിച്ചു.

വളർത്തു പുത്രന്റെ മകനെ വിവാഹം കഴിക്കുക എന്നത് മോശമായി കണ്ടിരുന്ന അറബികളുടെ രീതി തിരുത്തുക എന്ന മഹത്തരമായ ഉദ്ദേശം ഈ കൽപ്പനക്ക് പിന്നിലുണ്ടായിരുന്നു. കപടവിശ്വാസികളും മുശ്രിക്കുകളും തനിക്കെതിരെ അപവാധം പറഞ്ഞു പ്രചരിപ്പിക്കുമെന്ന ഭയം നബി -ﷺ- യുടെ മനസ്സിലുണ്ടായിരുന്നു. എന്നാൽ നബി -ﷺ- അല്ലാഹുവിന്റെ കൽപ്പന ശിരസ്സാവഹിക്കുകയും, അതിന് പൂർണ്ണമായി കീഴൊതുങ്ങുകയും ചെയ്തു. വിശുദ്ധ ഖുർആനിൽ ഈ സംഭവത്തെ കുറിച്ചുള്ള വ്യക്തമായ പരാമർശമുണ്ട്.

وَإِذْ تَقُولُ لِلَّذِي أَنْعَمَ اللَّهُ عَلَيْهِ وَأَنْعَمْتَ عَلَيْهِ أَمْسِكْ عَلَيْكَ زَوْجَكَ وَاتَّقِ اللَّهَ وَتُخْفِي فِي نَفْسِكَ مَا اللَّهُ مُبْدِيهِ وَتَخْشَى النَّاسَ وَاللَّهُ أَحَقُّ أَن تَخْشَاهُ

"നിന്റെ ഭാര്യയെ നീ നിന്റെ അടുത്ത് തന്നെ നിർത്തിപ്പോരുകയും, അല്ലാഹുവെ നീ സൂക്ഷിക്കുകയും ചെയ്യുക എന്ന്, അല്ലാഹു അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ളവനും നീ അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ളവനുമായ ഒരാളോട് (സൈദ് ബ്നു ഹാരിഥയോട്) നീ പറഞ്ഞിരുന്ന സന്ദർഭം (ഓർക്കുക.) അല്ലാഹു വെളിപ്പെടുത്താൻ പോകുന്ന ഒരു കാര്യം നിന്റെ മനസ്സിൽ നീ മറച്ചു വെക്കുകയും ജനങ്ങളെ നീ പേടിക്കുകയും ചെയ്തിരുന്നു. എന്നാൽ നീ പേടിക്കുവാൻ ഏറ്റവും അർഹതയുള്ളവൻ അല്ലാഹുവാകുന്നു." (അഹ്സാബ്: 37)

ഈ ആയത്തിന്റെ വിശദീകരണത്തിൽ മുഫസ്സിറുകൾ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ! സൈദ് തന്റെ ഭാര്യയെ വിവാഹമോചനം നടത്തിയ ശേഷം താങ്കൾ സൈനബിനെ വിവാഹം കഴിക്കണമെന്ന അല്ലാഹുവിന്റെ സന്ദേശം താങ്കൾ മനസ്സിൽ സൂക്ഷിച്ചു. എന്നാൽ താങ്കൾ മനസ്സിൽ വെച്ചത് അല്ലാഹു പുറത്തു കൊണ്ടുവരുന്നതാണ്. 'തന്റെ വളർത്തു പുത്രൻ വിവാഹമോചനം ചെയ്ത സ്ത്രീയെ മുഹമ്മദ് വിവാഹം ചെയ്തിരിക്കുന്നു' എന്ന് കപടവിശ്വാസികൾ പറഞ്ഞു പരത്തുമെന്ന് താങ്കൾ ഭയക്കുന്നു; എന്നാൽ അല്ലാഹുവിനെയാണ് താങ്കൾ ഏറ്റവും ഭയക്കേണ്ടത്." (തഫ്സീറുൽ മുയസ്സർ: 423)

عَنْ عَائِشَةَ قَالَتْ: وَلَوْ كَانَ مُحَمَّدٌ -ﷺ- كَاتِمًا شَيْئًا مِمَّا أُنْزِلَ عَلَيْهِ لَكَتَمَ هَذِهِ الْآيَةَ: «وَإِذْ تَقُولُ لِلَّذِي أَنْعَمَ اللَّهُ عَلَيْهِ وَأَنْعَمْتَ عَلَيْهِ» الآيَةَ. [مسلم: ٢٨٨]

സൂറതുൽ അഹ്സാബിലെ ഈ ആയതിനെ കുറിച്ച് ആഇശ -رضي الله عنها- പറയുന്നു: "അല്ലാഹുവിന്റെ റസൂൽ -ﷺ- അവിടുത്തേക്ക് ലഭിച്ച അല്ലാഹുവിന്റെ സന്ദേശത്തിൽ നിന്ന് എന്തെങ്കിലുമൊന്ന് മറച്ചു വെക്കുമായിരുന്നെങ്കിൽ ഈ ആയത്ത് അവിടുന്ന് മറച്ചു വെക്കുമായിരുന്നു." (മുസ്‌ലിം: 288)

മഹാന്മാരായ രണ്ട് നബിമാരുടെ ചരിത്രങ്ങളിൽ നിന്ന് വളരെ ചുരുങ്ങിയ ചില സംഭവങ്ങൾ മാത്രമാണ് നാം ഇവിടെ സൂചിപ്പിച്ചത്. അല്ലാഹുവിന്റെ കൽപ്പനകൾ പൂർണ്ണമായി നിറവേറ്റുന്നതിൽ നബിമാരും സ്വാലിഹീങ്ങളും പുലർത്തിയ മത്സരബുദ്ധിയുടെ തെളിവുകൾ ബോധ്യപ്പെടുത്തുന്ന അനേകം സംഭവങ്ങൾ ഖുർആ

നിൽ അനവധി സന്ദർഭങ്ങളിൽ വിവരിക്കപ്പെട്ടതായി കാണാം. തൗഹീദിന്റെ പൂർത്തീകരണം ഉദാഹരണങ്ങളിലൂടെ വിവരിക്കുന്ന ചരിത്രങ്ങളാണ് അവയെല്ലാം എന്നതിൽ സംശയമില്ല.

ഈ ചരിത്ര സംഭവങ്ങൾ ശ്രദ്ധയോടെ വായിക്കുകയും, നമ്മുടെ സ്വന്തം ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കുകയും, അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിക്കുന്നതിൽ നമുക്ക് സംഭവിക്കുന്ന കുറവുകളും അലസതയും സ്വയം തിരിച്ചറിയുകയും ചെയ്യാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

അല്ലാഹുവിന്റെ കൽപ്പനകൾ പൂർണ്ണമായി നിറവേറ്റുകയും, അവന്റെ വിലക്കുകൾ തീർത്തും ഉപേക്ഷിക്കുകയും ചെയ്യുന്ന അവന്റെ സച്ചരിതരായ ദാസന്മാരിൽ അല്ലാഹു നാമേവരെയും ഉൾപ്പെടുത്തുമാറാകട്ടെ! (ആമീൻ)

**അടിസ്ഥാനം രണ്ട്: ദീനിൽ വിലക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് സ്വന്തത്തെ ശുദ്ധീകരിക്കൽ (التَّصْفِيَةُ)**

അല്ലാഹുവിന്റെ ദീനിൽ വിരോധിക്കപ്പെട്ട അനേകം തിന്മകളുണ്ട്. അവയിൽ ഏറ്റവും വലുത് ശിർകാണ്. അല്ലാഹുവിനുള്ള ആരാധനയിൽ പങ്കുചേർക്കുക എന്ന ഗുരുതരമായ ഈ പാപം ചെയ്താൽ അവൻ തൗഹീദിന്റെ അടിത്തറ തന്നെ തച്ചുടച്ചിരിക്കുന്നു. അതിന് സമാനമായ തിന്മകൾ തന്നെയാണ് അല്ലാഹുവിനെയും അവന്റെ റസൂലിനെയും നിഷേധിക്കുക എന്ന കുഫ്റും, മനസ്സിനുള്ളിൽ നിഷേധം ഒളിപ്പിച്ചു കൊണ്ട് പുറമേക്ക് ഇസ്ലാം പ്രകടിപ്പിക്കുന്ന നിഫാഖുമെല്ലാം.

ഇതിൽ താഴെയുള്ള തിന്മകളും പാപങ്ങളും ഇസ്ലാമിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. വൻപാപങ്ങളിൽ പെടുന്ന വ്യഭിചാരവും കൊലപാതകവും പലിശയുമെല്ലാം അതിൽ മുൻപന്തിയിൽ നിൽക്കുന്നു. ചെറുപാപങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന 'സ്വഗാഇറുകൾ' അതിലും താഴെയുള്ള തെറ്റുകളാണ്. 'ഒഴിവാക്കുന്നതാണ് ഉത്തമം' എന്ന് പറയപ്പെടാവുന്ന മക്റൂഹുകൾ (വെറുക്കപ്പെട്ട കാര്യങ്ങൾ) ഉപേക്ഷിക്കേണ്ട കാര്യങ്ങൾ തന്നെ. ഇത്തരം തിന്മകളിൽ നിന്നും തെറ്റുകളിൽ നിന്നുമെല്ലാം പൂർണ്ണമായും വിട്ടുനിൽക്കുക എന്നത് തൗഹീദിന്റെ പൂർത്തീകരണത്തിലെ രണ്ടാമത്തെ അടിസ്ഥാനമാണ്.

തന്റെ അടിമ തിന്മകൾ പ്രവർത്തിക്കുക എന്നത് അല്ലാഹുവിന് വെറുപ്പുണ്ടാക്കുന്ന കാര്യമാണ്. മറ്റെന്തിനേക്കാളും അല്ലാഹുവിനെ

സ്നേഹിക്കുന്ന ഒരടിമ അല്ലാഹുവിന്റെ ഇഷ്ടത്തിന് വിരുദ്ധമായ പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ നിന്ന് വിട്ടുനിൽക്കാൻ പരമാവധി ശ്രമിച്ചു കൊണ്ടിരിക്കും.

അല്ലാഹുവിനോടുള്ള അവന്റെ സ്നേഹത്തിന്റെ ദൃഢതയും ശക്തിയും അനുസരിച്ച് അല്ലാഹുവിന് വെറുപ്പുണ്ടാക്കുന്ന കാര്യങ്ങളിൽ നിന്നുള്ള അവന്റെ അകൽച്ചയും വർദ്ധിക്കും. ഇപ്രകാരം തിന്മകളിൽ നിന്ന് പൂർണ്ണമായി തന്നെ ശുദ്ധീകരിക്കുമ്പോൾ അവന്റെ തൗഹീദ് കൂടുതൽ കൂടുതൽ പൂർണ്ണതയിലേക്ക് അടുക്കുകയാണ് ചെയ്യുന്നത്.

الَّذِينَ آمَنُوا وَلَمْ يَلْبِسُوا إِيمَانَهُم بِظُلْمٍ أُولَٰئِكَ لَهُمُ الْأَمْنُ وَهُم مُّهْتَدُونَ ﴿٨٢﴾

“(അല്ലാഹുവിലും അവന്റെ റസൂലിലും പരലോകത്തിലും) വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ യാതൊരു അതിക്രമവും കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവർ; അവർക്കാകുന്നു നിർഭയത്വമുള്ളത്. അവർ തന്നെയാകുന്നു സന്മാർഗം സിദ്ധിച്ചവർ.” (അൻആം: 82)

ഇഹലോകത്തും പരലോകത്തും നിർഭയത്വം ലഭിക്കുന്നത് ‘അല്ലാഹുവിൽ വിശ്വസിക്കുകയും, ശേഷം തന്റെ വിശ്വാസത്തിൽ യാതൊരു അതിക്രമവും കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവർക്കാണ്’ എന്ന അല്ലാഹുവിന്റെ ഈ വചനം തൗഹീദിന്റെ പൂർത്തീകരണത്തിലേക്ക് ഏറ്റവും വ്യക്തമായ സൂചന നൽകുന്ന ആയത്താണ്. കാരണം ആയത്തിൽ പരാമർശിക്കപ്പെട്ട നിർഭയത്വം രണ്ട് രൂപത്തിലുണ്ട്.

ഒന്ന്: പരിപൂർണ്ണമായ നിർഭയത്വം. ഇസ്‌ലാം സ്വീകരിച്ച ശേഷം ഒരു തിന്മയും തന്റെ ജീവിതത്തിൽ കൂട്ടിക്കലർത്താതിരിക്കുകയും, എന്തെങ്കിലും തിന്മ സംഭവിച്ചാൽ ഉടനടി അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്തവർക്ക് പരിപൂർണ്ണമായ നിർഭയത്വമാണ് ഉണ്ടായിരിക്കുക. അവന് പരലോകത്ത് യാതൊരു ശിക്ഷയെയും ഭയക്കേണ്ടി വരികയില്ല.

രണ്ട്: ഭാഗികമായ നിർഭയത്വം. ഇസ്‌ലാം സ്വീകരിച്ച ശേഷം ദീനിൽ നിന്ന് പുറത്തു പോകുന്ന തരത്തിലുള്ള ശിർകോ (ബഹുദൈവാരാധന) കുഫ്റോ (നിഷേധം) നിഫാഖോ (കപടവിശ്വാസം) രിദ്ദതോ (ദീൻ ഉപേക്ഷിക്കൽ) പോലുള്ള തിന്മകൾ പ്രവർത്തിക്കാത്തവർക്ക്

ഭാഗികമായ നിർഭയത്വമുണ്ടായിരിക്കും. എന്നാൽ അതിൽ താഴെയുള്ള തെറ്റുകൾ -വൻപാപങ്ങളും മറ്റും- അവർ ചെയ്തിട്ടുണ്ടെങ്കിൽ ആ തിന്മകളുടെ തോതനുസരിച്ച് അവരുടെ നിർഭയത്വത്തിൽ കുറവുണ്ടാകുന്നതാണ്.

മേലെ നൽകിയ ആയതിന്റെ വിശദീകരണത്തിൽ ശൈഖ് നാസ്വിർ അസ്സഅ്ദി -ﷺ- ഇക്കാര്യം വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: "വിശ്വാസത്തിൽ യാതൊരു അതിക്രമവും -ശിർകോ മറ്റെന്തെങ്കിലും തിന്മകളോ ഒന്നും- കൂട്ടിക്കലർത്താത്തവർക്ക് പരിപൂർണ്ണമായ നിർഭയത്വവും സന്മാർഗവും ഉണ്ടായിരിക്കുന്നതാണ്. എന്നാൽ തങ്ങളുടെ വിശ്വാസത്തിൽ ശിർക് കൂട്ടിക്കലർത്തിയിട്ടില്ലെങ്കിലും മറ്റു പല തിന്മകളും പ്രവർത്തിച്ചവരാണെങ്കിൽ അവർക്ക് അടിസ്ഥാനപരമായി സന്മാർഗവും നിർഭയത്വവുമുണ്ടായിരിക്കും; എങ്കിലും അത് പൂർണ്ണമായിരിക്കുകയില്ല." (തഫ്സീറുസ്സഅ്ദി: 263)

തിന്മകൾ പൂർണ്ണമായി ഉപേക്ഷിക്കുമ്പോഴാണ് തൗഹീദിന്റെ പൂർത്തീകരണം സാധ്യമാവുക എന്ന് ഈ പറഞ്ഞതിൽ നിന്ന് മനസ്സിലാകും. തിന്മകളിൽ നിന്ന് സാധ്യമാകുന്നിടത്തോളം അകന്നു നിൽക്കാനുള്ള ഇസ്‌ലാമിന്റെ നിരന്തരമായ ഉപദേശങ്ങൾ ഇതിനോട് ചേർത്തു വായിക്കാവുന്ന കാര്യങ്ങളിൽ പെട്ടതാണ്. തിന്മകൾ ചെയ്യരുത് എന്നതിന് പകരം തിന്മയുടെ വഴികളിലേക്ക് പ്രവേശിക്കുകയേ അരുത് എന്നാണ് പലയിടങ്ങളിലും കൽപ്പിക്കപ്പെട്ടിട്ടുള്ളത്.

അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന ത്വാഗൂതുകളെ സംബന്ധിച്ച് പറഞ്ഞപ്പോൾ അല്ലാഹു കൽപ്പിച്ചത് നോക്കൂ.

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ത്വാഗൂതുകളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.) " (നഹ്ല്: 35)

ഈ ആയത്തിനെ വിശദീകരിച്ചു കൊണ്ട് പണ്ഡിതന്മാർ പറഞ്ഞു: "ത്വാഗൂതുകളെ ഉപേക്ഷിക്കൂ എന്ന് മാത്രം അർത്ഥം ലഭിക്കുന്ന 'ഉത്റുകൂ' (اتْرُكُوا) എന്ന പദമല്ല ഈ ആയത്തിൽ വന്നിരിക്കുന്നത്. മറിച്ച്, ഉപേക്ഷിക്കുന്നതിനോടൊപ്പം തീർത്തും അകലേക്ക് മാറ്റി നിർത്തൂ എന്ന അർത്ഥം കൂടി ലഭിക്കുന്ന 'ഇജ്തനിബൂ' (اجْتَنِبُوا) എന്ന പദമാണ് ഈ ആയത്തിലുള്ളത്. അത് കൂടുതൽ ശക്തമായ പ്രയോഗമാണ്." (ഹാശിയതു കിതാബിത്തൗഹീദ്: 14)

വിഗ്രഹങ്ങളെ ഉപേക്ഷിക്കാൻ കൽപ്പിച്ചപ്പോൾ സമാനമായ പ്ര യോഗം ഖുർആനിൽ മറ്റൊരിടത്തും ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

فَاجْتَنِبُوا الرِّجْسَ مِنَ الْأَوْثَانِ وَاجْتَنِبُوا قَوْلَ الزُّورِ ﴿٣٠﴾

"ആകയാൽ വിഗ്രഹങ്ങളാകുന്ന മാലിന്യത്തിൽ നിന്നും നിങ്ങ ൾ അകന്ന് നിൽക്കുക. വ്യാജവാക്കിൽ നിന്നും നിങ്ങൾ അകന്ന് നി ൽക്കുക." (ഹജ്ജ്: 30)

ഈ ആയത്തിൽ വിഗ്രഹങ്ങളെ ഉപേക്ഷിക്കാൻ സ്വീകരിച്ച അതേ പദപ്രയോഗം തന്നെയാണ് വ്യാജവാക്കുകൾ ഉപേക്ഷിക്കണ മെന്ന് കൽപ്പിക്കാനും സ്വീകരിച്ചിരിക്കുന്നത്. തിന്മകൾ ഒരു ദിശയി ലാണെങ്കിൽ അതിന്റെ തീർത്തും വിപരീത ദിശയിലായിരിക്കണം നീ ഉണ്ടായിരിക്കേണ്ടത് എന്ന ഓർമ്മപ്പെടുത്തൽ ഈ വാക്യങ്ങളി ലെല്ലാമുണ്ട്. പാപങ്ങളിൽ നിന്ന് തീർത്തും അകന്നു നിൽക്കുന്നത് തൗഹീദ് പൂർത്തീകരിക്കുന്നതിന്റെ ഭാഗമാണെന്ന് ഇതെല്ലാം നമ്മെ ഓർമ്മപ്പെടുത്തുന്നു.

വ്യഭിചാരത്തിൽ നിന്ന് വിലക്കി കൊണ്ടുള്ള ഖുർആൻ വാക്യ ത്തിലും സമാനമായ പ്രയോഗം കാണാം.

وَلَا تَقْرَبُوا الزِّنَىٰٓ إِنَّهُۥ كَانَ فَٰحِشَةً وَسَآءَ سَبِيلًا ﴿٣٢﴾

"നിങ്ങൾ വ്യഭിചാരത്തെ സമീപിച്ച് പോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു." (ഇസ്റാഅ്: 32)

ഈ ആയത്തിനെ വിശദീകരിച്ചു കൊണ്ട് ശൈഖ് നാസ്വിർ അസ്സഅ്ദി -ﷺ- പറഞ്ഞു: "വ്യഭിചാരം നിരോധിക്കുക എന്നതിനേ ക്കാൾ ശക്തമാണ് വ്യഭിചാരത്തോട് അടുത്തു പോകുന്നത് വരെ വിലക്കുക എന്നത്. കാരണം ഇതോടെ വ്യഭിചാരത്തിലേക്ക് നയി ക്കുന്നതും അതിലേക്ക് പ്രേരിപ്പിക്കുന്നതുമായ എല്ലാ കാര്യങ്ങളും വിലക്കപ്പെട്ടു കഴിഞ്ഞു." (തഫ്സീറുസ്സഅ്ദി: 457)

തിന്മകളെയും അതിലേക്ക് നയിച്ചേക്കാവുന്ന വഴികളെയും അകറ്റിനിർത്തുകയും, അവയെ ജീവിതത്തിൽ നിന്ന് തുടച്ചു നീക്കി ക്കൊണ്ട് സ്വയം ശുദ്ധീകരിക്കുകയും ചെയ്യുന്നത് ഈമാനിന്റെയും തൗഹീദിന്റെയും പൂർണ്ണതയുടെ ഭാഗമാണെന്ന് ഈ തെളിവുകളെ ല്ലാം നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഇക്കാര്യം മനോഹരമായ ഉപമയിലൂടെ വിശദീകരിക്കുന്ന നബി

-ﷺ- യുടെ ഹദീഥ് കൂടി ഇവിടെ നൽകുന്നത് തീർത്തും അനുയോജ്യ മായിരിക്കും.

عَنِ النُّعْمَانِ بْنِ بَشِيرٍ قَالَ: سَمِعْتُ رَسُولَ اللَّـهِ -ﷺ- يَقُولُ: «إِنَّ الْحَلَالَ بَيِّنٌ، وَإِنَّ الْحَرَامَ بَيِّنٌ، وَبَيْنَهُمَا مُشْتَبِهَاتٌ لَا يَعْلَمُهُنَّ كَثِيرٌ مِنَ النَّاسِ، فَمَنِ اتَّقَى الشُّبُهَاتِ اسْتَبْرَأَ لِدِينِهِ، وَعِرْضِهِ، وَمَنْ وَقَعَ فِي الشُّبُهَاتِ وَقَعَ فِي الْحَرَامِ، كَالرَّاعِي يَرْعَى حَوْلَ الْحِمَى، يُوشِكُ أَنْ يَرْتَعَ فِيهِ، أَلَا وَإِنَّ لِكُلِّ مَلِكٍ حِمًى، أَلَا وَإِنَّ حِمَى اللَّـهِ مَحَارِمُهُ»

നുഅ്മാനു ബ്നു ബശീർ -رضي الله عنه- നിവേദനം: നബി -ﷺ- പറ ഞ്ഞു: "തീർച്ചയായും ഹലാൽ (അനുവദിക്കപ്പെട്ടത്) വ്യക്തമാണ്. തീർച്ചയായും ഹറാമും (നിഷിദ്ധമാക്കപ്പെട്ടത്) വ്യക്തമാണ്. അവ ക്കിടയിൽ അവ്യക്തമായ ചിലതുണ്ട്; ജനങ്ങളിൽ ധാരാളം പേർക്ക് അവ അറിയുകയില്ല. ആരെങ്കിലും അവ്യക്തമായ കാര്യങ്ങളെ സൂ ക്ഷിച്ചാൽ അവൻ തന്റെ ദീനിനെയും അഭിമാനത്തെയും സുരക്ഷി തമാക്കിയിരിക്കുന്നു. ആരെങ്കിലും അവ്യക്തമായ കാര്യങ്ങളിൽ വീ ണുപോയാൽ അവൻ ഹറാമിൽ വീഴുന്നതാണ്.

ഒരു ആട്ടിടയന്റെ കാര്യം പോലെ. അയാൾ സംരക്ഷണവേലി ക്ക് ചുറ്റും (തന്റെ കാലികളെ) മേയ്ക്കുന്നു. അവ ആ വേലിക്കപ്പുറം കടക്കാനായിരിക്കുന്നു. അറിയുക! എല്ലാ രാജാക്കന്മാർക്കും സുര ക്ഷിതവേലിയുണ്ട്. അറിയുക! അല്ലാഹുവിന്റെ സുരക്ഷിതരേഖ അവൻ നിഷിദ്ധമാക്കിയവയാകുന്നു." (മുസ്‌ലിം: 1599)

തിന്മകളിലേക്ക് നയിച്ചേക്കുമെന്ന് ഭയപ്പെടുന്ന കാര്യങ്ങൾ വരെ സൂക്ഷ്മതയുടെ പേരിൽ ഉപേക്ഷിക്കുന്നതിനെ നബി -ﷺ- പുകഴ്ത്തി യെങ്കിൽ വ്യക്തമായ തിന്മകളിൽ നിന്ന് വിട്ടുനിൽക്കണമെന്നത് എത്ര ശക്തമായ കൽപ്പനയായിരിക്കും?! അല്ലാഹു നിഷിദ്ധമാക്കിയ എല്ലാ കാര്യങ്ങളിൽ നിന്നുമുള്ള ഈ പരിപൂർണ്ണമായ അകൽച്ച തൗഹീദ് പൂർത്തീകരിക്കുന്നതിന്റെ രണ്ടാമത്തെ അടിത്തറയാണ്.

## ചരിത്രത്തിൽ നിന്ന്...

ഈ അടിസ്ഥാനം ഏറ്റവും മനോഹരമായി പ്രാവർത്തികമാ ക്കിയ മാതൃകകൾ നബിമാരുടെയും സ്വാലിഹീങ്ങളുടെയും ചരിത്ര ത്തിൽ അനേകം കണ്ടെത്താൻ കഴിയും. തിന്മകളിലേക്ക് കൊണ്ടെ ത്തിച്ചേക്കാവുന്ന സാഹചര്യങ്ങളിൽ നിന്ന് അകന്നു നിൽക്കാൻ

അവർ പുലർത്തിയ ശ്രദ്ധയും, അതിലേക്ക് വീണു പോകുമോ എന്ന തിൽ അവർക്കുണ്ടായിരുന്ന ഭയവും വിവരിക്കുന്ന അനേകം ചരി ത്രങ്ങൾ ഖുർആനിലും ഹദീഥുകളിലും കണ്ടെത്താൻ കഴിയും.

യൂസുഫ് നബി -ﷺ- ന്റെ ചരിത്രം ഈ വിഷയത്തിലെ ഏറ്റവും സുന്ദരമായ ഉദാഹരണങ്ങളിലൊന്നാണ്. അദ്ദേഹത്തിന്റെ സൗന്ദര്യ ത്തിൽ ആകൃഷ്ടയായ സ്ത്രീയുടെ തന്ത്രങ്ങളിൽ വീണു പോകുമോ എന്ന ഭയം അദ്ദേഹത്തെ പിടികൂടിയപ്പോൾ സുഖസൗകര്യങ്ങൾ പലതുമുള്ള തന്റെ ഉടമസ്ഥന്റെ കൊട്ടാരം ഉപേക്ഷിച്ചു കൊണ്ട് ഇടു ങ്ങിയ ജയിലറ തിരഞ്ഞെടുക്കുകയാണ് അദ്ദേഹം ചെയ്തത്.

قَالَ رَبِّ السِّجْنُ أَحَبُّ إِلَيَّ مِمَّا يَدْعُونَنِي إِلَيْهِ ۖ وَإِلَّا تَصْرِفْ عَنِّي كَيْدَهُنَّ أَصْبُ إِلَيْهِنَّ وَأَكُن مِّنَ الْجَاهِلِينَ ﴿٣٣﴾

"അദ്ദേഹം (യൂസുഫ്) പറഞ്ഞു: എന്റെ റബ്ബേ! ഇവർ എന്നെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനെക്കാളും എനിക്ക് കൂ ടുതൽ പ്രിയപ്പെട്ടത് ജയിലാകുന്നു. ഇവരുടെ കുതന്ത്രം എന്നെ വിട്ട് നീ തിരിച്ചുകളയാത്ത പക്ഷം ഞാൻ അവരിലേക്ക് ചാഞ്ഞുപോയേ ക്കും. അങ്ങനെ ഞാൻ അവിവേകികളുടെ കൂട്ടത്തിൽ ആയിപോ കുകയും ചെയ്യും." (യൂസുഫ്: 33)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ശൈഖ് നാസ്വിർ അസ്സഅ്ദി -ﷺ- പറയുന്നു: "അല്ലാഹുവിന്റെ കഠിനമായ ശിക്ഷക്ക് കാരണമാകുന്ന, തന്റെ മുന്നിലെത്തി നിൽക്കുന്ന ഈ ആസ്വാദന ത്തേക്കാൾ ഭൗതിക ശിക്ഷയും ജയിൽവാസവുമാണ് അദ്ദേഹത്തി ന് പ്രിയങ്കരമായി തീർന്നത്... (അപ്പോൾ ആരെങ്കിലും) തീരെ ചെറു തും, ഒട്ടും പരിശുദ്ധവുമല്ലാത്ത ഒരു ഭൗതിക ആസ്വാദനത്തെ എന്നെന്നും നിലനിൽക്കുന്ന ആസ്വാദനങ്ങൾക്കും വ്യത്യസ്തങ്ങ ളായ സുഖാനുഗ്രഹങ്ങൾക്കും മഹത്തരമായ സ്വർഗീയാരാമങ്ങൾ ക്കും മുകളിൽ പ്രതിഷ്ഠിക്കുന്നുവെങ്കിൽ അവനേക്കാൾ വലിയ വി ഡ്ഢി മറ്റാരുണ്ട്?!" (തഫ്സീറുസ്സഅ്ദി: 397)

ഹാഫിദ് ഇബ്നു കഥീർ -ﷺ- പറയുന്നു: "അല്ലാഹു യൂസുഫ് നബി -ﷺ- ന് വളരെ വലിയ കാവൽ തന്നെയാണ് ഏർപ്പെടുത്തിയ ത്. അതിനാൽ ആ സ്ത്രീയുടെ വശീകരണങ്ങളിൽ നിന്ന് തീർത്തും വിട്ടകന്നു നിൽക്കാൻ അദ്ദേഹത്തിന് സാധിച്ചു. അവരുടെ ആഗ്രഹ ങ്ങൾക്ക് വഴങ്ങുന്നതിനേക്കാൾ ജയിൽവാസമാണ് അദ്ദേഹത്തിന്

പ്രിയങ്കരമായത്. ഇത് (തിന്മയിൽ നിന്നു വിട്ടുനിൽക്കുക എന്നതിൽ ഒരാൾക്ക് നേടിയെടുക്കാവുന്ന) പൂർണ്ണതയുടെ ഏറ്റവും ഉത്തുംഗത യാണ്." (തഫ്സീർ ഇബ്നി കഥീർ: 4/387)

അല്ലാഹുവിന് വെറുപ്പുണ്ടാക്കുന്ന എല്ലാ കാര്യത്തിൽ നിന്നും പൂർണ്ണമായി വിട്ടുനിൽക്കുന്നതിൽ നമ്മുടെ റസൂലായ മുഹമ്മദ് നബി -ﷺ- കാണിച്ചു തന്ന മാതൃകയും ഏറ്റവും ഉദാത്തമാണ്. നബി -ﷺ- യുടെ ജീവിതരീതിയെ കുറിച്ച് ആഇശ -رَضِيَ اللَّهُ عَنْهَا- അറിയിച്ച വാക്കു കളിൽ നിന്ന് അക്കാര്യം മനസ്സിലാക്കാൻ സാധിക്കും.

عَنْ عَائِشَةَ رَضِيَ اللَّـهُ عَنْهَا، أَنَّهَا قَالَتْ: «مَا خُيِّرَ رَسُولُ اللَّـهِ -ﷺ- بَيْنَ أَمْرَيْنِ إِلَّا أَخَذَ أَيْسَرَهُمَا، مَا لَمْ يَكُنْ إِثْمًا، فَإِنْ كَانَ إِثْمًا كَانَ أَبْعَدَ النَّاسِ مِنْهُ، وَمَا انْتَقَمَ رَسُولُ اللَّـهِ -ﷺ- لِنَفْسِهِ إِلَّا أَنْ تُنْتَهَكَ حُرْمَةُ اللَّـهِ، فَيَنْتَقِمَ لِلَّـهِ بِهَا»

ആഇശ -رَضِيَ اللَّهُ عَنْهَا- നിവേദനം: "രണ്ട് കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കാൻ നബി -ﷺ- ക്ക് അവസരം വന്നാൽ അതിൽ ഏറ്റവും എളുപ്പമുള്ളതേ അവിടുന്ന് തിരഞ്ഞെടുക്കുമായിരുന്നു ള്ളൂ; അത് ഒരു തിന്മയാകാത്തിടത്തോളം. അക്കാര്യം ഒരു തിന്മയാ ണെങ്കിൽ അതിൽ നിന്ന് ഏറ്റവും അകലം പാലിക്കുന്ന വ്യക്തി അല്ലാഹുവിന്റെ റസൂൽ -ﷺ- ആയിരിക്കും.

അവിടുന്ന് തനിക്ക് വേണ്ടി ഒരിക്കൽ പോലും പ്രതികാരം ചെ യ്തിട്ടില്ല; അല്ലാഹുവിന്റെ നിഷിദ്ധമാക്കിയത് ഹനിക്കപ്പെട്ടാലല്ലാ തെ. അപ്പോൾ അതിന്റെ പേരിൽ അവിടുന്ന് പ്രതികാരമെടുക്കുമാ യിരുന്നു." (ബുഖാരി: 3560, മുസ്‌ലിം: 2327)

നബി -ﷺ- യെ മാതൃകയാക്കാൻ മത്സരിച്ചിരുന്ന സ്വഹാബിക ളും തെറ്റുകളും തിന്മകളും അകറ്റി നിർത്തുന്നതിൽ പുലർത്തിയിരു ന്ന സൂക്ഷ്മത അപാരമായിരുന്നു. ധാരാളം ചരിത്രസംഭവങ്ങൾ ഈ വിഷയത്തിൽ കണ്ടെത്താൻ കഴിയും. ഒന്നു രണ്ട് സംഭവങ്ങൾ മാ ത്രം താഴെ പറയാം.

عَنْ عَبْدِ اللَّـهِ بْنِ عَبَّاسٍ، أَنَّ رَسُولَ اللَّـهِ -ﷺ- رَأَى خَاتَمًا مِنْ ذَهَبٍ فِي يَدِ رَجُلٍ، فَنَزَعَهُ فَطَرَحَهُ، وَقَالَ: «**يَعْمِدُ أَحَدُكُمْ إِلَى جَمْرَةٍ مِنْ نَارٍ فَيَجْعَلُهَا فِي يَدِهِ**»، فَقِيلَ لِلرَّجُلِ بَعْدَ مَا ذَهَبَ رَسُولُ اللَّـهِ -ﷺ-: خُذْ خَاتِمَكَ انْتَفِعْ بِهِ، قَالَ: لَا وَاللَّـهِ، لَا آخُذُهُ أَبَدًا وَقَدْ طَرَحَهُ رَسُولُ اللَّـهِ -ﷺ-.

അബ്ദുല്ലാഹി ബ്നു അബ്ബാസ് -ﷺ- നിവേദനം: ഒരിക്കൽ നബി -ﷺ- ഒരു സ്വഹാബിയുടെ കയ്യിൽ സ്വർണ്ണത്തിന്റെ ഒരു മോതിരം കണ്ടു. അവിടുന്ന് അത് ഊരിയെടുക്കുകയും വലിച്ചെറിയുകയും ചെയ്ത ശേഷം ചോദിച്ചു: "അഗ്നി കൊണ്ടുള്ള ഒരു വളയമെടുത്താണ് നിങ്ങൾ കയ്യിൽ അണിഞ്ഞിരിക്കുന്നത്."

നബി -ﷺ- അവിടെ നിന്ന് പോയതിന് ശേഷം ആ സ്വഹാബിയോട് ചിലർ പറഞ്ഞു: "നിന്റെ മോതിരം എടുത്ത് മറ്റെന്തെങ്കിലും കാര്യത്തിന് പ്രയോജനപ്പെടുത്തിക്കൊള്ളൂ." അദ്ദേഹം പറഞ്ഞു: "ഒരിക്കലുമില്ല! അല്ലാഹു സത്യം! അല്ലാഹുവിന്റെ റസൂൽ -ﷺ- വലിച്ചെറിഞ്ഞ ഒന്ന് ഞാനിനി ഒരിക്കലും എടുക്കുകയില്ല." (മുസ്‌ലിം: 2090)

ഇമാം നവവി -رحمه الله- പറയുന്നു: "അല്ലാഹുവിന്റെ റസൂൽ -ﷺ- യുടെ കൽപ്പന സ്വീകരിക്കുകയും, അവിടുന്ന് നിരോധിച്ചത് വെടിയുകയും ചെയ്യുന്നതിലുള്ള അങ്ങേയറ്റത്തെ ശ്രദ്ധയാണ് ഈ സ്വഹാബിയിൽ കണ്ടത്. തീർത്തും ദുർബലമായ വ്യാഖ്യാങ്ങൾ കൊണ്ട് ഇളവുകൾ സ്വീകരിക്കാൻ അദ്ദേഹം ശ്രമിക്കുകയേ ചെയ്തില്ല." (ശർഹുന്നവവി: 14/65)

അല്ലാഹുവിന്റെയും റസൂലിന്റെയും -ﷺ- വിലക്കുകളിൽ പലതും പ്രവർത്തിക്കുകയും, അതിന് യാതൊരു അടിസ്ഥാനമോ അടിത്തറയോ ഇല്ലാത്ത വ്യാഖ്യാനങ്ങൾ കണ്ടെത്തുകയും, ദീനിന്റെ വിധിവിലക്കുകളെ പരിഹസിക്കുകയും ചെയ്യുന്നവർ സ്വഹാബികൾ പുലർത്തിയിരുന്ന ഈ സൂക്ഷ്മതയും ശ്രദ്ധയും കണ്ടുപഠിക്കേണ്ടതുണ്ട്. നബി -ﷺ- യുടെ വിലക്കിന് എതിരു പറഞ്ഞതിന്റെ പേരിൽ തന്റെ മകനുമായി ബന്ധം വിഛേദിച്ച സ്വഹാബികൾ വരെയുണ്ട്.

عَنْ عَبْدِ اللَّـهِ بْنِ عُمَرَ قَالَ: سَمِعْتُ رَسُولَ اللَّـهِ -ﷺ- يَقُولُ: «**لَا تَمْنَعُوا نِسَاءَكُمُ الْمَسَاجِدَ إِذَا اسْتَأْذَنَّكُمْ إِلَيْهَا**» قَالَ: فَقَالَ بِلَالُ بْنُ عَبْدِ اللَّـهِ: وَاللَّـهِ لَنَمْنَعُهُنَّ، قَالَ: فَأَقْبَلَ عَلَيْهِ عَبْدُ اللَّـهِ: فَسَبَّهُ سَبًّا سَيِّئًا مَا سَمِعْتُهُ سَبَّهُ مِثْلَهُ قَطُّ وَقَالَ: «أُخْبِرُكَ عَنْ رَسُولِ اللَّـهِ -ﷺ- وَتَقُولُ: وَاللَّـهِ لَنَمْنَعُهُنَّ»

ഇബ്നു ഉമർ -رضي الله عنهما- യുടെ മകൻ സാലിം നിവേദനം ചെയ്യുന്നു: ഇബ്നു ഉമർ പറഞ്ഞു: "നബി -ﷺ- പറഞ്ഞിരിക്കുന്നു: "നിങ്ങൾ അല്ലാഹുവിന്റെ അടിയാത്തികളെ മസ്ജിദുകളിൽ നിന്ന് തടയരുത്; അവർ നിങ്ങളോട് അതിന് അനുമതി ചോദിച്ചാൽ." അപ്പോൾ അദ്ദേഹത്തിന്റെ മകനായ ബിലാൽ പറഞ്ഞു: "അല്ലാഹു സത്യം! ഞങ്ങൾ അവരെ തടയുക തന്നെ ചെയ്യും."

സാലിം പറയുന്നു: "ഇത് കേട്ടപ്പോൾ ഇബ്നു ഉമർ തന്റെ മകനെ വളരെയധികം ചീത്ത പറഞ്ഞു, അതു പോലെ അദ്ദേഹം ഒരാളെയും ചീത്ത പറയുന്നത് ഞാൻ കേട്ടിട്ടില്ല. അദ്ദേഹം പറയുകയുണ്ടായി: "അല്ലാഹുവിന്റെ റസൂൽ -ﷺ- പറഞ്ഞതായി ഒരു കാര്യം ഞാൻ നിന്നോട് പറയുമ്പോൾ 'ഞങ്ങൾ തടയുക തന്നെ ചെയ്യുമെന്ന്' നീ മറുപടി പറയുകയോ?!" (മുസ്‌ലിം: 442) പിന്നീട് ഇബ്നു ഉമർ മരണം വരെ തന്റെ ആ മകനോട് മിണ്ടിയിട്ടില്ല. (ഹിൽയതുൽ ഔലിയാ: 2/813)

ഇബ്നു ഉമറിന്റെ മകൻ നബി -ﷺ- യുടെ വാക്കിന് നേരെ എതിരു പറഞ്ഞതാണ് എന്ന് ആരും തെറ്റിദ്ധരിക്കരുത്. മറിച്ച്, വീട്ടിൽ നിന്ന് പുറത്തു പോകാനുള്ള ഒരു വഴിയായി മസ്ജിദിലേക്ക് പോവുക എന്ന ന്യായം സ്ത്രീകൾ പറയുമെന്നതിനാലാണ് അവരെ ഞാൻ തടയുമെന്ന് അദ്ദേഹം പറഞ്ഞത്. എന്നാൽ അല്ലാഹുവിന്റെ റസൂൽ -ﷺ- വിലക്കിയ ഒരു കാര്യത്തിന് എതിരായി മറുന്യായം പറയുന്നത് ഇബ്നു ഉമർ -رضي الله عنه- ക്ക് സഹിക്കാൻ കഴിഞ്ഞില്ല. അല്ലാഹുവും റസൂലും -ﷺ- വിലക്കിയ കാര്യങ്ങളോട് അവർക്കുണ്ടായിരുന്ന അകൽച്ച ബോധ്യപ്പെടുന്നതിനാണ് ഈ സംഭവം നൽകിയത്.

അല്ലാഹുവിന്റെ കൽപ്പനകൾ പൂർണ്ണമായി നിറവേറ്റുകയും, അവന്റെ വിലക്കുകൾ പൂർണ്ണമായി ഉപേക്ഷിക്കുകയും ചെയ്തു കൊണ്ട് അല്ലാഹുവിന്റെ ഏകത്വം പൂർത്തീകരിക്കുന്ന അവന്റെ ഇഷ്ടദാസന്മാരിൽ അല്ലാഹു നാമേവരെയും ഉൾപ്പെടുത്തുമാറാകട്ടെ. (ആമീൻ)

# പൂർത്തീകരണത്തിന്റെ ഘട്ടങ്ങൾ

അല്ലാഹുവിന്റെ കൽപ്പനകൾ സാധ്യമാകുന്നതെല്ലാം പ്രാവർത്തികമാക്കി കൊണ്ട് തന്റെ ഈമാൻ പൂർത്തീകരിക്കാൻ ശ്രമിക്കുകയും, അവന്റെ വിലക്കുകൾ ഉപേക്ഷിച്ചു കൊണ്ട് സ്വന്തത്തെ പരമാവധി ശുദ്ധീകരിക്കുകയും ചെയ്യുക എന്നതാണ് തൗഹീദിന്റെ പൂർത്തീകരണം കൊണ്ട് അർത്ഥമാക്കുന്നത് എന്ന് നാം വിവരിച്ചു. എന്നാൽ തൗഹീദിന്റെ പൂർത്തീകരണം രണ്ട് പദവികളുണ്ട്.

ഒന്നാമത്തേത് നിർബന്ധമായും ഓരോ മുസ്ലിമും പൂർത്തീകരിക്കേണ്ട തൗഹീദാണെങ്കിൽ രണ്ടാമത്തേത് സുന്നത്താണ്. 'നിർബന്ധമായ തൗഹീദിന്റെ പൂർത്തീകരണവും' (**تَحْقِيـقُ التَّوْحِيـدِ الوَاجِـبِ**), 'സുന്നത്തായ തൗഹീദിന്റെ പൂർത്തീകരണവും' (**تَحْقِيقُ التَّوْحِيدِ المُسْـتَحَبِّ**) വേർതിരിച്ചു പഠിക്കുകയും, മരണത്തിന് മുൻപ് ഈ രണ്ട് പദവികളും ചവിട്ടികയറാൻ പരമാവധി ശ്രമിക്കുകയും ചെയ്യേണ്ടതുണ്ട് നാം.

## നിർബന്ധമായ തൗഹീദ്

അല്ലാഹു നിർബന്ധമാക്കിയ -വാജിബായ- കാര്യങ്ങൾ പ്രവർത്തിക്കുകയും, നിഷിദ്ധമാക്കിയ -ഹറാമായ- കാര്യങ്ങൾ ഒഴിവാക്കുകയും ചെയ്താൽ നിർബന്ധമായ തൗഹീദ് ഒരാൾ പൂർത്തീകരിച്ചിരിക്കുന്നു. തൗഹീദിന്റെ ഈ പദവി പൂർത്തീകരിച്ച ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അവൻ ഒരിക്കലും നരകത്തിൽ പ്രവേശിക്കുന്നതല്ല. പരലോകത്തിൽ ഉറപ്പായും അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.

عَنْ طَلْحَةَ بْنِ عُبَيْدِ اللَّـهِ قَالَ: جَاءَ رَجُلٌ إِلَى رَسُولِ اللَّـهِ -ﷺ- مِنْ أَهْلِ نَجْدٍ ثَائِرَ الرَّأْسِ، يُسْمَعُ دَوِيُّ صَوْتِهِ وَلاَ يُفْقَهُ مَا يَقُولُ، حَتَّى دَنَا، فَإِذَا هُوَ يَسْأَلُ عَنِ الإِسْلاَمِ، فَقَالَ رَسُولُ اللَّـهِ -ﷺ-: «**خَمْسُ صَلَوَاتٍ فِي اليَوْمِ وَاللَّيْلَةِ**» فَقَالَ: هَلْ عَلَيَّ غَيْرُهَا؟ قَالَ: «**لاَ، إِلَّا أَنْ تَطَوَّعَ**» قَالَ رَسُولُ اللَّـهِ -ﷺ-: «**وَصِيَامُ رَمَضَانَ**» قَالَ: هَلْ عَلَيَّ غَيْرُهُ؟ قَالَ: «**لاَ، إِلَّا أَنْ تَطَوَّعَ**» قَالَ: وَذَكَرَ لَهُ رَسُولُ اللَّـهِ -ﷺ- الزَّكَاةَ، قَالَ: هَلْ عَلَيَّ غَيْرُهَا؟ قَالَ: «**لاَ، إِلَّا أَنْ تَطَوَّعَ**» قَالَ: فَأَدْبَرَ الرَّجُلُ وَهُوَ يَقُولُ: وَاللَّـهِ لاَ أَزِيدُ عَلَى هَذَا وَلاَ أَنْقُصُ، قَالَ رَسُولُ اللَّـهِ -ﷺ-: «**أَفْلَحَ إِنْ صَدَقَ**»

ത്വൽഹതു ബ്നു ഉബൈദില്ലാഹ് -ﷺ- നിവേദനം: നബി -ﷺ-യുടെ അരികിൽ നജ്ദിൽ നിന്ന്, ചിതറിയ മുടിയുള്ള ഒരാൾ വന്നു. അദ്ദേഹത്തിന്റെ ശബ്ദത്തിന്റെ ഇരമ്പം കേൾക്കുന്നുണ്ടെങ്കിലും അദ്ദേഹം പറയുന്നത് മനസ്സിലാക്കാൻ കഴിയുന്നില്ല. ഇസ്‌ലാമിനെ കുറിച്ചായിരുന്നു അദ്ദേഹം ചോദിക്കുന്നുണ്ടായിരുന്നത്.

അപ്പോൾ നബി -ﷺ- പറഞ്ഞു: "പകലും രാത്രിയുമായി അഞ്ചു നേരത്തെ നിസ്കാരം (ഇസ്‌ലാമിലുണ്ട്)." അദ്ദേഹം ചോദിച്ചു: "അതല്ലാത്ത (വേറെ നിസ്കാരം) എന്റെ മേൽ ബാധ്യതയുണ്ടോ?!" നബി -ﷺ- പറഞ്ഞു: "ഇല്ല. താങ്കൾ സുന്നത്ത് (ഐഛികം) നിർവ്വഹിക്കുക എന്നതൊഴികെ."

ശേഷം നബി -ﷺ- പറഞ്ഞു: "റമദാനിലെ നോമ്പുമുണ്ട്." അയാൾ ചോദിച്ചു: "അതല്ലാത്ത (നോമ്പ്) എന്റെ മേൽ നിർബന്ധമുണ്ടോ?!" നബി -ﷺ- പറഞ്ഞു: "ഇല്ല. താങ്കൾ സുന്നത്ത് നിർവ്വഹിക്കുക എന്നതൊഴികെ." ശേഷം നബി -ﷺ- അദ്ദേഹത്തോട് സകാതിനെ കുറിച്ച് കൂടി പറഞ്ഞു കൊടുത്തു. അപ്പോൾ അദ്ദേഹം ചോദിച്ചു: "അതല്ലാത്ത (ദാനധർമ്മം) എന്റെ മേൽ നിർബന്ധമുണ്ടോ?!" നബി -ﷺ- പറഞ്ഞു: "ഇല്ല. താങ്കൾ സുന്നത്ത് നിർവ്വഹിക്കുക എന്നതൊഴികെ."

തിരിഞ്ഞു നടക്കുമ്പോൾ അദ്ദേഹം പറയുന്നുണ്ടായിരുന്നു: "ഈ പറഞ്ഞതിൽ ഞാൻ അധികരിപ്പിക്കുകയോ, അതിൽ കുറവു വരുത്തുകയോ ഇല്ല." (അപ്പോൾ) നബി -ﷺ- പറഞ്ഞു: "സത്യമാണ് അയാൾ പറയുന്നത് എങ്കിൽ, അയാൾ വിജയിച്ചിരിക്കുന്നു." (ബുഖാരി: 46, മുസ്‌ലിം: 11)

ഹദീഥിന്റെ ചില നിവേദനങ്ങളിൽ ഇപ്രകാരമാണുള്ളത്: "ശേഷം നബി -ﷺ- അദ്ദേഹത്തിന്റെ ഇസ്‌ലാമിലെ വിധിവിലക്കുകൾ വിശദീകരിച്ചു കൊടുത്തു. അപ്പോൾ അദ്ദേഹം പറഞ്ഞു: "അല്ലാഹു സത്യം! അല്ലാഹു എന്റെ മേൽ നിർബന്ധമാക്കിയ കാര്യത്തിൽ ഒന്നും ഞാൻ കൂട്ടുകയോ കുറക്കുകയോ ചെയ്യുകയില്ല." (അൽ ബഹ്ർ / അഥ്യൂബി: 1/215)

അല്ലാഹു മതത്തിൽ നിർബന്ധമാക്കിയ കാര്യങ്ങൾ -യാതൊരു കുറ്റമോ കുറവുകളോ വരുത്താതെ- നിർവ്വഹിക്കുകയും, അവൻ നിഷിദ്ധമാക്കിയ കാര്യങ്ങൾ തീർത്തും ഉപേക്ഷിക്കുകയും ചെയ്താൽ അയാൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ് എന്ന് ഈ ഹദീഥ് വ്യക്തമാക്കുന്നുണ്ട്.

ഈ ഹദീഥിന്റെ വിശദീകരണത്തിൽ ഇമാം നവവി -ﷺ- പറയുന്നു: "നിർബന്ധകർമ്മങ്ങളിൽ ഒരു വീഴ്ച്ചയും വരുത്താതെ -സുന്നത്തുകൾ ഒരാൾ ഒഴിവാക്കുകയാണെങ്കിൽ- അയാൾ വിജയിക്കുമെന്നതിൽ സംശയമില്ല. തുടർച്ചയായി സുന്നത്തുകൾ ഉപേക്ഷിക്കുന്നത് ആക്ഷേപകരമായ കാര്യമാണ് എങ്കിലും -അക്കാരണത്താൽ അയാളുടെ സാക്ഷ്യം സ്വീകരിക്കപ്പെടാതിരിക്കുന്നതാണ് എന്ന വസ്തുത ഉണ്ടെങ്കിലും- അയാൾ അല്ലാഹുവിനെ ധിക്കരിച്ചിരിക്കുന്നു എന്ന് പറയാൻ സാധിക്കില്ല. അല്ല! അയാൾ (സ്വർഗം) വിജയിച്ചടക്കിയവനും, (നരകത്തിൽ നിന്ന്) രക്ഷപ്പെട്ടവനുമാണ് എന്നതാണ് യാഥാർത്ഥ്യം." (ശർഹുന്നവവി: 1/167)

വിശുദ്ധ ഖുർആനിലും ഈ പറയപ്പെട്ട വിഷയം പരാമർശിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹു പറയുന്നു:

ثُمَّ أَوْرَثْنَا الْكِتَابَ الَّذِينَ اصْطَفَيْنَا مِنْ عِبَادِنَا ۖ فَمِنْهُمْ ظَالِمٌ لِّنَفْسِهِ وَمِنْهُم مُّقْتَصِدٌ
وَمِنْهُمْ سَابِقٌ بِالْخَيْرَاتِ بِإِذْنِ اللَّهِ ۚ ذَٰلِكَ هُوَ الْفَضْلُ الْكَبِيرُ ﴿٣٢﴾

"പിന്നീട് നമ്മുടെ ദാസൻമാരിൽ നിന്ന് നാം തെരഞ്ഞെടുത്തവർക്ക് നാം വേദഗ്രന്ഥം അവകാശപ്പെടുത്തികൊടുത്തു. അവരുടെ കൂട്ടത്തിൽ സ്വന്തത്തോട് അന്യായം ചെയ്തവരുണ്ട്. മദ്ധ്യനിലപാടുകാരും അവരിലുണ്ട്. അല്ലാഹുവിന്റെ അനുമതിയോടെ നൻമകളിൽ മുൻകടന്നവരും അവരിലുണ്ട്. അതു തന്നെയാണ് മഹത്തായ അനുഗ്രഹം." (ഫാത്വിർ: 32)

ഈ ആയത്തിന്റെ വിശദീകരണത്തിൽ മുഫസ്സിറുകൾ പറയുന്നു: "മുൻകാല സമൂഹങ്ങളുടെ നാശത്തിന് ശേഷം നാം തിരഞ്ഞെടുത്തവരായ മുഹമ്മദ് നബി -ﷺ- യുടെ സമൂഹത്തിന് നാം വിശുദ്ധ ഖുർആൻ നൽകി. അവരിൽ സ്വന്തത്തോട് അതിക്രമം പ്രവർത്തിച്ചവരുണ്ട്; ചില തിന്മകൾ പ്രവർത്തിച്ചവരാണവർ. അവരിൽ മദ്ധ്യ നിലപാടിലുള്ളവരുണ്ട്; നിർബന്ധ കാര്യങ്ങൾ പ്രവർത്തിക്കുകയും, നിഷിദ്ധ വൃത്തികൾ ഉപേക്ഷിക്കുകയും ചെയ്തവരാണവർ. -അല്ലാഹുവിന്റെ അനുമതിയോടെ- നന്മകളുമായി മുന്നേറിയവരും അക്കൂട്ടത്തിലുണ്ട്; വാജിബും സുന്നത്തുകളും പ്രവർത്തിച്ചു കൊണ്ട് സൽകർമ്മങ്ങൾ ചെയ്യുന്നതിൽ കഠിനമായി പരിശ്രമിച്ചവരാണവർ." (തഫ്സീറുൽ മുയസ്സർ: 438)

ഇവിടെ മദ്ധ്യ നിലപാടിലുള്ളവർ (مُقْتَصِدٌ) എന്ന് വിശേഷിപ്പിച്ച

ത് നിർബന്ധ കാര്യങ്ങൾ പ്രവർത്തിക്കുകയും, നിഷിദ്ധവൃത്തികൾ ഉപേക്ഷിക്കുകയും ചെയ്തവരെയാണ്. ഇക്കൂട്ടരും, നന്മകളിൽ മുന്നേറിയവരും യാതൊരു ശിക്ഷയും നേരിടാതെ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്; എന്നാൽ വാജിബുകൾ ഉപേക്ഷിക്കുകയോ ഹറാമുകൾ പ്രവർത്തിക്കുകയോ ചെയ്തു കൊണ്ട് സ്വന്തത്തോട് അതിക്രമം പ്രവർത്തിച്ചവരാകട്ടെ, അവർ അല്ലാഹുവിങ്കൽ ശിക്ഷക്ക് അർഹരാണ്.

ഇത്രയും പറഞ്ഞത് സുന്നത്തുകൾ ഉപേക്ഷിക്കാനുള്ള ന്യായമായി ആരും കണ്ടുകൂടാ. വാജിബുകൾ ചെയ്യുന്നുണ്ടെന്ന ധാരണയിൽ സുന്നത്തുകൾ ഉപേക്ഷിക്കാനുള്ള പ്രേരണയും ഈ പറഞ്ഞതിൽ ഇല്ല. കാരണം വാജിബുകളിൽ സംഭവിക്കുന്ന കുറ്റങ്ങളും കുറവുകളും നികത്താനുള്ള മാർഗവും, വാജിബുകളെ സംരക്ഷിക്കുന്ന പരിചയുമാണ് സുന്നത്തുകൾ. അവ ഉപേക്ഷിക്കുന്നത് വാജിബുകളുടെ സംരക്ഷണം എടുത്തു കളയുകയും, അവയിലുള്ള കുറവുകൾ കാരണത്താൽ ശിക്ഷിക്കപ്പെടാനുള്ള കാരണമായിത്തീരുകയും ചെയ്യുന്നു.

നിസ്കാരത്തിന്റെ കാര്യം ഉദാഹരണമായി എടുക്കാം. ഒരാൾ സുന്നത്ത് നിസ്കാരങ്ങൾ സ്ഥിരമായി നിർവ്വഹിക്കുന്നുണ്ട് എങ്കിൽ വാജിബുകൾ അയാൾ ഉറപ്പായും ശ്രദ്ധിക്കുന്നതായിരിക്കും. സുന്നത്തുകളിൽ ശ്രദ്ധ ചെലുത്തുന്ന ഒരു മനുഷ്യന്റെ വാജിബായ നിസ്കാരം നഷ്ടപ്പെടുക എന്നത് അസാധ്യമാണ്. അതോടൊപ്പം അയാളുടെ വാജിബായ നിസ്കാരങ്ങളിൽ വരുന്ന കുറവുകൾ നികത്തപ്പെടാനും ഈ സുന്നത്തായ നിസ്കാരങ്ങൾ സഹായിക്കുന്നതാണ്.

عَنْ أَبِي هُرَيْرَةَ قَالَ: سَمِعْتُ رَسُولَ اللَّـهِ -ﷺ- يَقُولُ: «إِنَّ أَوَّلَ مَا يُحَاسَبُ بِهِ العَبْدُ يَوْمَ القِيَامَةِ مِنْ عَمَلِهِ صَلَاتُهُ، فَإِنْ صَلُحَتْ فَقَدْ أَفْلَحَ وَأَنْجَحَ، وَإِنْ فَسَدَتْ فَقَدْ خَابَ وَخَسِرَ، فَإِنْ انْتَقَصَ مِنْ فَرِيضَتِهِ شَيْءٌ، قَالَ الرَّبُّ عَزَّ وَجَلَّ: انْظُرُوا هَلْ لِعَبْدِي مِنْ تَطَوُّعٍ فَيُكَمَّلَ بِهَا مَا انْتَقَصَ مِنَ الفَرِيضَةِ، ثُمَّ يَكُونُ سَائِرُ عَمَلِهِ عَلَى ذَلِكَ»

അബൂ ഹുറൈറ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "അന്ത്യനാളിൽ മനുഷ്യരുടെ പ്രവർത്തനങ്ങളിൽ ആദ്യമായി വിചാരണ ചെയ്യപ്പെടുക അവന്റെ നിസ്കാരമാണ്. അത് നന്നായാൽ അവൻ വിജയിക്കുകയും രക്ഷപ്പെടുകയും ചെയ്തിരിക്കുന്നു. അത് നശിച്ചിട്ടു

ണ്ടെങ്കിൽ അവൻ പരാജിതനാവുകയും അവന് നഷ്ടം സംഭവിക്കുകയും ചെയ്തിരിക്കുന്നു.

അവന്റെ നിർബന്ധ നിസ്കാരത്തിൽ എന്തെങ്കിലും കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ അല്ലാഹു പറയും: "എന്റെ ദാസന് എന്തെങ്കിലും സുന്നത്തുകളുണ്ടോ എന്ന് നോക്കുക!" അവന്റെ നിർബന്ധ നിസ്കാരങ്ങളിൽ സംഭവിച്ച കുറവുകൾ അതിലൂടെ നികത്തപ്പെടുന്നതാണ്. ശേഷം അവന്റെ എല്ലാ പ്രവർത്തനങ്ങളും ഈ രൂപത്തിൽ വിചാരണ ചെയ്യപ്പെടും." (തിർമിദി: 413, അബൂദാവൂദ്: 864, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

## സുന്നത്തായ തൗഹീദ്

അല്ലാഹുവിന് അർഹതപ്പെട്ട ആരാധനകൾ അവന് മാത്രം നൽകിക്കൊണ്ട്, അല്ലാഹുവിന്റെ മുൻപിലുള്ള തന്റെ അടിമത്വം അംഗീകരിക്കുകയാണ് ഓരോ തൗഹീദിന്റെ വക്താവും. ഈ അടിമത്വത്തിന്റെ ഏറ്റവും ഉന്നതമായ പൂർണ്ണതയാണ് തൗഹീദിന്റെ സുന്നത്തായ പൂർത്തീകരണത്തിലൂടെ സംഭവിക്കുന്നത്.

ശൈഖ് സ്വാലിഹ് അൽ ഉസൈമി പറയുന്നു: "ഹൃദയം അല്ലാഹുവിലേക്ക് പൂർണ്ണമായി അഭിമുഖീകരിക്കുകയും, അവനിലേക്ക് അഭയം തേടിയണയുകയും, അവന്റെ മുന്നിൽ സ്വയം സമർപ്പിക്കുകയും, അല്ലാഹുവല്ലാത്ത സർവ്വതിനോടും സർവ്വരോടുമുള്ള അടിമത്വത്തിന്റെ ചങ്ങലകൾ ഊരിമാറ്റുകയും ചെയ്യുമ്പോഴാണ് തൗഹീദിന്റെ സുന്നത്തായ -ഐഛരികമായ- പദവി ഒരാൾ പൂർത്തീകരിക്കുന്നത്." (തഖ്രീറാത് അലാ കിതാബിത്തൗഹീദ്: 16)

അല്ലാഹു പറയുന്നു:

ثُمَّ أَوْرَثْنَا الْكِتَابَ الَّذِينَ اصْطَفَيْنَا مِنْ عِبَادِنَا ۖ فَمِنْهُمْ ظَالِمٌ لِّنَفْسِهِ وَمِنْهُم مُّقْتَصِدٌ وَمِنْهُمْ سَابِقٌ بِالْخَيْرَاتِ بِإِذْنِ اللَّهِ ۚ ذَٰلِكَ هُوَ الْفَضْلُ الْكَبِيرُ ﴿٣٢﴾

"പിന്നീട് നമ്മുടെ ദാസൻമാരിൽ നിന്ന് നാം തെരഞ്ഞെടുത്തവർക്ക് നാം വേദഗ്രന്ഥം അവകാശപ്പെടുത്തികൊടുത്തു. അവരുടെ കൂട്ടത്തിൽ സ്വന്തത്തോട് അന്യായം ചെയ്തവരുണ്ട്. മദ്ധ്യനിലപാടുകാരും അവരിലുണ്ട്. അല്ലാഹുവിന്റെ അനുമതിയോടെ നന്മകളിൽ മുൻകടന്നവരും അവരിലുണ്ട്. അതു തന്നെയാണ് മഹത്തായ അനുഗ്രഹം." (ഫാത്വിർ: 32)

തൗഹീദിന്റെ നിർബന്ധമായ പൂർത്തീകരണം വിവരിക്കവെ ഈ ആയത് നാം പരാമർശിച്ചിരുന്നു. മദ്ധ്യനിലപാടുകാർ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് തൗഹീദിന്റെ പ്രസ്തുതഘട്ടം പൂർത്തീകരിച്ചവരാണെന്നും വിവരിച്ചിരുന്നു. എന്നാൽ 'അല്ലാഹുവിന്റെ അനുമതിയോടെ നന്മകളിൽ മുൻകടന്നവർ' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് തൗഹീദിന്റെ സുന്നത്തായ ഘട്ടവും പൂർത്തീകരിച്ചവരാണ്.

**عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّـهِ -ﷺ-: «إِنَّ اللَّـهَ قَالَ: مَنْ عَادَى لِي وَلِيًّا فَقَدْ آذَنْتُهُ بِالحَرْبِ، وَمَا تَقَرَّبَ إِلَيَّ عَبْدِي بِشَيْءٍ أَحَبَّ إِلَيَّ مِمَّا افْتَرَضْتُ عَلَيْهِ، وَمَا يَزَالُ عَبْدِي يَتَقَرَّبُ إِلَيَّ بِالنَّوَافِلِ حَتَّى أُحِبَّهُ»**

അബൂ ഹുറൈറ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "അല്ലാഹു പറഞ്ഞിരിക്കുന്നു: "ആരെങ്കിലും എന്റെ വലിയ്യിനോട് (ഇഷ്ടദാസനോട്) ശത്രുത പുലർത്തിയാൽ അവനോട് ഞാൻ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. ഞാൻ നിർബന്ധമാക്കിയ കാര്യങ്ങളേക്കാൾ എന്നിലേക്ക് സാമീപ്യം തേടാൻ എന്റെ അടിമക്ക് മറ്റൊരു കാര്യവുമില്ല. സുന്നത്തുകൾ കൊണ്ട് എന്റെ അടിമ എന്നിലേക്ക് സാമീപ്യം തേടിക്കൊണ്ടേയിരിക്കും; അങ്ങനെ ഞാൻ അവനെ സ്നേഹിക്കുന്നത് വരെ." (ബുഖാരി: 6502)

ശൈഖുൽ ഇസ്‌ലാം -رحمه الله- പറയുന്നു: "അല്ലാഹുവിലേക്ക് സാമീപ്യം തേടൽ രണ്ട് ഘട്ടങ്ങളായുണ്ടെന്ന് ഈ ഹദീഥിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

ഒന്ന്: നിർബന്ധകർമ്മങ്ങൾ ചെയ്തു കൊണ്ട് അല്ലാഹുവിലേക്ക് സാമീപ്യം തേടലാണ്.

രണ്ട്: ഫർദ്വുകൾ പ്രവർത്തിച്ചതിന് ശേഷം സുന്നത്തുകൾ കൂടി പ്രവർത്തിച്ചു കൊണ്ട് അല്ലാഹുവിലേക്ക് സാമീപ്യം തേടലാണ്.

ഒന്നാമത്തേത് മദ്ധ്യമനിലപാട് സ്വീകരിച്ച, വലതു പക്ഷക്കാരായ (അസ്ഹാബുൽ യമീൻ) മുഖ്തസ്വിദീങ്ങളുടെ മാർഗമാണ്. രണ്ടാമത്തേത് മുഅ്മിനീങ്ങളിലെ സാബിഖീങ്ങളുടെ (മുൻകടന്നവരുടെ) മാർഗവും." (മജ്മൂഉൽ ഫതാവാ: 3/417)

"നന്മകളിൽ മുന്നേറുന്ന ഈ വിഭാഗം ഒരു ആയതോ ഹദീഥോ കേട്ടാൽ അത് പ്രാവർത്തികമാക്കുന്നതിന് വേണ്ടി ധൃതി കൂട്ടുന്നതാണ്. തങ്ങൾക്ക് സാധ്യമാകുന്ന രൂപത്തിൽ അവരത് പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതുമാണ്.

ജുമുഅക്ക് നേരത്തെ വരുന്നതിന്റെ ശ്രേഷ്ഠത കേട്ടാൽ അത് നേടിയെടുക്കുന്നതിന് ആദ്യസമയം തന്നെ അവർ മസ്ജിദിൽ വന്നെത്തും. രാത്രിയുടെ അവസാനത്തിലോ ജുമുഅഃയുടെ പകലിലോ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുമെന്ന് മനസ്സിലായാൽ ആ സമയം അവർ പ്രാർത്ഥനകളിൽ നിരതരാകും.

നന്മയുടെ ഒരു വഴിയിലും അവർ ധൃതിയിൽ പ്രവേശിക്കാതെ വിടുകയില്ല. ഐഹികവിരക്തിയിലും സൂക്ഷ്മതയിലും ക്ഷമയിലും അല്ലാഹുവിനോടുള്ള നന്ദിയിലും, അവന്റെ മേൽ ഭരമേൽപ്പിക്കുന്നതിനും, നിസ്കാരത്തിലും സകാത്തിലും നോമ്പിലും ഹജ്ജിലും ജിഹാദിലും വിജ്ഞാന സമ്പാദനത്തിലും ദൃഢവിശ്വാസത്തിലും തഖ്‌വയുടെ സർവ്വ മേഖലകളിലും അവർക്ക് തങ്ങളുടേതായ പങ്കുകളുണ്ടായിരിക്കും.

എന്നാൽ ഇതെല്ലാമുണ്ടെങ്കിലും അവർ സ്വന്തത്തെ പുകഴ്ത്തുകയില്ല. തങ്ങളുടെ പ്രവർത്തനങ്ങളിൽ അവർ പരലോകരക്ഷ ഏൽപ്പിച്ചിട്ടുമില്ല. ഒരാളും തന്റെ പ്രവർത്തനം കൊണ്ടുമാത്രം സ്വർഗത്തിൽ പ്രവേശിക്കുകയില്ല എന്നവർക്ക് അറിയാം. അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവും മാത്രമാണ് സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നത് എന്നവർക്ക് ബോധ്യമുണ്ട്...

വാജിബുകളും സുന്നത്തുകളും പ്രവർത്തിക്കുകയും, ഹറാമുകളും മക്റൂഹുകളും ഉപേക്ഷിക്കുകയും, അനുവദനീയമായ കാര്യങ്ങൾ അധികരിപ്പിക്കുന്നതിൽ വ്യാപൃതരാകാതിരിക്കുകയും ചെയ്യുന്നവരാണവർ. വേണ്ടതില്ലാത്ത നോട്ടമോ സംസാരമോ ഭക്ഷണമോ ഉറക്കമോ ജനങ്ങളുമായുള്ള ഇടകലരലോ അവരിൽ കാണില്ല. അല്ലാഹു ആ മുത്തഖീങ്ങളിൽ നമ്മെ ഉൾപ്പെടുത്തുമാറാകട്ടെ." (അഖ്സാമുത്തൗഹീദി വൽ മുവഹ്ഹിദീൻ / : 144-145)/

തൗഹീദിന്റെ സുന്നത്തായ ഘട്ടം പൂർത്തീകരിക്കുന്നവർക്കുള്ള പ്രതിഫലം അതിമഹത്തരമാണ്. ഈമാനിന്റെ ഏറ്റവും ഉന്നതമായ പദവിയിൽ എത്തിച്ചേർന്നവർക്കുള്ള ശ്രേഷ്ഠതകൾക്കും ആദരവിനും അനുയോജ്യമായ പ്രതിഫലമാണ് അവർക്കായി അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നത്.

عَنْ ابْنِ عَبَّاسٍ: أَنَّ رَسُولَ اللَّـهِ -ﷺ- قَالَ: «**يَدْخُلُ الجَنَّةَ مِنْ أُمَّتِي سَبْعُونَ أَلْفًا بِغَيْرِ حِسَابٍ، هُمُ الَّذِينَ لاَ يَسْتَرْقُونَ، وَلاَ يَتَطَيَّرُونَ، وَعَلَى رَبِّهِمْ يَتَوَكَّلُونَ**»

ഇബ്നു അബ്ബാസ് -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: "എന്റെ ഉമ്മത്തിൽ നിന്ന് എഴുപതിനായിരം പേർ വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. മന്ത്രിക്കാൻ ആവശ്യപ്പെടുകയോ ശകുനം നോക്കുകയോ ചെയ്യാത്തവരാണ് അവർ. തങ്ങളുടെ രക്ഷിതാവിലായിരിക്കും അവർ ഭരമേൽപ്പിക്കുക." (ബുഖാരി: 6472)

തൗഹീദ് എല്ലാ നിലക്കും പൂർത്തീകരിക്കുകയും, അല്ലാഹുവിനോടല്ലാതെ മറ്റാരോടും ചോദിക്കാത്തവരും, അവനിൽ ഭരമേൽപ്പിക്കുന്നവരുമായി അവർ മാറിയപ്പോൾ അത് വിചാരണയില്ലാതെ -അല്ലാഹുവിന്റെ അനുഗ്രഹത്താൽ- നേടിട്ട് സ്വർഗത്തിൽ പ്രവേശിക്കാൻ അവർക്ക് വഴിയൊരുക്കി.

സ്വർഗത്തിൽ പ്രവേശിച്ചവരുടെ കൂട്ടത്തിലും തൗഹീദിന്റെ ഉന്നതമായ ഈ പദവി പൂർത്തീകരിച്ചവർക്കുള്ള ശ്രേഷ്ഠതകളിലും അനുഗ്രഹങ്ങളിലും വ്യത്യാസമുണ്ടായിരിക്കും.

ഇബ്നുൽ ഖയ്യിം -ﷺ- പറയുന്നു: "സൂറതുൽ ഇൻസാനിൽ (16, 21 ആയതുകളിൽ) അല്ലാഹു 'അബ്റാറുകളുടെ' (തൗഹീദിന്റെ നിർബന്ധഘട്ടം പൂർത്തീകരിച്ചവരുടെ) പ്രതിഫലം വിവരിച്ചിട്ടുണ്ട്... വെള്ളി കൊണ്ടുള്ള വളകളും കോപ്പകളും അവർക്ക് നൽകപ്പെടുമെന്നാണ് അവിടെ അവൻ വിവരിച്ചത്.

എന്നാൽ സൂറതുൽ മലാഇകയിൽ (സൂറതു ഫാത്വിർ: 35 ാം ആയത്) നന്മകളുമായി മുൻകടന്ന സാബിഖീങ്ങളുടെ (തൗഹീദിന്റെ സുന്നത്തായ ഘട്ടം പൂർത്തീകരിച്ചവർ) പ്രതിഫലം വിവരിച്ചിട്ടുണ്ട്. സ്വർണ്ണം കൊണ്ടുള്ള വളകളാണ് അവിടെ പ്രതിഫലമായി അല്ലാഹു എടുത്തു പറഞ്ഞത്!" (ത്വരീഖുൽ ഹിജ്റതയ്നി: 188)

അദ്ദേഹം തന്നെ പറയുന്നു: "സ്വർഗത്തിലെ ഏറ്റവും ഉന്നതമായ പാനീയമാണ് തസ്നീം. അബ്റാറുകളുടെ പാനീയത്തിലെ കലർപ്പ് തസ്നീമിൽ നിന്നായിരിക്കും എന്ന് അല്ലാഹു (സൂറ. മുത്വഫ്ഫിഫീനിൽ: 27-28) അറിയിച്ചിട്ടുണ്ട്. എന്നാൽ മുഖർരിബീങ്ങൾ യാതൊരു കലർപ്പുമില്ലാതെ തസ്നീമിൽ നിന്ന് കുടിക്കുന്നതാണ്.

കാരണം ഓരോരുത്തരുടെയും പ്രവർത്തനത്തിന് യോജിച്ച തരത്തിലുള്ള പ്രതിഫലമാണ് ലഭിക്കുക. മുഖർരിബീങ്ങളുടെ പ്രവർത്തനം തീർത്തും നിഷ്കളങ്കമായതിനാൽ അവരുടെ പാനീയവും കളങ്കമില്ലാത്തതായിരിക്കും. അബ്റാറുകളുടെ പ്രവർത്തനങ്ങളിൽ അനുവദിക്കപ്പെട്ട ചില പ്രവർത്തനങ്ങൾ കൂടിക്കലർന്നതിനാൽ അവരുടെ പാനീയത്തിൽ കലർപ്പുമുണ്ടായിരിക്കും." (ത്വരീഖുൽ ഹിജ്റതയ്നി: 194)

# തൗഹീദ്; വാജിബിന്റെ ഘട്ടങ്ങൾ

ഒരാൾ മൂന്ന് കാര്യങ്ങൾ ഉപേക്ഷിക്കുകയും, ഒരു കാര്യം പ്രാവർത്തികമാക്കുകയും ചെയ്താൽ അവൻ നിർബന്ധമായ തൗഹീദ് പൂർത്തീകരിച്ചിരിക്കുന്നു.

ഉപേക്ഷിക്കേണ്ട മൂന്ന് കാര്യങ്ങൾ ഇവയാണ്:

(1) ചെറിയ ശിർക്.

(2) ബിദ്അത്.

(3) തിന്മകളിൽ തുടരൽ.

പ്രാവർത്തികമാക്കേണ്ട ഒരു കാര്യം ഇതാണ്:

(1) വാജിബുകൾ നിർവ്വഹിക്കൽ.

ഇവയോരോന്നും ചുരുങ്ങിയ രൂപത്തിൽ വിശദീകരിക്കാം.

## ചെറിയ ശിർക്

തൗഹീദിന്റെ സത്തയിൽ ഏറ്റവും കുറവു വരുത്തുന്ന കാര്യങ്ങളിലൊന്നാണ് ശിർകുൻ അസ്വ്ഗർ (**شِرْكٌ أَصْغَـرُ**) / ചെറിയ ശിർക്. ഇസ്‌ലാമിൽ നിന്ന് പുറത്തു പോകാൻ കാരണമാകുന്ന വലിയ ശിർകിലേക്ക് എത്തിക്കുന്ന കാര്യങ്ങളിലൊന്നു കൂടിയാണ് ഈ പ്രവർത്തി. ഇത് രണ്ട് രൂപത്തിലുണ്ട്.

**ഒന്ന്: പ്രകടമായത്.** പുറമേക്ക് കാണാവുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിൽ സംഭവിക്കുന്ന, അല്ലാഹുവിൽ പങ്കുചേർക്കുന്നതിലേക്ക് എത്തിക്കുന്ന വാക്കുകളും പ്രവർത്തനങ്ങളുമാണ് ഈ പറഞ്ഞതിൽ ഉൾപ്പെടുക.

വാക്കുകളിൽ സംഭവിക്കുന്ന ചെറിയ ശിർകിന് അനേകം ഉദാഹരണങ്ങളുണ്ട്. അല്ലാഹുവല്ലാത്തവരുടെ പേരിൽ സത്യം ചെയ്യുക എന്നത് അതിലൊന്നാണ്.

عَنْ سَعْدِ بْنِ عُبَيْدَةَ، قَالَ: سَمِعَ ابْنُ عُمَرَ، رَجُلًا يَحْلِفُ: لَا وَالْكَعْبَةِ، فَقَالَ لَهُ ابْنُ عُمَرَ: إِنِّي سَمِعْتُ رَسُولَ اللَّـهِ -ﷺ- يَقُولُ: «**مَنْ حَلَفَ بِغَيْرِ اللَّـهِ فَقَدْ أَشْرَكَ**»

സഅ്ദു ബ്നു ഉബൈദഃ -رضي الله عنه- പറയുന്നു: ഒരാൾ കഅ്ബയെ

കൊണ്ട് സത്യം ചെയ്യുന്നത് ഇബ്നു ഉമർ -ﷺ- കണ്ടു. അപ്പോൾ അയാളോട് ഇബ്നു ഉമർ -ﷺ- പറഞ്ഞു: നബി -ﷺ- പറയുന്നത് ഞാൻ കേട്ടിരിക്കുന്നു: "ആരെങ്കിലും അല്ലാഹുവല്ലാത്തവരെ കൊണ്ട് സത്യം ചെയ്താൽ അവൻ ശിർക് ചെയ്തിരിക്കുന്നു." (അബൂ ദാവൂദ്: 3251, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

അല്ലാഹുവിന് പുറമെയുള്ളവരുടെ പേരിൽ സത്യം ചെയ്യുക എന്നത് സൃഷ്ടികളുമായുള്ള കടുത്ത ഹൃദയബന്ധത്തിലേക്ക് സൂചന നൽകുന്നു എന്നതിനാലാണ് അത് ചെറിയ ശിർകാകുന്നത്. എന്നാൽ സത്യം ചെയ്യപ്പെടുന്ന വസ്തുവിനോ വ്യക്തിക്കോ അല്ലാഹുവിന്റെ അതേ സ്ഥാനവും മഹത്വവും ഉണ്ടെന്ന വിശ്വാസത്തോടെയാണ് ആരെങ്കിലും സത്യം ചെയ്യുന്നത് എങ്കിൽ അത് വലിയ ശിർകാണ്. അപ്രകാരം ചെയ്തവൻ ഇസ്ലാമിൽ നിന്ന് പുറത്തു പോവുകയും ചെയ്യുന്നതാണ്.

പ്രവർത്തനങ്ങളിൽ സംഭവിക്കുന്ന, പ്രകടമായ ചെറിയ ശിർകിന്റെ രൂപങ്ങൾക്കും അനേകം ഉദാഹരണങ്ങളുണ്ട്. ഉറുക്കുകളും ഏലസ്സുകളും ശരീരത്തിൽ ബന്ധിക്കുകയും, നന്മകൾ നൽകപ്പെടാനും ഉപദ്രവങ്ങൾ തടയപ്പെടാനും അത് കാരണമാകുന്നതാണ് എന്ന് വിശ്വസിക്കുകയും ചെയ്യുന്നത് അതിൽ പെട്ടതാണ്.

عَنْ عُقْبَةَ بْنِ عَامِرٍ الْجُهَنِيِّ، أَنَّ رَسُولَ اللَّـهِ -ﷺ- أَقْبَلَ إِلَيْهِ رَهْطٌ، فَبَايَعَ تِسْعَةً وَأَمْسَكَ عَنْ وَاحِدٍ، فَقَالُوا: يَا رَسُولَ اللَّـهِ، بَايَعْتَ تِسْعَةً وَتَرَكْتَ هَذَا؟ قَالَ: «**إِنَّ عَلَيْهِ تَمِيمَةً**» فَأَدْخَلَ يَدَهُ فَقَطَعَهَا، فَبَايَعَهُ، وَقَالَ: «**مَنْ عَلَّقَ تَمِيمَةً فَقَدْ أَشْرَكَ**»

ഉഖ്ബതു ബ്നു ആമിർ -ﷺ- നിവേദനം: നബി -ﷺ- യുടെ അരികിൽ ഒരു സംഘമാളുകൾ വന്നു. അവിടുന്ന് അതിൽ ഒൻപത് പേർക്ക് ബയ്അത് നൽകി. ഒരാൾക്ക് ബൈഅത് നൽകാതെ വിടുകയും ചെയ്തു. അപ്പോൾ സ്വഹാബികൾ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ! താങ്കൾ ഒൻപത് പേർക്ക് ബയ്അത് നൽകുകയും, ഇയാളെ ഉപേക്ഷിക്കുകയും ചെയ്തല്ലോ?!"

നബി -ﷺ- പറഞ്ഞു: "അവന്റെ മേൽ ഒരു ഉറുക്കുണ്ട്." അപ്പോൾ അയാൾ തന്റെ കൈ കൊണ്ട് അത് പൊട്ടിച്ചെറിഞ്ഞു. നബി -ﷺ- പറഞ്ഞു: "ആരെങ്കിലും ഉറുക്ക് ധരിച്ചാൽ അവൻ ശിർക് ചെയ്തിരിക്കുന്നു." (അഹ്മദ്: 17422, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി)

ഉറുക്കും ഏലസ്സും കാരണത്താൽ അല്ലാഹു തന്നെ സഹായിക്കും എന്ന് വിശ്വസിക്കുമ്പോഴാണ് അത് ചെറിയ ശിർകാകുന്നത്.

കാരണം അല്ലാഹു നിശ്ചയിച്ചിട്ടില്ലാത്ത ഒരു മാർഗം അവന്റെ തൃപ്തിക്കുള്ള കാരണമായി നിശ്ചയിക്കുക എന്നതാണ് അതിലൂടെ സംഭവിക്കുന്നത്.

എന്നാൽ ആരെങ്കിലും ഉറുക്കും ഏലസ്സും സ്വയം സഹായിക്കുന്നതാണെന്ന് വിശ്വസിക്കുകയും, അതിനെ ആദരിക്കുകയും ആരാധിക്കുകയും ചെയ്യുകയാണെങ്കിൽ അവൻ വലിയ ശിർകാണ് ചെയ്തിരിക്കുന്നത്. അതാകട്ടെ, ഇസ്‌ലാമിൽ നിന്ന് പുറത്തു പോകാനുള്ള കാരണവുമാണ്.

**<u>രണ്ട്: ഗോപ്യമായത്.</u>** പുറമേക്ക് കാണാൻ കഴിയാത്ത, അല്ലാഹുവിൽ പങ്കുചേർക്കുന്നതിലേക്ക് എത്തിക്കുന്ന ഹൃദയത്തിന്റെ പ്രവർത്തനങ്ങളാണ് ഗോപ്യമായ ശിർക് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ശിർകിന്റെ ഈ രൂപത്തെ കുറിച്ച് ശിർകുൻ ഖഫിയ്യ് (**شِرْكٌ خَفِيٌّ**) എന്നും വിശേഷിപ്പിക്കാറുണ്ട്.

സൽകർമ്മം ചെയ്യുന്ന വേളയിൽ അത് ജനങ്ങൾ കാണണമെന്നും, അവർ തന്നെ അതിന്റെ പേരിൽ പ്രശംസിക്കണമെന്നും ആഗ്രഹിക്കൽ ഗോപ്യമായ ശിർകിന്റെ ഉദാഹരണത്തിൽ പെട്ടതാണ്.

عَنْ أَبِي سَعِيدٍ، قَالَ: خَرَجَ عَلَيْنَا رَسُولُ اللَّهِ -ﷺ- وَنَحْنُ نَتَذَاكَرُ الْمَسِيحَ الدَّجَّالَ، فَقَالَ: «**أَلَا أُخْبِرُكُمْ بِمَا هُوَ أَخْوَفُ عَلَيْكُمْ عِنْدِي مِنَ الْمَسِيحِ الدَّجَّالِ؟**» قَالَ: قُلْنَا: بَلَى، فَقَالَ: «**الشِّرْكُ الْخَفِيُّ، أَنْ يَقُومَ الرَّجُلُ يُصَلِّي، فَيُزَيِّنُ صَلَاتَهُ، لِمَا يَرَى مِنْ نَظَرِ رَجُلٍ**»

അബൂ സഈദ് -رضي الله عنه- നിവേദനം: ഞങ്ങൾ മസീഹുദ്ദജ്ജാലിനെ കുറിച്ച് പരസ്പരം സംസാരിച്ചു കൊണ്ടിരിക്കവെ നബി -ﷺ- ഞങ്ങളുടെ അരികിൽ വന്നു. അപ്പോൾ അവിടുന്ന് പറഞ്ഞു: “മസീഹുദ്ദജ്ജാലിനേക്കാൾ നിങ്ങളുടെ കാര്യത്തിൽ ഞാൻ ഭയക്കുന്നത് എന്താണെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞു തരട്ടെയോ?!” ഞങ്ങൾ പറഞ്ഞു: “അതെ.”

നബി -ﷺ- പറഞ്ഞു: “ശിർകുൻ ഖഫിയ്യ് (ഗോപ്യമായ ശിർക്). ഒരാൾ എഴുന്നേറ്റ് നിസ്കരിച്ചു തുടങ്ങുകയും, മറ്റൊരാൾ നോക്കുന്നുണ്ട് എന്നതിന്റെ പേരിൽ അയാൾ തന്റെ നിസ്കാരം ഭംഗി കൂട്ടുകയും ചെയ്യുക എന്നതാണത്.” (ഇബ്നു മാജ: 4204, അൽബാനി ഹസൻ എന്ന് വിലയിരുത്തി)

എന്നാൽ ഒരാളുടെ സൽകർമ്മങ്ങൾ മുഴുവനും -അതല്ലെങ്കിൽ ബഹുഭൂരിപക്ഷം നന്മകളും- ജനങ്ങളെ കാണിക്കുന്നതിന് വേണ്ടിയാവുകയാണെങ്കിൽ അത് വലിയ ശിർകാവുന്നതാണ്. ഈ അവസ്ഥയിൽ ജീവിക്കുന്ന മനുഷ്യൻ ഇസ്‌ലാമിൽ നിന്ന് തന്നെ പുറത്തു പോകുന്നതുമാണ്. അല്ലാഹു കാക്കട്ടെ!

ചെറിയ ശിർക് ഉപേക്ഷിക്കുക എന്നത് തൗഹീദിന്റെ നിർബന്ധമായ പൂർത്തീകരണത്തിൽ പെട്ടതാണ്. സൽകർമ്മങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുമ്പോഴോ, അവ ചെയ്തു കൊണ്ടിരിക്കുന്ന വേളയിലോ, അവ ചെയ്തു കഴിഞ്ഞതിന് ശേഷമോ ഇഖ്‌ലാസിനെ ദുർബലപ്പെടുത്തുന്ന ചിന്തകൾ മനസ്സിലേക്ക് വരുമ്പോൾ അതിനെ പ്രതിരോധിക്കുകയും, നിയ്യത്തിന്റെ ശുദ്ധി കാത്തുസൂക്ഷിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നവൻ തൗഹീദിന്റെ പൂർത്തീകരണത്തിന്റെ നിർബന്ധ കടമ്പയിൽ ആദ്യത്തെ പടിചവിട്ടിയിരിക്കുന്നു.

## ബിദ്അതുകൾ

ദീനിൽ പുതുതായി നിർമ്മിക്കപ്പെടുന്ന മാർഗങ്ങൾക്കാണ് ബിദ്അതുകൾ എന്ന് പറയുക. അല്ലാഹുവും റസൂലും പഠിപ്പിച്ചു നൽകിയതോ, സ്വഹാബികൾ അറിയിച്ചു തന്നതോ അല്ലാത്ത ഒരു മാർഗം ദീനിന്റെ ഭാഗമാക്കി ഒരാൾ മാറ്റുന്നു എങ്കിൽ അത് ബിദ്അതുകളിലാണ് ഉൾപ്പെടുക.

عَنْ جَابِرِ بْنِ عَبْدِ اللَّـهِ قَالَ كَانَ رَسُولُ اللَّـهِ -ﷺ- إِذَا خَطَبَ احْمَرَّتْ عَيْنَاهُ وَعَلاَ صَوْتُهُ وَاشْتَدَّ غَضَبُهُ حَتَّى كَأَنَّهُ مُنْذِرُ جَيْشٍ يَقُولُ «**أَمَّا بَعْدُ؛ فَإِنَّ خَيْرَ الْحَدِيثِ كِتَابُ اللَّـهِ وَخَيْرُ الْهُدَى هُدَى مُحَمَّدٍ وَشَرُّ الأُمُورِ مُحْدَثَاتُهَا وَكُلُّ بِدْعَةٍ ضَلاَلَةٌ**»

ജാബിർ ബ്നു അബ്ദില്ല -رضي الله عنه- നിവേദനം: നബി -ﷺ- പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ ചുവക്കും, ശബ്ദം ഉയരും, രോഷം പ്രകടമാകും – ഒരു സേനാനായകനെ പോലെ. അവിടുന്ന് പറയാറുണ്ട്: "നിശ്ചയം! ഏറ്റവും നല്ല സംസാരം അല്ലാഹുവിന്റെ ഗ്രന്ഥമാണ്. ഏറ്റവും നല്ല മാർഗം മുഹമ്മദ്-ﷺ-യുടെ മാർഗമാണ്. കാര്യങ്ങളിൽ ഏറ്റവും മോശം പുതുതായി ഉണ്ടാക്കപ്പെട്ടതാണ്. എല്ലാ ബിദ്അത്തുകളും വഴികേടുകളാണ്." (മുസ്ലിം)

പാപങ്ങളേക്കാൾ ഗുരുതരമാണ് ബിദ്അതുകൾ എന്ന് അനേകം പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. കാരണം വ്യഭിചാരവും മോഷണവും പോലുള്ള തിന്മകൾ ചെയ്തു കൊണ്ടിരിക്കുന്നവർ താൻ ചെയ്യുന്നത് തെറ്റുകളാണ് എന്ന ബോധ്യമുള്ളതിനാൽ അതിൽ നിന്ന് പാപമോചനം തേടാൻ സാധ്യതയുണ്ട്. എന്നാൽ ബിദ്അതുകൾ ചെയ്യുന്നവർ -അല്ലാഹുവിനെ ധിക്കരിച്ചു കൊണ്ടിരിക്കുമ്പോഴും- സ്വയം ധരിച്ചു വെക്കുന്നത് തങ്ങൾ നന്മയാണ് ചെയ്തു കൊണ്ടിരിക്കുന്നത് എന്നാണ്.

قَالَ سُفْيَانُ الثَّوْرِيُّ: «البِدْعَةُ أَحَبُّ إِلَى إِبْلِيسَ مِنْ المَعْصِيَةِ، وَالمَعْصِيَةُ يُتَابُ مِنْهَا، وَالبِدْعَةُ لَا يُتَابُ مِنْهَا»

സുഫ്‌യാൻ അഥൗരി -ﷺ- പറയുന്നു: "പിശാചിന് തിന്മകളേക്കാൾ ഇഷ്ടം ബിദ്അതുകളാണ്. കാരണം തിന്മകളിൽ നിന്ന് (അത് ചെയ്യുന്നവർ) പശ്ചാത്താപം ചോദിക്കാറുണ്ട്. ബിദ്അതുകൾ ചെയ്യുന്നവർ അതിൽ നിന്ന് പശ്ചാത്താപം ചോദിക്കാറില്ല." (ശർഹുസ്സുന്ന / ബഗവി: 1/216)

ബിദ്അതുകളെ പ്രധാനമായും രണ്ടായി തരം തിരിക്കാം.

**ഒന്ന്: വിശ്വാസപരമായ ബിദ്അതുകൾ.** അല്ലാഹുവിന്റെ വിശേഷണങ്ങളെ നിഷേധിച്ച ജഹ്മിയ്യാക്കളുടെ വാദങ്ങളും, ബുദ്ധിയെ അടിസ്ഥാനപ്പെടുത്തി സ്ഥിരപ്പെട്ട ഹദീഥുകളെ നിഷേധിച്ച മുഅ്തസലികളുടെ ചിന്താഗതികളും, സ്വഹാബികളെ കാഫിറായി മുദ്രകുത്തുന്ന റാഫിദ്വികളുടെ കെട്ടിച്ചമക്കലും ചില ഉദാഹരണങ്ങളാണ്.

ഇമാം ത്വുർത്വൂശീ -ﷺ- പറയുന്നു: "ബിദ്അതിന്റെ അടിത്തറകൾ നാലെണ്ണമാണ്. (മുസ്‌ലിം ഉമ്മത്തിൽ ഉടലെടുക്കുന്ന) എഴുപത്തിരണ്ട് പിഴച്ച കക്ഷികളെല്ലാം അവയിൽ നിന്നാണ് ഉടലെടുത്തിട്ടുള്ളത്. ഖവാരിജുകൾ, റാഫിദ്വികൾ, ഖദരികൾ, മുർജിയാക്കൾ; ഇവരാണവർ." (അൽ ഹവാദിഥു വൽ ബിദഅ്: 14)

മുസ്‌ലിമീങ്ങൾക്കിടയിൽ ആദ്യമായി ഉടലെടുത്ത ഖവാരിജുകളെ കുറിച്ച് നബി -ﷺ- കടുത്ത ഭാഷയിൽ താക്കീതുകൾ നൽകിയിട്ടുണ്ട്.

عَنْ أَبِي سَعِيدٍ الخُدْرِيِّ أَنَّهُ قَالَ: سَمِعْتُ رَسُولَ اللَّـهِ -ﷺ- يَقُولُ: «**يَخْرُجُ فِيكُمْ قَوْمٌ تَحْقِرُونَ صَلَاتَكُمْ مَعَ صَلَاتِهِمْ، وَصِيَامَكُمْ مَعَ صِيَامِهِمْ، وَعَمَلَكُمْ مَعَ عَمَلِهِمْ، وَيَقْرَءُونَ القُرْآنَ لَا يُجَاوِزُ حَنَاجِرَهُمْ، يَمْرُقُونَ مِنَ الدِّينِ كَمَا يَمْرُقُ السَّهْمُ مِنَ الرَّمِيَّةِ**»

അബൂ സഈദ് അൽ ഖുദ്‌രി -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "നിങ്ങളിൽ നിന്ന് ഒരു കൂട്ടർ പുറപ്പെടുന്നതാണ്. അവരുടെ നിസ്കാരത്തിന് മുൻപിൽ നിങ്ങളുടെ നിസ്കാരവും, അവരുടെ നോമ്പിന് മുൻപിൽ നിങ്ങളുടെ നോമ്പും, അവരുടെ പ്രവർത്തനത്തിന് മുൻപിൽ നിങ്ങളുടെ പ്രവർത്തനവും നിസ്സാരമായി നിങ്ങൾക്ക് തോന്നും.

അവർ ഖുർആൻ പാരായണം ചെയ്യും; അതവരുടെ തൊണ്ടക്കുഴി വിട്ടുകടക്കുകയില്ല. വേട്ടമൃഗത്തിൽ നിന്ന് പുറത്തു കടന്ന അമ്പു പോലെ അവർ ദീനിൽ നിന്ന് പുറത്തു പോകുന്നതാണ്." (ബുഖാരി: 5058, മുസ്‌ലിം: 1064)

അല്ലാഹുവിന്റെ വിധിനിർണ്ണയത്തെ നിഷേധിച്ച കൂട്ടരായിരുന്ന ഖദരികളെ കുറിച്ച് ഇബ്നു ഉമർ -﵁- പറഞ്ഞ വാക്കുകൾ ഇത്തരം ബിദ്അതുകളുടെ ഗൗരവം ബോധ്യപ്പെടുത്തുന്നതാണ്. അദ്ദേഹത്തിന്റെ അരികിൽ ബസ്വറയിൽ നിന്നുള്ള രണ്ടു പേർ ഇക്കൂട്ടരെ കുറിച്ച് ചോദിക്കുന്നതിനായി വന്നെത്തി.

قَالَ ابْنُ عُمَرَ: «فَإِذَا لَقِيتَ أُولَئِكَ فَأَخْبِرْهُمْ أَنِّي بَرِيءٌ مِنْهُمْ، وَأَنَّهُمْ بُرَآءُ مِنِّي»، وَالَّذِي يَحْلِفُ بِهِ عَبْدُ اللهِ بْنُ عُمَرَ «لَوْ أَنَّ لِأَحَدِهِمْ مِثْلَ أُحُدٍ ذَهَبًا، فَأَنْفَقَهُ مَا قَبِلَ اللهُ مِنْهُ حَتَّى يُؤْمِنَ بِالْقَدَرِ»

അവർ പറഞ്ഞു: "ഞങ്ങളുടെ നാട്ടിൽ ഒരു കൂട്ടർ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അവർ ഖുർആൻ പാരായണം ചെയ്യുകയും, മതപരമായ വിജ്ഞാനം കരസ്ഥമാക്കാൻ കഠിനമായി പരിശ്രമിക്കുകയും ചെയ്യുന്നവരാണ്." അക്കൂട്ടരുടെ ചില വിശേഷണങ്ങളെല്ലാം പറഞ്ഞ ശേഷം അല്ലാഹുവിന്റെ വിധിനിർണ്ണയത്തെ അവർ നിഷേധിക്കുന്നുണ്ട് എന്നും, കാര്യങ്ങൾ (അല്ലാഹുവിന്റെ വിധിനിർണ്ണയമില്ലാതെ) ഉണ്ടായിക്കൊണ്ടിരിക്കുകയാണ് എന്നും അവർ പറഞ്ഞു.

ഇത് കേട്ടപ്പോൾ ഇബ്നു ഉമർ -﵁- പറഞ്ഞു: "നിങ്ങൾ അവരെ കണ്ടുമുട്ടുകയാണെങ്കിൽ ഞാൻ അവരിൽ നിന്ന് ഒഴിവാണെന്നും, അവർ എന്നിൽ നിന്ന് ഒഴിവാണെന്നും അക്കൂട്ടരെ നിങ്ങൾ അറിയിച്ചേക്കുക! അല്ലാഹുവിന്റെ മേൽ സത്യം ചെയ്തു കൊണ്ട് ഇബ്നു ഉമർ ഇതാ പറയുന്നു: അവരിൽ ആർക്കെങ്കിലും ഉഹ്ദ് മലയോളം സ്വർണ്ണമുണ്ടായിരിക്കുകയും, അതെല്ലാം അവർ ദാനം നൽകുകയും ചെയ്താലും -അവൻ അല്ലാഹുവിന്റെ വിധിനിർണ്ണയത്തിൽ വിശ്വസിക്കുന്നത് വരെ- അല്ലാഹു അത് അവനിൽ നിന്ന് സ്വീകരിക്കുകയില്ല." (മുസ്‌ലിം: 1)

**രണ്ട്: കർമ്മപരമായ ബിദ്അതുകൾ:** പ്രവർത്തനങ്ങളിൽ കടന്നു കൂടുന്ന ബിദ്അതുകളാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് പല രൂപത്തിലുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലത് താഴെ പറയാം:

1- തീർത്തും പുതിയ ഒരു പ്രവർത്തനം ദീനിൽ കടത്തിക്കൂട്ടുക: ഉദാഹരണത്തിന് ഇസ്‌ലാമിൽ ഒരു തെളിവുമില്ലാത്ത ഏതെങ്കിലും നിസ്കാരമോ, നോമ്പോ നിർമ്മിച്ചുണ്ടാക്കുക. നബി -ﷺ- ജനിച്ച ദിവസം കൊണ്ടാടുന്ന ആഘോഷങ്ങൾ ഇതിൽ ഉൾപ്പെടുന്നതാണ്.

2- സ്ഥിരപ്പെട്ട ഇബാദതിൽ വർദ്ധനവ് ഉണ്ടാക്കുക: ഉദാഹരണത്തിന് ഒരാൾ സുബ്ഹി നിസ്കാരത്തിലെ റക്അതുകളുടെ എണ്ണം മൂന്നാക്കി വർദ്ധിപ്പിക്കുകയും, അതിന് കൂടുതൽ പ്രതിഫലമുണ്ട്

എന്ന് വാദിക്കുകയും ചെയ്താൽ അത് ബിദ്അതാണ്.

3- സ്ഥിരപ്പെട്ട ഒരു ആരാധനയുടെ രൂപത്തിൽ വ്യത്യാസം വരുത്തുക: ഉദാഹരണത്തിന് ഓരോരുത്തരും വ്യക്തിപരമായി ചൊല്ലേണ്ട ദിക്റുകൾ കൂട്ടമായി ചൊല്ലാൻ പഠിപ്പിക്കുകയോ, അതിന് പ്രത്യേക ഭാവരൂപങ്ങൾ നിശ്ചയിക്കുകയോ ചെയ്യുക.

4- സ്ഥിരപ്പെട്ട ഒരു ഇബാദതിന് പ്രത്യേകമായ ഒരു സമയം പുതുതായി നിശ്ചയിക്കുക: ഉദാഹരണത്തിന് ശഅ്ബാൻ പതിനഞ്ചിന്റെ ദിവസത്തിൽ പ്രത്യേക നിസ്കാരങ്ങളും ഇബാദതുകളും നിശ്ചയിക്കുക എന്നത്.

ബിദ്അതുകളായി ഉൾപ്പെടുന്ന ചില കാര്യങ്ങൾ മനസ്സിലാക്കാൻ സഹായകമായ ചില അടിത്തറകൾ മാത്രമാണ് ഇത്രയും പറഞ്ഞത്. ഇസ്ലാം അല്ലാഹു പൂർത്തീകരിച്ചിരിക്കുന്നു എന്ന് വിശുദ്ധ ഖുർആനിലൂടെ അറിയിക്കുകയും, നബി -ﷺ- അവിടുത്തെ ദീൻ പൂർണ്ണമായി എത്തിച്ചു നൽകുകയും ചെയ്ത ശേഷം അതിൽ പുതുതായി വല്ലതും കടത്തിക്കൂട്ടുക എന്നത് അല്ലാഹുവിന്റെ ദീനിനോട് പുലർത്തുന്ന ശത്രുതയും എതിർപ്പുമാണ്. ഇവ ഉപേക്ഷിക്കുന്നത് വരെ ഒരാളുടെയും തൗഹീദ് നിർബന്ധമായ പൂർണ്ണത കൈവരിക്കുന്നതല്ല.

## തിന്മകളിൽ തുടരൽ

തിന്മകൾ രണ്ടു രൂപത്തിലുണ്ട്. വൻപാപങ്ങളും ചെറുപാപങ്ങളും. ഇവ രണ്ടും ഉപേക്ഷിക്കപ്പെടേണ്ടതാണ്. എന്നാൽ തൗഹീദിന്റെ നിർബന്ധമായ പൂർത്തീകരണത്തിന് തടസ്സമാകുന്ന രൂപത്തിൽ പാപങ്ങൾ ആയിത്തീരുന്നത് എപ്പോഴാണ്? ഇത് പ്രത്യേകം വിശദീകരിക്കേണ്ടതുണ്ട്.

**ഒന്ന്: വൻപാപങ്ങൾ. (الكَبَائِرُ)**

കബാഇറുകളിൽ എണ്ണപ്പെട്ട ശിർക്, സിഹ്ർ (മാരണം) പോലുള്ള, ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്ന തിന്മകളല്ല ഇവിടെ വൻപാപങ്ങൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. കാരണം അത്തരം തിന്മകളിൽ ഏതെങ്കിലും പ്രവർത്തിക്കുന്നത് ഇസ്ലാമിൽ നിന്ന് തന്നെ പുറത്തു പോകാനുള്ള കാരണമാകുന്നതാണ്.

എന്നാൽ ശിർകിന്റെയും കുഫ്റിന്റെയും താഴെ വരുന്ന വൻപാപങ്ങൾ -വ്യഭിചാരണവും മോഷണവും പോലുള്ള തിന്മകൾ- ഉപേക്ഷിക്കുക എന്നത് തൗഹീദിന്റെ നിർബന്ധമായ പൂർത്തീകരണത്തിന് അനിവാര്യമാണ്.

ഇഹലോകത്ത് ശിക്ഷാനടപടി (ഹദ്ദ്) വിധിക്കപ്പെട്ടതോ, പരലോകത്ത് ശിക്ഷ താക്കീത് നൽകപ്പെടുകയോ ചെയ്ത തിന്മകളാണ് വൻപാപങ്ങളിൽ എണ്ണപ്പെടുക. വ്യഭിചാരം, മോഷണം, കൊലപാതകം പോലുള്ള തിന്മകൾക്ക് ഇഹലോകത്ത് ശിക്ഷാനടപടികൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. പരദൂഷണം, ഏഷണി, അസൂയ പോലുള്ള തിന്മകൾക്ക് പരലോകത്ത് ശിക്ഷ താക്കീത് നൽകപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം വൻപാപങ്ങളിൽ ഉൾപ്പെടുന്നതുമാണ്.

വൻപാപങ്ങളിൽ ഏറ്റവും ഗുരുതരമായ ഏഴ് കാര്യങ്ങൾ നബി -ﷺ- പ്രത്യേകം എണ്ണിപ്പറഞ്ഞിട്ടുണ്ട്.

عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ -ﷺ- قَالَ: «اجْتَنِبُوا السَّبْعَ المُوبِقَاتِ»، قَالُوا: يَا رَسُولَ اللَّـهِ وَمَا هُنَّ؟ قَالَ: «الشِّرْكُ بِاللَّـهِ، وَالسِّحْرُ، وَقَتْلُ النَّفْسِ الَّتِي حَرَّمَ اللَّـهُ إِلَّا بِالحَقِّ، وَأَكْلُ الرِّبَا، وَأَكْلُ مَالِ اليَتِيمِ، وَالتَّوَلِّي يَوْمَ الزَّحْفِ، وَقَذْفُ المُحْصَنَاتِ المُؤْمِنَاتِ الغَافِلَاتِ»

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറഞ്ഞു: "ഏഴു നാശകാരികളായ പാപങ്ങളെ നിങ്ങൾ ഉപേക്ഷിക്കുക." സ്വഹാബികൾ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ! ഏതെല്ലാമാണവ?!"

നബി -ﷺ- പറഞ്ഞു: "അല്ലാഹുവിൽ പങ്കുചേർക്കൽ, മാരണം, അല്ലാഹു നിഷിദ്ധമാക്കിയ ജീവനെ അന്യായമായി വധിക്കുക, പലിശ ഭക്ഷിക്കുക, അനാഥന്റെ സമ്പത്ത് ഭക്ഷിക്കുക, യുദ്ധം കൊടുമ്പിരി കൊള്ളുന്ന വേളയിൽ പിന്തിരിഞ്ഞോടുക, പതിവ്രതകളും ചാരിത്ര്യവതികളുമായ സ്ത്രീകളെ കുറിച്ച് അപവാദം പ്രചരിപ്പിക്കുക." (ബുഖാരി: 2766, മുസ്ലിം: 89)

വൻപാപങ്ങൾ പ്രവർത്തിക്കുന്ന വ്യക്തി 'ഫാസിഖ്' (അധർമ്മി) എന്നാണ് വിശേഷിപ്പിക്കപ്പെടുക. അവന് പൂർണ്ണമായ ഈമാൻ ഉണ്ട് എന്ന് പറയുക സാധ്യമല്ല; മറിച്ച് അവന്റെ ഈമാനിൽ കുറവ് സംഭവിച്ചിരിക്കുന്നു. പരലോകത്താകട്ടെ, അവന്റെ തിന്മകൾ അല്ലാഹു ഉദ്ദേശിച്ചാൽ പൊറുത്തു കൊടുത്തേക്കാം; ഇല്ലെങ്കിൽ അവ കാരണത്താൽ അവൻ നരകത്തിൽ നിശ്ചിത കാലാവധി വരെ ശിക്ഷിപ്പെട്ടേക്കാം.

വൻപാപങ്ങൾ സംഭവിച്ചവർ ഇസ്ലാമിൽ നിന്ന് തന്നെ പുറത്തു പോകും എന്ന പിഴച്ച വാദമുള്ളവരാണ് ഖവാരിജുകൾ. ഈ പിഴച്ച വാദം കാരണത്താലാണ് ബഹുഭൂരിപക്ഷം വരുന്ന മുസ്ലിംകളെയും അവർ കാഫിറുകളും മുർതദ്ദുകളുമായി മുദ്രകുത്തിയത്.

വിശുദ്ധ ഖുർആനിലെ വ്യക്തമായ ആയത്തിന് വിരുദ്ധമാണ് ഖവാരിജുകളുടെ ഈ പിഴച്ച വാദം. ശിർകിൽ താഴെയുള്ള ഏത് തി

ന്മയും അല്ലാഹു ഉദ്ദേശിച്ചാൽ പൊറുത്തു നൽകുമെന്ന് അവൻ വാഗ്ദാനം നൽകിയിട്ടുണ്ട്; അല്ലാഹു വാഗ്ദാനം ലംഘിക്കുന്നവനല്ല.

إِنَّ اللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَاءُ ۚ وَمَن يُشْرِكْ بِاللَّهِ فَقَدِ افْتَرَىٰ إِثْمًا عَظِيمًا ﴿٤٨﴾

“തന്നോട് പങ്കുചേർക്കപ്പെടുന്നത് (ശിർക് ചെയ്യുന്നത്) അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.” (നിസാഅ്: 48)

ഖവാരിജുകളുടേത് അതിവാദമാണെങ്കിൽ ഇതിന് നേർവിപരീതമായ വാദം സ്വീകരിക്കുകയും, പിഴച്ചു പോവുകയും ചെയ്തവരാണ് മുർജിയാക്കൾ. വൻപാപങ്ങൾ ഈമാനിൽ യാതൊരു കുറവും വരുത്തുന്നതല്ല എന്നതാണ് അക്കൂട്ടരുടെ നിലപാട്. ശിർകിൽ താഴെയുള്ള തിന്മകൾക്ക് ശിക്ഷ താക്കീത് നൽകുന്ന എത്രയോ ആയതുകൾക്കും ഹദീഥുകൾക്കും കടകവിരുദ്ധമാണ് ഈ വിശ്വാസം.

എന്നാൽ സാന്ദർഭികമായി രണ്ട് കാര്യങ്ങൾ സൂചിപ്പിക്കട്ടെ:

ഒന്ന്: ഏതൊരു വൻപാപവും -മരണത്തിന് മുൻപ്- അല്ലാഹുവിനോട് പശ്ചാത്തപിച്ചാൽ അവൻ പൊറുത്തു നൽകുന്നതാണ്. ശിർകും കുഫ്റുമാണ് ചെയ്തിട്ടുള്ളത് എങ്കിലും മരണത്തിന് മുൻപ് ആത്മാർത്ഥമായി പശ്ചാത്തപിച്ചാൽ അല്ലാഹു അത് പൊറുത്തു നൽകുന്നതാണ്. ശിർക്, കൊലപാതകം, വ്യഭിചാരം എന്നീ ഗുരുതരമായ പാപങ്ങൾ ചെയ്തവർക്ക് പരലോകത്ത് കടുത്ത ശിക്ഷയുണ്ട് എന്ന് അറിയിച്ചതിന് ശേഷം അല്ലാഹു പറയുന്നു:

إِلَّا مَن تَابَ وَآمَنَ وَعَمِلَ عَمَلًا صَالِحًا فَأُولَٰئِكَ يُبَدِّلُ اللَّهُ سَيِّئَاتِهِمْ حَسَنَاتٍ ۗ وَكَانَ اللَّهُ غَفُورًا رَّحِيمًا ﴿٧٠﴾

“പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അത്തരക്കാർക്ക് അല്ലാഹു തങ്ങളുടെ തിൻമകൾക്ക് പകരം നൻമകൾ മാറ്റികൊടുക്കുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും (ഗഫൂർ) അങ്ങേയറ്റം കരുണ ചൊരിയുന്നവനും (റഹീം) ആകുന്നു.” (ഫുർഖാൻ: 70)

തിന്മകൾ പ്രവർത്തിച്ചവരോട് അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് നിരാശരാകരുതെന്നും, അവൻ തെറ്റുകൾ ധാരാളമായി പൊറുത്തു നൽകുന്നവനാണെന്നും അല്ലാഹു ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَىٰ أَنفُسِهِمْ لَا تَقْنَطُوا مِن رَّحْمَةِ اللَّهِ ۚ إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا ۚ إِنَّهُ هُوَ الْغَفُورُ الرَّحِيمُ ﴿٥٣﴾

"പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ച് പോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും (ഗഫൂർ) അങ്ങേയറ്റം കരുണ ചൊരിയുന്നവനും (റഹീം)." (സുമർ: 53)

ആത്മാർത്ഥമായ പശ്ചാത്താപത്തിൽ മൂന്ന് കാര്യങ്ങളാണ് ഉണ്ടാകേണ്ടത്. (1) സംഭവിച്ചു പോയ തെറ്റുകളിലുള്ള ഖേദം. (2) ഇനിയൊരിക്കലും ആ തെറ്റിലേക്ക് തിരിച്ചു പോകില്ലെന്ന ദൃഢനിശ്ചയം. (3) അല്ലാഹു തെറ്റുകൾ പൊറുത്തു നൽകാനുള്ള തേട്ടം. ഈ രൂപത്തിൽ ഒരാൾ പശ്ചാത്തപിച്ചാൽ അവൻ തെറ്റുകൾ ചെയ്തിട്ടേയില്ലാത്തവനെ പോലെയാണ്.

عَنْ عَبْدِ اللَّـهِ بْنِ مَسْعُودٍ قَالَ: قَالَ رَسُولُ اللَّـهِ -ﷺ-: «**التَّائِبُ مِنَ الذَّنْبِ، كَمَنْ لَا ذَنْبَ لَهُ**»

അബ്ദുല്ലാഹി ബ്നു മസ്ഊദ് -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "തിന്മയിൽ നിന്ന് പശ്ചാത്തപിച്ചവൻ തിന്മയില്ലാത്തവനെ പോലെയാണ്." (ഇബ്നു മാജഃ: 4250, അൽബാനി ഹസൻ എന്ന് വിലയിരുത്തി.)

രണ്ട്: തിന്മകൾ സംഭവിച്ചു പോവുക എന്നത് തൗഹീദിന്റെ പൂർത്തീകരണത്തിന് തടസ്സമാകുന്നതല്ല. കാരണം മനുഷ്യന്റെ പ്രകൃതത്തിൽ പെട്ടതാണ് തിന്മകൾ സംഭവിക്കുക എന്നത്. തെറ്റുകൾ സംഭവിച്ചു പോകുമ്പോൾ അതിൽ നിന്ന് പശ്ചാത്തപിക്കാതിരിക്കുകയും, അതിൽ തുടരുകയും ചെയ്യുക എന്നതാണ് തൗഹീദിന്റെ പൂർത്തീകരണത്തിന് തടസ്സമാവുക.

عَنْ أَنَسٍ قَالَ: قَالَ رَسُولُ اللَّـهِ -ﷺ-: «**كُلُّ بَنِي آدَمَ خَطَّاءٌ، وَخَيْرُ الْخَطَّائِينَ التَّوَّابُونَ**»

അനസ് -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "ആദമിന്റെ എല്ലാ സന്തതികളും ധാരാളമായി തെറ്റുകൾ സംഭവിക്കുന്നവരാണ്. അവരിൽ ഏറ്റവും നല്ലവർ ധാരാളമായി പശ്ചാത്തപിക്കുന്നവരാണ്." (ഇബ്നു മാജഃ: 4251, അൽബാനി ഹസൻ എന്ന് വിലയിരുത്തി.)

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّـهِ -ﷺ-: «**وَالَّذِي نَفْسِي بِيَدِهِ لَوْ لَمْ تُذْنِبُوا لَذَهَبَ**

اللَّـهُ بِكُمْ، وَلَجَاءَ بِقَوْمٍ يُذْنِبُونَ، فَيَسْتَغْفِرُونَ اللَّـهَ فَيَغْفِرُ لَهُمْ»

അബൂ ഹുറൈറ -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: "നിങ്ങൾ തിന്മകൾ ചെയ്യുന്നില്ലായെങ്കിൽ അല്ലാഹു നിങ്ങളെ ഇല്ലാതെയാക്കുകയും, തെറ്റുകൾ ചെയ്യുന്ന ഒരു കൂട്ടരെ അല്ലാഹു കൊണ്ടുവരുന്നതാണ്. ശേഷം അവർ അല്ലാഹുവിനോട് പാപമോചനം തേടുകയും, അവൻ അവർക്ക് പൊറുത്തു നൽകുകയും ചെയ്യുന്നതാണ്." (മുസ്ലിം: 2749)

ഈ ഹദീഥുകളൊന്നും തിന്മകൾ ചെയ്യാനുള്ള പ്രോത്സാഹനമല്ല നൽകുന്നത്. മറിച്ച്, മനുഷ്യരിൽ നിന്ന് തെറ്റുകൾ സംഭവിക്കുന്നതാണെന്നും, അപ്പോൾ ഉടനടി പശ്ചാത്തപിക്കുക എന്നതാണ് വേണ്ടതെന്നും, അതാണ് അല്ലാഹുവിന് തൃപ്തികരമായ മാർഗമെന്നുമാണ് ഇവയെല്ലാം നമ്മെ ഓർമ്മപ്പെടുത്തുന്നത്.

**രണ്ട്: ചെറുപാപങ്ങൾ (الصَّغَائِرُ)**

ദുനിയാവിൽ ശിക്ഷാനടപടി നിശ്ചയിക്കപ്പെടുകയോ, പരലോകത്ത് ശിക്ഷ താക്കീത് നൽകപ്പെടുകയോ ചെയ്തിട്ടില്ലാത്ത തിന്മകൾ ചെറുപാപങ്ങളിലാണ് ഉൾപ്പെടുക. ഇവ സംഭവിക്കുന്നത് തൗഹീദിന്റെ നിർബന്ധമായ പൂർത്തീകരണത്തിന് തടസ്സമല്ല.

എന്നാൽ ചില സന്ദർഭങ്ങളിൽ ചെറുപാപങ്ങൾ വൻപാപങ്ങളുടെ പരിധിയിലേക്ക് എത്തിപ്പോയേക്കാം. തൗഹീദിന്റെ നിർബന്ധമായ പൂർത്തീകരണം ആഗ്രഹിക്കുന്ന ഓരോ വ്യക്തിയും ഈ സാഹചര്യങ്ങൾ ഉപേക്ഷിക്കേണ്ടതുണ്ട്.

<u>1- ചെറുപാപങ്ങൾ തുടർച്ചയായി ചെയ്താൽ.</u>

عَنِ ابْنِ عَبَّاسٍ أَنَّهُ قَالَ: «لَا كَبِيرَةَ مَعَ الِاسْتِغْفَارِ، وَلَا صَغِيرَةَ مَعَ الْإِصْرَارِ»

ഇബ്നു അബ്ബാസ് -ﷺ- പറയുന്നു: "പശ്ചാത്താപം തേടുന്നുണ്ടെങ്കിൽ ഒരു പാപവും വൻപാപമല്ല. തുടർച്ചയായി ചെയ്യുമ്പോൾ ഒരു തിന്മയും ചെറുപാപവുമല്ല." (ശുഅബുൽ ഈമാൻ / ബയ്ഹഖി: 6882)

عَنْ عَبْدِ اللَّـهِ بْنِ مَسْعُودٍ أَنَّ رَسُولَ اللَّـهِ -ﷺ- قَالَ: «**إِيَّاكُمْ وَمُحَقَّرَاتِ الذُّنُوبِ، فَإِنَّهُنَّ يَجْتَمِعْنَ عَلَى الرَّجُلِ حَتَّى يُهْلِكْنَهُ**» وَإِنَّ رَسُولَ اللهِ -ﷺ- ضَرَبَ لَهُنَّ مَثَلًا: «**كَمَثَلِ قَوْمٍ نَزَلُوا أَرْضَ فَلَاةٍ، فَحَضَرَ صَنِيعُ الْقَوْمِ، فَجَعَلَ الرَّجُلُ يَنْطَلِقُ، فَيَجِيءُ بِالْعُودِ، وَالرَّجُلُ يَجِيءُ بِالْعُودِ، حَتَّى جَمَعُوا سَوَادًا، فَأَجَّجُوا نَارًا، وَأَنْضَجُوا مَا قَذَفُوا فِيهَا**»

ഇബ്നു മസ്ഊദ് -ﷺ- നിവേദനം: നബി -ﷺ- പറഞ്ഞു: "നിങ്ങൾ നിസ്സാരമാക്കപ്പെടുന്ന തിന്മകളെ സൂക്ഷിക്കുക! ഒരാളെ നശിപ്പിച്ചു കളയുന്ന രൂപത്തിൽ അതവന്റെ മേൽ ഒരുമിച്ചു കൂടുന്നതാണ്." അല്ലാഹുവിന്റെ റസൂൽ -ﷺ- അവക്കൊരു ഉപമ വിവരിച്ചു തരികയും ചെയ്തു.

വിജനമായ ഒരു പ്രദേശത്ത് താവളമടിച്ച ചിലർ ഭക്ഷണം പാചകം ചെയ്തതു പോലെയാണത്. അങ്ങനെ അവരിൽ ഓരോരുത്തരും പോയി ഓരോ കമ്പുകളുമായി തിരിച്ചു വന്നു. അങ്ങനെ അവർ ഒരു കൂട്ടം കമ്പുകൾ ഒരുമിച്ചു കൂട്ടുകയും, അഗ്നി ആളിക്കത്തിക്കുകയും ചെയ്തു. ആ അഗ്നിയിലേക്ക് അവരിട്ട കൊള്ളികൾ അവരുടെ ഭക്ഷണം പാകമാക്കാൻ മതിയായിത്തീർന്നിട്ടുണ്ട്." (അഹ്മദ്: 3818, അൽബാനി ഹസൻ എന്ന് വിലയിരുത്തി.)

<u>2- ചെറുപാപങ്ങൾ നിസ്സാരമായി കാണുകയോ മറ്റോ ചെയ്താൽ.</u>

ഇബ്നു അബിൽ ഇസ്സൽ ഹനഫി -ﷺ- പറയുന്നു: "ചെറുപാപങ്ങൾ ചെയ്യുന്നതിനൊപ്പം അത് ചെയ്യുന്നതിൽ യാതൊരു ലജ്ജയുമില്ലാതാവുകയും, അതൊന്നും ഒരു കാര്യമായി പരിഗണിക്കാതിരിക്കുന്ന അവസ്ഥ ഉണ്ടാവുകയും, അതിൽ (ശിക്ഷിക്കപ്പെടുമെന്ന) ഭയം നഷ്ടപ്പെടുകയും ചെയ്താൽ അവ ചിലപ്പോൾ വൻപാപങ്ങളിലേക്ക് ചേർക്കപ്പെട്ടേക്കാം.

ഇതിന്റെ അടിസ്ഥാനം ഹൃദയമാണ്. കേവല പ്രവർത്തിക്ക് അപ്പുറം ഹൃദയത്തിൽ ഒരുമിച്ചു കൂടുന്ന വികാരങ്ങളാണ് ഈ മാറ്റം സൃഷ്ടിക്കുന്നത്. ഓരോ വ്യക്തിക്കും ഇക്കാര്യത്തിൽ തന്റെ സ്വന്തം അവസ്ഥ മനസ്സിലാക്കാൻ കഴിയുന്നതാണ്." (ശർഹുത്ത്വഹാവിയ്യഃ: 308)

ഇത്രയും പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാവുന്നതിന്റെ ചുരുക്കം ഇതാണ്: വൻപാപങ്ങൾ ചെയ്യുക എന്നതും, അതിൽ നിന്ന് തൗബ ചെയ്യാതിരിക്കുക എന്നതും, ചെറുപാപങ്ങൾ തുടർച്ചയായി ചെയ്യുകയോ അതിനെ അവഗണിക്കുന്ന മാനസികാവസ്ഥയിൽ എത്തിപ്പെടുകയോ ചെയ്യുക എന്നതും തൗഹീദിന്റെ നിർബന്ധമായ പൂർത്തീകരണത്തിന് തടസ്സമാണ്. അവ ഉപേക്ഷിക്കുക എന്നതാകട്ടെ, തൗഹീദിന്റെ പൂർത്തീകരണത്തിന് അനിവാര്യമായും വേണ്ട ഘടകവുമാണ്.

# വാജിബുകൾ നിർവ്വഹിക്കൽ

നിർബന്ധമായും പ്രവർത്തിക്കണമെന്ന് അല്ലാഹു കൽപ്പിച്ച, ഉപേക്ഷിക്കാൻ അനുവാദമില്ലാത്ത കാര്യങ്ങളാണ് വാജിബുകൾ. അഞ്ചു നേരത്തെ നിസ്കാരവും, റമദാനിലെ നോമ്പുമെല്ലാം ഏവർക്കുമറിയുന്ന ചില ഉദാഹരണങ്ങളാണ്. അല്ലാഹു നിർബന്ധമായി നിശ്ചയിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുക എന്നത് തൗഹീദിന്റെ നിർബന്ധമായ പൂർത്തീകരണത്തിൽ ഉൾപ്പെടുന്നതാണ്.

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّـهِ -ﷺ-: «إِنَّ اللَّـهَ قَالَ: مَنْ عَادَى لِي وَلِيًّا فَقَدْ آذَنْتُهُ بِالْحَرْبِ، وَمَا تَقَرَّبَ إِلَيَّ عَبْدِي بِشَيْءٍ أَحَبَّ إِلَيَّ مِمَّا افْتَرَضْتُ عَلَيْهِ، وَمَا يَزَالُ عَبْدِي يَتَقَرَّبُ إِلَيَّ بِالنَّوَافِلِ حَتَّى أُحِبَّهُ...»

അബൂ ഹുറൈറ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "അല്ലാഹു പറഞ്ഞിരിക്കുന്നു: ആരെങ്കിലും എന്റെ ഇഷ്ടദാസനോട് ശത്രുത വെച്ചാൽ അവനോട് ഞാൻ യുദ്ധപ്രഖ്യാപനം നടത്തിയിരിക്കുന്നു. എന്റെ ദാസന് മേൽ ഞാൻ നിർബന്ധമാക്കിയ കാര്യങ്ങളേക്കാൾ (വാജിബുകളേക്കാൾ) എനിക്ക് ഇഷ്ടപ്പെട്ട മറ്റൊന്നു കൊണ്ടും അവൻ എന്നിലേക്ക് സാമീപ്യം തേടിയിട്ടില്ല. എന്റെ ദാസനെ ഞാൻ ഇഷ്ടപ്പെടുന്നത് വരെ സുന്നത്തുകൾ ചെയ്തു കൊണ്ട് അവൻ എന്നിലേക്ക് സാമീപ്യം തേടിക്കൊണ്ടേയിരിക്കും." (ബുഖാരി: 6502)

വാജിബുകൾ ചെയ്യുന്നത് വരെ അല്ലാഹു സുന്നത്തായ കർമ്മങ്ങൾ സ്വീകരിക്കുകയില്ല.

قَالَ أَبُو بَكْرٍ الصِّدِّيقُ: «إِنَّ لِلَّـهِ حَقًّا بِالنَّهَارِ لَا يَقْبَلُهُ بِاللَّيْلِ، وَإِنَّ لِلَّـهِ حَقًّا بِاللَّيْلِ لَا يَقْبَلُهُ بِالنَّهَارِ، وَإِنَّهُ لَا يَقْبَلُ نَافِلَةً حَتَّى تُؤَدَّى الْفَرِيضَةُ»

അബൂ ബക്ർ അസ്സിദ്ദീഖ് -رضي الله عنه- ഉമർ -رضي الله عنه- വിനോട് പറഞ്ഞു: "നീ അറിയുക! അല്ലാഹുവിനായി രാവിലെ ചെയ്യേണ്ട ചില പ്രവർത്തനങ്ങളുണ്ട്; അവനത് രാത്രി സ്വീകരിക്കുന്നതല്ല. രാത്രിയിലെ ചില പ്രവർത്തനങ്ങളുമുണ്ട്; അവനത് രാവിലെ സ്വീകരിക്കുന്നതല്ല. നിർബന്ധ കർമ്മങ്ങൾ (ഫർദ്വുകൾ) നിർവ്വഹിക്കുന്നത് വരെ അവൻ സുന്നത്തുകളും സ്വീകരിക്കുന്നതല്ല." (ഹിൽയഃ / അബൂ നുഐം: 1/36)

വാജിബായ കർമ്മങ്ങൾക്ക് സുന്നത്തുകളേക്കാൾ ശ്രേഷ്ഠതയും മഹത്വവും വർദ്ധിക്കാനുള്ള കാരണങ്ങളിൽ ചിലത് പണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്.

ഇമാം ഇബ്നു റജബ് -ﷺ- പറയുന്നു: "വാജിബുകൾ നിർവ്വഹിക്കുന്നത് അല്ലാഹുവിന്റെ കൽപ്പന പ്രാവർത്തികമാക്കി കൊണ്ടും, കൽപ്പന നൽകിയ റബ്ബിനെ ആദരിച്ചു കൊണ്ടുമാണ്. അല്ലാഹുവിന്റെ രക്ഷാകർതൃത്വത്തിന്റെ മഹത്വവും, മനുഷ്യരുടെ അടിമത്വവും അതിൽ വ്യക്തമായി പ്രകടമാകുന്നുണ്ട്. ഇവയെല്ലാം സുന്നത്തുകൾ ചെയ്യുമ്പോഴും ഉണ്ടാകുന്നുണ്ടെങ്കിലും വാജിബുകളിലേത് പോലെയല്ല അതൊന്നും. കാരണം വാജിബുകൾ നിർബന്ധമായും ചെയ്തിരിക്കണമെന്ന കൽപ്പന നിറവേറ്റലാണ്..." (ഫത്ഹുൽ ബാരി / ഇബ്നു റജബ്: 4/213)

നിർബന്ധമായ തൗഹീദിന്റെ പൂർത്തീകരണത്തിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ട നാല് കാര്യങ്ങളാണ് നാം വിവരിച്ചത്. ഇവ പടിപടിയായി ചവിട്ടിക്കയറാൻ അല്ലാഹുവിനോടുള്ള നിരന്തരമായ പ്രാർത്ഥനയും, ആത്മാർത്ഥമായ പരിശ്രമവും വേണ്ടതുണ്ട്. അവ രണ്ടും ലക്ഷ്യം നേടിയെടുക്കാൻ അനിവാര്യമായും വേണ്ട ഗുണങ്ങളാണ്.

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّـهِ -ﷺ-: «الْمُؤْمِنُ الْقَوِيُّ، خَيْرٌ وَأَحَبُّ إِلَى اللَّـهِ مِنَ الْمُؤْمِنِ الضَّعِيفِ، وَفِي كُلٍّ خَيْرٌ، احْرِصْ عَلَى مَا يَنْفَعُكَ، وَاسْتَعِنْ بِاللَّـهِ وَلَا تَعْجَزْ»

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറഞ്ഞു: "ശക്തനായ മുഅ്മിനാണ് ദുർബനായ മുഅ്മിനിനേക്കാൾ അല്ലാഹുവിന് പ്രിയങ്കരനായുള്ളത്. എല്ലാവരിലും നന്മയുണ്ട്. നിനക്ക് ഉപകാരപ്രദമായതിൽ നീ പരിശ്രമിക്കുക. അല്ലാഹുവിനോട് സഹായം തേടുകയും ചെയ്യുക. നീ മടിഞ്ഞിരിക്കരുത്." (മുസ്‌ലിം: 2664)

അല്ലാഹുവിന്റെ ഏകത്വം പൂർത്തീകരിക്കുകയും, അവന്റെ മാർഗത്തിൽ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നവരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തുമാറാകട്ടെ. (ആമീൻ)

# തൗഹീദ്; സുന്നത്തിന്റെ ഘട്ടങ്ങൾ

ഒരാൾ നാല് കാര്യങ്ങൾ ഉപേക്ഷിക്കുകയും, ഒരു കാര്യം പ്രാവർത്തികമാക്കുകയും ചെയ്താൽ അവൻ സുന്നത്തായ തൗഹീദ് പൂർത്തീകരിച്ചിരിക്കുന്നു.

ഉപേക്ഷിക്കേണ്ട നാല് കാര്യങ്ങൾ ഇവയാണ്:

(1) മക്റൂഹുകൾ.

(2) മുശ്തബിഹാതുകൾ.

(3) ഫുദ്വൂലുൽ മുബാഹാത്.

(4) സുഊലുന്നാസ്.

പ്രാവർത്തികമാക്കേണ്ട ഒരു കാര്യം ഇതാണ്:

(1) സുന്നത്തുകൾ

ഇവയോരോന്നും ചുരുങ്ങിയ രൂപത്തിൽ വിശദീകരിക്കാം.

## മക്റൂഹുകൾ

അല്ലാഹു അവന്റെ അടിമകളോട് ഉപേക്ഷിക്കണമെന്ന് -നിർബന്ധസ്വരത്തിലല്ലാതെ- കൽപ്പിച്ച കാര്യങ്ങളാണ് മക്റൂഹുകൾ (വെറുക്കപ്പെട്ട കാര്യങ്ങൾ). അല്ലാഹുവിന്റെ പ്രതിഫലം ഉദ്ദേശിച്ചു കൊണ്ട് ഇവ ആരെങ്കിലും ഉപേക്ഷിച്ചാൽ അതിന് പ്രതിഫലമുണ്ടായിരിക്കും. എന്നാൽ അവ പ്രവർത്തിച്ചാൽ അവൻ ശിക്ഷക്ക് അർഹനാകുന്നതല്ല.

عَنِ المُغِيرَةِ بْنِ شُعْبَةَ قَالَ: قَالَ النَّبِيُّ -ﷺ-: «**إِنَّ اللهَ حَرَّمَ عَلَيْكُمْ: عُقُوقَ الأُمَّهَاتِ، وَوَأْدَ البَنَاتِ، وَمَنَعَ وَهَاتِ، وَكَرِهَ لَكُمْ قِيلَ وَقَالَ، وَكَثْرَةَ السُّؤَالِ، وَإِضَاعَةَ المَالِ**»

മുഗീറതു ബ്നു ശുഅ്ബഃ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "മാതാക്കളെ പ്രയാസപ്പെടുത്തുന്നതും, പെൺമക്കളെ കുഴിച്ചു മൂടുന്നതും, അവകാശങ്ങൾ തടഞ്ഞു വെക്കുകയും അർഹതയില്ലാത്തത് ചോദിക്കുന്നതും അല്ലാഹു നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയിരിക്കുന്നു. 'ഖാലഖീലകൾ' (കേട്ടുകേൾവികൾ), അധികരിച്ച ചോദ്യങ്ങളും, സമ്പത്ത് പാഴാക്കുന്നതും അല്ലാഹു നിങ്ങൾക്ക് മേൽ വെറുത്തിരിക്കുന്നു." (ബുഖാരി: 2408, മുസ്‌ലിം: 593)

ഈ ഹദീഥിൽ ആദ്യം പറഞ്ഞ മൂന്നു കാര്യങ്ങൾ ഹറാമുകളാണെങ്കിൽ ശേഷം പറഞ്ഞ മൂന്നു കാര്യങ്ങൾ മക്റൂഹുകളാണ്. പ്രസ്തുത വാക്കിനോട് നേരെബന്ധമുള്ള 'കരിഹ' എന്ന വാക്കാണ് നബി -ﷺ- ഹദീഥിൽ പ്രയോഗിച്ചതും.

## മുശ്തബിഹാതുകൾ

അനുവദനീയമാണോ നിഷിദ്ധമാണോ എന്നതിൽ സംശയം ഉടലെടുത്ത കാര്യങ്ങൾക്കാണ് മുശ്തബഹാതുകൾ (അവ്യക്തമായവ) എന്ന് പറയുക. ഹലാലുകളിലേക്കോ ഹറാമുകളിലേക്കോ ചേർത്തപ്പെടാത്ത, അവയുടെ മദ്ധ്യത്തിൽ അവ്യക്തമായി നിലകൊള്ളുന്ന ഇത്തരം കാര്യങ്ങൾ ഹറാമിൽ പെട്ടതായേക്കാം എന്ന ഭയം കാരണത്താൽ ഒരാൾ അത് ഉപേക്ഷിക്കുന്നുവെങ്കിൽ അത് അവന്റെ ഉന്നതമായ തഖ്‌വയുടെ ഭാഗമാണ്.

عَنِ النُّعْمَانِ بْنِ بَشِيرٍ قَالَ: سَمِعْتُ رَسُولَ اللهِ -ﷺ- يَقُولُ: «إِنَّ الْحَلَالَ بَيِّنٌ، وَإِنَّ الْحَرَامَ بَيِّنٌ، وَبَيْنَهُمَا مُشْتَبِهَاتٌ لَا يَعْلَمُهُنَّ كَثِيرٌ مِنَ النَّاسِ، فَمَنِ اتَّقَى الشُّبُهَاتِ اسْتَبْرَأَ لِدِينِهِ وَعِرْضِهِ، وَمَنْ وَقَعَ فِي الشُّبُهَاتِ وَقَعَ فِي الْحَرَامِ، كَالرَّاعِي يَرْعَى حَوْلَ الْحِمَى، يُوشِكُ أَنْ يَرْتَعَ فِيهِ، أَلَا وَإِنَّ لِكُلِّ مَلِكٍ حِمًى، أَلَا وَإِنَّ حِمَى اللهِ مَحَارِمُهُ»

നുഅ്മാനു ബ്നു ബശീർ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "തീർച്ചയായും ഹലാൽ (അനുവദനീയമായത്) വ്യക്തമാണ്. തീർച്ചയായും ഹറാമും (നിഷിദ്ധമായത്) വ്യക്തമാണ്. അവ രണ്ടിനുമിടയിൽ മുശ്തബിഹാതുകളുണ്ട്. ജനങ്ങളിൽ ധാരാളം പേർക്ക് അവ അറിയുകയില്ല. ആരെങ്കിലും അവ്യക്തമായവയെ സൂക്ഷിച്ചാൽ അവൻ തന്റെ ദീനും അഭിമാനവും സംരക്ഷിച്ചിരിക്കുന്നു. ആരെങ്കിലും അവ്യക്തമായവയിൽ വീണുപോയാൽ അവൻ ഹറാമിൽ വീണുപോയിരിക്കുന്നു.

ഒരു ഇടയന്റെ ഉപമ പോലെ; അവൻ സുരക്ഷിതവേലിക്ക് ചുറ്റും മേയ്ച്ചു കൊണ്ടിരുന്നാൽ (അവന്റെ കാലികൾ) അതിലേക്ക് പ്രവേശിച്ചു മേഞ്ഞേക്കാം. അറിയുക! എല്ലാ രാജാവിനും സുരക്ഷിത വേലികളുണ്ട്. അറിയുക! അല്ലാഹുവിന്റെ സുരക്ഷിതവേലി അവൻ നിഷിദ്ധമാക്കിയ കാര്യങ്ങളാകുന്നു." (മുസ്‌ലിം: 1599)

അവ്യക്തമായ കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുക എന്നത് ഏറ്റവും നല്ലരൂപത്തിൽ നമ്മെ പഠിപ്പിച്ചത് അല്ലാഹുവിന്റെ റസൂൽ -ﷺ- തന്നെയാണ്.

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ عَنِ النَّبِيِّ -ﷺ- قَالَ: «إِنِّي لَأَنْقَلِبُ إِلَى أَهْلِي، فَأَجِدُ التَّمْرَةَ سَاقِطَةً عَلَى فِرَاشِي، فَأَرْفَعُهَا لِآكُلَهَا، ثُمَّ أَخْشَى أَنْ تَكُونَ صَدَقَةً، فَأُلْقِيهَا»

അബൂ ഹുറൈറ -رضي الله عنه- നിവേദനം: നബി -ﷺ- പറഞ്ഞു: "ഞാൻ എന്റെ വീട്ടുകാരുടെ അടുക്കലേക്ക് തിരിച്ചു ചെല്ലുമ്പോൾ എന്റെ വിരിപ്പിൽ വീണുകിടക്കുന്ന ഈത്തപ്പഴം ഞാൻ കാണാറുണ്ട്. അത് ഭക്ഷിക്കാൻ വേണ്ടി ഞാൻ എടുക്കുമെങ്കിലും പിന്നീട് അത് ദാനം നൽകപ്പെട്ടതായിരിക്കുമോ എന്ന ഭയത്താൽ ഞാൻ അവിടെത്തന്നെ ഉപേക്ഷിക്കും." (ബുഖാരി: 2432, മുസ്ലിം: 1070)

നബി -ﷺ- ദാനം നൽകപ്പെട്ടാൽ അത് സ്വീകരിക്കാറില്ലായിരുന്നു; സമ്മാനങ്ങൾ മാത്രമായിരുന്നു അവിടുന്ന് സ്വീകരിച്ചിരുന്നത്. തന്റെ സ്വന്തം വീട്ടിലെ വിരിപ്പിൽ കിടക്കുന്ന ഈത്തപ്പഴമെങ്ങാനും അങ്ങനെ ധാനം നൽകപ്പെട്ടതായിരിക്കുമോ എന്ന ഭയം കാരണത്താൽ വായിലേക്കുയർത്തിയ ഭക്ഷണം അവിടുന്ന് തിരിച്ചുവെക്കാറുണ്ടായിരുന്നു എന്നാണ് ഈ ഹദീഥ് നമ്മെ അറിയിക്കുന്നത്.

അല്ലാഹുവിനോടുള്ള ആദരവിന്റെയും, അവന്റെ വിധിവിലക്കുകൾ പാലിക്കുന്നതിലുള്ള സൂക്ഷ്മതയുടെയും പൂർണ്ണതയാണ് ഈ സ്വഭാവഗുണത്തിൽ പ്രകടമാകുന്നത് എന്നതിൽ സംശയമില്ല. ഇതുകൊണ്ട് തന്നെ തൗഹീദിന്റെ പൂർത്തീകരണത്തിൽ ഇക്കാര്യം ഉൾപ്പെടുന്നതുമാണ്. വല്ലാഹു അഅ്ലം.

## ഫുദ്വൂലുൽ മുബാഹാത്

ഭക്ഷണം, ഉറക്കം, സംസാരം, ചിരി പോലെ അല്ലാഹു അനുവദനീയമാക്കിയ അനേകം കാര്യങ്ങളുണ്ട്. ഇവ ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ പ്രത്യേകിച്ച് പ്രതിഫലമോ ശിക്ഷയോ ഇല്ല. ഏതെങ്കിലും നന്മകളിലേക്കുള്ള വഴികളാണ് അവയെങ്കിൽ -ഉദാഹരണത്തിന് അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിന് വേണ്ടി സംസാരിച്ചാൽ- അത് നന്മയായി പരിഗണിക്കപ്പെടും. തിന്മയിലേക്ക് ക്ഷണിച്ചു കൊണ്ടുള്ള സംസാരം തിന്മയായും പരിഗണിക്കപ്പെടും.

എന്നാൽ അല്ലാഹുവിനെ അനുസരിക്കുന്നതിന് സഹായിക്കാത്ത രൂപത്തിൽ, നന്മകളിൽ നിന്ന് അശ്രദ്ധയിലാക്കുന്ന തരത്തിലേക്ക് അവ അധികരിക്കുന്നത് നല്ലതല്ല. യഥാർത്ഥത്തിൽ -പ്രത്യേകിച്ചൊരു നന്മയോ ഉപകാരമോ നൽകാത്ത അത്തരം പ്രവൃത്തികൾ- ഇല്ലാതിരിക്കുന്നതാണ് അവ ചെയ്യുന്നതിനേക്കാൾ നല്ലത്. എന്നാൽ ഒരാളെ തിന്മകളിൽ നിന്ന് അകറ്റാൻ ഇത്തരം അനുവദനീയമായ

കാര്യങ്ങളിൽ മുഴുകുന്നത് സഹായിക്കുന്നുണ്ട് എങ്കിൽ അവനെ സംബന്ധിച്ചിടത്തോളം അത് -പ്രസ്തുത സ്ഥിതിയിൽ- നല്ലതാണെന്ന് പറയാൻ കഴിയും. (മജ്മൂഉൽ ഫതാവാ: 10/461)

ഈ പറഞ്ഞതിന്റെ അർത്ഥം അല്ലാഹു അനുവദനീയമാക്കിയ കാര്യങ്ങൾ തൗഹീദ് പൂർത്തീകരിച്ചവർ ഉപേക്ഷിച്ചിരിക്കുന്നു എന്നല്ല. മറിച്ച്, അല്ലാഹു അനുവദനീയമാക്കിയ കാര്യങ്ങൾ എന്ന ഓർമ്മയോടെ അവരത് ജീവിതത്തിൽ കൊണ്ടുവരാറുണ്ട്. അതോടൊപ്പം ഇത്തരം മുബാഹുകൾ ചെയ്യുമ്പോൾ രണ്ട് കാര്യങ്ങൾ അവർ ശ്രദ്ധിക്കും.

ഒന്ന്: അവ നന്മയിലേക്ക് നയിക്കുന്നതായിരിക്കാൻ ശ്രദ്ധിക്കും. ഉദാഹരണത്തിന് അവർ ഭക്ഷണം കഴിക്കുന്നത് അല്ലാഹുവിന് ഇബാദത് ചെയ്യാനുള്ള ശക്തി ഇതിലൂടെ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെയായിരിക്കും.

രണ്ട്: അവ ചെയ്യുന്നതിന് പിന്നിൽ അവർക്ക് നല്ല നിയ്യതുണ്ടായിരിക്കും. മുആദ് -رَضِيَ اللَّهُ عَنْهُ- പറഞ്ഞതു പോലെ: "എന്റെ നിസ്കാരത്തിൽ ഞാൻ പ്രതിഫലം പ്രതീക്ഷിക്കുന്നത് പോലെ, എന്റെ ഉറക്കത്തിലും ഞാൻ പ്രതീക്ഷ വെക്കാറുണ്ട്." (അവലംബം: ശർഹു കിതാബിത്തൗഹീദ് / സ്വാലിഹ് സിന്ദി)

## സൃഷ്ടികളോട് ചോദിക്കൽ

അല്ലാഹുവിനോടുള്ള ആദരവും അവന്റെ മുന്നിലുള്ള താഴ്മയും അവരുടെ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്നതിനാൽ അല്ലാഹുവിനോട് മാത്രം ചോദിക്കാനേ അവരുടെ ഹൃദയം തയ്യാറാവുകയുള്ളൂ. അല്ലാഹുവിന് പുറമെയുള്ള സൃഷ്ടികളുടെ മുൻപിൽ മുഖം കുനിക്കാൻ -അല്ലാഹുവിനോടുള്ള അടിമത്വത്തിന്റെ പൂർണ്ണത- അവരെ തടയുന്നു.

അല്ലാഹുവിനോട് മാത്രമേ അവർ ചോദിക്കുകയുള്ളൂ. ജനങ്ങളോട് ചോദിക്കുന്നത് ഒഴിവാക്കാൻ അവർക്ക് തീർത്തും പരിശ്രമിക്കുന്നതുമാണ്.

عَنْ عَوْفِ بْنِ مَالِكٍ الْأَشْجَعِيِّ قَالَ: كُنَّا عِنْدَ رَسُولِ اللهِ -ﷺ- فَقَالَ: أَلَا تُبَايِعُونَ رَسُولَ اللهِ -ﷺ-؟ -فَرَدَّدَهَا ثَلَاثَ مَرَّاتٍ- فَقَدَّمْنَا أَيْدِينَا فَبَايَعْنَاهُ فَقُلْنَا: يَا رَسُولَ اللهِ، قَدْ بَايَعْنَاكَ فَعَلَامَ؟ قَالَ: «عَلَى أَنْ تَعْبُدُوا اللهَ وَلَا تُشْرِكُوا بِهِ شَيْئًا، وَالصَّلَوَاتِ الْخَمْسِ، وَأَسَرَّ كَلِمَةً خَفِيَّةً أَنْ لَا تَسْأَلُوا النَّاسَ شَيْئًا»

ഔഫു ബ്നു മാലിക് -ﷺ- നിവേദനം: ഞങ്ങൾ നബി -ﷺ- യുടെ അരികിലായിരുന്നു. അപ്പോൾ അവിടുന്ന് ചോദിച്ചു: "നിങ്ങൾ അല്ലാഹുവിന്റെ റസൂലിന് ബയ്അത് (കരാർ) ചെയ്യുന്നില്ലേ?!" നബി -ﷺ- മൂന്ന് തവണ ചോദ്യം ആവർത്തിച്ചു. അപ്പോൾ ഞങ്ങൾ കൈകൾ നീട്ടുകയും നബി -ﷺ- ക്ക് ബൈഅത് നൽകുകയും ചെയ്തു. ഞങ്ങൾ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ! താങ്കൾക്ക് ഞങ്ങൾ ബയ്അത് ചെയ്തിരിക്കുന്നു; എന്തിന്റെ മേലാണ് (ഞങ്ങൾ കരാർ ചെയ്യേണ്ടത്?)

നബി -ﷺ- പറഞ്ഞു: "നിങ്ങൾ അല്ലാഹുവിനെ മാത്രമേ ആരാധിക്കുകയുള്ളൂ എന്നും, അവനിൽ ഒന്നിനെയും പങ്കുചേർക്കുകയില്ല എന്നും, അഞ്ചു നേരത്തെ നിസ്കാരം നിലനിർത്തുമെന്നും." ശേഷം അവിടുന്ന് തന്റെ സ്വരം താഴ്ത്തി കൊണ്ട് പറഞ്ഞു: "നിങ്ങൾ ജനങ്ങളോട് ഒന്നും തന്നെ ചോദിക്കുകയില്ലെന്നും." (നസാഈ: 460, അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി.)

## സുന്നത്തുകൾ

അല്ലാഹു അവന്റെ അടിമകളോട് പ്രവർത്തിക്കണമെന്ന് കൽപ്പിച്ച, എന്നാൽ അവരുടെ മേൽ നിർബന്ധമാക്കിയിട്ടില്ലാത്ത കാര്യങ്ങളാണ് സുന്നത്തുകൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. തത്വവ്വുഅ്, മൻദൂബ്, മുസ്തഹബ്ബ്, നാഫിലഃ എന്നിങ്ങനെയുള്ള പദങ്ങളും സുന്നത്തിന് -ഈ അർത്ഥത്തിൽ- പര്യായമായി പറയപ്പെടാറുണ്ട്.

സുന്നത്തുകൾ എല്ലാം ഒരേ പദവിയിലല്ല. മറിച്ച്, മൂന്ന് രൂപത്തിൽ സുന്നത്തുകൾ വേർതിരിക്കപ്പെട്ടിട്ടുണ്ട്.

1- പ്രബലമായ സുന്നത്ത് (സുന്നതുൻ മുഅക്കദഃ): നബി -ﷺ- സ്ഥിരമായി പ്രവർത്തിച്ചിരുന്ന, അവിടുന്ന് പ്രോത്സാഹനം നൽകുകയും ചെയ്ത പ്രവർത്തനങ്ങൾ ഈ പറഞ്ഞതിൽ ഉൾപ്പെടും. സ്വുബ്ഹി നിസ്കാരത്തിന് മുൻപുള്ള രണ്ട് റക്അതുകൾ ഉദാഹരണം.

2- സാധാരണ സുന്നത്തുകൾ (സുന്നതുൻ ഗയ്റു മുഅക്കദഃ): നബി -ﷺ- സ്ഥിരമായി പ്രവർത്തിച്ചിട്ടില്ലെങ്കിലും, അവിടുന്ന് വാക്കുകൾ കൊണ്ട് പ്രോത്സാഹനം നൽകിയ സുന്നത്തുകൾ ഈ പറഞ്ഞതിൽ ഉൾപ്പെടും. നബി -ﷺ- യുടെ സുന്നത്തായ നോമ്പുകൾ ഉദാഹരണം.

3- നല്ല മര്യാദകളും ശ്രേഷ്ഠസ്വഭാവങ്ങളും (ഫദ്വീല / അദബ്): നബി -ﷺ- യുടെ ജീവിതശൈലിയുമായും, അവിടുന്ന് ജീവിച്ച ചുറ്റുപാടുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഈ പറഞ്ഞതിൽ ഉൾ

പ്പെടുത്താം. നബി -ﷺ- യുടെ ഭക്ഷണരീതികളും (കഴിച്ച ഭക്ഷണങ്ങളും പാനീയങ്ങളും), വസ്ത്രധാരണ രീതികളും ഉദാഹരണം.

ഇവയെല്ലാം ഒരാൾ ജീവിക്കുന്ന സ്ഥലത്തും കാലത്തുമുള്ള പൊതു മുസ്‌ലിം വസ്ത്രധാരണ രീതിയോട് എതിരാകാത്തിടത്തോളം ഒരാൾ -നബി -ﷺ- യോട് സദൃശ്യപ്പെടുക എന്ന ഉദ്ദേശത്തോടെയും, അവിടുത്തോടുള്ള സ്നേഹത്താലും- പ്രാവർത്തികമാക്കുകയാണെങ്കിൽ അവന്റെ നിയ്യത്തിന് പ്രതിഫലമുണ്ടായിരിക്കുന്നതാണ്.

സുന്നത്തുകളുടെ വ്യത്യസ്ത പദവികളെ കുറിച്ചാണ് ഇത്രയും പറഞ്ഞത്. ഫർദ്വായ കർമ്മങ്ങൾ കഴിഞ്ഞാൽ അല്ലാഹുവിന് ഏറ്റവും പ്രിയങ്കരമാണ് സുന്നത്തായ കാര്യങ്ങൾ പ്രവർത്തിക്കുക എന്നത്.

**عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّـهِ -ﷺ-: «إِنَّ اللَّـهَ قَالَ: مَنْ عَادَى لِي وَلِيًّا فَقَدْ آذَنْتُهُ بِالْحَرْبِ، وَمَا تَقَرَّبَ إِلَيَّ عَبْدِي بِشَيْءٍ أَحَبَّ إِلَيَّ مِمَّا افْتَرَضْتُ عَلَيْهِ، وَمَا يَزَالُ عَبْدِي يَتَقَرَّبُ إِلَيَّ بِالنَّوَافِلِ حَتَّى أُحِبَّهُ ...»**

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറഞ്ഞു: "അല്ലാഹു പറഞ്ഞിരിക്കുന്നു: ആരെങ്കിലും എന്റെ ഇഷ്ടദാസനോട് ശത്രുത വെച്ചാൽ അവനോട് ഞാൻ യുദ്ധപ്രഖ്യാപനം നടത്തിയിരിക്കുന്നു. എന്റെ ദാസന് മേൽ ഞാൻ നിർബന്ധമാക്കിയ കാര്യങ്ങളേക്കാൾ (വാജിബുകളേക്കാൾ) എനിക്ക് ഇഷ്ടപ്പെട്ട മറ്റൊന്നു കൊണ്ടും അവൻ എന്നിലേക്ക് സാമീപ്യം തേടിയിട്ടില്ല. എന്റെ ദാസനെ ഞാൻ ഇഷ്ടപ്പെടുന്നത് വരെ സുന്നത്തുകൾ ചെയ്തു കൊണ്ട് അവൻ എന്നിലേക്ക് സാമീപ്യം തേടിക്കൊണ്ടേയിരിക്കും." (ബുഖാരി: 6502)

ഈ പറഞ്ഞ അഞ്ചു കാര്യങ്ങൾ ഒരാൾ നിർവ്വഹിച്ചാൽ അവൻ തൗഹീദിന്റെ ഐച്ഛികമായ പൂർത്തീകരണം നിർവ്വഹിച്ചിരിക്കുന്നു. ഉന്നതമായ ഈ പദവിയിലെത്താൻ അല്ലാഹു ഒരാൾക്ക് അവസരം നൽകുക എന്നതിനേക്കാൾ മഹത്തരമായ അനുഗ്രഹം മറ്റെന്തുണ്ട്?!

അല്ലാഹു നാമേവരെയും അവന്റെ തൗഹീദ് പഠിക്കുകയും, പ്രാവർത്തികമാക്കുകയും, അതിലേക്ക് ക്ഷണിക്കുകയും, ആ മാർഗത്തിൽ ക്ഷമയോടെ നിലയുറക്കുകയും, തൗഹീദിലായി കൊണ്ട് മരണപ്പെടുകയും ചെയ്യുന്നവരിൽ ഉൾപ്പെടുത്തുമാറാകട്ടെ! (ആമീൻ)

الحَمْدُ لِلَّـهِ الَّذِي بِنِعْمَتِهِ تَتِمُّ الصَّالِحَاتُ
وَآخِرُ دَعْوَانَا أَنِ الحَمْدُ لِلَّـهِ رَبِّ العَالَمِينَ
وَصَلَّى اللَّـهُ وَسَلَّمَ وَبَارَكَ عَلَى نَبِيِّنَا مُحَمَّدٍ
وَعَلَى آلِهِ وَأَصْحَابِهِ وَأَتْبَاعِهِ إِلَى يَوْمِ الدِّينِ